ഈ ശബ്ദം
നാടിന്റെ ശബ്ദം

തമസോമാ ജ്യോതിർഗമയ.

# ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്
# 1996

22-4



'ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു'

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

## ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

ഗ്രാമപഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിച്ചത്

# ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്




കൊല്ലം ജില്ല
പഞ്ചായത്തുകൾ
ശക്തികുളങ്ങര പഞ്ചായത്ത്


KERALA
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
കൊല്ലം ജില്ല
Thiruvananthapuram

# ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതി



ഇളയിടത്ത് രവി
പഞ്ചായത്ത് പ്രസിഡന്റ്



പി. വിൽഫ്രഡ്
വൈസ്പ്രസിഡന്റ്



ആൽഫ്രഡ് ആസ്റ്റിൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



കമലമ്മ
മെമ്പർ

R. സിദ്ധാർത്ഥൻ
മെമ്പർ



J. സേവ്യർ മോറീസ്
മെമ്പർ



വിമലഫിലിപ്പ്
മെമ്പർ



P.K. രാജൻ
മെമ്പർ



A. ദാസൻ
മെമ്പർ



T. ആനന്ദവല്ലി
മെമ്പർ



A. ലത
മെമ്പർ



P.K. ഗേപാലകൃഷ്ണപിള്ള
ഗ്രാമപഞ്ചായത്ത് മെമ്പർ



J. ബാലകൃഷ്ണപിള്ള
ഗ്രാമപഞ്ചായള്ള മെമ്പർ



സുലോചന അമ്മ
ഗ്രാമപഞ്ചായത്ത് മെമ്പർ



F. ദേവരാജൻ
ഗ്രാമപഞ്ചായത്ത് മെമ്പർ

## ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ



ഓമന അസ്റ്റിൻ



C. ശങ്കരനാരായണപിള്ള



കാവേരിയമ്മ

## ജില്ലാ പഞ്ചായത്ത് അംഗം



ചിഞ്ചുറാണി

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

ഇളയിടത്ത് രവി

കെ. കൃഷ്ണപിള്ള

വി. കെ. അനിരുദ്ധൻ

കെ. ജെ. അനന്തൻപിള്ള

ബി. ശങ്കരനാരായണപിള്ള

ജെ. സേവ്യർ മോറീസ്

ആർ. മോഹനനൻ

കാവേരിയമ്മ

എ. ലത

എസ്. ജയൻ

ഓമന ഓസ്റ്റിൻ

റ്റി. ആനന്ദലക്ഷ്മി

പി. കെ. ഗോപാലകൃഷ്ണപിള്ള

ഷാജുമോഹൻ

നെയ്ത്തിൽ വിൻസന്റ്

വിമല ഫിലിപ്പ്

വി. വിൽഫ്രഡ്

## എഡിറ്റോറിയൽ ബോർഡ്

ഇളയിടത്ത് രവി

കെ. കൃഷ്ണപിള്ള

കെ. ജെ. അനന്തൻപിള്ള

വി. കെ. അനിരുദ്ധൻ

പി. വിൽഫ്രഡ്

ബി. ശങ്കരനാരായണപിള്ള

എൻ. ശങ്കരപ്പിള്ള

# ഉള്ളടക്കം

ക്രമനമ്പർ | പേജ് നമ്പർ


| ക്രമനമ്പർ | | പേജ് നമ്പർ |
|---|---|---|
| 1. | ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 1 |
| 2. | അധികാരം ജനങ്ങളിലേക്ക് | 2 |
| 3. | ആമുഖം | 3 |
| 4. | കൃഷിയും ജനസേചനവും | 9 |
| 5. | മൃഗസംരക്ഷണം മത്സ്യബന്ധനം | 20 |
| 6. | വിദ്യാഭ്യാസം | 23 |
| 7. | ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം | 30 |
| 8. | വ്യവസായം, | 44 |
| 9. | റോഡ്, ഊർജ്ജം | 56 |
| 10. | പാർപ്പിടം, ഗ്രമവികസനം, ക്ഷേമം | 71 |
| 11. | സംസ്കാരം | 79 |
| 12. | വനിത | 83 |
| 13. | സഹകരണം | 87 |
| 14. | പട്ടികജാതി / വർഗ്ഗക്ഷേമം | 95 |
| 15. | വിഭവസമാഹരണം | 98 |

# ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| ജില്ല | - | കൊല്ലം |
| താലൂക്ക് | - | കൊല്ലം |
| വില്ലേജ് | - | ശക്തികുളങ്ങര |
| ഗ്രാമപഞ്ചായത്ത് | - | ശക്തികുളങ്ങര |
| വിസ്തീർണ്ണ | - | 9.17 K.M. |
| വാർഡുകളുടെ എണ്ണം | - | 15 |
| പാർലമെന്റ് മണ്ഡലം | - | കൊല്ലം |
| അസംബ്ലി മണ്ഡലം | - | ചവറ |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | - | ശക്തികുളങ്ങര |
| ബ്ലോക്ക് പഞ്ചായത്ത് | - | അഞ്ചാലുംമൂട് |
| ബ്ലോക്ക് പഞ്ചായത്ത് വാർഡുകളുടെ എണ്ണം | - | 3 |
| ജനസാന്ദ്രത | - | 4847 ച. കി. മീ |
| ജനസംഖ്യ | - | 44451 (1991 ലെ കനേഷ്മാരി അനുസരിച്ച്) |
| പുരുഷൻമാർ | - | 22254 |
| സ്ത്രീകൾ | - | 22197 |
| പട്ടികജാതി പട്ടികവർഗ്ഗക്കാർ | - | 4224 |
| ഗിരിജനങ്ങൾ | - | 6 |
| ആകെകുടുംബങ്ങൾ | - | 8608 |
| ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | - | 1168 |
| ആകെ കെട്ടിടങ്ങൾ | - | 11569 |
| പഞ്ചായത്തിന്റെ ആസ്ഥാനം | - | കാവനാട് |
| പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം | - | അക്ഷാംശം 9° 50' N നും 9°52'Nനും രേഖാംശം 76°32'E നും 76°34'Eനും ഇടയിൽ സ്ഥിതിചെയ്യുന്നു. |

# അധികാരം ജനങ്ങളിലേക്ക്

അകലങ്ങളിലെ അദൃശ്യ ചരടുകൾ ഈ നാടിന്റെ വികസന ആസൂത്രണം നിയന്ത്രിച്ചിരുന്ന ഇന്നലെകളിൽ നിന്നും നാടറിയുന്ന നാടിനെ അറിയുന്ന നാട്ടുവാസികളുടെ കൈകളിലേക്ക് വികസനത്തിന്റെ ആസൂത്രണത്തിന്റെ അധികാരങ്ങൾ കൈമാറുന്ന ഈ ധന്യമുഹൂർത്തത്തിൽ അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രയോക്താക്കളെ ശില്പികളെ ഒരു നിമിഷം നന്ദിപൂർവ്വം സ്മരിച്ചുകൊള്ളട്ടെ.

നമ്മൾ അറിഞ്ഞിട്ടില്ലാത്ത അനുഭവിച്ചിട്ടില്ലാത്ത ആസുത്രണത്തിന്റെ, അവകാശത്തിന്റെ, അധികാരത്തിന്റെ ഉത്തരവാദിത്വങ്ങൾ, ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് നമുക്ക് ഉണരാം. കർമ്മനിരതരാകാം. ഭേദചിന്തകളില്ലാതെ ഒന്നായി നാളെയുടെ വെല്ലുവിളികൾ ഏറ്റെടുക്കാം.

ശക്തികുളങ്ങരയുടെ സമഗ്ര വികസനത്തിന് വേണ്ട സമസ്ത മേഖലകളെപറ്റിയും ഗ്രാമസഭ, നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിൽ പ്രതിപാദിക്കാൻ ശ്രമിച്ചിട്ടുണ്ട്. വികസന മേഖലകളെ പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിച്ച് ഓരോ രംഗത്തേയും നിലനിൽക്കുന്ന സാഹചര്യങ്ങളും, പ്രശ്നങ്ങളും, ആവശ്യങ്ങളും കണക്കിലെടുത്താണ് ഈ പ്രദേശത്തിന്റെ വികസനത്തിനായി ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ട പദ്ധതികളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 22.12.96ന് നടക്കുന്ന പഞ്ചായത്ത് വികസന സെമിനാറിൽ പ്രതിനിധികളുടെ ആത്മാർത്ഥവും, വസ്തുനിഷ്ടവും, സൃഷ്ടിപരവുമായ ചർച്ചകളിലൂടെ, നിർദ്ദേശങ്ങളിലൂടെ ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എഡിറ്റോറിയൽബോർഡ്

# ആമുഖം

തെക്ക് ചരിത്രമുറങ്ങുന്ന കൊല്ലം നഗരവും കിഴക്ക് രാജഗാഥകളിൽ സ്ഥാനം പിടിച്ച അഷ്ടമുടി കായലും വടക്ക് അഴിമുഖവും പടിഞ്ഞാറ് ആർത്തിരമ്പുന്ന അറേബ്യൻ സമുദ്രവും അതിരുകൾ തിരിക്കുന്ന പ്രകൃതി മനോഹരമായ അനുഗ്രഹീത ഭൂപ്രദേശമാണ് ശക്തികുളങ്ങര ഗ്രാമം. പടിഞ്ഞാറേ കൊല്ലമെന്ന് ചരിത്രരേഖകളിൽ ആലേഖനം ചെയ്യപ്പെട്ടിരുന്ന ഈ ഗ്രാമം ഭരണസൗകര്യത്തിനായി ശക്തികുളങ്ങര ഗ്രാമപഞ്ചായത്താക്കി അതിരുകൾ തീർത്തെങ്കിലും സംസ്കാരം കൊണ്ടും ഭൂപ്രകൃതികൊണ്ടും ഇത് കൊല്ലം പട്ടണത്തിന്റെ ഭാഗം തന്നെയാണ്. കൊല്ലം പട്ടണത്തിനുണ്ടായ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, വ്യാപാര മാറ്റങ്ങളുടെ സ്വാധീനം ഈ ഗ്രാമത്തേയും സമ്പന്നമാക്കി. വൈദേശിക വ്യാപാര കപ്പലുകൾ അഷ്ടമുടി തീരത്ത് സങ്കൂരമിട്ട് വ്യാപാരികൾ പട്ടണപ്രവേശനത്തിനായി കണ്ടിരുന്ന കവാടമായിരുന്നു. നമ്മുടെ ഗ്രാമമെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു.

ശക്തികുളങ്ങര എന്ന നാമരൂപം ഈ ഗ്രാമത്തിന് കൈവന്ന ഗതകാല ചരിത്രത്തെപ്പറ്റി വായ്മൊഴികളിലൂടെ തലമുറ കൈമാറിവന്ന ഒരു ഐതിഹ്യമുണ്ട്. പണ്ട് പണ്ട് ഒരു സന്ധ്യാവേളയിൽ പകലവൻ പടാഞ്ഞാറേ ചക്രവാളം ചുവപ്പിച്ചപ്പോൾ നീണ്ടകര അഴിമുഖത്തോട് ചേർന്ന കടത്തുകടവിൽ രണ്ട് വ്യത്യസ്ത മതവിശ്വാസികളായ ആത്മമിത്രങ്ങൾ കുശലം പറഞ്ഞു നിന്നിരുന്നു പോൽ. അപ്പോൾ അഷ്ടമുടി കായലിന്റെ കുഞ്ഞോളങ്ങളാൽ തഴുകി രണ്ട് കൽരൂപങ്ങൾ (വിഗ്രഹങ്ങൾ) തീരത്ത് കാണാനിടയായി. അത്ഭുത ആദരവുകളോടെ സുഹൃത്തുക്കൾ വിഗ്രഹങ്ങളിലോരോന്ന് കൈയ്യിലെടുത്തു. യാത്ര പറഞ്ഞു പിരിഞ്ഞ സുഹൃത്തുക്കളിലൊരാൾ കടത്ത് കടന്ന് നീണ്ടകരയിലെത്തി. വിഗ്രഹം സുരക്ഷിതമായി ഒരു സ്ഥലത്ത് സ്ഥാപിച്ച് നിത്യവും പ്രാർത്ഥിക്കാൻ തുടങ്ങി. ആ പ്രാർത്ഥനാലയമാണ് പിൽക്കാലത്ത് പ്രശസ്തമായ ക്രിസ്തീയ ദേവാലയമായി മാറിയത് എന്നാണ് ഐതിഹ്യം.

ബ്രാഹ്മണകുലത്തിൽ ജനിച്ച അപരൻ തനിക്ക് കിട്ടിയ വിഗ്രഹം മാറോടണച്ച് തന്റെ മഠത്തെ ലക്ഷ്യമാക്കി നടന്നു. മഠത്തിലെത്തും മുൻപ് മഠം വക കുളത്തിലിറങ്ങി വിഗ്രഹം കഴുകി വൃത്തിയാക്കി കരയിൽ സുരക്ഷിതമായി വച്ചു. തുടർന്ന് കുളത്തിൽ മുങ്ങി ദേഹശുദ്ധിവരുത്തി അസ്തമയ സൂര്യനെയും വണങ്ങി ഈറനുടുത്ത് വിഗ്രഹത്തിന് സമീപം എത്തി. വിഗ്രഹവുമെടുത്ത് വീട്ടിലേക്ക് മടങ്ങാമെന്നാശിച്ച ബ്രാഹ്മണന് വിഗ്രഹ മുയർത്താൻ കഴിഞ്ഞില്ല. അത് ഭൂമിയിൽ ഉറച്ചിരിക്കുന്നതായി അനുഭവപ്പെട്ടു. അത്ഭുതമെന്ന് പറയട്ടെ! എത്ര ശക്തി ഉപയോഗിച്ചിട്ടും വിഗ്രഹം ഉയർത്താൻ കഴിഞ്ഞില്ല. വിശ്വാസിയും സാത്വികനുമായ ആ മനുഷ്യൻ മന്ത്രങ്ങൾ ഉരുവിട്ടും പൂജാദികർമ്മങ്ങൾ ചെയ്തും ജീവിതകാലം മുഴുവൻ ആ വിഗ്രഹത്തെ-ശക്തിയെ ആരാധിച്ചു കഴിഞ്ഞു. അങ്ങനെ കുളക്കരയിലെ ശക്തിയെക്കുറിച്ച് നാടറിഞ്ഞു. കാലഗതിയിൽ കുളക്കരയിലെ ശക്തി... ശക്തികുളക്കരയായി.... ശക്തികുളങ്ങരയായി... നാടിന്റെ നാമമായി മാറി. കുളക്കരയിൽ ഉറച്ചുപോയ ആ ശക്തിരൂപമാണ് ശക്തികുളങ്ങര ക്ഷേത്രത്തിലെ ശാസ്താവിഗ്രഹമെന്നാണ് ഐതിഹ്യം.

ഏതോ ഒരു യുഗസന്ധ്യയിൽ ധർമ്മച്യുതി സംഭവിച്ച് പ്രാപഞ്ചിക ക്രമത്തിൽ സ്ഥാനഭ്രംശം വന്ന രണ്ട് ദേവസഹോദര രൂപങ്ങളായിരുന്നു ആ വിഗ്രഹങ്ങൾ എന്നാണ് സങ്കൽപം. ഈ സാഹോദര്യത്തിന്റെ തുടർച്ചയായി ശക്തികുളങ്ങര ക്ഷേത്രത്തിലെയും നീണ്ടകര പള്ളിയിലെയും ഉത്സവാദി കാര്യങ്ങളിൽ ഇന്നും ചില ആചാരാനുഷ്ഠാനങ്ങൾ നിലനിൽക്കുന്നുണ്ട്. പള്ളിപ്പെരുന്നാളിൽ ഘോഷയാത്രയായി എഴുന്നള്ളിച്ചു വരുന്ന തിരുരൂപത്തെ നിലവിളക്ക് കൊളുത്തിവച്ച് വണങ്ങുന്ന ഹൈന്ദവ കുടുംബങ്ങളും ക്ഷേത്രോത്സവങ്ങളിൽ ചേരിക്കാരായി മാറുന്ന കൃസ്തീയ വിശ്വാസികളും മുസ്ലീം മതവിശ്വാസികളും ഒരുമിച്ചു പാർക്കുന്ന പ്രദേശമാണ് ശക്തികുളങ്ങര.

വൈദേശിക മന്ത്രിപ്രമുഖന്മാരുടെ സ്വാധീനത്തിലൂടെ, പോർത്തുഗീസുകാരുടെ... ഡച്ചുക്കാരുടെ ആധിപത്യത്തിലൂടെ, ബ്രിട്ടീഷുകാരുടെ മേൽക്കോയ്മയിലൂടെ ഒക്കെ കടന്നുവന്നിട്ടും ഈ പ്രദേശം ഇന്നും കൈവിടാതെ സൂക്ഷിക്കുന്ന സംസ്കാര വിശേഷമാണിത്. ഇവിടം മാനവമൈത്രിയുടെ, സാഹോദര്യത്തിന്റെ, ഒരുമയുടെ മനോഹരതീരമാണ്.

ഇതുവഴി കടന്നുപോയ ഈ മണ്ണിൽ ചവുട്ടി ഉയർന്ന എത്രയെത്ര മഹാന്മാരുടെ വീരചരിതങ്ങൾ കാല നൈരന്തര്യത്തിന്റെ ചുളിവുകളിൽ അമർന്നുപോയിരിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തിരുവിതാംകൂറിന്റെ ദളവയായിരുന്ന ധീരദേശാഭിമാനി വേലുതമ്പി, കൊല്ലം കേന്ദ്രമാക്കി രാജ്യഭരണം നടത്തികൊണ്ടിരുന്ന കാലത്ത് അദ്ദേഹത്തിന് ഈ പ്രദേശവുമായി ഒട്ടേറെ ബന്ധങ്ങൾ ഉണ്ടായിരുന്നതായി ചരിത്രമുണ്ട്. അദ്ദേഹം ഈ പ്രദേശത്തെ കുടുംബങ്ങളേ ചേർന്ന് ഉണ്ടായിരുന്ന കളരികളിൽ പ്രദേശവാസികൾക്ക് ആയുധാഭ്യാസം നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. അത്തരം കളരികളാണ് ഇന്നും പല പഴയ തറവാടുകളോടും ചേർന്ന് കാണുന്നത്. കരുത്തന്മാരും, ധീരന്മാരുമായിരുന്ന ഈ കളരി അഭ്യാസികളുടെ മുന്നിൽ നിന്നുക്കൊണ്ടായിരിക്കാം ഒരു പക്ഷേ, ആ ധീരദേശാഭിമാനി പരദേശികൾക്കെതിരെ ആഞ്ഞുവെട്ടുവാൻ ആദ്യം ഉടവാൾ ഊരിയത്.

ദേശീയ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ശക്തികുളങ്ങരയിലെ തൊഴിലാളി വർഗ്ഗത്തിന്റെ സംഭാവന വേർപെട്ട് ചരിത്രരേഖകളിലില്ലെങ്കിലും കൊല്ലം കേന്ദ്രമാക്കി നടന്ന സമര മുഖങ്ങളിൽ ഈ പ്രദേശത്തെ തൊഴിലാളികളുടെ പങ്ക് കുറച്ചൊന്നുമായിരുന്നില്ല. കൊല്ലം പട്ടണത്തിലെ അക്കാലത്തെ പ്രധാന വ്യവസായ സ്ഥാപനങ്ങളായ എ.ഡി. കോട്ടൺ മിൽ, എച്ച് ആന്റ് സി, എസ്.റ്റി. റെഡ്യാർ ആന്റ് സൺസ്, മലയാളരാജ്യം, പ്രഭാതം പ്രസ്സുകൾ ഓടുകമ്പനികൾ, സാമില്ലുകൾ, കശുവണ്ടി ഫാക്ടറികൾ എന്നിവിടങ്ങളിലെ തൊഴിലാളികളിൽ ഒരു ഗണ്യമായ വിഭാഗം ശക്തികുളങ്ങര നിവാസികളായിരുന്നു. ഇവരായിരുന്നു സമര മുഖങ്ങളിലെ മുന്നണി പോരാളികൾ. ഭരണകൂടത്തിന്റേയും, പട്ടാളത്തിന്റേയും ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയരായവർ ഇന്നും നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുപ്പുണ്ട്.

ശക്തികുളങ്ങര പഞ്ചായത്തിൽ ജനിച്ച് തിരുവിതാംകൂറിന്റെ സാമൂഹ്യരാഷ്ട്രീയ അധികാരങ്ങളിലേക്ക് ഉയർന്നുവന്ന ഉത്തരവാദിത്വ ഭരണസമ്പ്രദായത്തിനുവേണ്ടിയുള്ള ആദ്യത്തെ ശബ്ദം ശ്രീമൂലം പ്രജാസഭയിൽ മുഴക്കിയ പാലോട് ശ്രീ. എ.എൻ. വിശ്വനാഥപിള്ളയും, സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ സംസ്ഥാന ദേശീയ രാഷ്ട്രീയ നേതൃനിരകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സി.പി.എം. പോളിറ്റ് ബ്യൂറോ അംഗം ഇ. ബാലാനന്ദൻ, മുൻ കേന്ദ്രമന്ത്രി... ഗവർണർ... അംബാസിഡർ എന്നീ നിലകളിൽ പ്രവർത്തിച്ച ഡാക്ടർ ഹെൻട്രി ഓസ്റ്റിൻ, മുൻ മന്ത്രിയും സ്പീക്കറുമായ ആർ. എസ്. ഉണ്ണി, മുൻ മന്ത്രിമാരായ ബി. വെല്ലിംഗ്ടൻ, ശ്രീ. റ്റി.കെ. ദിവാകരൻ മുൻ എം.എൽ.എ. മാരായ ഡോ. പി.കെ. സുകുമാരൻ, റ്റി.കൃഷ്ണൻ ഇവരെല്ലാം ഈ നാടിന്റെ അഭിമാന കുസുമങ്ങളാണ്.

ഈ പ്രദേശത്തിന്റെ ആത്മാവിലും അണുവിലും അംശത്തിലും നിറഞ്ഞ് നിന്ന് സുദീർഘമായൊരു കാലഘട്ടം ഇവിടത്തെ സാമൂഹ്യക്രമത്തെ നിയന്ത്രിച്ച ഏറ്റവും കൂടുതൽ കാലം ഈ പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ. കെ. കൃഷ്ണപിള്ളയെയും ഏറ്റവും കൂടുതൽ കാലം പഞ്ചായത്ത് മെമ്പറായിരുന്ന കെ. വാസുപിള്ളയെയും ആദരവോടെ ഈ അവസരത്തിൽ സ്മരിക്കട്ടെ.

കായലിനക്കരയിലെ തെക്കുംഭാഗം, തൃക്കടവൂർ, നീണ്ടകര തുടങ്ങിയ പ്രദേശവാസികൾ പണ്ടുകാലത്ത് കൊല്ലം പട്ടണത്തിലേക്ക് പോയിരുന്നത് കടത്തിറങ്ങി ഈ ഗ്രാമപാതയിലൂടെ നടന്നായിരുന്നു. ഈ

സാഹചര്യം വൈകാരികമായ ഒരു ബന്ധം കാലങ്ങളായി ഈ പ്രദേശങ്ങളുമായി ശക്തികുളങ്ങരയ്ക്കുണ്ടാകാൻ സഹായകരമായി. നോർവീജിയൻപദ്ധതിയുടെ വരവ് നമ്മുടെ പഞ്ചായത്തിലെ ഒരു ചരിത്രപരമായ സംഭവമാണ്. നമ്മുടെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളെ ശരിക്കും സ്വാധീനിക്കുവാൻ ഇവർക്ക് സാധിച്ചു. മത്സ്യബന്ധന അനുബന്ധമേഖലയിൽ ഇന്നുകാണുന്ന എല്ലാ പുരോഗതിയുടേയും അടിത്തറ പാകിയത് നോർവീജിയൻ ഇൻഡോ പദ്ധതിയാണ്.

ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് ധന്യമാകാനുള്ള ഭാഗ്യം നമ്മുടെ ഗ്രാമത്തിനുണ്ടായിട്ടുണ്ട്. കൊല്ലവർഷം 1111-ാം ആണ്ടിൽ ശ്രീനാരായണ ഗുരുദേവൻ ഇളയിടത്തുവീട്ടിൽ എത്തി വിശ്രമിക്കുകയും സാമൂഹിക അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പ്രഭാഷണം സംഘടിപ്പിക്കുകയും ചെയ്തു. മതജാതി ചിന്താഭേദമില്ലാതെ ഈ പ്രദേശത്തെ ആളുകൾ അദ്ദേഹത്തെ സ്വീകരിച്ചാദരിക്കയും ശ്രദ്ധിക്കയും ചെയ്തു.

## പഞ്ചായത്തിലെ ആരാധനാലയങ്ങൾ

ശക്തികുളങ്ങര ശ്രീ ധർമ്മശാസ്ത്രാക്ഷേത്രവും അതുമായി ബന്ധപ്പെട്ട കാവുകളും മരുത്തടി ദേവീക്ഷേത്രം വള്ളിക്കീഴ് ദേവീക്ഷേത്രവുമുൾപ്പെട്ട് ചെറുതും വലുതുമായ നിരവധി ക്ഷേത്രങ്ങൾ ഹിന്ദു ആരാധനാലയങ്ങളായുണ്ട്.

പോർച്ചുഗീസുകാരാൽ നിർമ്മിതമായ തിരുമുല്ലവാരം പള്ളിയും അരവിള, മുക്കാട്, ശക്തികുളങ്ങര പള്ളികളും അതിന്റെ കുരിശ്ശടികളുമാണ് ക്രൈസ്തവ ആരാധനാലയങ്ങൾ.

മുസ്ലീങ്ങൾക്ക് എടുത്തുപറയത്തക്ക പള്ളികൾ ഇല്ല. എങ്കിലും ആരാധന നടത്തുവാൻ 3 തൈക്കാവുകളുണ്ട്. അതിൽ കാവനാടിനും ആൽത്തറമൂടിനും ഇടയ്ക്കുള്ള തൈക്കാവിന് പള്ളിയുടെ പദവി കൈവരിക്കുവാനുള്ള സാധ്യതയുണ്ട്.

1953 ൽ പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വരുന്നതിനുമുമ്പ് ഈ ഗ്രാമത്തിന്റെ ഭരണം 5 ഉദ്യോഗസ്ഥന്മാരുടെയും 5അനുദ്യോഗസ്ഥന്മാരുടെയും ഒരു നോമിനേറ്റഡ് അംഗത്തിന്റെയും നിയന്ത്രണത്തിലായിരുന്നു. ഇതിനെ വില്ലേജ് 'അപ്‌ലിഫ്റ്റ്' എന്നാണറിഞ്ഞിരുന്നത്.

ഉദ്യോഗസ്ഥ മെമ്പർമാർ:- 1. കൊല്ലം തഹസീൽദാർ, 2. അഗ്രികൾച്ചറൽ ഇൻസ്പെക്ടർ, 3. സാനിട്ടറി സർക്കിൾ ഓഫീസർ, 4. ഫീൽഡ് ഓഫീസർ ഓഫ് ദി ബാക്ക്‌വേർഡ് ക്ലാസ്സ്, 5. പഞ്ചായത്ത് ഓഫീസർ.

അനുദ്യോഗസ്ഥ മെമ്പർമാർ:- 1. മീനത്തുചേരിയിൽ പുത്താഴത്ത് ശ്രീ. വി.ജി. രാമൻപിള്ള, 2. കന്നിമേൽ കോട്ടൂർ വീട്ടിൽ എൻ. ശങ്കരപിള്ള, 3. കന്നിമേൽ പാലോട്ടുവീട്ടിൽ എ.എൻ. വിശ്വനാഥപിള്ള, 4. മീനത്ത് ഇളയിടത്ത് ശ്രീ. കെ. സുകുമാരൻ, 5. മഠത്തിലഴികത്ത് കിഴക്കേ തറയിൽ ശ്രീ. ഐ. കുഞ്ഞുപിള്ള.

നോമിനേറ്റഡ് മെമ്പർ:- മീനത്ത് മുല്ലശ്ശേരിയിൽ ശ്രീ. ക്രിസ്‌സോസ്റ്റം നസ്രത്ത്.
പ്രസിഡന്റ് : എ.എൻ. വിശ്വനാഥപിള്ള.
വൈസ് പ്രസിഡന്റ് : കുഞ്ഞുപിള്ള.

1951 ൽ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. എ.എൻ. വിശ്വനാഥപിള്ള ചാർജ് വൈസ് പ്രസിഡന്റിന് നൽകി ചുമതല വിടുകയുണ്ടായി. 5.7.53 ൽ ആ കമ്മറ്റി പിരിഞ്ഞു. തുടർന്ന് പഞ്ചായത്ത് ഇൻസ്പെക്ടറുടെ നിയന്ത്രണത്തിൽ 10 മണ്ഡലങ്ങളിൽ നിന്ന് 11 അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടു. ആശ്രാമം ഉളിയക്കോവിൽ പ്രദേശങ്ങൾ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. ഇസഡോർ മോറീസ്, വി.കെ. രാഘവൻ, കെ. കൃഷ്ണപിള്ള, എൻ. തോബിയാസ്, കെ. വാസുദേവൻപിള്ള, പി. പത്മനാഭപിള്ള, എം.പി. ഗോപാലപിള്ള, സി.കെ. ഭാസ്കരൻ, എസ്. ബാലകൃഷ്ണൻ വൈദ്യർ, ജി.കെ. വേലുപിള്ള, കെ. കുഞ്ഞുപിള്ള എന്നവർ ഭരണമേറ്റു.
പ്രസിഡന്റ് - ജി.കെ. വേലുപിള്ള.
വൈസ് പ്രസിഡന്റ് - കുഞ്ഞുപിള്ള.

## 1953 - 54 ലെ വരവ് ചിലവ് കണക്ക്

| | | | | | | |
|---|---|---|---|---|---|---|
| വരവ് | 1629 | രൂപ | 1 | അണ | 7 | പൈസ |
| നീക്കിയിരിപ്പ് | 7664 | ,, | 14 | ,, | 00 | ,, |
| ആകെ | 9293 | ,, | 15 | ,, | 7 | ,, |
| ചിലവ് | 3811 | ,, | 3 | ,, | 5 | ,, |
| മിച്ചം | 5472 | ,, | 12 | ,, | 2 | ,, |

1954 ൽ പ്രതിമാസം 12 രൂപാ ക്രമത്തിൽ മീനത്തുചേരി കായിത്തെങ്ങിൽ കാർത്യായനി ഗൗരി അമ്മയുടെ കെട്ടിടം വാടകയ്ക്കെടുത്ത് പഞ്ചായത്ത് ഓഫീസ് പ്രവർത്തനമാരംഭിച്ചു.

12.12.1963 അധികാരമേറ്റ പഞ്ചായത്ത് കമ്മിറ്റി.

1. കെ. കൃഷ്ണപിള്ള. പ്രസിഡന്റ്
2. കെ. വാസുപിള്ള.
3. ബർണാഡ് മോറീസ്, വൈസ് പ്രസി.
4. ഗിൽബർട്ട് മോറീസ് /
   പി. സ്റ്റാൻസിലാസ് (ഉപതെരഞ്ഞെടുപ്പിൽ)
5. സി.കെ. ഭാസ്കരൻ.
6. ഗോപിനാഥൻപിള്ള.
7. രാമൻ.
8. ജോൺ.
9. വി. വിദ്യാധരൻ.
10. കോട്ടൂർ രാമൻപിള്ള.

18.1.64 ൽ മീനത്തുചേരിയിൽ കുസുമാലയത്തിൽ ശാന്താമേരിയെ വനിതാ അംഗമായി നോമിനേറ്റ് ചെയ്തു.

29.9.79 ൽ അധികാരമേറ്റ പഞ്ചായത്ത് കമ്മിറ്റി.

1. വിദ്യാധരൻ (പ്രസി.)
2. പി.കെ. ഗോപാലകൃഷ്ണപിള്ള (വൈസ് പ്രസി.)
3. എ.എൻ. ശശിധരൻപിള്ള
4. ബാബു ജോസഫ്
5. എ. കെ. സ്റ്റീഫൻ
6. അലക്സ് താമരശ്ശേരി
7. ബാഹുലേയൻ
8. ജെ. വേലായുധൻ നായർ
9. കെ. പ്രഭാകരൻ
10. എൻ. ഗോമതി
11. എൽ. സെബാസ്റ്റ്യൻ
12. കെ. വാസുദേവൻപിള്ള

15.8.1980 ൽ കാവനാട് പബ്ലിക്ക് മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു.

17.8.1980 ൽ പഞ്ചായത്തിൽ ആദ്യമായി എ.സി. തീയേറ്റർ കപ്പിത്താൻസ് പ്രവർത്തനമാരംഭിച്ചു.

9.2.1988 ലെ പഞ്ചായത്ത് കമ്മറ്റി

1. പി.കെ. ഗോപാലകൃഷ്ണപിള്ള (പ്രസി.)
2. വി.കെ. അനിരുദ്ധൻ (വൈസ് പ്രസി.)
3. ജോർജ്ജ് ആൽബർട്ട്
4. എ. ശിവദാസൻ
5. ആർ. സിദ്ധാർത്ഥൻ
6. ജെ. സേവ്യർ മോറീസ്
7. എ.എൻ. ശശിധരൻപിള്ള
8. ജോസഫ് ഫ്രാൻസിസ്
9. എൻ. ഗോമതി
10. എ.കെ. സ്റ്റീഫൻ
11. കെ. വാസുദേവൻപിള്ള
12. സരളാദേവി
13. കെ. സോമൻ
14. കെ.പി. ജലാധരൻ

## നിലവിലുള്ള കമ്മിറ്റി ഗ്രാമപഞ്ചായത്ത്

1. ഇളയിടത്തുരവി (പ്രസി.)
2. പി. വിൽഫ്രഡ് (വൈസ് പ്രസി.)
3. എഫ്. ദേവരാജൻ
4. ജെ. ബാലകൃഷ്ണപിള്ള
5. പി.കെ. ഗോപാലകൃഷ്ണപിള്ള
6. ജെ. സേവ്യർ മോറീസ്
7. ആൽഫ്രഡ് ആസ്റ്റിൻ (സ്റ്റാൻന്റിംഗ് കമ്മറ്റി ചെയർമാൻ)
8. പി.കെ. രാജൻ
9. എ. ദാസൻ
10. റ്റി. സുലോചന അമ്മ
11. എ. ലത
12. റ്റി. ആനന്ദ ലക്ഷ്മി
13. ആർ. സിദ്ധാർത്ഥൻ
14. വിമലാ ഫിലിപ്പ്
15. എൽ. കമലമ്മ

ബ്ലോക്ക് പഞ്ചായത്ത്

1. ഓമനാ ആസ്റ്റിൻ
2. ബി. ശങ്കരനാരായണപിള്ള
3. കാവേരിയമ്മ

ജില്ലാ പഞ്ചായത്ത്

ജെ. ചിഞ്ചുറാണി

## 1995 ലെ കണക്ക് പ്രകാരം ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ.

വിസ്തീർണ്ണം : 9.17 ച. കി. മീറ്റർ
പഞ്ചായത്ത് വാർഡ് : 15 എണ്ണം
ജനസംഖ്യ 91 ലെ കാനേഷുമാരി പ്രകാരം
പുരുഷന്മാർ : 22,254
സ്ത്രീകൾ : 22,197
ആകെ : 44,451
ഗിരിജൻ:പുരുഷന്മാർ 4 സ്ത്രീകൾ 2 ആകെ. 6
ഹരിജൻ പുരുഷന്മാർ : 2080
സ്ത്രീകൾ : 2144
ആകെ : 4224
സാക്ഷരർ
പുരുഷന്മാർ : 18,250
സ്ത്രീകൾ : 17,073
ആകെ : 35,323
സംവരണമണ്ഡലം വനിത 2,6,9,10,13 ഹരിജൻ 7

ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ

1. ശക്തികുളങ്ങര എ (വനിത) 1,6,7,8,9, വാർഡുകൾ ചേർന്ന്.
2. ശക്തികുളങ്ങര ബി (ജനറൽ) 2,3,4,5,14, വാർഡുകൾ ചേർന്ന്.
3. ശക്തികുളങ്ങര സി (വനിത) 10,11,12,13,15 വാർഡുകൾ ചേർന്ന്.

ജില്ലാ പഞ്ചായത്ത് മണ്ഡലം (വനിത) ശക്തികുളങ്ങര പഞ്ചായത്തും കിളികൊല്ലൂർ പഞ്ചായത്തിന്റെ 3,4, വാർഡുകളും ഒഴികെയുള്ളവ.

തിയേറ്ററുകൾ

സ്ഥിരം 2 (1 എ.സി.)
താൽക്കാലികം 2

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഹൈസ്ക്കൂൾ 3.
ഗവൺമെന്റ് 1, പ്രൈവറ്റ് 1, റെസിഡൻഷ്യൽ 1
അപ്പർ പ്രൈമറി 3
ഗവൺമെന്റ് 1, പ്രൈവറ്റ് 1, അൺഅയ്ഡഡ് 1
ലോവർ പ്രൈമറി 6
ഗവൺമെന്റ് 0, പ്രൈവറ്റ് 6

ആരോഗ്യസ്ഥാപനങ്ങൾ

| | |
|---|---|
| പി.എച്ച്. സെന്റർ അലോപ്പതി | 1 |
| ആയുർവേദ ഡിസ്പെൻസറി | 1 |
| ഹോമിയോ ആശുപത്രി | ഇല്ല |
| പ്രൈവറ്റ് ആശുപത്രി | 5 |
| ഈ.എസ്.ഐ. | 1 |
| മൃഗാശുപത്രി | 1 |

ബാങ്കുകൾ

| | |
|---|---|
| ദേശസാൽകൃതം | 4 |
| പ്രൈവറ്റ് | 2 |
| കെ.എസ്.എഫ്.ഇ. | 1 |
| സർവ്വീസ് സഹകരണം | 1 |

ഇതര സ്ഥാപനങ്ങൾ

| | |
|---|---|
| ഗവ. ബോട്ട് ബിൽഡിംഗ് യാർഡ് | 1 |
| ചെമ്മീൻ വിത്ത് ഉൽപാദന കേന്ദ്രം | 1 |
| വില്ലേജ് ഓഫീസ് | 1 |
| പോലീസ് സ്റ്റേഷൻ | 1 |
| കൃഷിഭവൻ | 1 |
| ഇലക്ട്രിക്കൽ മേജർ സ്റ്റേഷൻ ഓഫീസ് | 1 |
| 110 കെ.വി. സബ് സ്റ്റേഷൻ | 1 |
| ഹാർബർ എഞ്ചി. ഡിവിഷൻ ഓഫീസ് | 1 |
| ഫിഷറീസ് ഓഫീസ് | 1 |
| ഗ്രാമവികസന ഓഫീസ് | 1 |
| അംഗൻവാടി | 29 |
| ഗ്രന്ഥശാലകൾ | 4 |
| ഫ്രീസിംഗ് പ്ലാന്റ് | 10 |
| ഐസ് പ്ലാന്റ് | 23 |
| ഡീസൽ ആന്റ് പെട്രോൾ പമ്പ് | 3 |
| ഡീസൽ (മെറൈൻ) | |

### പ്രധാന വരുമാനം

വിനോദ നികുതി, കെട്ടിട നികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണഫീസ്, ലൈസൻസ് ഫീസ്, മാർക്കറ്റിംഗ് കോംപ്ലക്സ്.

### പ്രധാന വ്യവസായം

മത്സ്യബന്ധനം, തീപ്പെട്ടി മുതലായവ.

### മാർക്കറ്റുകൾ

പഞ്ചായത്ത് 1
പ്രൈവറ്റ് 2

### പഞ്ചായത്ത് റോഡുകൾ

| | |
|---|---|
| ടാർ റോഡുകൾ | 15.310 കിലോമീറ്റർ |
| കോൺക്രീറ്റ് | 0.360 കിലോമീറ്റർ |
| മെറ്റൽ | 5.000 കിലോമീറ്റർ |
| ഗ്രാവൽ ആന്റ് എർത്ത് | 46.500 കിലോമീറ്റർ |
| ആകെ | 67.500 കിലോമീറ്റർ |

പ്രധാന തുരുത്തുകൾ - 13

### ആരാധനാലയങ്ങൾ

| | |
|---|---|
| പ്രധാനക്ഷേത്രം | 3 |
| കൃസ്ത്യൻ പള്ളികൾ | 3 |
| തൈക്കാവ് | 3 |

| | |
|---|---|
| പൊതു കുളങ്ങൾ | 28 |
| കുടിവെള്ളത്തിന് പൊതുടാപ്പ് | 380 |
| സ്ട്രീറ്റ് ലൈറ്റ് | 1294 |
| ലക്ഷം വീട് കോളനികൾ | 5 (100 വീടുകൾ) |
| ജയന്തി കോളനികൾ | 6 (88 വീടുകൾ) |
| കടത്തുകൾ | 3 |

# കൃഷിയും ജലസേചനവും

കുട്ടനാടിനെയും, നാഞ്ചിനാടിനെയും പോലെ തന്നെ, ഒരു കാലത്ത് കാർഷിക മേഖലയിൽ, എണ്ണപ്പെട്ട സ്ഥാനം നമ്മുടെ പഞ്ചായത്തിനുമുണ്ടായിരുന്നു. കിഴക്കും വടക്കും അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ടും പടിഞ്ഞാറ് അറബിക്കടലിനെയും, തെക്ക് കൊല്ലം പട്ടണത്തേയും സ്പർശിച്ചു കിടക്കുന്ന ഒരു പഞ്ചായത്താണിത്. ഒരിയ്ക്കൽ സ്വർണ്ണ ക്കതിരുകൾ വിളയുന്ന, നെല്പാടങ്ങളാലും, നിധികുംഭങ്ങൾ താങ്ങുന്ന കേരവൃക്ഷങ്ങളാലും, എള്ളിൻപൂമണം പൊഴിയ്ക്കുന്ന വയലോല കളാലും, സമൃദ്ധമായിരുന്ന ഓണാട്ടു കരപ്രദേശത്തിന്റെ ഭാഗമാണ് ശക്തികുളങ്ങരയും.

ഭൂമിശാസ്ത്രപരമായി ശക്തികുളങ്ങര ഒരു തീരസമതലമാണ്. അക്ഷാംശം $9^0$ 50' Nനും $9^0$ 52N' നും രേഖാംശം $76^0$ 32E' നും $76^0$ 34'E നും ഇടയിൽ ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ഈ ഗ്രാമത്തെ രണ്ടായി വിഭജിച്ചു കൊണ്ട് $NH_{47}$ പഞ്ചായത്തിന്റെ വടക്കു കിഴക്കുഭാഗത്തു കൂടി കടന്നു പോകുന്നു. $NH_{47}$ ന് കിഴക്കുവശം മാമ്പഴമഠം മുതൽ മാമൂട്ടിൽക്കടവു വരെയുള്ള ഭൂമി കായൽ നിരപ്പിൽ നിന്നും ഉദ്ദേശം 15 അടിയോളം ഉയർന്നു കിടക്കുന്നു. ചെമ്മണ്ണു നിറഞ്ഞ, ജൈവാംശം ഉള്ള ഈ മണ്ണ് നാനാ വിധകൃഷിയ്ക്കും ഉപയുക്തമാണ്. ഈ മേഖലയിൽ ചതുപ്പുകളോ വെള്ളക്കെട്ടുകളോ ഇല്ല. മാമ്പഴമഠത്തിന് വടക്കു പടിഞ്ഞാറ് നീണ്ടകര പാലം വരെയുള്ള ഭൂപ്രദേശം വെള്ളക്കെട്ടും, ചതുപ്പുനിലങ്ങളും നിറഞ്ഞതാണ്, വയൽ നികത്തി കരഭൂമിയാക്കിയ ചെളിയുടെ അംശം കൂടുതലുള്ളതുമായ പ്രദേശമാണ്. ഈ പ്രദേശത്ത് തെങ്ങ്, കമുക്, വാഴ തുടങ്ങിയവമാത്രം സമൃദ്ധമായി വളരുന്നു.

NH 47 ന് പടിഞ്ഞാറ് ശക്തികുളങ്ങര കലുങ്ങുമുതൽ തെക്കോട്ടു കറങ്ങിയിൽ ജംഗ്ഷനു കിഴക്കുവശവും, മുരിങ്ങിയ്ക്കാമുക്കിൽ നിന്ന് ചാണകക്കരി വയൽ വഴി കുറുമളത്തു ജംഗ്ഷനിലൂടെ തിരുമുല്ലവാരം പള്ളിയ്ക്കു കിഴക്കുഭാഗവും ഉൾപ്പെടുന്ന ഭൂമിമണൽ നിറഞ്ഞതും ജൈവാംശം കൂടുതലുള്ളതുമാണ്. ഇളമ്പള്ളൂർ വയൽ, ആവിപ്പാടം, എടപ്പാടം, വട്ടക്കായലിനു ചുറ്റും, പെരുംതോടത്തുവയൽ, കരുമ്പോലിൽ വയൽ, വടാഴുത്ത് കിഴക്ക്, തലപ്പള്ളി വയൽ, പാമ്പട്ടയിൽ തെക്ക്, ചെങ്കുളത്ത് പടിഞ്ഞാറ്, കോട്ടൂർമുക്കു മുതൽ വാസുപിള്ളമുക്ക് വരെ റോഡിനിരുവശവും, കോട്ടൂർ പടിഞ്ഞാറുവശവും, ചോഴത്തിൽ, ചാണകക്കരി തുടങ്ങിയവയുമായ 80 ഹെക്ടർ നിലം ഉണ്ടായിരുന്നു. ജനസംഖ്യാവർദ്ധനവുമൂലം പാർപ്പിടത്തിനായും, നെൽകൃഷിനഷ്ടമായതുമൂലം തെങ്ങുവയ്ക്കുന്നതിനായും വയലുകൾ നികത്തി ഉയർന്ന വിലയ്ക്കു വിൽക്കുന്നു. ഇതുമൂലം നിലവിൽ 15ഹെക്ടറിൽ താഴെ നിലം മാത്രമാണ് അവശേഷിക്കുന്നത്. രണ്ടു പൂനെല്ലും ഒരിടവിളയായി എള്ളുമാണ് ഇപ്പോഴും ഈ വയലുകളിൽ കൃഷി ചെയ്യുന്നത്. ശേഷിച്ച ഭൂഭാഗം നാനാതരത്തിലുള്ള കൃഷിയ്ക്കും ഉപയുക്തമാണ്. ഈ മേഖലയിൽ ധാരാളം സ്വകാര്യകുളങ്ങളും, പൊതുകുളങ്ങളും ഉണ്ട്. ഈ കുളങ്ങളും, വട്ടക്കായലും പണ്ട് ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു.

മേൽ സൂചിപ്പിച്ച ഭൂമിയ്ക്കു പടിഞ്ഞാറും, അറേബ്യൻ കടലിനു കിഴക്കുമായി നീണ്ടകര പോർട്ടു മുതൽ തിരുമുല്ലവാരം വരെ മണൽ കൂടുതലുള്ളതും ജൈവാംശം കുറവുള്ളതുമായ മണ്ണാണ്. തെങ്ങ്, വാഴ എന്നിവയാണ് പ്രധാന കൃഷികൾ. അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ട 137 ഓളം തുരുത്തുകളും ഈ ഗ്രാമപഞ്ചായ ത്തിന്റേതായുണ്ട്. കായലിന്റെ ആഴം കുറഞ്ഞ ഭാഗങ്ങളിൽ ചുറ്റുപാടുകളിൽ നിന്നും കായൽ ചെളി കുത്തിയിട്ട് ഉയർത്തി ചുറ്റിലും കല്ലടുക്കി സംരക്ഷിച്ചുണ്ടാക്കിതാണീ തുരുത്തുകൾ. ഇവിടെ അധിവസിക്കുന്നവരിൽ 90% മത്സ്യത്തൊഴിലാളികൾ ആണ്. ഈ ഭൂമിയിൽ തെങ്ങും, വാഴയും സമൃദ്ധിയായി വളരുന്നു. മീൻ വളർത്താൻ കഴിയുന്ന കുളങ്ങളും, തോടുകളും ഇവിടെയുണ്ട്. കണ്ടൽ കാടുകളും അങ്ങിങ്ങു കാണാം.




Fig-2




ഭൂപരിഷ്കരണനിയമം നടപ്പിലാകുന്നതിന് വളരെ മുമ്പു തന്നെ ഭൂഉടമബന്ധത്തിൽ മാറ്റം സംഭവിച്ചു കൊണ്ടിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥയുടെ ശിഥിലീകരണമാണ് ഇതിനു കാരണം. തന്മൂലം ഭൂമി തുണ്ടുതുണ്ടുകളായി മാറുകയും, ഭൂമി ഒരു പ്രധാന ഉല്പാദന ഉപകരണമല്ലാതായിത്തീരുകയും ചെയ്തു. കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് കൃഷി ഒരു പ്രധാന ഉപജീവനമാർഗ്ഗമായിരുന്നു. കാർഷിക വൃത്തിയിൽ കർഷകത്തൊഴിലാളിയോടൊപ്പം കർഷകനും ഏർപ്പെട്ടിരുന്നു. കർഷകതൊഴിലാളിയെ സംബന്ധിച്ചിടത്തോളം ഇതരമേഖലകളിൽ അന്ന് തൊഴിൽ സാധ്യത കുറവായിരുന്നു. തന്മൂലം ഈ രണ്ടു വർഗ്ഗങ്ങളും തമ്മിൽ വർഗ്ഗസമരത്തിന് പകരം ഒരു വൈകാരിക ഐക്യം നിലനിന്നിരുന്നു. കാർഷിക മേഖല രോഗവിമുക്തമായിരുന്നു. ഇതുകൊണ്ടു തന്നെ കാർഷിക ഉല്പാദനക്ഷമത ഇന്നത്തേക്കാൾ ഇതിന്മടങ്ങ് കൂടുതലായിരുന്നു. ഭൂമി തുണ്ടുതുണ്ടുകളായതോടെ കൃഷി ഉപജീവന മാർഗ്ഗമല്ലാതാകുകയും ചെയ്തു. കൂലി വർദ്ധനവ്, രോഗബാധ, അനുഭവസമ്പന്നരായ തൊഴിലാളികളുടെ കുറവ്, എല്ലാം കൃഷിയുടെ പിന്നോട്ടടിയ്ക്ക് കാരണമായിട്ടുണ്ട്.

## കാലാവസ്ഥ

ശക്തികുളങ്ങര പഞ്ചായത്തിന്റെ പടിഞ്ഞാറു വശം അറബിക്കടലിനാലും വടക്കും, കിഴക്കും അഷ്ടമുടിക്കായലിനാലും ചുറ്റപ്പെട്ടു കിടക്കുന്നതു കൊണ്ട് ഇവിടെ സമശീതോഷ്ണമാണ് അനുഭവപ്പെടുന്നത്. പ്രകൃതി പ്രതിഭാസങ്ങളായി വരൾച്ചയും, വെള്ളപ്പൊക്കവും അധികം ബാധിയ്ക്കാത്ത ഒരു പ്രദേശമാണിത്.









ഏറ്റവും കൂടിയ താപനില അനുഭവപ്പെടുന്നത് ഫെബ്രുവരി,മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലാണ്. ഏറ്റവും കുറഞ്ഞത് ഡിസംബർ, ജനുവരിമാസങ്ങളിലാണ്. മിതശീതോഷ്ണം അനുഭവപ്പെടുന്ന ഗ്രാമത്തിൽ കാലവർഷത്തേയും തുലാവർഷത്തേയും ആശ്രയിച്ചുള്ള കൃഷിയാണ് ചെയ്യുന്നത്. ഇവിടെ ലഭിയ്ക്കുന്ന മഴയുടെ 75%വും കാലവർഷത്തിൽ നിന്നാണ് ജൂൺ, ജൂലായ്, ഒക്ടോബർ, നവംബർ എന്നിവയാണ് ഏറ്റവും കൂടുതൽ മഴ ലഭിയ്ക്കുന്ന മാസങ്ങൾ മഴ ഏറ്റവും കുറവ് ജനുവരിമാസത്തിലാണ്.






ഭൂവിനിയോഗചാർട്ട്
(അടിസ്ഥാനം - CESS പഠനം)

| ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ | വിഭവ ഭൂപടങ്ങൾ പ്രകാരം ശതമാനം |
|---|---|---|
| മിശ്രവിളകൾ | 530.6 | 54.9% |
| തെങ്ങ് | 140.6 | 15.3% |
| നെൽപ്പാടം | 36.4 | 3.96% |
| നികത്തിയപാടം | 36.5 | 3.9% |
| തരിശുഭൂമി | 2.4 | 0.26% |
| തരിശുഭൂമികൃഷി ചെയ്യാൻകഴിയുന്നത് | 1.2 | 0.13% |
| കായൽ | 196.3 | 21.4% |

## നിലവിലുള്ള കൃഷി വിഭവങ്ങൾ

ഇവിടെ സാർവ്വത്രികമായി സമ്മിശ്ര കൃഷിയാണ് ചെയ്യുന്നത്. തെങ്ങ്, കമുക്, വാഴ, പ്ലാവ്, മാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളും, കിഴങ്ങുവർഗ്ഗം, പയർ, പച്ചക്കറി എന്നിവയും ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഗ്രാമ്പൂ, ജാതി തുടങ്ങിയ സുഗന്ധസസ്യങ്ങളും കൃഷി ചെയ്യു വരുന്നു. ആടലോടകം, തമിഴാമ, മുത്തങ്ങ, അമൃത്, ശതാവേരി, കുറുന്തോട്ടി, കൂവളം, അത്തി, ഇത്തി, ഓരില, മൂവില, പുത്തരിചുണ്ടൻ, ഉമ്മം തുടങ്ങിയ ഔഷധച്ചെടികളുടെ വംശനാശം സംഭവിച്ചു കൊണ്ടിരിയ്ക്കുന്നു.

## പ്രധാനകൃഷികളുടെ സ്ഥിതിവിവരം

1. തെങ്ങ്

പഞ്ചായത്തിൽ സമസ്ഥ മേഖലകളിലും സാവ്വത്രികമായി കാണുന്നു. കാറ്റുവീഴ്ച, മണ്ടചീയൽ, ചെല്ലിപ്പുഴു എന്നിവ മൂലമുള്ള രോഗം ബാധിച്ച് ഉല്പാദനക്ഷമത കുറഞ്ഞിരിക്കുന്നു. ശരാശരി ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം ഇരുപത് നാളികേരം ലഭിയ്ക്കുന്നു.

2. കമുക്

അധികം പരിചരണമില്ലാതെ സമൃദ്ധമായി കൃഷി ചെയ്തിരുന്നതും കാലക്രമത്തിൽ കുറഞ്ഞു വരുന്നതുമായ ഒരു കൃഷി, ഇളം പ്രായത്തിൽ കായ് പൊഴിയുന്ന രോഗം കണ്ടു വരുന്നു.

3. നെല്ല്

ഓണാട്ടുകരയുടെ ഭാഗമായുള്ള നെൽപ്പാടങ്ങളാണ് ഇവിടെ ഉള്ളത്. വളരെ നല്ല രീതിയിലാണ് ഒരു കാലത്ത് കൃഷി ചെയ്തിരുന്നത്, നിലം നികത്തൽ മൂലം ഇപ്പോൾ 15 ഹെക്ടറിൽ ഒതുങ്ങി. ഇനി ഉള്ള നിലമെങ്കിലും സംരക്ഷിച്ചേ മതിയാകൂ.

4. വാഴ

എല്ലാത്തരം വാഴകളും ഇവിടുത്തെ മണ്ണിൽ വളരുന്നു. പാളയം കോടൻ, ഏത്തൻ, റോബസ്റ്റ തുടങ്ങിയ ഇനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള പദ്ധതി ഉണ്ടാകണം. മണ്ട അടയ്ക്കൽ രോഗം വളരെ കൂടുതലായി കണ്ടു വരുന്നു.

5. കുരുമുളക്

നിലവിൽ കുറച്ച് ആളുകൾ നല്ലരീതിയിൽ കൃഷി ചെയ്തു വരുന്നു. ഫലപ്രദമായി വികസിപ്പിച്ചെടുക്കാം.

6. സുഗന്ധവ്യഞ്ജനങ്ങൾ

ഇഞ്ചി, മഞ്ഞൾ, കച്ചോലം, കുരുമുളക്, ഉല്പാദനം എത്രയോ ഇരട്ടികളാക്കി മാറ്റാൻ കഴിയും.

7. പയറുവർഗ്ഗങ്ങൾ

പണ്ട് എല്ലാ കരപുരയിടങ്ങളിലും, വയലുകളിലും കൃഷി ചെയ്തിരുന്നു. ഇപ്പോൾ പച്ചക്കറിയുടെ ആവശ്യത്തിനായുള്ള ഇനങ്ങൾ മാത്രമായി ഈ കൃഷി ഒതുങ്ങി. ഇനിയും വികസിപ്പിച്ചെടുക്കാൻ സാധ്യതയുണ്ട്.

8. കിഴങ്ങുവർഗ്ഗങ്ങൾ

കാച്ചിൽ, ചേമ്പ്, ചേന, ചെറുകിഴങ്ങ്, മരച്ചീനി തുടങ്ങിയവ ഫലപ്രദമായി ഈ മണ്ണിൽ വിളയുന്നു. എലിയുടെ ശല്യം കാരണം കൃഷി കുറഞ്ഞു വരുന്നുണ്ട്. ഇതിനു പരിഹാരമുണ്ടായാൽ മെച്ചപ്പെട്ട രീതിയിൽ വികസിപ്പിച്ചെടുക്കാം.

9. പച്ചക്കറി

ശക്തികുളങ്ങര പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും സമൃദ്ധമായി കൃഷി ചെയ്യാൻ സാധിയ്ക്കും. കൃഷി ഭവനും പഞ്ചായത്തും ചേർന്ന് ഒരു സമഗ്രമ പരിപാടി ഇതിനായി തയ്യാറാക്കണം.

10. ഔഷധ സസ്യങ്ങൾ

ഒരു കാലത്ത് യാതൊരു പരിചരണങ്ങളും ഇല്ലാതെ നാനാവിധ ഔഷധച്ചെടികൾ ഇവിടെ സുലഭമായി വളർന്നിരുന്നു. കാവുകൾ അപ്രത്യക്ഷമായതോടെ ഇവയിൽ പലതിന്റെയും വംശനാശം ഉണ്ടായിട്ടുണ്ട്. ഇനിയും വികസിപ്പിച്ചെടുക്കാൻ സാധ്യതയുണ്ട്.

ഭൂസ്ഥിതി വിവരകണക്കുകൾ

| | | |
|---|---|---|
| ആകെ പുരയിടം | - | 713 ഹെക്ടർ |
| നിലം | - | 83,, |
| പുറമ്പോക്ക് | - | 280 ,, |
| തരിശ് | - | 11 ആർ |

ഭൂവിനിയോഗം കൃഷിഭവൻ വിവരങ്ങൾ പ്രകാരം

| ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| തെങ്ങ് | 877 ഹെക്ടർ |
| കമുക് | 15 ഹെക്ടർ |
| നെല്ല് | 5 ഹെക്ടർ |
| ഇടവിളകൾ | 74 ഹെക്ടർ |

## കർഷകരുടെ കൈവശഭൂമിയുടെ സ്ഥിതി വിവരകണക്കുകൾ

| | |
|---|---|
| 1 സെന്റിനും 5 സെന്റിനും ഇടയിൽ ഭൂമി ഉള്ളവർ | 5920 |
| 5 സെന്റിനും 10 സെന്റിനും ഇടയിൽ ഭൂമി ഉള്ളവർ | 5974 |
| 10 സെന്റിനും 20 സെന്റിനും ഇടയിൽ ഭൂമി ഉള്ളവർ | 4588 |
| 25 സെന്റിനും 50 സെന്റിനും ഇടയിൽ ഭൂമി ഉള്ളവർ | 414 |
| 50 സെന്റിനും 100 സെന്റിനും ഇടയിൽ ഭൂമി ഉള്ളവർ | 226 |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ ഭൂമി ഉള്ളവർ | 16 |
| 6 ഹെക്ടറിനു മേൽ ഭൂമി ഉള്ളവർ | 2 |

| വിള | ഉല്പാദനം ഹെക്ടറിൽ | സാധ്യത ഹെക്ടറിൽ |
|---|---|---|
| 1. നെല്ല് | 15 | - |
| 2. തെങ്ങ് | 713 | - |
| 3. കമുക് | 300 | 600 |
| 4. വാഴ | 400 | 700 |
| 5. മരച്ചീനി | 10 | 100 |
| 6. കുരുമുളക് | 2 | 50 |
| 7 പച്ചക്കറി | 15 | 50 |
| 8 കിഴങ്ങുവർഗ്ഗം | 20 | 50 |
| 9 ഇഞ്ചി | 4 | 10 |
| 10 മഞ്ഞൾ | 1 | 4 |
| 11 കുറ്റിമുല്ല | 1 | 10 |
| 12 ഓർക്കിഡ് | വളരെ കുറവ് | 2 |

N.B (തെങ്ങുകൃഷിയെ സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ച രേഖകൾ വിഭിന്നങ്ങളായി കാണുന്നു.)

## കൃഷിഭവനിലൂടെ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ

### 1. നെൽകൃഷിയ്ക്കുള്ള ഉല്പാദനബോണസ്

നെൽകൃഷി ചെയ്യുന്നതിന് പ്രോത്സാഹനമായി സെന്റിന് ഒരു രൂപ ക്രമത്തിൽ കർഷകന് ഉല്പാദനബോണസ് നല്കി വരുന്നു. പഞ്ചായത്തിൽ കരിമ്പോലി പാടശേഖരത്തിലെ 14 കർഷകർക്ക് 1995-96ൽ ബോണസ് നല്കി. 1996-97 ലേക്ക് 6 കർഷകർ അപേക്ഷിി നല്കി.

### 2. സമഗ്രനാളീകേരവികസനപദ്ധതി

ഈ പദ്ധതി പ്രകാരം 1995-96 ൽ 28 കർഷകർക്ക് പമ്പ് സെറ്റും 22 കർഷകർക്ക് കിണറും അനുവദിച്ചു നല്കി. ഓരോ കർഷകർക്കും 2500/- (രണ്ടായിരത്തി അഞ്ഞൂറ്) രൂപാവീതം സബ്സിഡി അനുവദിച്ചു.

### 3. കമ്മ്യൂണിറ്റി ഇറിഗേഷൻ

ഈ പദ്ധതിപ്രകാരം 4 ഹെക്ടർ സ്ഥലത്ത് പത്ത് കർഷകർക്ക് ഉപയുക്തമാകുന്ന പദ്ധതിയാണ് തയ്യാറാക്കുന്നത് 85% ഗവൺമെന്റ് സബ്സിഡും 15% കർഷകരുടെ സംഭാവനയും

ആണ്. ടി പദ്ധതി പഞ്ചായത്തിലെ നാലാം വാർഡിൽ നടപ്പാക്കി വരുന്നു.

4. ഗ്രൂപ്പ് ഇറിഗേഷൻ

പോർട്ടബിൾ പമ്പ് വാങ്ങാനായി ആയിരം (1000) രൂപ അനുവദിയ്ക്കുന്ന പദ്ധതിയാണിത്. ഈ പഞ്ചായത്തിൽ ഉപയോഗപ്രദമല്ലാത്തതിനാൽ വേറെ ഒരു ഘടകമായി മാറ്റി ഉപയോഗിയ്ക്കാം.

5. റോക്കർ സ്പ്രേയർ

തെങ്ങ്,മാവ് എന്നിവയ്ക്ക് മരുന്നു തളിയ്ക്കുവാനുള്ള പമ്പ് 1000 രൂപ (ആയിരം രൂപ) സബ്സിഡിയോടുകൂടി രണ്ടെണ്ണം അനുവദിക്കുന്നു.

6. പച്ചിലവളം

തെങ്ങിൻ തോപ്പിൽ വിതറുന്നതിന് പച്ചിലവിളവിത്ത് കിലോയ്ക്ക് 3 രൂപ (മൂന്നു രൂപ) സബ്സിഡി നിരക്കിൽ നല്കുന്നു.

7. സമഗ്രസുഗന്ധവിള പദ്ധതി

കുരുമുളക്, ഇഞ്ചി, മഞ്ഞൾ ഇവയുടെ വികസനത്തിന് വേണ്ടി നടത്തുന്ന പദ്ധതി.

ഇഞ്ചി. പ്രദർശനത്തോട്ടം 25 സെന്റ്, രണ്ടുപേർക്ക് വിത്ത്, വളം, സസ്യം എന്നിവയ്ക്ക് 1200 രൂപ സബ്സിഡി നല്കുന്നു. ഇവയുടെ കൃഷിസ്ഥലവിസ്തീർണ്ണം വർദ്ധിപ്പിയ്ക്കുന്നതിനായുള്ള പദ്ധതി പ്രകാരം 25% സബ്സിഡിയോടെ 5 സെന്റ് മുതൽ 15 സെന്റ് വരെയുള്ള കർഷകർക്ക് നല്കുനനു.

മഞ്ഞൾ പ്രദർശനത്തോട്ടം 25 സെന്റിൽ നടപ്പാകുന്നതിന് 25% സബ്സിഡി നല്കുന്നു.

കുരുമുളക് ആദ്യത്തെ വർഷം 5000 രൂപ 1 ഹെക്ടറിലെ കൃഷി ആവശ്യത്തിനായി നല്കുന്നു. രണ്ടാമത്തെ വർഷം 3000 രൂപയും (മൂവായിരം) പ്രദർശനത്തോട്ടത്തിന് 250 രൂപവീതം ക്യാഷ് ഇൻസന്റീവ് നല്കുന്നു.

8. ട്രെയിനിങ്ങ്

കാർഷിക പദ്ധതികളെപ്പറ്റിയുള്ള ട്രെയിനിംഗ് രണ്ടുപേർക്ക് നല്കുന്നു.

9. വളം വിതരണം

കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും സബ്സിഡി നിരക്കിൽ കർഷകർക്ക് തെങ്ങുകൃഷിയ്ക്കുള്ള രാസവളം കൊടാക്കാറുണ്ട്. ഇത് നാളികേരബോർഡിന്റെ സഹായത്തോടെയാണ് നല്കുന്നത്.

1995-96 വർഷം 72975 രൂപയ്ക്കുള്ള വളം നല്കി.

## സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വിതരണം ചെയ്യുന്ന വളത്തിന്റെ കണക്ക്

| | | |
|---|---|---|
| 1990-91 | - 14772.30 | രൂപ |
| 1991-92 | - 46244.20 | ,, |
| 1992-93 | - 41560.95 | ,, |
| 1993-94 | - 38707.50 | ,, |
| 1994-95 | - 20798.50 | ,, |

തെങ്ങുകളുടെ രോഗത്തിനുള്ള ഒരു പ്രധാനകാരണം വളത്തിന്റെ കുറവാണ്. ജൈവവളങ്ങളുടെ അപര്യാപ്തതയും, രാസവളത്തിന്റെ വമ്പിച്ച വിലവർദ്ധനവും കാരണം കർഷകർ പഴയതു പോലെ തെങ്ങിന് വളം ചെയ്യുന്നില്ല. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വഴിയും കൃഷിഭവൻ വഴിയും വിതരണം ചെയ്ത വളത്തിനു ചെലവായ തുകയാണ് മുകളിൽ കാണിച്ചിരിയ്ക്കുന്നത്. ഒരു ലക്ഷത്തിനു മേൽ തെങ്ങുള്ള ഈ പഞ്ചായത്തിൽ നല്കി കൊണ്ടിരിക്കുന്ന വളത്തിന്റെ അളവ് തുലോം പരിമിതമാണ്. എന്നാൽ രാസവളത്തിന്റെ ഉപയോഗം കുറഞ്ഞു കൊണ്ടിരിയ്ക്കുന്ന ഈ കാലഘട്ടത്തിൽ, കൃഷിയ്ക്കു യോജിച്ച തരത്തിലുള്ള ജൈവവളവും, ജീവാണുവളവും ഉല്പാദിപ്പിയ്ക്കുന്നതിനെപ്പറ്റിയുള്ള പരിജ്ഞാനം ജനങ്ങൾക്ക് നല്കണം.

## 9-ാം പഞ്ചവത്സരപദ്ധതിയിലേക്കുള്ള നിർദ്ദേശങ്ങൾ

1. 5 വർഷം കൊണ്ട് രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുകയും നല്ലയിനം തെങ്ങിൻ തൈകൾ കൃഷിഭവനിലൂടെ നല്കുകയും വേണം. സമ്പൂർണ്ണവും,

നിർബന്ധിതവുമായ സമയബന്ധിത പരിപാടിയായി മരുന്നു തളി നടത്തി രോഗബാധയെ തടയണം. ഇതിനാവശ്യമായ മരുന്നും സ്പ്രേയറും പഞ്ചായത്തിൽ നിന്ന് സൗജന്യമായി നല്കണം. ഇതിനായി തല്പരരായ ആളുകൾ ഒരു ടീമിനെ ഉണ്ടാക്കി പരിശീലനം നല്കണം. ഈ ടീമിന്റെ അദ്ധ്വാനത്തിനുള്ള പ്രതിഫലം ഭൂവുടമകളും പഞ്ചായത്തും ചേർന്ന് നല്കണം.

2. രണ്ടായിരം അടയ്ക്ക തൈകൾ പ്രതിവർഷം കൃഷി ഭവനിലൂടെ സൗജന്യമായി നല്കി അടയ്ക്കാ ഉല്പാദനം വർദ്ധിപ്പിയ്ക്കാനുള്ള പദ്ധതി ഉണ്ടാവണം.

3. പ്രതിവർഷം ആയിരം കുരുമുളകു കൊടി വീതം നട്ടുവളർത്തി കുരുമുളകിന്റെ ഉല്പാദനം വർദ്ധിപ്പിയ്ക്കാനുള്ള സംവിധാനം ഉണ്ടാകണം.

4. ഏത്തൻ, പാളയം കോടൻ, റോബസ്റ്റ തുടങ്ങിയ വാഴകളുടെ 5000ത്തോളം വിത്തുകൾ സംഭരിച്ച് വിതരണം ചെയ്യു, ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമികളിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യണം.

5. ഇഞ്ചി, മഞ്ഞൾ ഇവയുടെ മേൽത്തരം വിത്തുകൾ പ്രതിവർഷം ഒരു ഹെക്ടർ എന്ന നിലയിൽ കൃഷി ചെയ്ത്, ഉല്പാദനം വർദ്ധിപ്പിയ്ക്കുവാൻ ഉതകുന്ന തരത്തിൽ കർഷകർക്ക് നല്കണം.

6. കിഴങ്ങുവർഗ്ഗങ്ങൾ വ്യാപകമായി കൃഷി ചെയ്യാൻ കഴിയും വിധം ആവശ്യമായ വിത്തിനങ്ങൾ സംഭരിച്ച് സൗജന്യനിരക്കിൽ ലഭ്യമാക്കണം.

7. പ്രതിവർഷം 10 ഹെക്ടർ സ്ഥലത്ത് പച്ചക്കറി നടാൻ മേൽത്തരം വിത്ത് ലഭ്യമാക്കണം. തദ്വാര വീടിനൊരു പച്ചക്കറിത്തോട്ടം എന്ന മുദ്രാവാക്യം ഫലപ്രദമായി നടപ്പാക്കണം. ഇതിനായി പഞ്ചായത്തിന് സന്നദ്ധ സംഘടനകളുടെ സഹായം തേടാം. ഓരോ വാർഡുകളിലെയും വീടുകളിൽ നിന്ന് ലഭ്യമാകുന്ന വിത്തുകൾ (സൗജന്യമായോ, കുറഞ്ഞ നിരക്കിലോ) ശേഖരിച്ച് പഞ്ചായത്തുവഴി വിതരണ് ചെയ്യണം.

8. നെൽകൃഷി ചെയ്യുന്നവർക്ക് ഗ്രാന്റ് അനുവദിയ്ക്കണം. നിലവിലുള്ള, സെന്റിന് 1 രൂപ ക്യാഷ് ഇൻസെന്റീവ് എന്ന വ്യവസ്ഥ തീർത്തും അപര്യാപ്തമാണ്. അതു വേണ്ട രീതിയിൽ വർദ്ധിപ്പിച്ച് നെൽകൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നല്കണം.

9. കുറ്റിമുല്ല കൃഷി നടത്തുന്നതിന് പ്രതിവർഷം ആയിരം കുറ്റിമുല്ല തൈകൾ ലഭ്യമാക്കണം.

10. പുഷ്പകൃഷി പ്രോത്സാഹിപ്പിയ്ക്കാൻ ഓർക്കിഡും, അന്തൂറിയവും വാണിജ്യാടി സ്ഥാനത്തിലും അല്ലാതെയും കൃഷി ചെയ്യുന്നവർക്ക് ഗ്രാന്റുകൾ നല്കണം.

11. വാർഡുകൾ തോറും കർഷകസെമിനാറുകൾ സംഘടിപ്പിക്കയും, കാർഷിക രംഗത്തു ണ്ടാകുന്ന നൂതന പദ്ധതികളെക്കുറിച്ച് ആളുകൾക്ക് അറിവു നല്കയും വേണം.

12. ജൈവവളം, ജീവാണുവളം തുടങ്ങിയവ വാണിജ്യാടിസ്ഥാനത്തിലും, അല്ലാതെയും ഉല്പാദിപ്പിച്ച് എടുക്കാനുള്ള നൂതന സാങ്കേതിക വിദ്യകൾ ആളുകൾക്ക് പകർന്നു കൊടുക്കണം.

13. കാവനാട് മാർക്കറ്റിലും മറ്റ് പ്രൈവറ്റ് മാർക്കറ്റുകളിലും ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സ്ഥാപിയ്ക്കണം.

14. ചകിരിച്ചോറ് സുലഭമായി ലഭിയ്ക്കുന ഈ പഞ്ചായത്തിൽ, പിത്ത്പ്ലസ് എന്ന ജീവാണുവിന്റെ സഹായത്തോടു കൂടി ഉണ്ടാക്കാവുന്ന ഒരു വളം നിർമ്മാണയൂണിറ്റ് തുടങ്ങണം.

15. പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കി വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യണം.

16. കൃഷിയ്ക്കാവശ്യമായ വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ എന്നിവ ശേഖരിച്ചു വിതരണം ചെയ്യുന്ന ഒരു ഏജൻസി പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

17. ഭൂമിയുടെ ലഭ്യത അനുസരിച്ച് ഓരോ വീട്ടിലും ഔഷധച്ചെടികൾ വച്ചു പിടിപ്പിയ്ക്കു ന്നതിനുള്ള പദ്ധതി ഉണ്ടാവണം. ഇങ്ങനെ വളർത്തുന്ന ചെടികളോ ഫലമൂലാദികളോ

ഒന്നിച്ച് ശേഖരിച്ച് വിപണനം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

ദേവസ്വം വക തരിശുഭൂമി, ഉത്സവനടത്തിപ്പിന് തടസ്സം വരാത്ത രീതിയിൽ ഇതിനു വേണ്ടി ഉപയോഗിയ്ക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകണം.

ശക്തികുളങ്ങര തിരുമുല്ലവാരം തീരദേശറോഡിന്റേയും, ശക്തികുളങ്ങര രാമൻകുളങ്ങരനാഷണൽ ഹൈവേയുടെയും വശങ്ങളിൽ ആര്യവേപ്പിൻ തൈകളോ, പുളിയോ വച്ചു പിടിപ്പിയ്ക്കണം.

18. നൂതന കാർഷിക ഉപകരണങ്ങൾ പഞ്ചായത്തു വഴി കൃഷിക്കാർക്ക് ലഭ്യമാക്കണം.

19. ജൈവവളവും, ജീവാണുവളവും സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം.

20. ക്രമാതീതമായി രാസവളവും കീടനാശിനികളും ഉപയോഗിച്ചതു കാരണം നമ്മുടെ വയലുകളും, ജലാശയങ്ങളും ഇന്ന് മലിനപ്പെട്ടു കൊണ്ടിരിക്കുനനു. കേരളത്തിലെ കൃഷിഗവേഷണ കേന്ദ്രങ്ങളിൽ ഇവയെ ഒഴിവാക്കിക്കൊണ്ടുള്ള കൃഷിരീതികൾ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഇത് കൃഷിയ്ക്കാരെ അറിയിക്കാനും നടപ്പാക്കാനും ഉള്ള പദ്ധതികൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

21. ജൈവകീടനാശിനികൾ കൂടുതൽ വ്യാപകമാക്കാനുള്ള ബോധവൽക്കരണക്ലാസ്സുകൾ നടത്തണം.

22. മാമ്പഴകൃഷി വാണിജ്യാടിസ്ഥാനത്തിൽ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്ക്കരിയ്ക്കണം.

23. കാർഷിക ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തണം.

## ജലസേചനം

ആമുഖം:- മൂന്നു വശവും ജലത്താൽ ചുറ്റപ്പെട്ട് ഉപദ്വീപിന്റെ ഭൂഘടനയുള്ളതാണ് ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്. ആന്തരഭാഗത്ത് ഏതാണ്ട് മധ്യത്തായി 37 ഏക്കർ വിസ്തീർണ്ണമുള്ള വട്ടക്കായലും 25 ഓളം പൊതുകുളങ്ങളും 15 ഹെക്ടർ നെല്പാടവും 25നു മേൽ ചെറുതും വലുതുമായ സ്വകാര്യകുളങ്ങളും 27 ഏക്കർ വിസ്തീർണ്ണമുള്ള കട്ടക്കകായലും നിറഞ്ഞ ജലസ്രോതസ്സിന്റെ കാര്യത്തിൽ അനുഗ്രഹീതമായ ഒരു ഗ്രാമമാണ് ഇത്. ഈ സാഹചര്യമാണ് ഈ ഗ്രാമത്തിന്റെ നീരുറവകളെ നിയന്ത്രിക്കുന്നത്. പണ്ടു കാലങ്ങളിൽ വരൾച്ച് എന്ന പ്രകൃതി പ്രതിഭാസം ഇവിടുത്തെ ജനങ്ങൾക്ക് അന്യമായിരുന്നു. കുളങ്ങളും തോടുകളും കൃഷിക്കുപയോഗിച്ചപ്പോൾ കുളിക്കാനും കുടിക്കാനും കിണറുകളെ ആശ്രയിച്ചു. വട്ടക്കായൽ കുളിക്കുവാനായി ഉപയോഗിച്ചിരുന്നു.

തുടർന്നു ജലത്തിന്റെ ആവശ്യകത വർദ്ധിച്ചതിനനുസരിച്ച് ശാസ്താംകോട്ടയിൽ നിന്നും കൊല്ലം പട്ടണത്തിലേക്കു കൊണ്ടു വന്ന പൈപ്പു വെള്ളത്തെയും കുറെ കാർഷിക ആവശ്യത്തിനായി ഉപയോഗിക്കാൻ തുടങ്ങി. പഞ്ചായത്തിന്റെ 90% മേഖലകളിലുള്ള കിണറുകളിലും ശുദ്ധജലം ലഭിക്കുമ്പോൾ 10% കായലോരകടലോരപ്രദേശത്ത് ഒരു കലർന്ന കഠിനജലമാണ് ലഭിക്കുന്നത്. ജനസംഖ്യാ വർദ്ധനവു മൂലം പാർപ്പിടത്തിനായി വയലുകളും കുളങ്ങളും നികത്തപ്പെട്ടതോടെ ഭൂഗർഭജലത്തിന്റെ സ്രോതസ്സ് കുറഞ്ഞു തുടങ്ങി. തന്മൂലം അതികഠിനമായ വേനൽകാലത്ത് കിണറുകൾ വറ്റുന്ന പ്രവണത കണ്ടു വരുന്നു. ഇത് ഏറ്റവും കൂടുതൽ കുരീപ്പുഴ B,C, വാർഡുകളിലാണ് ഈ വരൾച്ചയെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ഒന്നു രണ്ടു കാര്യങ്ങൾ ഇതിനു കാരണമായി കാണാം. (1) പഴയ കാലത്ത് കിണറുകളിൽ ജലം വറ്റുന്നില്ല കാരണം വലിയ പുരയിടങ്ങളിൽ വിസ്തീർണ്ണത്തിലും ആഴത്തിലും ഇന്നത്തേക്കാൾ ഇരട്ടി വലിപ്പമുള്ള കിണറുകളായിരുന്നു. മീനം, മേടമാസങ്ങളിലായിരുന്നു അന്ന് കിണറുകൾ കുഴിച്ചിരുന്നത്. എന്നാൽ ഇന്ന് കൊച്ചു കൊച്ചു തുണ്ടുഭൂമികളിൽ കിണറുകൾ കുഴിക്കുന്നത് ഭൂഗർഭജലത്തിന്റെ അളവിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതുപോലെ തന്നെ വിസ്തീർണ്ണം കുറഞ്ഞ കിണറും സമയം തെറ്റിയ കിണർ കുഴിക്കലും കിണർ വറ്റുന്നതിന് കാരണമാണ്,. ശക്തികുളങ്ങര A, D, ഈ വാർഡുകൾ കടലിന്റെ സാമീപ്യമുള്ളവയാണ് ശക്തികുളങ്ങര B, C മീനം A കന്നിമേൽ A, B, C വാർഡുകൾ വട്ടക്കായലിനോടു ചേർന്ന കിടക്കുന്നു. മീനം C

മീനം B കുരിപ്പുഴ A എന്നീ വാർഡുകൾ അഷ്ടമുടിക്കായലിനോടു ചേർന്നു കിടക്കുന്നു. ഇക്കാരണത്താൽ ഈ വാർഡുകളിലെ ജലസ്രോതസ്സിന് കുറവു വരുന്നില്ല. എന്നാൽ കുരിപ്പുഴ B, C വാർഡുകളിൽ ഭൂമിയുടെ ഘടനയും ജലാശയങ്ങളുടെ കുറവും വരൾച്ചക്കു കാരണമാകുന്നു.

വയൽ നികഴ്ത്തപ്പെടുകയും, തോടുകളും ഓടകളും കെട്ടി അടയ്ക്കപ്പെട്ടതോടു കൂടി ജലത്തിന്റെ ഒഴുക്കു തടയപ്പെടുകയും ജലാശയങ്ങൾ മലിമസമാകുകയും ചെയ്തു. ഇത് കന്നുകാലികൾക്കു് മനുഷ്യർക്കും ഭീഷണിയാകുന്ന പലരോഗങ്ങളും പകരുന്നതിനു കാരണമാകുകയും കൊതുക് പെരുകുകയും ചെയ്തു.

| | | |
|---|---|---|
| പൊതുകുളങ്ങൾ | : | 28 |
| സ്വകാര്യകുളങ്ങൾ | : | 25 |
| കിണറുകൾ വറ്റാത്തത് | : | 1678 |
| കിണറുകൾ വറ്റുന്നത് | : | 174 |
| പൊതുടാപ്പുകൾ | : | 380 |

പഴയകാലങ്ങളിൽ ജലസ്രോതസ്സുകളിൽ നിന്നും ജലനിർഗ്ഗമനമാർഗ്ഗങ്ങൾ ധാരാളമുണ്ടായിരുന്നു. അടയ്ക്കപ്പെട്ട നിർഗ്ഗമനമാർഗ്ഗങ്ങൾ തുറക്കപ്പെടുകയും നിലവിലുള്ളവ സംരക്ഷിക്കപ്പെടുകയും വേണം.

## തോടുകളുടെ സ്ഥിതി വിവരകണക്കുകൾ

| തോടുകളുടെ പേരു | നീളം | വീതി | സംരക്ഷിക്കപ്പെട്ടവ |
|---|---|---|---|
| 1. മരുത്തടി ക്ഷേത്രത്തിനു സമീപം | 3885 m | 1.00m | 120 m |
| 2. എടവമാനക്കാവ് ക്ഷേത്രത്തിനു സമീപം | 340 m | .90m | 195 m |
| 3. വട്ടക്കായൽ മുതൽ കട്ടക്കക്കായൽ | 400m | 3m | 250m |
| 4. ശക്തികുളങ്ങര പാത്രകുളം മുതൽ കട്ടക്കക്കായൽ | 500m | 2.00m | - |
| 5. വഴീക്കാവ് വട്ടക്കായൽ | 450m | 1.50m | 400m |
| 6. വാസുപിള്ള മുക്കിന് വടക്ക് | 400m | 1.20m | 400m |
| 7. പൂവൻപുഴ മുതൽ വട്ടക്കായൽ | 300 m | 1.00 | 250m |

ശക്തികുളങ്ങര പഞ്ചായത്തിന്റെ ജലസ്രോതസ്സുകളെ നിയന്ത്രിക്കുന്നത് ഇടവപ്പാതി കാലവർഷവും തുലാവർഷവുമാണ്. ഇവയുടെ ഏറ്റകുറച്ചിലുകൾ ഭൂഗർഭജലത്തിന്റെ അളവിനെ സ്വാധീനിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പുരയിടങ്ങളിൽ പുല്ലുകൾ നട്ടുപിടിപ്പിച്ചും ഇടവരുമ്പുകൾ കെട്ടിയും നീർത്തടങ്ങൾ സ്ഥാപിച്ചും ജലം മണ്ണിനടിയിലേക്ക് ഊർന്നിറങ്ങാൻ അവസരമുണ്ടാക്കണം. ഇതിനായി ജനങ്ങളിൽ അവബോധം വളർത്തി എടുക്കണം.

2. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും ആഴം കൂട്ടി സംരക്ഷിക്കപ്പെടണം.

3. കരുമ്പോലിക്കുളവും പാലോട്ടുകുളവും സംരക്ഷിച്ച് കൃഷിക്കുപയുക്തമാക്കാൻ കഴിയുന്ന ഒരു ചെറുകിട ജലസേചന പദ്ധതിക്ക് രൂപം നല്കി കരിമ്പോലി ഏല സംരക്ഷിക്കണം.

4. വെൺകുളത്തിൽ നിന്നും ആരംഭിച്ച് വട്ടക്കായലിലെത്തുന്ന ഓട സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5. മുളവൂർ ഭാഗത്തു നിന്ന് ആരംഭിച്ച് കായിക്കര കടവിലവസാനിക്കുന്ന ഓട സംരക്ഷിക്കുന്നു.

6. ഇളമ്പള്ളൂർ വയലിൽ നിന്നു തുടങ്ങുന്ന ഓട കട്ടക്കകായലിന്റെ തോടിൽ എത്തിച്ചേരുന്നു. ഇത് സൈഡ് വാൾ കെട്ടി സംരക്ഷിക്കണം.

7. ആവിയിൽ പാടത്തു നിന്ന് ആരംഭിച്ച് വട്ടക്കായലിൽ എത്തുന്ന ഓട സംരക്ഷിക്കണം.

8. കരുമ്പോലിൽ വയലിൽ നിന്നും മന്ദിരം വീട്ടിൽ കിഴക്കു കൂടി കരുണാട്ടു തെക്കു ഭാഗത്തു കൂടി തലപ്പുള്ളി വയലുവഴി കോക്കാട്ടു വഴി വട്ടക്കായലിൽ എത്തിച്ചേരുന്ന ഓട തെളിക്കണം.

9. കരിമ്പോലിൽ നിന്ന് തെക്കോട്ട് വടാഴത്തു വടക്കു ഭാഗത്തു കൂടി പാമ്പട്ടയിൽ വഴി ഗോപിക്കട ജംഗ്ഷനിൽ എത്തി മുരിങ്ങിക്കാമുക്കുവഴി പോകുന്ന ഓട സംരക്ഷിക്കണം.

10. വരമ്പേ കടവിൽ നിന്ന് തെക്കോട്ട് ചെങ്കുളത്തു പടിഞ്ഞാറു വശം വഴി ഗോപിക്കട ചെന്ന് പടിഞ്ഞാറോട്ട് ചാണോക്കരി വഴി ഒഴുക്കു തോടിൽ ചേരുന്ന ഓട നിർമ്മിക്കണം. ഒഴുക്കു തോട്ടിൽ ചീപ്പ് നിർമ്മിച്ച് ഉപ്പു ജല പ്രവേശനം തടയണം.

11. ചോഴത്തിൽ വയലിൽ നിന്നും തെക്കോട്ടു തെക്കും പറമ്പത്തു തെക്കു വശം വരെ ഓട വേണം.

12. കോതേരി ചിറയിൽ നിന്നും അറേബ്യൻ സമുദ്രത്തിലേക്ക് ഓട വേണം.

13. ചോഴത്തിൽ നിന്നും പടിഞ്ഞോറോട്ട് പാവൂർ തറവരെ ഓട വേണം.

14. ജലസേചനത്തിന് കൃഷി വകുപ്പ് അനുവദിക്കുന്ന കിണറിന്റേയും പമ്പു സെറ്റിന്റേയും എണ്ണം കൂട്ടുകയും കൃഷി ഭൂമിയുടെ വിസ്തീർണ്ണം 25 സെന്റായി നിജപ്പെടുത്തുകയും വേണം.

15. കോതേരി പണയങ്കണ്ടത്തിൽ ചിറയുമായി ബന്ധപ്പെടുത്തി ഓട നിർമ്മിക്കണം.

16. പഴവൂർ ജംഗ്ഷൻ വാസുപിള്ള ജംഗ്ഷൻ തമ്മിൽ യോജിപ്പിച്ച് ഒരു ഓട നിർമ്മിക്കണം.

17. കോഴിക്കോട് പ്രവർത്തിക്കുന്ന ജല പഠനകേന്ദ്രം (CWRDM) ജലവിതരണ ത്തെപ്പറ്റിയും, ജലസംഭരണത്തെപ്പറ്റിയും ധാരാളം ഗവേഷണം നടത്തി വിജയിച്ചിട്ടുണ്ട്. ആ ഗവേഷണ അറിവുകൾ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്കു കൂടി ലഭ്യമാക്കാൻ, അവരുടെ സഹായം അഭ്യർത്ഥിക്കുകയും, അത് നടപ്പാക്കാനുള്ള പദ്ധതികൾ പഞ്ചായത്ത് ആവിഷ്ക്കരി യ്ക്കുകയും വേണം.

# മൃഗസംരക്ഷണം മത്സ്യ വികസനം

## ചരിത്ര പശ്ചാത്തലം

കേരളത്തിൽ സംസ്കാരത്തിൻെറ ഭാഗമായി ശക്തികുളങ്ങര ഗ്രാമ പഞ്ചായത്ത് മേഖലയിലും രണ്ടു ദശവർഷങ്ങൾക്കു മുമ്പ് അകിടുനിറയെ പാൽ ചുരത്തിനിലക്കുന്ന പൂവാലിപശുവിനെ കണികണ്ടുണരുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. അന്ന് കൂട്ടുകുടുംബ സംവിധാനം നിലവിലുണ്ടയിരുന്നതുകൊണ്ടും വസ്തുക്കൾ തുണ്ടു ഭൂമിയിൽ ആകാതിരുന്നതുകൊണ്ടും കാലിലളർത്തൽ ലാഭകര മായിരുന്നു. വയലേലകൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് പാടത്തുപണി എടുപ്പിക്കുന്നതിനും വളത്തിനു വേണ്ടിയും കാലികളെ വളർത്തുമായിരുന്നു. പാടശേഖരങ്ങളിൽ നിന്നും ലഭിക്കുന്ന വയ്ക്കോലും പറമ്പുകളിൽനിന്നും പറിക്കുന്ന പുല്ലും കാലികളുടെ പ്രധാന ആഹാരമായിരുന്നു. അന്ന് സാധാരണ ഇടത്തരക്കാരും തെഴിലാളികളും പാൽ കൂടുതൽ ഉപയോഗിച്ചിരുന്നില്ല. ആയതുകെണ്ട് പാലിൻെറ കാര്യത്തിൽ ഒരു പരിധിവരെ നാം സ്വയംപര്യാപ്തരായിരുന്നു. രണ്ടുദശാബ്ദം പിന്നിട്ടപ്പോൾ വയലുകളെല്ലാം നികത്തി കോൺക്രീററ് വീടുകളാക്കി. കൂട്ടുകടുംബങ്ങൾ ശിഥിലങ്ങായി ഭൂമിതുണ്ടുതുണ്ടുകളായി. തന്മൂലം വയ്ക്കോലിന്റെയും പുല്ലിൻെറയും അഭാവം മൂലം കാലിവളർത്തൽ ആദായകരമല്ലാതായിതീർന്നു. വ്യവസായ പ്രാധാന്യം ജനങ്ങളുടെ ജീവിതനിലവാരംമെച്ചപ്പെട്ടതിന്റ ഭാഗമായി പാലുല്പന്നങ്ങളുടെ ആവശ്യകതയും വർദ്ധിച്ചു. എന്നാൽ പാലിന്റ ഉല്പാദനം നമ്മുടെ പഞ്ചായത്തിൽ ക്രമാതീതമായി കുറയുകയും നാം 'മിൽമ' പോലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കുകയും ചെയ്യേണ്ടിവരുന്നു. ഇതുതന്നെയാണ് കോഴി,താറാവ് എന്നിവയുടെ രംഗത്തും നമ്മുടെ പഞ്ചായത്തിൽ വന്നു ഭവിച്ചത്.

**1995 - 1996ലെ സ്ഥിതി വിവരകണക്കുകൾ**

| | | |
|---|---|---|
| നാടൻ പശു കറവഉള്ളത് | - | 207 |
| നാടൻപശു കറവഇല്ലാത്തത് | - | 47 |
| സങ്കരഇനം കറവഉള്ളത് | - | 180 |
| പിടക്കോഴി | - | 4200 |
| പൂവൻകോഴി | - | 2200 |
| പൂവൻ താറാവ് | - | 215 |
| പെൺ താറാവ് | - | 419 |
| കാള | - | 6 |
| എരുമ | - | 74 |
| ആട് | - | 317 |
| പട്ടി | - | 607 |
| ആന | - | 1 |
| പ്രതിദിനം പാലിന്റ ഉല്പാദനം | :- | 3169 ലിറ്റർ |
| 'മിൽമ' 'ഡയറി' ഫാം കളിൽ നിന്നും | :- | 3110 " |
| തഴവ പീപ്പിൾസ് ഡയറി | :- | 1420 |
| തെങ്കാശിയിൽനിന്നുംകെണ്ടുവരുന്നത് | : | 500 ലിറ്റർ |
| ആകെ ഉപഭോഗം | = | **7999** |

| | | |
|---|---|---|
| പ്രതിദിനം മുട്ടയുടെ ശരാശരി ഉല്പാദനം | : | 2400 എണ്ണം |
| മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കു മതിചെയ്യുന്നത് | : | 2500 |
| ആകെ ഉപഭോഗം | : | **4900** |

## പാലുല്പാദനം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ

15 ഗ്രാമസഭകളിലും പാലുല്പാദനത്തിൽ നാം സ്വയം പര്യപ്തമാകേണ്ടതിൻെ ആവശ്യകതയെക്കുറിച്ച് സമഗ്രമായി ചർച്ചചെയ്യപ്പെട്ടു.

## ഇതിനായി ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

1. അഭ്യസ്തരായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ കഴിയുന്ന തരത്തിൽ അവബോധം വളർത്തിഎടുത്ത് മേൽത്തരം (സങ്കര ഇനം) പശുക്കളെ വാങ്ങുവാനുള്ള ധനസഹായം സബ്സിഡിയോടെ ധനകാര്യ സ്ഥപനങ്ങളിൽ നിന്നും ലഭ്യമാക്കണം.

2. കന്നുകാലിക്ക് ഇന്നു നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിലെ ന്യൂനതൾ പരിഹരിച്ച് കർഷകനെ പ്രോത്സാഹിപ്പിക്കണം.

3. 'വീട്ടുക്കു രണ്ടു പശു' എന്നക്രമത്തിൽ സാധ്യതയും താല്പര്യവും കണക്കിലെടുത്ത് കർഷകർക്കുനല്കി ധവളവിപ്ലവം നടപ്പിലാക്കണം.

4. പാലിന്റെ സംഭരണത്തിനും സംസ്ക്കരണത്തിനും വിതരണത്തിനും ഉതകുന്ന തരത്തിൽ രണ്ടു പഞ്ചായത്തുവാർഡുകൾക്ക് ഒരു ക്ഷീരസംഘം ഉണ്ടാകുകയും ഈ സംഘങ്ങളിലൂടെ കർഷകർക്കാവശ്യമായ കാലിത്തീറ്റ കുറഞ്ഞവിലക്ക് ലഭ്യമാക്കുവാനുള്ള സംവിധാനവും ഉണ്ടാക്കണം.

5. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണഫാക്ടറി സ്ഥാപിക്കണം.

6. തരിശു ഭീമിയിൽ പുല്ല് വളർത്താൻ തല്പരരായ കർഷകർക്ക് പുല്ലിന്റെ വിത്തും വളവും സംബ്സിഡി നിരക്കിൽ നല്കി പുല്ലുൽപാദനം വർദ്ധിപ്പിക്കണം .

7. മൃഗാശുപത്രികളിൽ പ്രദേശികമായി കണ്ടുവരുന്ന രോഗങ്ങൾക്ക് അനുസരണമായ മരുന്ന് നല്കുകയും രോഗനിർണ്ണയത്തിനുതകുന്നതരത്തിൽ ഒരു ലബോറട്ടറിയുടെ യൂണിറ്റ് സ്ഥാപിക്കുകയും വേണം.

8. മാസത്തിൽ ഒരു പ്രാവശ്യം വാർഡിന്റെ ഒരു കേന്ദ്രത്തിൽ വെറ്റിനറി ഡോക്ടർമാരുടെ ഒരു സംഘം സന്ദർശിച്ച് പശുക്കളുടെ ആരോഗ്യസ്ഥിതി നിർണ്ണയിച്ച് വേണ്ട നിർദ്ദേശം നല്കണം. പഞ്ചായത്തിൽ ക്ഷീരവികസന രംഗം ശ്രദ്ധിക്കാൻ ഒരു എക്സ്റ്റൻഷൻ ഓഫീസറെ നിയമിക്കണം .

9. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ സമ്പൂർണ്ണമായി നശിപ്പിക്കുകയും വീട്ടിൽവളർത്തുന്ന നായ്ക്കൾക്ക് പേവിഷബാധയുടെ പ്രതിരോധ കുത്തിവെയ്പ്പ് സമ്പൂർണ്ണമായി നടത്തി കഴുത്തിൽ ടോക്കൺ കെട്ടിക്കുകയും ലൈസൻസ് നല്കുകയും വേണം .

10. മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകുവാൻ പഞ്ചായത്തിൽ 3000 മുട്ട കൂടി ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു . ആയതിനാൽ വീട്ടുക്ക് 5 കോഴിവീതം നൽകുകയും സ്കൂൾ പൗൾട്രി ഫാം സ്ഥാപിക്കുകയും വേണം .

11. ഇറച്ചിക്കോഴി ഉല്പാദനത്തിനും മുട്ടക്കോഴി ഉല്പാദനത്തിനും ഉതകുന്നതരത്തിൽ ഒരു ഹാച്ചറി പ്ളാൻറ് സ്ഥാപിക്കണം .

12. കോഴിതീറ്റ നിമ്മാണശാല സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയോ. ഗൾഫ് റിട്ടേണീസിന്റെ പുനരധിവാസപദ്ധതിയിൽ നടപ്പിൽ വരുത്തുകയൊ ചെയ്യണം.

13. താറാവിനെ വളർത്താൻ കഴിയുന്ന സാഹചര്യം ഭൂമിശാസ്ത്രപരമായി പഞ്ചായത്തിൽ ഉള്ളതുകൊണ്ട് ആയിരത്തോളം താറാവു കുഞ്ഞുങ്ങളെ താല്പര്യമുള്ള കർഷകർക്ക് സബ്സിഡി ഇനത്തിൽ നല്കണം .

14. വനിതകൾക്കായി എഗ് നഴ്സറി സ്ഥാപിക്കണം

15. പഞ്ചായത്തിൽ ഒരു അറവു ശാല സ്ഥാപിക്കണം

16. ആട് വളർത്തൽ യൂണിറ്റ് സ്ഥാപിക്കണം.

17. മാതൃകാ ക്ഷീരോൽപാദനയൂണിറ്റ് 25 എന്നത് 100 ആയി വർദ്ധിപ്പിക്കണം.

## മൽസ്യ വികസനരംഗം

പടിഞ്ഞാറ് അറേബ്യൻ കടലും കിഴക്കും വടക്കും അഷ്ടമുടിക്കായലും തെക്ക് കൊല്ലം

ടൗണുമായി ബന്ധപ്പെട്ടുകിടക്കുന്ന 9 . 17 ച.കി.മീ. വിസ്തീർണ്ണമുള്ള ശക്തികുളങ്ങര ഗ്രമപഞ്ചായത്തിൽ പൊതുവേ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ജനങ്ങളാണ് വസിക്കുന്നത്. എന്നാൽ മത്സകർഷകരുടെ എണ്ണം വളരെകുറവാണ്. മീനം C വാർഡിലും മീനം B വാർഡിലും ബന്ധപ്പട്ട ചില തുരുത്തുകളിൽ മാത്രമാണ് മത്സ്യ കൃഷിനടത്തിവരുന്നത്. എന്നാൽ ശക്തികുളങ്ങര പഞ്ചായത്തിലെ ജലാശയങ്ങളും കുളങ്ങളും കണക്കിലെടുത്താൽ ഈ മേഖലയിൽ ധാരാളം സാധ്യതകൾ ഉള്ളതായി കാണാം.

| | |
|---|---|
| പൊഴി | : 1. |
| വട്ടക്കായൽ | : 1 എണ്ണം |
| പൊതുകുളം | : 28 എണ്ണം |
| സ്വകാര്യകുളങ്ങൾ | : 25 നുമേൽ ചെറുതും വലുതുമായി |

ഈ ജലാശയങ്ങളിൽ എല്ലാം തന്നെ ഉൾനാടൻ മൽസ്യകൃഷി നടപ്പിലാക്കാൻ കഴിയും . കട്ല, രോഹു , മൃഗാൻ എന്നീ മത്സ്യങ്ങൾ സമൃദ്ധമായി വളർത്താൻ കഴിയും .

നീണ്ടകര പൊഴിമുഖം ഉണ്ടായതുകൊണ്ട് അഷ്ടമുടിക്കായലിൽ കല്ലിമ്മേൽകായ് (മുരിങ്ങ) കൃഷി വമ്പിച്ച ആദായത്തോടെ നടത്തുവാൻ കഴിയുമെന്ന് CMFRA യുടെ ഗവേഷണം തെളിയിച്ചിട്ടുണ്ട്. നീണ്ടകരയിൽ ദളവാപുരത്ത് പരീക്ഷണാർത്ഥം CMFRA മുരിങ്ങകൃഷിനടത്തി വരുന്നു. അവർ ഉല്പാദിപ്പിക്കന്ന മുരിങ്ങ വിത്ത് കൃഷിചെയ്യുവാൻ ആവശ്യമായ സാങ്കതിക പരിജ്ഞാനം താല്പര്യമുള്ളകർഷകർക്കും നല്കിയാൽശക്തികുളങ്ങര പഞ്ചായത്തിന് ഈ രംഗത്ത് ഒരു കുതിച്ച് കയറ്റം നടത്താൻ കഴിയും. എന്നാൽ ഈ കൃഷിയെ സഹായിക്കുവാൻ വേണ്ടിഗവൺമെന്റ് നിലവിലുള്ള ഏതെങ്കിലും ഒരു ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. അഷ്ടമുടിക്കായലിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുവാൻ അഴിമുഖത്ത് ഏറ്റസമയത്ത് കെട്ടുന്ന കുറ്റിവല കർക്കശമായി നിരോധിക്കണം.
2. അഷ്ടമുടിക്കായലിൽ കാണുന്ന ചീനവലയിൽ ഉപയോഗിക്കുന്ന ബൾബും വലയും മത്സ്യകുഞ്ഞുങ്ങളെ പോലും ആകർഷിക്കുന്നതാണ്. ഇത് നിരോധിക്കണം.
3. സ്വകാര്യവ്യക്തികളുടെ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം മത്സ്യ കുഞ്ഞുങ്ങളെ നൽകണം.
4. ഇതിനുള്ള സാങ്കേതിക പരിജ്ഞാനം ബന്ധപ്പെട്ട ഏജൻസികൾ നൽകണം.
5. വട്ടക്കായൽ സംരക്ഷിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മത്സ്യകൃഷി നടത്തണം.
6. മത്സ്യം സംരക്ഷിക്കുന്നതിന് ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കണം.
7. മുരിങ്ങകൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുകയും വേണം.
8. ഫിഷറീസ് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പടപ്പക്കര, തങ്കശ്ശേരി, നീണ്ടകര എന്നിവ ഏകീകരിച്ച് ശക്തികുളങ്ങര പഞ്ചായത്ത് ഓഫീസ്
9. ഉൾനാടൻ മത്സ്യകർഷകർക്കുകൂടി ക്ഷേമ പദ്ധതികൾ നടപ്പാക്കണം.

# വിദ്യാഭ്യാസം

കല്ലിൽ, തുകലിൽ, ഓലയിൽ രേഖകൾ രൂപപ്പെട്ട് അക്ഷരമായി അർത്ഥമായ കാലത്തോളം ഈ ഗ്രാമത്തിന്റെ ഗതകാല വിദ്യാഭ്യാസ ചരിത്ര പശ്ചാത്തലം ആഴ്ന്നു കിടക്കുന്നു. ഔദ്യോഗിക അതിർ വരമ്പുകൾക്കകത്തുള്ള ശക്തികുളങ്ങര പഞ്ചായത്ത് പ്രദേശം പോയകാലത്ത് കൊല്ലത്തിന്റെ ഭാഗമായിരുന്നു - കൊല്ലം തന്നെയായിരുന്നു. സംഘകാലഘട്ടത്തിലെ അറിയപ്പെടുന്ന തെന്നിന്ത്യൻ സാംസ്ക്കാരിക കേന്ദ്രമായിരുന്നു കൊല്ലം. കൊല്ലം തലസ്ഥാനമായി വാണിരുന്ന ഒന്നാം ചേരരാജാവിന്റെ കാലത്ത്. യവന ലോകത്തുനിന്നും എത്തിയ വാണികശ്രേഷ്ഠൻമാരൊടൊപ്പം പണ്ഡിതന്മാരും, കലാകാരന്മാരും, ശില്പകലാ വിദഗ്ദ്ധരും ഇവിടെ വന്നിരുന്നതിനും കൊല്ലത്തെ അക്കാലത്തെ പണ്ഡിതന്മാരുമായി സാംസ്ക്കാരിക നായകന്മാരുമായി ബന്ധപ്പെട്ടിരുന്നു എന്നതിനും ചരിത്ര രേഖകൾ ഉണ്ട്. കൂടാതെ റോം, അറേബ്യ, പേർഷ്യ (ഇറാൻ), ഏഷ്യമൈനർ (ടർക്കി) മെസാപ്പെട്ടോമിയ (ഇറാക്ക്) തുടങ്ങി ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ആളുകൾ കടൽ താണ്ടി കച്ചവടത്തിനായി, അറിവിനായി ഇവിടെ എത്തിയിരുന്നു. ചിലരെല്ലാം കുടയേറ്റക്കാരായി ഇവിടുത്തെ ജനവിഭാഗവുമായി ഇഴുകിച്ചേർന്നു. അങ്ങനെ വ്യത്യസ്ഥ സംസ്ക്കാരങ്ങളുടെ, അറിവുകളുടെ സങ്കരസംഗമ ഭൂമിയായി ഈനാട്. ഈ ഒരുമയുടെ കൂട്ടായ്മയുടെ തുടർച്ചയായിട്ടാണ് AD 849-ൽ കൊല്ലം രാജാവായിരുന്ന അയ്യനടികൾ ഇവിടുത്തെ ക്രിസ്തീയ വിശ്വാസികൾക്ക് പ്രത്യേക അധികാര അവകാശങ്ങൾ നൽകുന്ന "തരിസാപ്പള്ളിശാസനം" പുറപ്പെടുവിച്ചത് മത ജാതി വിദ്വേഷങ്ങളില്ലാത്ത സ്നേഹത്തിന്റെ, അറിവിന്റെ, പാണ്ഡിത്യത്തിന്റെ ഔന്നത്യമേറിയ പൈതൃകം ഈ നാടിന് അവകാശപ്പെട്ടതാണ്.

1870ൽ ഈ പഞ്ചായത്തിലെ ആദ്യ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം സെന്റ് ജോൺസ് എൽ. പി. എസ് അറബിക്കടലിന്റെ ഓരം ചേർന്ന് ഇന്നത്തെ 15-ാം വാർഡിൽ സ്ഥാപിതമായി. തുടർന്നിങ്ങോട്ട് സാവധാനത്തിലും ഘട്ടം ഘട്ടമായും ഈ മേഖല വളർന്ന് പതിനഞ്ച് പ്രീ പ്രൈമറി വിദ്യാലയങ്ങൾ, ഇരുപത്തിയൊൻപത് അംഗനവാടികൾ എട്ട് ലോവർ പ്രൈമറി സ്ക്കൂളുകൾ മൂന്ന് അപ്പർ പ്രൈമറി സ്ക്കുളുകൾ പതിനൊന്ന് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഇവ അടങ്ങുന്ന ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപന വ്യയൂഹത്തിലെത്തി നിൽക്കുന്നു. 1940കളിൽ ഈ പഞ്ചായത്തിൽ ഒരു സംസ്കൃത സ്ക്കൂളും പ്രവർത്തിച്ചിരുന്നു. കന്നിമേൽ ബി വാർഡിലുള്ള സുകുമാരവിജയം കരയോഗ മന്ദിരത്തിലാണ് അത് പ്രവർത്തിച്ചിരുന്നത്. സർക്കാരിൽ നിന്നുള്ള ധന സഹായം കിട്ടാതായതിനെ തുടർന്ന് സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ സാധിക്കാതെ പൂട്ടുകയാണുണ്ടായത്. ഇവിടെ ഉള്ളതിനേക്കാൾ ഉയർന്ന തലങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപന സൗകര്യങ്ങൾ കൊല്ലം പട്ടണത്തിൽ ഉണ്ട്. ആ സൗകര്യങ്ങൾ ഈ പഞ്ചായത്ത് നിവാസികൾ ഉപയോഗപ്പെടുത്തുന്നുണ്ട്. മത്സ്യബന്ധന അനുബന്ധ മേഖലകളിൽ കഴിഞ്ഞ കാലത്തുണ്ടായ വമ്പിച്ച പുരോഗതി ആ രംഗവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഈ ജനവിഭാഗത്തിന്റെ സാമ്പത്തികസ്ഥിതിയെയും പൊതു ജീവിതനിലവാരത്തേയും ഗണ്യമായി മെച്ചപ്പെടുത്തി. ഈ പുരോഗതി വിദ്യാഭ്യാസ രംഗത്തും പ്രതിഫലിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ സാഹചര്യങ്ങളെല്ലാം ചേർന്ന് ഈ ഗ്രാമത്തിലെ പൊതുവിദ്യാഭ്യാസ നിലവാരം ശരാശരിക്ക് മുകളിലാക്കി നിർത്തുന്നു. എങ്കിലും നിരക്ഷരരായ ചെറിയ ഒരു ശതമാനം ആളുകൾ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ടെന്നുള്ള ദുഃഖകരമായ സത്യവും അവശേഷിക്കുന്നു. ഈ വിഭാഗത്തെ കൂടുതലായി കാണുന്നത് കടലോര കായലോര മേഖലകളിലാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുവിവരങ്ങൾ കാണിക്കുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

## സ്കൂളുകൾ

| നമ്പർ | സ്കൂളിന്റെ പേര് | ഗവ: എയിഡഡ്/ അൺ അയിഡഡ് | സ്കൂൾ കാമ്പൗണ്ട് വിസ്തീർണ്ണം | കുട്ടികളുടെ എണ്ണം | | | പട്ടികജാതി/ പട്ടിക വർഗ്ഗം | | | അദ്ധ്യാപകർ | | | പഠന നിലവാരം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | |
| 1 | S.N.L.P.S ശക്തികുളങ്ങര, കല്ലുംപുറം. | എയിഡഡ് | 102 സെന്റ് | 146 | 128 | 274 | 14 | 9 | 23 | 1 | 6 | 7 | ശരാശരി |
| 2 | സെന്റ് ലിയോൺസ് L.P.S. ശക്തികുളങ്ങര. | do | | 126 | 142 | 268 | 16 | 16 | 32 | 0 | 8 | 8 | ശരാശരി |
| 3 | A.V.L.P.S. കന്നിമേൽ | do | | 155 | 149 | 304 | 14 | 11 | 25 | 1 | 9 | 10 | ശരാശരി |
| 4 | V.M.L.P.S. മരുത്തടി | do | 1 ഏക്കർ | 84 | 92 | 176 | 12 | 17 | 29 | 1 | 4 | 5 | മെച്ചമല്ല |
| 5 | ഹോളിഫാമിലി L.P.S., മുക്കാട് | do | 150 സെന്റ് | 93 | 80 | 173 | 5 | 5 | 10 | 0 | 5 | 5 | ശരാശരി |
| 6 | സെന്റ് ജോസഫ് L.P.S. അരവിള | do | 80 സെന്റ് | 150 | 121 | 271 | 8 | 1 | 9 | 0 | 5 | 5 | ശരാശരി |
| 7 | ആനന്ദമാർഗ്ഗ പ്രൈമറി സ്കൂൾ വാസുപിള്ളമുക്ക് | അൺ എയിഡഡ് | 5 സെന്റ് | 28 | 27 | 55 | - | - | - | 0 | 4 | 4 | മെച്ചമാണ് |
| 8 | വിശ്വഭാരതി L.P.S. | do | 9 സെന്റ് | 19 | 15 | 34 | - | - | - | 0 | 4 | 4 | മെച്ചമാണ് |
| 9 | തിരുമുല്ലാവാരം - സെന്റ് ജോൺസ് U.P.S. | എയിഡഡ് | 90 സെന്റ് | 404 | 441 | 845 | 110 | 90 | 200 | 1 | 15 | 16 | മെച്ചമാണ് |
| 10 | ഗവ: U.P.S., കാവനാട് | ഗവൺമെന്റ് | 55 സെന്റ് | 254 | 227 | 481 | 37 | 27 | 64 | 0 | 14 | 14 | മെച്ചമാണ് |
| 11 | ഗവ: H.S., വള്ളിക്കീഴ് | do | 168 സെന്റ് | 673 | 1450 | 2123 | 92 | 190 | 282 | 10 | 57 | 67 | വളരെ മെച്ചപ്പെട്ടത് |
| 12 | സെന്റ് ജോസഫ് H.S., ശക്തികുളങ്ങര | എയിഡഡ് | 3 ഏക്കർ | 832 | 470 | 1302 | 80 | 57 | 137 | 13 | 30 | 43 | വളരെമോശപ്പെട്ടത് |
| 13 | സെന്റ് മേരീസ് റസിഡൻഷ്യൽ സ്ക്കൂൾ, രാമൻകുളങ്ങര | അൺ എയിഡഡ് | 66 സെന്റ് | 376 | 189 | 565 | - | - | - | - | - | - | ശരാശരി |
| 14 | ഹോളി ഫാമിലി കോൺവെന്റ് U.P.S., അരവിള | do | - | 506 | 505 | 1011 | 13 | 13 | 26 | 0 | 17 | 17 | ശരാശരി |
| | | | | 3846 | 4036 | 7882 | 401 | 436 | 837 | 27 | 178 | 205 | |

## ശക്തികുളങ്ങര ഗ്രാമപഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ സ്ഥിതിവിവര കണക്ക്

### I. സ്ഥാപനങ്ങുളടെ പേരും സ്ഥലവും

1. പ്രിമിയർ അക്കാഡമി, കാവനാട്
2. ആശാനികേതൻ വിദ്യാഭവൻ, കാവനാട്
3. ക്ലാസിക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, വള്ളിക്കീഴ്
4. അക്ഷര അക്കാഡമി, വള്ളിക്കീഴ്
5. രാഷ്ട്രഭാരതി, വള്ളിക്കീഴ്
6. സുപ്പീരിയർ, രാമൻകുളങ്ങര
7. വികാസ്, മരുത്തടി
8. പ്രതിഭ, കല്ലുമ്പുറം
9. യൂണിവേഴ്സൽ, ശക്തികുളങ്ങര
10. മധൂസ് റ്റ്യൂഷൻ സെന്റർ, കാവനാട്
11. കല്ലച്ചഴികത്ത് ഇംഗ്ലീഷ് സ്റ്റഡി സെന്റർ, കാവനാട്

### II ക്ലാസുകൾ

Std IV to X (റ്റ്യൂഷൻ ക്ലാസുകൾ)
Std X (സെഷൻ ക്ലാസുകൾ)
P.D.C. Eng, III, IV Group (സെഷൻ & റ്റ്യൂഷൻ ക്ലാസ്)
ഡിഗ്രി ഇംഗ്ലീഷ്, & BCom. (സെഷൻ & റ്റ്യൂഷൻ ക്ലാസ്)

### III വിദ്യാർത്ഥികളുടെ എണ്ണം **(session Class Only)**

ആൺകുട്ടികൾ - 156
പെൺകുട്ടികൾ - 102
ആകെ **- 258**

### IV അദ്ധ്യാപകരുടെ എണ്ണം

ആൺ - 64
പെൺ - 25
ആകെ - 89

### V പഠന നിലവാരം

കുട്ടികളെ കുടുതൽ മാർക്കുവാങ്ങുവാൻമാത്രം പ്രാപ്തരാക്കുന്ന വിധമുള്ള മെച്ചപ്പെട്ട പഠന നിലവാരം

# ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്, അംഗനവാടികൾ

| S.L No. | അംഗൻവാടി നമ്പർ | ഭൗതിക സാഹചര്യങ്ങൾ |
|---|---|---|
| 1. | A. W. No. 73 | പ്രവർത്തനം തൃപ്തികരം |
| 2. | ,, 74 | രജിസ്റ്റർ നിലവിലില്ല |
| 3. | ,, 75 | സ്വന്തം സ്ഥലമില്ല, കെട്ടിടമില്ല രജിസ്റ്റർ നിലവിലില്ല |
| 4. | ,, 76 | സ്വന്തം സ്ഥലമില്ല, കെട്ടിടമില്ല രജിസ്റ്റർ നിലവിലില്ല |
| 5. | ,, 77 | തൃപ്തികരം |
| 6. | ,, 78 | തൃപ്തികരം |
| 7. | ,, 79 | സ്വന്തം കെട്ടിടമില്ല |
| 8. | ,, 80 | റവന്യൂവക സ്ഥലം കിട്ടി, സ്റ്റേ നിലവിലുണ്ട് |
| 9. | ,, 81 | രജിസ്റ്റർ നിലവിലില്ല |
| 10. | ,, 82 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 11. | ,, 83 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 12. | ,, 84 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 13. | ,, 85 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 14. | ,, 86 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 15. | ,, 87 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല ചീട്ടുകളി ശല്യം സമീപത്തുള്ളത് പ്രവർത്തനത്തെ ബാധിക്കുന്നു |
| 16. | ,, 88 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 17. | ,, 89 | കെട്ടിടത്തിന് ബെയ്സ്മെന്റ് കെട്ടി |
| 18. | ,, 90 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 19. | ,, 91 | സ്വന്തം സ്ഥലം ഉള്ളത് ഉപയോഗ പ്രദമാക്കേണ്ടതുണ്ട് |
| 20. | ,, 92 | സ്വന്തം സ്ഥലം ഉള്ളത് ഉപയോഗ പ്രദമാക്കേണ്ടതുണ്ട് |
| 21. | ,, 93 | സ്വന്തം സ്ഥലം ഉള്ളത് ഉപയോഗ പ്രദമാക്കേണ്ടതുണ്ട് |
| 22. | ,, 94 | ചുറ്റുമതിൽ ആവശ്യമാണ് |
| 23. | ,, 95 | പ്രവർത്തനം തൃപ്തികരം |
| 24. | ,, 96 | സ്വന്തം സ്ഥലമുണ്ട് സ്റ്റേ നിലവിലുണ്ട് |
| 25. | ,, 97 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 26. | ,, 98 | സ്വന്തം വഴി ആവശ്യമാണ് |
| 27. | ,, 99 | സ്വന്തം കെട്ടിടമുണ്ട്. ചുറ്റുമതിൽ ആവശ്യമാണ് |
| 28. | ,, 100 | സ്വന്തം സ്ഥലം കെട്ടിടം എന്നിവ ഇല്ല |
| 29. | ,, 101 | കെട്ടിടം ഉണ്ട് വയറിംഗ് നടത്തിയിട്ടുണ്ട്, കണക്ഷൻ ലഭ്യമല്ല |

പഞ്ചായത്തിന് പുറത്തുപോയി സ്ക്കൂൾ തല വിദ്യാഭ്യാസം നടത്തുന്നവരുടെ എണ്ണം അഞ്ഞൂറായി കണക്കാക്കുന്നു. സ്ക്കൂൾതലത്തിന് മുകളിൽ വിദ്യാഭ്യാസത്തിന് പോകുന്നവരുടെ എണ്ണം ആയിരത്തിയഞ്ഞൂറായി കണക്കാക്കുന്നു. പ്രിപ്രൈമറി വിദ്യാലയങ്ങളിൽ ആകെക്കൂടി 250 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം ചേർന്ന് അധ്യായനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം 8942 ആണ്.

ഈ പഞ്ചായത്തിൽ എൽ.പി.സ്ക്കൂളുകളിലേക്കുള്ള ശരാശരി ദൂരം അരകിലോമീറ്ററും യു. പി.യിലേക്ക് 0.8 കിലോമീറ്ററും, ഹൈസ്ക്കൂളിലേക്ക് ഒന്നരകിലോമീറ്ററും ആണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുനിലവാര അവലോകനം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വള്ളിക്കീഴ് എച്ച്. എസും., കാവനാട് യു. പി. എസ്സും മെച്ചപ്പെട്ട പഠനനിലവാരം പുലർത്തുന്നവയാണ്. ആത്മാർത്ഥതയും അർപ്പണ മനോഭാവവുമുള്ള അദ്ധ്യാപകരും കാര്യക്ഷമമായി പ്രവർത്തിക്കുന്ന പേരന്റ്സ് ടീച്ചേഴ്സ് അസോസിയേഷനും ഈ നേട്ടത്തിന്റെ പിന്നിലെ ഘടകങ്ങളാണ്. എന്നാൽ ഈ രണ്ടു സ്ക്കൂളുകളുടെയും ഭൗതിക സഹാചര്യങ്ങൾ വളരെ പരിതാപകരമാണ്. കാവനാട് യു. പി. എസ്സിൽ ആവശ്യത്തിന് ഫർണിച്ചറുകൾ ഇല്ല. കെട്ടിടങ്ങളുടെ മേൽക്കൂര പഴക്കം ചെന്ന് കേടുപാടുകൾ പറ്റിയിരിക്കുന്നു. അടിയന്തിര റിപ്പയർ ആവശ്യമാണ്. വള്ളിക്കീഴ് എച്ച്. എസിൽ കുട്ടികൾ സ്ഥലപരിമിതിമൂലം വരാന്തയിലും മറ്റുമിരുന്നാണ് അദ്ധ്യയനം നടത്തുന്നത്. ഇരിക്കാൻ ആവശ്യത്തിന് ബഞ്ച് ഇല്ല. ഡെസ്ക്, മേശ തുടങ്ങി ഒട്ടനവധി അത്യാവശ്യങ്ങളുമുണ്ട്. ലോവർ പ്രൈമറി മുതൽ ഹൈസ്ക്കൂൾ തലം വരെയുള്ള ഈ സ്ക്കൂളിന്റെ പൊതുഭരണം ഒരു പ്രശ്നമാണ്. ഇത് എൽ. പി. വിഭാഗത്തിന്റെ പഠനനിലവാരത്തിൽ പ്രകടമായി കാണാം.

## എയിഡഡ് സ്ക്കൂളുകൾ

എയിഡഡ് സ്ക്കൂളുകളുടെ കൂട്ടത്തിൽ സെന്റ് ജോൺസ് യൂ. പി. എസ്. തിരുമുല്ലവാരം മെച്ചപ്പെട്ട പഠനനിലവാരം പുലർത്തുന്നു. ആകെയുള്ള 845 കുട്ടികളിൽ 200 പേരും പട്ടിക ജാതി വർഗ്ഗ വിഭാഗത്തിൽ പെട്ടവരാണെന്നത് ഈ സ്ക്കൂളിന്റെ പ്രത്യേകതയാണ്.

ഹോളിഫാമിലി എൽ. പി. എസ്. മുക്കാട്, സെന്റ് ജോസഫ് എൽ. പി. എസ്. അരവിള ഇവ രണ്ടും ഏതാണ്ട് 750 മീറ്ററിനകത്ത് സ്ഥിതിചെയ്യുന്ന ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ളവയാണ്. രണ്ടിടത്തും ഡിവിഷൻ തികയുന്നതിനുവേണ്ടിയുള്ള കുട്ടികളെ കിട്ടുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പ്രദേശവാസികളായ കുട്ടികൾ അധികമായി പോകുന്നതാണ് ഈ സ്ഥിതിക്ക് കാരണം.

സെന്റ് ലിയോൺസ് എൽ. പി. എസ്. ശക്തികുളങ്ങര പരിസര മാലിന്യങ്ങളുടെ നടുവിലാണ്. സമീപവാസികളുടെ കക്കൂസ് ടാങ്കുകൾ പൊട്ടിയൊലിച്ച് സ്ക്കൂൾ ഭിത്തിയോട് ചേർന്ന് കെട്ടികിടക്കുന്നു. എല്ലാ വേസ്റ്റുകളും കുന്നുകൂട്ടാനുള്ള സ്ഥലമായി സ്ക്കൂൾകെട്ടിടത്തിനോട് ചേർന്ന സ്ഥലം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ക്കൂളിലെ കുട്ടികളുടെ ആരോഗ്യരംഗത്ത് അപകടകരമായ ഒരു പൊട്ടിത്തെറിയുണ്ടാകാനുള്ള എല്ലാ സാധ്യതകളും ഉണ്ട്.

എല്ലാ ഭൗതിക സാഹചര്യങ്ങളും സൗകര്യങ്ങളും ഉണ്ടായാലും ഒരു സ്ഥാപനം എത്രത്തോളം മോശമായി നടത്തിക്കൊണ്ട് പോകാം എന്നുള്ളതിന്റെ മാതൃകയാണ് സെന്റ് ജോസഫ് എച്ച്. എസ്. ശക്തികുളങ്ങര. മൂന്നേക്കർ വരുന്ന സ്ക്കൂൾ കാമ്പൗണ്ട്, കാമ്പൗണ്ട്വാൾ, ആവശ്യത്തിന് ക്ലാസ് മുറികൾ, ഫർണിച്ചറുകൾ, അധ്യാപകർ എല്ലാമുണ്ട്. പക്ഷേ പഠന നിലവാരം വളരെ മോശം. കാരണം ഉത്തരവാദപ്പെട്ടവരുടെ അക്ഷന്തവ്യമായ അനാസ്ഥ തന്നെ. ടേം പരീക്ഷകളുടെ മാർക്കുകൾ രേഖപ്പെടുത്തിവയ്ക്കാറില്ല. ഉത്തരകടലാസുകൾ നോക്കി കൊടുക്കുന്ന ഏർപ്പാട് ഉണ്ടോ എന്ന് തന്നെ സംശയം 1,72,634 രൂപ ഈ സ്ക്കൂളിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കുവാൻവേണ്ടി മാത്രം പ്രതിമാസം പൊതുഖജനാവിൽ നിന്ന് ചെലവിടുന്നു. അവരുടെ മറ്റ് ആനുകൂല്യങ്ങളും മെയിന്റനൻസ് ഗ്രാന്റും വേറെയും.

## അൺഎയിഡഡ് സ്ക്കൂൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാല് അൺ എയിഡഡ് സ്കൂളുകളിൽ സെന്റ് മേരീസ് എച്ച് എസും. ഹോളി ഫാമിലി യു. പി. എസും. പഠനനിലവാരത്തിൽ സമീപ പ്രദേശങ്ങളിലെ ഇത്തരം സ്ഥാപനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മെച്ചമല്ല. സെന്റ് മേരീസ് സ്ക്കൂൾ വളരെ ഉയർന്ന ഫീസാണ് ഈടാക്കുന്നത്.

## അംഗനവാടികൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 29 അംഗനവാടികളുടെ ഭൂരിപക്ഷത്തിന്റെയും ഭൗതിക സാഹചര്യങ്ങൾ മെച്ചമല്ല. പൊതുവിൽ അംഗനവാടി വർക്കേഴ്സും ഹെൽപ്പേഴ്സും തുഛശമ്പളക്കാരാണെങ്കിൽക്കൂടി ജോലിയിൽ ആത്മാർത്ഥതയുള്ളവരാണ്. അംഗനവാടികളിലെല്ലാം ചേർത്ത് 550 ഓളം കുട്ടികൾ ഉണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഇവിടെ പ്രവർത്തുക്കുന്ന 15 പ്രീപ്രൈമറി സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും വീടുകളോട് ചേർന്ന സൗകര്യങ്ങൾ ഉപയോഗിച്ചാണ് നടത്തുന്നത്. പരിമിതമായ സൗകര്യങ്ങൾ വച്ച് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ട് ഇവയിലെല്ലാം ചേർന്ന് 250 കുട്ടികൾ പഠിക്കുന്നു.

## ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

പൊതുവേ ഈ രംഗത്ത് ഇത്തരം സ്ഥാപനങ്ങൾ തമ്മിൽ കാണാറുള്ള മത്സരബുദ്ധി ഈ പഞ്ചായത്തിലുമുണ്ട്. എങ്ങനെയും കുട്ടികൾക്ക് പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതിൽ അവർ വിജയിക്കുന്നുമുണ്ട്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു ഫിഷറിസ് സ്ക്കൂൾ ടെക്നിക്കൽ സ്ക്കൂൾ വേണം
2. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
3. വള്ളിക്കീഴ് ഗവൺമെന്റ് എച്ച് എസിൽ പ്ലസ് ടൂ ആരംഭിക്കണം.
4. മലയാളം മീഡിയം സ്ക്കൂളുകളിൽ ഓരോ ക്ലാസിലും ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയത്തിൽ തുടങ്ങണം.
5. പള്ളിക്കാവ് എ. വി. എൽ. പി. എസ്. യു. പി. ആയി അപ്ഗ്രേഡ് ചെയ്യണം.
6. കാവനാട് ഗവൺമെന്റ് യു. പി. എസ്. അപ്ഗ്രേഡ് ചെയ്യണം.

## റിപ്പോർട്ട് നിർദ്ദേശങ്ങൾ

1. ബിരുദവും ബിരുദാനന്തര ബിരുദങ്ങളും നേടുന്ന കസ്റ്റമറി വിദ്യാഭ്യാസ രീതിയാണ് ഇവിടെ പൊതുവേ നിലനിൽക്കുന്നത്. വലിയ വലിയ ബിരുദങ്ങളുമായി സർക്കാർ ജോലിക്ക് വേണ്ടിയുള്ള കാത്തിരിപ്പിലാണ് ചെറുപ്പക്കാരിലധികവും. ഇതിന്റെ ഫലമായി രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം നിലനിൽക്കുന്നു. സാങ്കേതിക വിദ്യകൾ പഠിക്കുന്നതിന് ഈ സ്ഥാപനങ്ങളുടെ ഇല്ലായമയാണ് ഈ സ്ഥിതിവിശേഷത്തിന് പ്രധാന കാരണം. പട്ടണ സമാനമായ ജനസാന്ദ്രതയുള്ള ഈ ഗ്രാമത്തിൽ കൃഷി മേഖലയുടെ സാധ്യതകൾ താരതമ്യേന കുറവും വ്യവസായ രംഗത്തിന്റെ സാധ്യത വളരെ കൂടുതലുമാണ്. വ്യവസായിക വളർച്ചയുടെ അവിഭാജ്യ ഘടകമായ ഉർജ്ജ രംഗത്ത് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു 110 K.V സബ്സ്റ്റേഷൻ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സൗകര്യങ്ങൾ മുതലെടുത്തുകൊണ്ട് ചെറുതും വലുതുമായ വ്യവസായിക സംരഭങ്ങൾ തുടങ്ങുന്നതിന് തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ആവശ്യമായ സാങ്കതിക ജ്ഞാനം നൽകുന്ന ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഈ പഞ്ചായത്തിന്റെ ആവശ്യങ്ങളിലൊന്നാണ്. ഈ പരിശീലന പരിപാടി ഔപചാരികമോ അനൗപചാരികമോ ആകാം. പൂർണ്ണമായും സൗജന്യമായിരിക്കണം. വെറും കസ്റ്റമറി വിദ്യാഭ്യാസ രീതിയിൽ പഠനം നടത്തിയിരുന്ന ചെറുപ്പക്കാർ ശാസ്ത്ര സാങ്കേതിക രംഗത്തെ പുത്തൻ നേട്ടങ്ങൾ വ്യവ

സായിക മേഖലയിലുണ്ടാക്കിയിരിക്കുന്ന വർദ്ധിച്ച സാദ്ധ്യതകളെപ്പറ്റി അജ്ഞരാണ് ഇവിടെ എന്ത് ഏത് എങ്ങനെ എന്ന രീതിയിലുള്ള അടിസ്ഥാന സാങ്കേതിക വിവരവും പരിശീലനവും ആവശ്യമാണ്. സാങ്കേതിക പരിശീന കേന്ദ്രം അത്തരം ലക്ഷ്യത്തെ വച്ചുകൊണ്ടുള്ളതായിരിക്കണം. വ്യവസ്ഥാപിത കാഴ്ചപ്പാടുകളല്ല ഇവിടെ വേണ്ടത് മറിച്ച് ആവശ്യാധിഷ്ഠിതമായ സൂക്ഷ്മവും സമഗ്രവും വസ്തു നിഷ്ഠവുമായ ഒരു സാങ്കേതിക പഠന പരിശീലന സമ്പ്രദായ സ്ഥാപനം ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

2. വള്ളിക്കീഴ് ഗവ. എച്ച്. എസിൽ ഇപ്പോൾ ഉപയോഗയോഗ്യമല്ലാതായി കിടക്കുന്ന കെട്ടിടം ഉടൻ തന്നെ അറ്റകുറ്റ പണികൾ നടത്തിയെടുക്കണം. കൂടാതെ ഒരു മൂന്നു നില കെട്ടിടം വളരെ അത്യാവശ്യമായി അവിടെ ഉണ്ടാക്കണം. ആവശ്യമുള്ള ഫർണിച്ചറുകളും വാങ്ങണം. ഈ സ്ക്കൂളിൽ നിന്ന് എൽ. പി. വിഭാഗം പ്രത്യേകം മാറ്റേണ്ടത് അത്യാവശ്യമാണ്. സ്ക്കൂൾ കാമ്പൗണ്ട് വളരെ പരിമിതമായതുകൊണ്ട് ഉടൻതന്നെ സമീപത്തുനിന്നും കുറച്ച് സ്ഥലം സ്ക്കൂളിനുവേണ്ടി അക്വയർ ചെയ്യണം ഇതിലേക്ക് പ്രാദേശിക വിഭവ സമാഹരണം സാധ്യമാണ്.

കാവനാട് ഗവ. യൂ. പി. എസിലെ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ അടിയന്തരിമായി നടത്തണം.

3. വള്ളിക്കീഴ് ഗവൺമെന്റ് എച്ച്. എസിൽ പ്ലസ് ടൂ ഏർപ്പെടുത്തണം. പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്ത് സ്ഥിതിചെയ്യുന്നതുകൊണ്ടും വളരെ നല്ല പഠന നിലവാരം പുലർത്തുന്നതുകൊണ്ടും ഈ സ്ക്കൂൾ പ്ലസ്ടൂ അനുവദിക്കുന്നതിന് വേണ്ടി പരിഗണിക്കേണ്ട സ്ക്കൂളാണ്.

4. സെന്റ് ലിയോൺസ് എൽ. പി. എസിന്റെ മലീമസമായ പരിസരം ശുചീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം. ഈ സ്ക്കൂളിലെ പി. റ്റി. എ. യെ സജീവമാക്കി ഇത് സാധിക്കാവുന്നതാണ്.

5. വളരെ മോശമായി പ്രവർത്തിക്കുന്ന സെന്റ് ജോസഫ് എച്ച്. എസ്സിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് ശക്തമായ ജനകീയ ഇടപെടൽ ആവശ്യമാണ്. വാർഡ് മെമ്പറെ കൺവീനറാക്കിക്കൊണ്ട് ഇതിനുവേണ്ടി ഒരു ജനകീയ കമ്മിറ്റി എത്രയും പെട്ടെന്ന് ഉണ്ടാവുകയും പ്രവർത്തനം തുടങ്ങുകയും വേണം.

6. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ക്കൂളുകളെയും ബന്ധിപ്പിച്ച് വള്ളിക്കീഴ് ഗവ. എച്ച്. എസിനെ ലീഡ് സ്ക്കൂൾ ആക്കിക്കൊണ്ട് സ്ക്കൂൾ കോംപ്ലക്സ് സമ്പ്രദായം രൂപികരിക്കണം വളരെ നല്ല രീതിയിൽ ഒരു സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തിക്കുന്നതിനുവേണ്ട എല്ലാ സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്, ഇവിടുത്തെ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് ഇത് വളരെ സഹായിക്കും.

7. വിദ്യാഭ്യാസ സ്ഥാപനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ട സഹായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ വികസന സമിതി രൂപികരിക്കണം സാമൂഹ്യപ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ, ജനപ്രതിനിധികൾ ഒക്കെചേർന്ന് ഉണ്ടാക്കുന്ന സമിതി ഈരംഗത്തിന്റെ സമഗ്ര വികസനത്തിന് വളരെ വളരെ സഹായകരമായിരിക്കും.

8. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് ഭാഗത്ത് പ്രവർത്തിക്കുന്ന സെന്റ് ജോൺസ് യൂ. പി. എസ്. സ്ഥല പരിമിതിമൂലവും, കുട്ടികളുടെ ബാഹുല്യം മൂലവും ഞെരുക്കം അനുഭവിക്കുകയാണ്. അവിടം വിട്ടാൽ രണ്ടര മൂന്ന് കിലോമീറ്റർ സഞ്ചരിച്ച് വള്ളിക്കീഴിലോ കാവനാട്ടോ വന്നുവേണം യു. പി. തല വിദ്യാഭ്യാസം നടത്താൻ ഈ സാഹചര്യം കണക്കിലെടുത്ത് പതിനൊന്നാം വാർഡിന്റെ പടഞ്ഞാറുഭാഗത്ത് പ്രവർത്തിക്കുന്ന എ.വി.എൽ.പി.എസ്. പള്ളിക്കാവ് യു. പി. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. എയിഡഡ് സ്ക്കൂളുകളായതിനാൽ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കി തരുന്നതിന് മാനേജ്മെന്റ് തയ്യാറാണ്.

9. കാവനാട് ഗവ. യു. പി. എസ്. അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. പ്രാദേശിക വിഭവസമാഹരണം ഇതിലേക്ക് സാധ്യമാണ്.

# ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

## കുടിവെള്ളം

"വെള്ളം വെള്ളം" സർവ്വത്ര
കുടിപ്പാനില്ല വേണ്ടത്ര

ശക്തികുളങ്ങരയുടെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമല്ല. വടക്കും കിഴക്കും അഷ്ടമുടിക്കായലിനാലും പടിഞ്ഞാറ് അറേബ്യൻ സമുദ്രത്താലും ചുറ്റപ്പെട്ട് കിടക്കുന്ന ഒരു പഞ്ചായത്താണ് ശക്തികുളങ്ങര. പക്ഷേ ഇവിടുത്തെ ആൾക്കാർക്ക് വെള്ളം കുടിയ്ക്കണമെങ്കിൽ ശാസ്താംകോട്ട കായലിൽ നിന്നും ജലം എത്തണം. 1975 കാലഘട്ടം വരെ ഇവിടുത്തെ ജനങ്ങൾ മുഖ്യമായും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിച്ചിരുന്നത്. ഭൂമി തുണ്ടുതുണ്ടുകളായി മാറുകയും ജനസംഖ്യ പെരുകുകയും ചെയ്ത സാഹചര്യത്തിൽ കിണറുകളെ മാത്രം ആശ്രയിച്ച് വെള്ളം എടുക്കുന്നത് ദുഷ്കരമായിത്തീർന്നു. 1952ൽ ശക്തികുളങ്ങരയിലെ മത്സ്യബന്ധനമേഖല പുഷ്ടിപ്പെടുത്താൻ വന്ന നോർവ്വേക്കാരാണ് ആദ്യമായി പൈപ്പു വഴി വെള്ളം വീടുകളിൽ എത്തിയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയത്, ശക്തികുളങ്ങരയിലെ തീരപ്രദേശങ്ങളിൽ (വാർഡ് 1,2,3,4,14,15) താമസിയ്ക്കുന്നവർക്ക് കിണറ്റിൽ ഉപ്പ് വെള്ളം മാത്രമേ ലഭിയ്ക്കുകയുള്ളൂ. ശക്തികുളങ്ങര പാലത്തിനടുത്തുള്ള വാർഡുകളിൽ താമസിച്ചിരുന്ന ആൾക്കാർക്ക് വെള്ളം എടുക്കുന്നതിന് വേണ്ടി ഇപ്പോഴത്തെ കപ്പിത്താൻസ് തിയേറ്റർ നില്ക്കുന്ന സ്ഥലത്ത് ഒരു വഴിക്കിണർ ഉണ്ടായിരുന്നു. ശകക്തികുളങ്ങരയിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ആയിരുന്നു പഞ്ചായത്തിൽ ആദ്യമായി വാട്ടർ സപ്ലൈ സ്കീം തുടങ്ങിയത്. അന്ന് ശക്തികുളങ്ങര ക്ഷേത്രമൈതാനത്തിന് വടക്കുള്ള കൊങ്ങിണിശ്ശേരി പുരയിടത്തിൽ വലിയ കിണർ കുഴിച്ച് അതിനടുത്ത് ഓവർ ഹെഡ് ടാങ്ക് കെട്ടിയാണ് ആദ്യമായി കുടിവെള്ളം സപ്ലൈ ചെയ്തത്. കൊല്ലം ശാസ്താംകോട്ട വാട്ടർ സപ്ലൈസ്കീം വന്നപ്പോൾ അവ എല്ലാ വാർഡുകളിലേക്കും വ്യാപിച്ചു. ഇപ്പോൾ ഈ പഞ്ചായത്തിലെ 60% ആൾക്കാരും പൈപ്പുവെള്ളത്തിനെ ആശ്രയിച്ച് ആണ് കഴിയുന്നത്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ ഭൂമി വളരെ ഉയർന്നതാണ്. ഇവിടെ നല്ല ശുദ്ധജസം ലഭിയ്ക്കുമെങ്കിലും ഫെബ്രുവരിമാസം അവസാനത്തോടെ ഈ മേഖലയിലെ കിണറുകൾ വറ്റി തുടങ്ങും. താരതമ്യേന ഉയർന്ന പ്രദേശങ്ങളായ 6,8,9,10,13,15 വാർഡുകളിൽ വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്നു. ഇതിൽ 6ഉം 9ഉം 10 ഉം വാർഡുകളിൽ ഈ സമയത്ത് പൈപ്പിലും ജലം ലഭിയ്ക്കുന്നില്ല. വേനൽക്കാലത്ത് മുഴുവൻ സമയവും ശാസ്താംകോട്ടയിൽ നിന്നും വെള്ളം പമ്പ് ചെയ്യാത്തതു കൊണ്ട്, പൈപ്പിൽ വരുന്ന ജലത്തിന് ഒഴുക്കു കുറവാണ്. ഇതുമൂലം പൊക്കമുള്ള സ്ഥലങ്ങളിലുള്ള പൈപ്പിലോട്ടു വെള്ളം കയറാത്തതാണ് ഇതിനു കാരണമായി വാട്ടർ അതോറിറ്റി അധികൃതർ പറയുന്നത്.

പഞ്ചായത്തിൽ ആയിരത്തിതൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ എട്ടാം വാർഡിലും ഒമ്പതാം വാർഡിലും ഓരോ ഓവർഹെഡ് ടാങ്കുകൾ നിർമ്മിയ്ക്കുക ഉണ്ടായി. ഇതിൽ ശാസ്താംകോട്ടയിലെ ജലം ശേഖരിച്ചു വിതരണം ചെയ്യുക ആയിരുന്നു. അതിനുശേഷം 1980-ാം മാണ്ടോടെ ഈ രണ്ടു ടാങ്കുകളുടെയും സമീപത്തും കോട്ടൂർകുളത്തിന് അടുത്തും, ശക്തികുളങ്ങര പള്ളിക്കു സമീപവുമായിട്ട് നാലു ട്യൂബ് വെല്ലുകൾ (കുഴൽ കിണറുകൾ) സ്ഥാപിച്ചു. ട്യൂബ് വെല്ലിൽ നിന്ന് ടാങ്കിൽ വെള്ളം ശേഖരിച്ച് ലൈൻ വഴി തുറന്നുവിട്ടും, ശക്തികുളങ്ങരയിലും കോട്ടൂർകുളത്തിന് സമീപവും ശാസ്താംകോട്ടയിലെ ജലം കൊടുത്തു കൊണ്ടിരുന്ന ലൈനിൽ നേരിട്ട്

പമ്പ് ചെയ്തുമാണ് ജലം ലഭ്യമാക്കിയിരുന്നത്. വാട്ടർ സപ്ലൈസ്കീമിന്റെ തുടക്കത്തിൽ ശാസ്താംകോട്ട കൊല്ലം പ്രീമോപൈപ്പ് ലൈനിൽ നിന്ന് ശക്തികുളങ്ങര കലുങ്കിന്റെ അടുത്തും, ചെപ്പള്ളിമുക്കിന് അടുത്തും, പൂവൻ പുഴയിലും സംഗീതാ ജംഗ്ഷനിലും ടാപ്പിംഗ് നടത്തിയാണ് ജലം ലഭ്യമാക്കിയിരുന്നത്. 1993 ജൂൺ വരെ ഈ സ്ഥിതി തുടർന്നു.

ശാസ്താംകോട്ട - കൊല്ലം പ്രീമോ പൈപ്പ് ലൈൻ കേടായതു കാരണം സംഗീതാ തിയേറ്ററിന് അടുത്തുള്ള ടാപ്പിംഗ് മാത്രം നിലനിർത്തികൊണ്ട്, പുതിയ 700m.m കാസ്റ്റ് അയൺ പൈപ്പ് ലൈനിൽ പൂവൻപുഴ ജംഗ്ഷനിലുള്ള സ്കോർ പൈപ്പിൽ നിന്ന് ആറ് ഇഞ്ച് G.I പൈപ്പിന്റെ ടാപ്പിംഗും, ശക്തികുളങ്ങര കലുങ്കിന് അടുത്തുള്ള സ്കോർ പൈപ്പിൽ നിന്ന് മൂന്ന് ഇഞ്ച് G.I പൈപ്പ് ടാപ്പിംഗും നടത്തിയാണ് 1993 ജൂലൈ മുതൽ ശുദ്ധജലം കിട്ടികൊണ്ടിരിക്കുന്നത്. കുരീപ്പുഴ രണ്ടു വാർഡുകളിൽ വെള്ളത്തിന്റെ കുറവു കാരണം, ഗാന്ധി ജംഗ്ഷന് കിഴക്കു വശം മുനിസിപ്പൽ ലൈനും പഞ്ചായത്ത് ലൈനുമായി 1995 ആഗസ്റ്റിൽ യോജിപ്പിയ്ക്കുകയും ചെയ്തു. എന്നിട്ടുപോലും ഈ വാർഡുകളിൽ വേനൽക്കാലത്ത് വേണ്ടത്ര ജലം ലഭിയ്ക്കുന്നില്ല 1993ജൂലൈയ്ക്ക് ശേഷം നാലു ട്യൂബ് വെല്ലുകളും പ്രവർത്തനരഹിതമായി. അതോടെ ഓവർ ഹെഡ്ടാങ്കുകളിൽ വെള്ളം നിറയ്ക്കുന്ന പ്രകിയയും അവസാനിച്ചു.

## പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ജലവിതരണം സംബന്ധിച്ച കണക്കുകൾ

## കേരളാ വാട്ടർ അതോറിറ്റി നടപ്പാക്കിയത്.

പഞ്ചായത്തിൽ മൊത്തത്തിൽ ഏകദേശം 55 കി.മീറ്റർ പൈപ്പ് ലൈൻ ഉണ്ട്.

പട്ടിക I- കുടിവെള്ളം

| | |
|---|---|
| പൊതു ടാപ്പുകളുടെ എണ്ണം | 353 |
| ഹൗസ് കണക്ഷനുകളുടെ എണ്ണം | 2837 |
| ഗാർഹീകാവശ്യത്തിനല്ലാത്ത് | 99 |
| വ്യാവസായിക ആവശ്യത്തിനുള്ളത | 19 |
| ആകെ എണ്ണം | 3308 |
| ഓരോ വർഷവും പഞ്ചായത്തിൽ നിന്ന് വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ട തുക | 305,376 |

വാട്ടർ അതോറിറ്റിയുടെ റെക്കാർഡ് അനുസരിച്ചുള്ള ടാപ്പുകൾ ഇന്ന് നിലവി ലില്ലെങ്കിലും പഞ്ചായത്ത് ഈതുക മുഴുവനായും അടയ്ക്കണം.

## II വേൾഡ് ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്നത്.

ആൽത്തറമൂട്ടിലുള്ള ഓവർ ഹെഡ് ടാങ്ക് ഒരെണ്ണം. ഇതിൽ 18.5 ലക്ഷം ലിറ്റർ വെള്ളം നിറയ്ക്കുവാൻ കഴിയും.

വേൾഡു ബാങ്കിന്റെ സമ്പൂർണ്ണ ശുദ്ധജലപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പഞ്ചായത്ത് ആണ് ശക്തികുളങ്ങര ഇതിന് ആവശ്യമായിട്ടുള്ള പൈപ്പ് ലൈനും ശക്തികുള ങ്ങരയിലെ മിക്കവാറും എല്ലാ റോഡ് സൈഡിലും കുഴിച്ചിട്ടുണ്ട് എങ്കിലും ഇതിന്റെ കണക്ഷനുകൾ ഭാഗികമായേ നടന്നിട്ടുള്ളു. പുതിയ 6 പൊതു ടാപ്പുകൾ കൂടി ഓരോവാർഡിലും ഈ ലൈനിൽ കൊടുക്കുന്നുണ്ട്. അങ്ങനെ മൊത്തത്തിൽ 15 വാർഡിലും കൂടി 90 പൊതു ടാപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരും. ഓരോ ടാപ്പിനും വർഷം 800 രൂപ നിരക്കിൽ പൈസ വാട്ടർ അതോറിറ്റിയുടെ വേൾഡു ബാങ്ക് വിംഗിൽ അടയ്ക്കണം. ഈ ലൈനുകൾ എല്ലാം കണക്ട് ചെയ്തിട്ടുണ്ട്. ടാങ്കിൽ നിന്ന് വെള്ളം തുറന്നു വിട്ടാൽ ശക്തികുളങ്ങര പഞ്ചായത്തിൽ പൂർണ്ണായും ശുദ്ധജലം ലഭിക്കുമെന്നാണ് അധികൃതർ പറയുന്നത്.

1996 മേയ് മാസം മുതൽ വേൾഡു ബാങ്ക് സ്കീമിൽ തീർത്തിട്ടുള്ള ടാങ്കിന്റെയും സബ് വെല്ലിന്റെയും പ്രവർത്തനം ഭാഗികമായി തുടങ്ങി. അത് ശാസ്താംകോട്ട-കൊല്ലം 700M.M. കാസ്റ്റ് അയൺ പൈപ്പ് ലൈനിൽ നിന്ന് സബ്‌വെല്ലിൽ വെള്ളം ശേഖരിച്ച് ടാങ്കിൽ നിന്ന് പുതിയ വേൾഡ് ബാങ്ക് ലൈനിൽകൂടി നിലവിലുള്ള പൈപ്പ് ലൈനിൽ ശുദ്ധജലം സപ്ലൈചെയ്യുന്നുണ്ട്. പമ്പ് കേടാകുമ്പോൾ ടാങ്ക് നിറയ്ക്കുവാൻ കഴിയാതെ വരുമ്പോൾ സബ്‌വെല്ലിലോട്ട് പോയിട്ടുള്ള ലൈൻ തിരിച്ച് സപ്ലൈലൈനിലോട്ട് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ വെള്ളം കിട്ടുന്നത് മൂന്നുടാപ്പിങ്ങിൽ കൂടിയും, ടാങ്കിൽ നിന്നുമാണ്.

ഈ പഞ്ചായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 13 തുരുത്തുകൾ അഷ്ടമുടിക്കായലിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇവിടെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ഇട്ട് വെള്ളം എത്തിക്കുന്നു ണ്ടെങ്കിലും വേൾഡ് ബാങ്കിന്റെ ലൈൻ ഇട്ടിട്ടില്ല. കായൽ ക്രോസിംഗ് ലൈൻ ഇട്ട് 13 തുരുത്തുകളിലും വേൾഡ് ബാങ്ക് ലൈൻ കൊടുത്തു ജലം എത്തിച്ചാൽ മാത്രമേ ഈ പദ്ധതി 100% വിജയിച്ചു എന്നു പറയാൻ സാധിക്കുകയുള്ളു.

## III കിണറുകൾ

പട്ടിക -II- കുടിവെള്ളം
(അടിസ്ഥാന വിഭവഭൂപടം)

| | |
|---|---|
| പൊതുകിണറുകൾ | 28 |
| സ്വകാര്യകിണറുകൾ വെള്ളം ഉള്ളത് | 1678 |
| സ്വകാര്യകുണറുകൾ വെള്ളം ഇല്ലാത്തത് | 178 |
| ആകെ എണ്ണം | 1884 |

നദി, തോട്, കുളം എന്നിവയിൽ നിന്ന് കുടിവെള്ളം ശേഖരിക്കാറില്ല.

## പൈപ്പുകളുടെ ദുരുപയോഗം

കുടിവെള്ളംകിട്ടാതെ ആളുകൾ ചില സ്ഥലങ്ങളിൽ പരക്കം പായുമ്പോൾ, പൈപ്പ് വഴി വരുന്ന വെള്ളം പാഴാക്കിക്കളയുകയാണ് മറ്റു ചിലർ. പാത്രം വച്ച് പൈപ്പും തുറന്നിട്ടിട്ട് മറ്റുള്ള ജോലികൾ ചെയ്യാൻ പോകുന്ന ആൾക്കാരുണ്ട്. പാത്രം നിറഞ്ഞ് അതിന്റെ പത്തിരട്ടി കളഞ്ഞാലും, അത് കണ്ടു നില്ക്കുന്നവർ പോലും അടയ്ക്കില്ല. വെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരേ കർശന നടപടികൾ കൈക്കൊള്ളണം. കുടിവെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും അത് നല്ല രീതിയിൽ ശേഖരിയ്ക്കേണ്ട രീതിയെപ്പറ്റിയും, ദുരുപയോഗം നിർത്തലാക്കുന്നതിനെപ്പറ്റിയും ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

പൈപ്പിന് സമീപം വച്ച് തുണികഴുകുക, കന്നുകാലികളെ കുളിപ്പിക്കുക, ലോറി, കാറ്, ഓട്ടോ മുതലായവ കഴുകുക എന്നിവ പതിവായിരിക്കുന്നു. ഇതിനെതിരേ പഞ്ചായത്തിൽ നിന്ന് കർശന നടപടി ഉണ്ടാകണം. അല്ലെങ്കിൽ ഇത് ശുദ്ധജല ലഭ്യതയെയും, റോഡുകളെയും ബാധിക്കും. ഇതിനായി പഞ്ചായത്തിന്റെ ഒഴിഞ്ഞ കോണുകളിൽ ഒന്നു രണ്ടു സ്ഥലങ്ങളിൽ ഓരോ പൊതു ടാപ്പ് വച്ച് കൊടുക്കുന്നത് നല്ലതായിരിക്കും.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

### 1. കിണറുകൾ

മുഖ്യമായും ആളുകൾ കിണറുകളെയാണ് കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്നത്. ഇതിൽ ജലം ലഭിക്കുന്നത് കാലവർഷത്തിൽ ലഭിക്കുന്ന വെള്ളത്തിന്റെ തോതനുസരിച്ചാണ്. പണ്ടൊക്കെ പുരയിടങ്ങളിൽ കുളങ്ങളുണ്ടാ യിരുന്നു. കയ്യാലകൾ കെട്ടിയിരുന്നു. വേലികളിൽ കൈത, കുതിരപ്പുല്ല്, രാമച്ചം തുടങ്ങിയവ വച്ചു പിടിപ്പിച്ചിരുന്നു. ഇവയ്ക്കെല്ലാം തന്നെ ഉണ്ടായിരുന്ന ഉദ്ദേശ്യം പുരയിടങ്ങളിൽ പതിയ്ക്കുന്ന വർഷപാതജലം ആസ്ഥലത്ത് തന്നെ ഊർന്നിറങ്ങുന്നതിനുള്ള ഈ സൗകര്യം ഉണ്ടാക്കുക എന്നുള്ളതായിരുന്നു. എന്നാൽ ഇതെല്ലാം ഇന്ന് അപ്രത്യക്ഷമായിരിയ്ക്കുകയാണ്. ഇതുമൂലം വെള്ളം, പൊക്കം കുറഞ്ഞ സ്ഥലങ്ങളിലേക്ക് ഒഴുകി പോകുകയും വേനൽക്കാലത്ത് പൊക്കമുള്ള സ്ഥലത്തെ കിണറുകളിൽ തീരെ വെള്ളം കിട്ടാതെയുമാകുന്നു. അതുമൂലം നമ്മുടെ പ്രകൃതിയുടെ ആവാസവ്യവസ്ഥ തന്നെ നഷ്ടപ്പെടുകയും ചെയ്യുന്നു.

പുരയിടങ്ങളിൽ നെടുകെയും കുറുകെയും ചെറിയ ബണ്ടുകൾ ഉണ്ടാക്കുകയും, ചെറിയ കുഴികൾ അങ്ങിങ്ങ് കുഴിയ്ക്കുകയും, പുല്ല്, വൃക്ഷങ്ങൾ മുതലായവ വച്ച് പിടിപ്പിക്കുകയും ചെയ്താൽ കിണറ്റിലെ ജലനിരപ്പിൽ കുറെ വ്യത്യാസം വരുത്താം.

പൊതു കിണറുകൾ അറ്റകുറ്റപണികൾ നടത്തിയും, വൃത്തിയാക്കിയും സൂക്ഷിക്കുക.

### 2. വാട്ടർ അതോറിറ്റി പൈപ്പുകൾ

1. കേടായി കിടക്കുന്ന ടാപ്പുകളുടെയും ലൈനുകളുടെയും അറ്റകുറ്റപ്പണികൾ തീർത്ത് ശുദ്ധജലം എത്തിക്കുക. പഴകിദ്രവിച്ച ടാപ്പുകളിൽ കൂടി കിട്ടുന്ന ജലം സുരക്ഷിത

മല്ലാത്തതിനാൽ ഇവ കാലാകാലങ്ങളിൽ മാറ്റാൻ സംവിധാനം ഉണ്ടാകണം.

2. അത്യാവശ്യം പൊതു ടാപ്പിടേണ്ട സ്ഥലങ്ങളിൽ അത് സ്ഥാപിക്കുക.

3. മൂന്നു മാസത്തിലൊരിക്കൽ എങ്കിലും വാട്ടർ അതോറിറ്റി അധികൃതരും വാർഡ്മെമ്പറും ചേർന്ന് ഒരു സംയുക്ത പരിശോധന വാർഡുകളിൽ നടത്തുക.

4. ശക്തികുളങ്ങര ഒരു മത്സ്യബന്ധന മേഖല ആയതു കൊണ്ടു ഐസ് നിർമ്മാണത്തിനും, മത്സ്യസംസ്കരണത്തിനു ധാരാളം ജലം ഉപയോഗിക്കുന്നുണ്ട്. ഇവിടെ ഏറ്റവും കൂടുതൽ ആളുകൾ പുറം നാടുകളിൽ നിന്നും ബിസിനസ്സ് ആവശ്യങ്ങൾക്കായി വന്നു കൊണ്ടിരിക്കുന്നു. ഈ പ്രത്യേകത കണക്കിലെടുത്ത് ഇതിനു വേണ്ടി ഒരു പ്രത്യേക ലൈൻ അനുവദിക്കുക.

5. ശാസ്താംകോട്ടയൽ നിന്ന് കൊല്ലത്തേക്ക് വരുന്ന ലൈനിൽ പൊട്ടൽ ഉണ്ടായാൽ, അതു ശരിയാകുന്നതു വരെ ശക്തികുളങ്ങര പഞ്ചായത്തിൽ വെള്ളം ലഭിക്കുകയില്ല. ജനസാന്ദ്രത വളരെ കൂടുതലുള്ള ഈ പഞ്ചായത്തിൽ ഇപ്പോൾ കിട്ടി കൊണ്ടിരിക്കുന്ന ശുദ്ധജലത്തിന്റെ കുറവു പരിഹരിക്കാൽ, പൂവൻപുഴയ്ക്കു കിഴക്കുവശവും, സംഗീത ജംഗ്ഷന് കിഴക്കു വശവും ഉള്ള ടാങ്ക് കോമ്പൗണ്ടുകളിലും, ശക്തികുളങ്ങരച്ചേരിയിലും, കന്നിമേൽ ചേരിയിലും ഓരോ കുഴൽക്കിണറുകൾ വീതം കുഴിയ്ക്കണം. ഇതിന് ഭൂഗർഭജല വിഭവവകുപ്പിന്റെ സഹായം തേടാം. ടാങ്ക് ഉള്ളിടത്ത് ടാങ്കിൽ വെള്ളം ശേഖരിച്ച് ലൈനിൽ കൂടി സപ്ലൈ ചെയ്യുക. ടാങ്ക് ഇല്ലാത്തിടത്ത് നേരിട്ട് ലൈൻ സപ്ലൈ ചെയ്യുക.

6. വേൾഡ് ബാങ്കിന്റെ ലൈനുകൾ എത്രയും പെട്ടെന്ന് കണക്ട് ചെയ്ത് ടാപ്പിട്ട് ശുദ്ധജലം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തിയ്ക്കുക.

ഇത്രയും ചെയ്താൽ ശക്തികുളങ്ങരയിലെ ശുദ്ധജലക്ഷാമത്തിന് ഒരു പരിഹാരം ഉണ്ടാക്കാം

## I. 1997 മേയ് മാസത്തിനുള്ളിൽ നടത്തിയിരിയ്ക്കേണ്ട പദ്ധതികൾ

1. കുടിവെള്ളക്ഷാമമുള്ള വാർഡുകളിൽ ഒരു പൊതുകിണറെങ്കിലും കുഴിയ്ക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുക.
2. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യിക്കുക.
3. കേടുവന്ന വാട്ടർ ടാപ്പുകളും ലൈനുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുക.
4. വേൾഡ് ബാങ്ക് ലൈൻ കണക്ട് ചെയ്തു ടാപ്പിടുക.
5. പഞ്ചായത്തിലെ മുഴുവൻ കിണറുകളും വലയിട്ട് മൂടി സൂക്ഷിക്കുക.
6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും, ആയുർവ്വേദ ഡിസ്പെൻസറിയിലും ശുദ്ധജലം ലഭ്യമാക്കുക.
7. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും പൈപ്പ് ലൈൻ നീട്ടി ടാപ്പിടുക.

## II. 1997 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടവ

1. ശക്തികുളങ്ങര പഞ്ചായത്തിലെ നാലു ചേരിയിലും ശുദ്ധജലം കിട്ടാൻ വേണ്ടി കുഴൽ കിണറുകൾ കുഴിയ്ക്കുക
2. തീരദേശത്ത് ഒരു ഓവർ ഹെഡ് ടാങ്ക് ഉണ്ടാക്കുക. പൂവൻ പുഴയിലേയും, സംഗീത ജംഗ്ഷനിലേയും ഓവർ ഹെഡ് ടാങ്കുകൾ പ്രവർത്തനക്ഷമമാക്കുക.
3. വ്യവസായിക ആവശ്യത്തിനായി ശക്തികുളങ്ങര പാലത്തിനടുത്ത് നിന്ന് പ്രത്യേക ലൈൻ തുടങ്ങുക.
4. കിണറുകളിലെ ജലശേഷി വർദ്ധിപ്പിക്കാനുള്ള മണ്ണ് ജല സംരക്ഷണപ്രവർത്തനങ്ങൾ നടത്തുക.

### III. 1997-2002- പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവ

1. പഞ്ചായത്തിന്റെ ഭൂഗർഭജലമേഖലകൾ എവിടെയൊക്കെ ആണെന്ന് ഭൂഗർഭജല വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി, അത് ഉപയോഗപ്പെടുത്താൻ ഉള്ള പദ്ധതി തയ്യാറാക്കു.

2. സംസ്ഥാന സർക്കാരിന്റെയും, കേന്ദ്രസർക്കാരിന്റെയും വിവിധ കുടിവെള്ള പദ്ധതികളിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക.

3. ഒരിക്കൽ ഒരാവശ്യത്തിന് ഉപയോഗിച്ച ജലം പാഴാക്കി കളയാതെ പല സ്ഥലത്തു നിന്നും ശേഖരിച്ച്, ശുദ്ധമാക്കി (Treatment) ജലസേചനത്തിന് ഉപയോഗിക്കുന്ന രീതി വ്യാപകമാക്കുക.

4. ഭൂജല സംരക്ഷണത്തിനും, ദുരുപയോഗം തടയുന്നതിനും ഉള്ള ബോധവൽക്കരണപരിപാടി 'ദാഹജലം' സംരക്ഷിയ്ക്കൂ എന്ന പേരിൽ ഗ്രാമങ്ങളിൽ പ്രചരിപ്പിക്കുക.

5. വാട്ടർ അതോറിറ്റിയെ കൂടി പഞ്ചായത്തിന്റെ അധികാര പരിധിയ്ക്കുള്ളിൽ കൊണ്ടു വരാനുള്ള ശ്രമം നടത്തുക.

6. 5 സെന്റ് വരെ ഭൂമിയും വീടും ഉള്ള, കിണറില്ലാത്ത ആളുകൾക്ക് കിണർ കുഴിയ്ക്കുന്നതിനു വേണ്ട ധനസഹായം, പഞ്ചായത്തിന്റെ ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കണം.

## പരിസരശുചിത്വം

വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പഞ്ചായത്താണെങ്കിലും സാംക്രമിക രോഗങ്ങൾ ഇവിടെ അപൂർവ്വമായേ പ്രത്യക്ഷപ്പെടാറുള്ളു. എന്നാൽ ഒരു വൻകിട മത്സ്യബന്ധന, വ്യാവസായിക മേഖല കൂടിയാണിത്. ഇതുമൂലം നാടിന്റെ നാനാഭാഗത്തുനിന്നും ആളുകൾ (ഫ്ലോട്ടിംഗ് പോപ്പുലേഷൻ) ഇവിടെ വന്ന് തങ്ങാറുണ്ട്) ജനസാന്ദ്രത വളരെ കൂടുതലുള്ള പഞ്ചായത്തായതിനാൽ പരിസര മലിനീകരണം കൂടുതലായി കണ്ടു വരുന്നു.

പഞ്ചായത്തിലെ 1,2,3,4,6,7 വാർഡുകൾ മത്സ്യവ്യവസായവുമായി കൂടുതൽ ബന്ധപ്പെട്ടു കിടക്കുന്നു. ഇതുമൂലം ഇവിടെ മത്സ്യമാലിന്യങ്ങൾ കൂടുകയും ഇവ ഓടകളിൽ കെട്ടികിടന്ന് ദുർഗന്ധം ഉണ്ടാവുകയും ചെയ്യുന്നു. ഗുർഗന്ധം വമിക്കുന്ന മാലിന്യങ്ങളും കെട്ടികിടക്കുനന മലിനജലവു മൂലം പലതരം രോഗാണുക്കൾ ഉണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഈ പഞ്ചായത്തിന് ഒരു നഗര സ്വഭാവമാണുള്ളത്. ആളുകൾ തിങ്ങിപാർക്കുകയും, വേണ്ടത്ര സ്ഥലം ഇല്ലായ്മയും കാരണം ആളുകൾ ചപ്പ് ചവറുകൾ റോഡിൽ കൊണ്ടിടുകയും, മറ്റ് മാലിന്യങ്ങൾ തോട്ടിലേയ്ക്കും, കായലിലേക്കും, കടലിലേക്കും ഒഴുക്കി വിടുകയും ചെയ്യുന്നു. ഇതുമൂലം ജലമനിനീകരണവും, പരിസരമലിനീകരണവും ഉണ്ടാകുന്നു കോളറ, വയറുകടി, മഞ്ഞപ്പിത്തം, മുതലായ അസുഖങ്ങൾ ഇതുമൂലം ഉണ്ടാകുന്നു. ശക്തികുളങ്ങരയിലെ ചെമ്മീൻ സംസ്കരണ കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഓടയിൽ തള്ളുന്നത് നിരോധിക്കണം. പഞ്ചായത്തിൽ നിന്ന് പാർട്ട് ടൈം ആയി കൂടുതൽ ജീവനക്കാരെ വേണ്ട സമയങ്ങളിൽ നിയമിച്ച് അതാതു സമയങ്ങളിൽ ഓടകൾ വൃത്തിയാക്കിക്കണം. ഹെൽത്ത് ഇൻസ്പെക്ടർമാർ ഇടയ്ക്ക് ഇവിടെ പരിശോധന നടത്തുന്നത് നല്ലതായിരിക്കും. സ്വകാര്യവ്യക്തികൾ അവരുടെ ഷെഡ്ഡുകൾ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കണം.

പഞ്ചായത്തിന് പൊതുവായ ഒരറവു ശാല ഇല്ലാത്തതുമൂലം പല സ്ഥലത്തു വച്ചും കന്നുകാലികളെ കശാപ്പ് ചെയ്തു മാംസം വില്പന നടത്തുന്നുണ്ട്. ഇതുമൂലം അതിന്റെ അവശിഷ്ടങ്ങൾ കടൽതീരങ്ങളിൽ കൊണ്ടു തള്ളുകയും, പരുന്ത്, കാക്ക മുതലായവ ഇത് പരിസരത്തുള്ള കിണറുകളിൽ കൊണ്ടിടുകയും ചെയ്യുന്നു. ഇത് കർശനമായി നിരോധിക്കണം. പഞ്ചായത്തു വക ഒരറവുശാലയ്ക്കു വേണ്ടി

സർക്കാരിൽ നിന്നും ഭൂമി ലഭിയ്ക്കാനുള്ള അനുമതി തേടുകയാണ് അധികൃതർ.

പഞ്ചായത്ത് പ്രദേശത്തെ കൊതുകു നിവാരണത്തിനായി ഒരു സ്പ്രേയിങ്ങ് പമ്പ് സ്വന്തമായി വാങ്ങിയിട്ട് ഒരു ജീവനക്കാരനെ അതിനായി നിയോഗിക്കുക. ജപ്പാൻ ജ്വരം, ഡംഗ് പനി, മലേറിയ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

## കക്കൂസ്

രണ്ടായിരമാമാണ്ടോടെ എല്ലാവർക്കും കക്കൂസ് എന്ന പദ്ധതി ഈ പഞ്ചായത്തിൽ സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെയും, ഡച്ച് ഗവൺമെന്റിന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഗുണഭോക്താക്കളുടെ വിഹിതം കൂടി ശേഖരിച്ച് നടപ്പിലാക്കി വരികയാണ്. എത്രയും പെട്ടെന്ന് ഇത് സാക്ഷാത്ക്കരിക്കണം. ഈ വർഷം 450 കക്കൂസുകളാണ് 14 വാർഡുകളിലായി നിർമ്മിക്കുന്നത്. ഒന്നാം വാർഡിൽ എല്ലാ പേർക്കും കക്കൂസുണ്ട്. അഷ്ടമുടിക്കായൽ തീരങ്ങളിൽ താമസിക്കുന്നവർ അവരുടെ കക്കൂസിലെ മാലിന്യങ്ങൾ കായലിലേക്ക് തള്ളുന്നു. ഇതു വഴി കായൽ ജലം മലീമസമാകുന്നു. ഇത് കായൽ മത്സ്യം കഴിക്കുന്ന ആളുകളുടെ ആരോഗ്യത്തെ ബാധിക്കും. കുടിവെള്ളസ്രോതസ്സിൽ നിന്നും 10 മീറ്റർ അകലെ മാത്രമേ കക്കൂസ് ടാങ്ക് കെട്ടാവൂ എന്ന് ആളുകളെ ബോധവൽക്കരിക്കണം. എല്ലാ കക്കൂസുകളുടെയും പുറത്തെ കുഴലുകൾ കൊതുകു വല കൊണ്ട് മൂടണമെന്നുള്ളത് നിർബന്ധിതമാക്കണം. വെള്ളം കെട്ടികിടക്കുന്നതു തടയുകയും, കൂത്താടികൾ വളരാതരിക്കാൻ തൊഴുത്തിനോട് ചേർന്നുള്ള ടാങ്കുകളിലും, അല്ലാത്ത വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലും മണ്ണെണ്ണ ഒഴിയ്ക്കുകയും ചെയ്താൽ കൊതുകിന്റെ ശല്യം ഒരു പരിധി വരെ കുറയ്ക്കാം മലേറിയ, ഡംഗ്പനി, മന്ത്, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ ഇതുവഴി തടയാം.

### പട്ടിക -I- പരിസരശുചിത്വം

കക്കൂസ് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം 1995 സർവ്വേ പ്രകാരം

| വാർഡ് | കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ | ഉപയോഗ ശൂന്യമായവ |
|---|---|---|
| 1 | എല്ലാപേർക്കും ഉണ്ട്. | 37 |
| 2 | 50 | |
| 3 | 39 | |
| 4 | 113 | |
| 5 | 34 | 49 |
| 6 | 117 | |
| 7 | 268 | |
| 8 | 44 | |
| 9 | 34 | 41 |
| 10 | 42 | 27 |
| 11 | 59 | 24 |
| 12 | 38 | 27 |
| 13 | 107 | 54 |
| 14 | 113 | 30 |
| 15 | 137 | 29 |

പഞ്ചായത്തതിർത്തിയിൽ സ്ഥിതി ചെയ്യുന്ന മുനിസിപ്പാലിറ്റിയുടെ നൈറ്റ് സോയിൽ ഡിപ്പോ പൂർണ്ണമായും മുകളിൽ വലയിട്ട്, അവർ കൊണ്ടിടുന്ന മാലിന്യങ്ങൾ പരിസരവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാത്തരീതിയിൽ കൈകാര്യം ചെയ്യുന്നതിന് മുനിസിപ്പാലിറ്റിയെ നിർദ്ദേശിക്കയും ചെയ്യണം. ഇത് വളമായി മാറ്റാനുള്ള നിർദ്ദേശം വയ്ക്കണം.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഏഴ് തുരുത്തു നിവാസികളുടെ കാര്യം പ്രത്യേക പരിഗണന അർഹിക്കുന്നതാണ്. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഇവരുടെ പരിസരശുചിത്വം ഏറെ ദയനീയമാണ്. സാനിട്ടേഷൻ സൗകര്യങ്ങൾ തുലോം പരിമിതമാണ്. വേലിയേറ്റം ഉണ്ടാകുമ്പോൾ വെള്ളം കയറിയാൽ പിന്നെ ഇറങ്ങുന്നില്ല. എപ്പോഴും തണുത്ത വെള്ളവുമായി സമ്പർക്കം പുലർത്തുന്നതു മൂലം ഇവിടുത്തെ കുട്ടികൾക്ക് പലതരത്തിലുള്ള ജലജന്യരോഗങ്ങൾ ഉണ്ടാകുകയും, സ്ത്രീകളുടെ കൈകളിലും കാലുകളിലും ത്വക് രോഗങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. വേലിയേറ്റം മൂലം കയറുന്ന വെള്ളം

ഒഴുക്കിവിടാൻ വേണ്ടി തുരുത്തിന്റെ രണ്ടറ്റങ്ങളിലും രണ്ട് പൈപ്പ് സ്ഥാപിച്ചാൽ നന്നായിരിക്കും.

ഹോട്ടലുകാർ ചപ്പ് ചവറുകൾ റോഡരുകിൽ നിക്ഷേപിക്കുന്നത് തടയണം. അകത്തും പുറത്തും ശുചിത്വം പാലിക്കുന്ന ഹോട്ടലുകൾക്ക് മാത്രം ലൈസൻസ് നല്കുക. പ്രൈവറ്റ് മാർക്കറ്റുകൾ ആഴ്ചയിൽ ഒരിക്കയ്ക്ക ലെങ്കിലും ശുചിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

എല്ലാമാർക്കറ്റിലും പ്രധാന കവലകളിലും സ്കൂളുകളുടെ മുമ്പിലും, ആശുപത്രികളിലും ചപ്പു ചവറുകൾ ഇടാനുള്ള വീപ്പകൾ സ്ഥാപിക്കുകയും ചപ്പ് ചവറുകൾ യഥാസമയം നീക്കുകയും വേണം. ഇത് വച്ച് കമ്പോസ്റ്റ് ഉണ്ടാക്കുന്ന രീതി ഉണ്ടാവണം. സ്കൂളുകളിൽ കുട്ടികൾക്ക് തന്നെ കമ്പോസ്റ്റ് കുഴി ഉണ്ടാക്കി അവിടെ വരുന്ന ചപ്പ് ചവറുകൾ നിക്ഷേപിക്കാം. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ് ശുചീകരണം നടന്നാൽ അത് ജനങ്ങൾക്ക് സ്വന്തം പരിസരം ശുചീകരിക്കുന്നതിനുള്ള ഒരു പ്രചോദന മായിരിക്കും.

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

നിലവിലുള്ള ഓടകൾ അറ്റകുറ്റപ്പണികൾ തീർത്ത് വൃത്തിയാക്കുക

### വാർഡ് 1

ഇടത്തുരുത്ത് വെട്ടുതോട്, ആലുവിളഭാഗം ചേർത്ത് കട്ടയ്ക്കത്തോട്ടിലേക്ക് ഓട നിർമ്മിക്കണം.

### വാർഡ് 2

രണ്ടു സെന്റുള്ള ആൾക്കാർക്ക് കക്കൂസ് സൗകര്യം ഇല്ലാത്തതിനാൽ പദ്ധതിയിൽ സൗകര്യം ഉണ്ടാക്കണം. കിണറുകളിൽ അണുനാശിനി തളിയ്ക്കുക.

### വാർഡ് 3

കക്കൂസില്ലാത്തവർക്കെല്ലാം അത് ലഭ്യമാക്കണം. ശക്തികുളങ്ങര മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കണം.

### വാർഡ് 4

ഹരിജനങ്ങളുടേതായിട്ടുള്ള ശ്മശാനം പഞ്ചായത്ത് ഏറ്റെടുക്കണം. മത്സ്യങ്ങളുടെ വേയ്സ്റ്റ് ഉപയോഗിച്ച് ഒരു വ്യവസായ യൂണിറ്റ് തുടങ്ങുക. ഇതുവഴി മാലിന്യങ്ങൾ കുന്നു കൂടുന്നത് തടയാം.

### വാർഡ് 5

കാവനാട് മാർക്കറ്റിലെ മലിനജലം ഒഴുകിപ്പോകാനായി നിർമ്മിച്ച ഓട ഉപയോഗശൂന്യമായി കിടക്കുന്നത് ശരിയാക്കണം.

### വാർഡ് 6

മുക്കാട് പള്ളിക്കു പടിഞ്ഞാറു വശം വരുന്ന കായൽ നികത്തി എടുത്ത ചതുപ്പ് സ്ഥലങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് വേണ്ട ഓട കെട്ടുകയും, നിലവിലുള്ള ഓടയ്ക്ക് സ്ലാബ് ഇട്ട് നടപ്പാത ഉണ്ടാക്കുകയും വേണം. പൊതു കിണർ വൃത്തിയാക്കണം.

### വാർഡ് 7

കക്കൂസ് ഇല്ലാത്തവർക്ക് എല്ലാം അത് ഉണ്ടാകണം. ശുചിത്വക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കണം.

വാർഡ് 8 സ്ത്രീകളുടെ അംഗസംഖ്യ കൂടുതലുള്ള കുടുംബങ്ങൾക്ക് മുൻഗണന നല്കി, വാർഡിലെ എല്ലാപേർക്കും കക്കൂസ് ഉണ്ടാക്കണം. നാഷണൽ ഹൈവേയുടെ വശങ്ങൾ വൃത്തിയാക്കി സൂക്ഷിക്കണം. തെരുവുനായ്ക്കളെ നശിപ്പിയ്ക്കാൻ സംവിധാനം ഉണ്ടാക്കണം.

### വാർഡ് 9

വള്ളിക്കീഴ് സ്കൂളിന് സമീപത്തായി കെട്ടികിടക്കുന മലിനജലം ഒഴുകിപ്പോകുന്നതിന് വേണ്ട ഓട നിർമ്മിക്കണം. കിണറുകൾ ക്ലോറിനേറ്റ് ചെയ്യിക്കണം.

വള്ളിക്കീഴ് മാമൂട്ടിൽകടവ് റോഡിന്റെ ഇരുവശവും കിടക്കുന്ന ചപ്പ് ചവറുകളും, കാടും നീക്കം ചെയ്യ്ത് വഴി വൃത്തിയാക്കുക. ചവറുകൾ ഇടാൻ വീപ്പകൾ സ്ഥാപിക്കുക.

### വാർഡ് 10.

മഴക്കാലത്ത് ലക്ഷം വീട് കോളനിയും സമീപ പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങുന്നതു കൊണ്ടു് ഇവിടെ നിന്നും കിഴക്കോട്ടു ഓട കെട്ടി

മാമൂട്ടിൽകടവിലുള്ള ഓടയുമായി ബന്ധിപ്പിക്കുക. മനുഷ്യാദ്ധ്വാനം ലഭിക്കും. കക്കൂസ് ഇല്ലാത്തവർക്ക് അത് ലഭ്യമാക്കണം.

വാർഡ് 11

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ച് കൊടുക്കണം. പഞ്ചായത്ത് വക പൊതു ശ്മശാനം ഉണ്ടാകണം. കൊതുകു നശീകരണ പ്രവർത്തനങ്ങൾ നടത്തണം.

വാർഡ് 12

കക്കൂസ് ഇല്ലാത്തവർക്കെല്ലാം അത് ലഭ്യമാക്കുക. കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക

വാർഡ് 13

പുള്ളികുളം വൃത്തിയാക്കി സംരക്ഷിക്കണം. കൊതുകു നശീകരണം നടത്തണം. മൂലങ്കര കോളനിയിൽ പൊതു കക്കൂസ് വേണം. ചോഴത്തിൽ വടക്കു വശം, വെള്ളത്തിൽ മുങ്ങി കിടക്കുന്ന വീടുകളുടെ സമീപത്തു നിന്നും ജലം ഒഴുകിപ്പോകാനുള്ള ഓട നിർമ്മിക്കുക.

വാർഡ് 14.

തീരപ്രദേശത്ത് സാനിട്ടേഷൻ സൗകര്യം ഇല്ലാത്തതുമൂലം ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയുക. വെള്ളം കെട്ടി കിടക്കുന്നത് തടഞ്ഞ്, കൊതുക നശീകരണപ്രവർത്തനങ്ങൾ നടത്തുക. കക്കൂസില്ലാത്തവർക്കെല്ലാം അത് ലഭ്യമാക്കുക. കോതേരിച്ചിറയുടെ ഭാഗത്ത് വെള്ളം കെട്ടി കിടക്കുന്നത് വട്ടക്കായലിലേക്ക് ഒഴുക്കുന്നതിന് സംവിധാനം ഉണ്ടാകണം.

വാർഡ് 15

കൊതുകു നിവാരണത്തിന് ഫലപ്രദമായ മരുന്ന് തളിക്കുന്നതിന് നടപടി വേണം. കക്കൂസ് ഇല്ലാത്തവർക്ക് അത് നിർമ്മിച്ചു നല്കുക.

## മറ്റു നിർദ്ദേശങ്ങൾ

രാമൻകുളങ്ങര വട്ടക്കായൽ ഓട നിർമ്മാണം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് എത്രയും പെട്ടെന്ന് നടപ്പാക്കണം. ഇതുവന്നാൽ പഞ്ചായത്തിന്റെ തെക്കൻ വാർഡുകളിലെ സ്ഥിതിമെച്ചപ്പെടും. പഞ്ചായത്തതിർത്തിയിൽപെട്ട എല്ലാ ഓടകളും കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ തീർത്ത് വൃത്തിയാക്കിക്കണം. റോഡുകളിൽ വെള്ളം കെട്ടികിടക്കാൻ അനുവദിക്കരുത്.

കാവനാട് മാർക്കറ്റിലെ മാലിന്യങ്ങൾ ഒഴുക്കിവിടാനായി ലക്ഷകണക്കിന് രൂപ ചിലവ് ചെയ്ത് നിർമ്മിച്ച ഓട ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇത് മൂലം മാലിന്യങ്ങൾ കെട്ടികിടക്കുകയും വ്യാപാരികൾക്ക് ഇവിടെ ഇരുന്ന് കച്ചവടം ചെയ്യാൻ പറ്റാത്ത സ്ഥിതിയും ഉണ്ടായിരിക്കുകയാണ്. ഓരോ മാസവും പഞ്ചായത്തിന് വൻതുക ഇത് വൃത്തിയാക്കുന്നതിലേക്കായി ചെലവാകുന്നു. ഇതിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

ആറാം വാർഡിൽ ഇടവനക്കാവിനും മുക്കാട്ടു പള്ളിക്കും ഇടയ്ക്കുള്ള സ്ഥലം ചതുപ്പാണ്. ഇവിടെ എല്ലാ വീടുകൾക്ക് ചുറ്റും വെള്ളം കെട്ടികിടക്കുന്നു. ശുദ്ധജലം എടുക്കാൻ വേണ്ടി ഇവർക്ക് വളരെ ദൂരം യാത്ര ചെയ്യേണ്ടി വരുന്നു. ഇതിന് ആവശ്യമായ പൊതുവഴികളില്ല. ഇവിടെ അത്യാവശ്യം കുടിവെള്ളം എത്തിക്കുകയും വെള്ളം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടത് ഓരോരുത്തരുടേയും കർത്തവ്യമായി കരുതുക. ദന്ത ശുചിത്വത്തിൽ നമ്മൾ കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു. സ്ക്കൂൾ ആരോഗ്യ പരിപാടിയിൽ നിന്നും അറിയാൻ കഴിഞ്ഞത് നമ്മുടെ പഞ്ചായത്തിലെ 80% കുട്ടികളും പുഴുവെടുത്ത പല്ലുള്ളവർ ആണെന്നാണ്. ദന്തക്ഷയം കൊണ്ട് മറ്റ് പല അസുഖങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്.

## പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. കൂടുതൽ വെള്ളം കെട്ടികിടക്കുന്ന സ്ഥലങ്ങളിൽ, ഓടകെട്ടി അത് ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

2. കാവനാട് മാർക്കറ്റിലെ മാലിന്യങ്ങൾ പമ്പ്സെറ്റ് ഉപയോഗിച്ച് നീക്കം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുകയും, അഷ്ടമുടി ക്കായലിലേക്കുള്ള ഓട പ്രവർത്തന ക്ഷമമാക്കുകയും വേണം.

3. 6-ാം വാർഡിലെ പള്ളിപുരയിടത്തിലെ 70 ഓളം വീടുകൾക്ക് കക്കൂസില്ല. ഇവിടെയും ശക്തികുളങ്ങര ഹാർബറിലും, അരവിളയിലും ഓരോ പൊതു കക്കൂസ് തുടങ്ങുന്നത് നല്ലതായിരിക്കും.

4. പരിസര ശുചിത്വ ബോധവൽക്കരണ ക്ലാസ് നടത്തണം.

5. കട്ടയ്ക്കത്തോട് വശങ്ങളിൽ ഭിത്തികെട്ടി സംരക്ഷിച്ച്, ആഴം കൂട്ടണം.

6. കക്കൂസ് ഇല്ലാത്തവർ[illegible] ലഭ്യമാക്കാൻ [illegible] സം[illegible]

## ആരോഗ്യം

സമൂഹത്തിന്റെ വളർച്ചയുടെ ഒരു മാനദ ണ്ഡമാണ് ആരോഗ്യം. ഭൂപരിഷ്ക്കരണ നിയമ ങ്ങളിലൂടെ ജന്മിത്വം അവസാനിച്ചപ്പോൾ കുടി യാന് അവന്റെ സ്വന്തം ഭൂമി കൈവശം വന്നു. 'സ്വന്തം' എന്ന തോന്നൽ ഉണ്ടായപ്പോൾ അത് സംരക്ഷിയ്ക്കാനുള്ള ബോധവും അവനുണ്ടായി. ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടു ത്തു. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിനിടയിൽ [illegible] പഞ്ചായത്തിൽ ചിക്കൻ പോക്സ് [illegible] മാരണങ്ങളായ പകർച്ച [illegible] ന്ത്രണാതീതമായി [illegible] ആരോഗ[illegible]

## അലോപ്പതി ചികിത്സ

ശക്തികാ...
മിക അ...

സമേ ഒ.പി. യ്ക്ക് വരാൻ കഴിയുന്നുള്ളൂ. 7 സബ് സെന്ററുകളുടെയും കൂടി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ട സാഹചര്യത്തിൽ ഒരു ഡോക്ടറെ കൂടി ഈ സ്ഥാപനത്തിലേക്ക് നിയമിച്ച് പ്രവർത്തനം വിപുലീകരിക്കണം. ഇതിന്റെ സബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ കൂടി അത് തുടങ്ങണം.

## ഇ.എസ്.ഐ. ആശുപത്രി.

വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു ഇ.എസ്.ഐ. ആശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. രണ്ട് ഷിഫ്റ്റുകളിലായി മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ 15 ജീവനക്കാരുണ്ട്. ഡോക്ടർമാർ കൃത്യസമയങ്ങളിൽ ഹാജരാകുന്നില്ലെന്ന പരാതി തൊഴിലാളികൾക്കിടയിൽ ഉണ്ട്.

<u>സ്വകാര്യസ്ഥാപനങ്ങൾ:-</u> നല്ല രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് സ്വകാര്യ ആശുപത്രികളും മൂന്നു ക്ലിനിക്കുകളും ഈ പഞ്ചായത്തിൽ ഉണ്ട്.

<u>പ്രതിരോധ ചികിത്സ:-</u> കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ കൊടുക്കുന്ന കാര്യത്തിൽ ഇവിടുത്തെ എല്ലാ സ്ത്രീകളും പൂർണ്ണമായി സഹകരിക്കുന്നു. കഴിഞ്ഞവർഷത്തെ പോളിയോ നിർമ്മാർജ്ജനയജ്ഞം വൻ വിജയമായിരുന്നു. ഈ വർഷവും അതിനുള്ള നടപടികൾ നടന്നുവരുന്നു. പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ പച്ചക്കറികളുടെ ഉപയോഗത്തെ പ്പറ്റി കൂടുതൽ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിച്ചാൽ ഇതിന് ഒരു മാറ്റം ഉണ്ടാക്കാം. ശുദ്ധജലം ഇല്ലായ്മയാണ് രോഗങ്ങളുടെ എല്ലാം ഒരു പ്രധാന ഹേതു. അത് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകണം. അംഗനവാടികൾ വഴി കുഞ്ഞുങ്ങൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരങ്ങൾ വിതരണം ചെയ്യുക. ഇപ്പോൾ കിട്ടുന്ന ആഹാരം തീർത്തും അപര്യാപ്തമാണ്. പാലും മുട്ടയും കഴിയുമെങ്കിൽ സ്വന്തമായി ഉൽപാദിപ്പിച്ച് ആരോഗ്യം മെച്ചപ്പെടുത്താനുള്ള സൗകര്യങ്ങൾ പഞ്ചായത്തുവഴി നടപ്പിലാക്കണം.

### പട്ടിക 2 ആരോഗ്യം
### പഞ്ചായത്തിലെ ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

അടിസ്ഥാനം - (ദ്വിതീയ സ്ഥിതിവിവരശേഖരം)

| എതുവിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പൻസറി | | മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം |
| 1 അലോപ്പതി | ഇല്ല | 2 | 2 | 5 | 7 | ഇല്ല | 39 | 26 |
| 2 ആയുർവേദം | ഇല്ല | ഇല്ല | 1 | 6 | ഇല്ല | ഇല്ല | 4 | — |
| 2 ഹോമിയോ | ഇല്ല | ഇല്ല | ഇല്ല | 6 | ഇല്ല | ഇല്ല | — | 10 |

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ (1991 ലെ കനേഷുമാരി അനുസരിച്ച്) | 44451 |
| പുരുഷൻമാർ | 22254 |
| സ്ത്രീകൾ | 22197 |
| കഴിഞ്ഞ വർഷത്തെ ആകെ ജനനം | 351 |
| കഴിഞ്ഞ വർഷത്തെ ആകെ മരണം | 118 |

(ആശുപത്രികളിൽ മരണമടഞ്ഞവരുടെ കണക്ക് പഞ്ചായത്ത് രജിസ്റ്ററിൽ ഇല്ല.)

## പട്ടിക - 3 ആരോഗ്യം

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

| സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ചവർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. പ്രൈമറി ഹെൽത്ത് സെന്റർ. ശക്തികുളങ്ങര. | II | 31.3.1991 | 24 (ഇതിൽ 12 പേരെ വിവിധ സബ് സെന്ററുകളിലായി നിയമിച്ചിരിക്കുന്നു. |
| 2. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെസറി. | XV | 28.3.1971 | 4 |
| 3. മരുത്തടി പി.എച്ച്. സബ് സെന്റർ | XIV | 1976 | 2 |
| 4. കാവനാട് പി.എച്ച്. സബ് സെന്റർ | VI | 1976 | 2 |
| 5. രാമൻകുളങ്ങര പി.എച്ച. സബ് സെന്റർ | XI | 1961 | 2 |
| 6. വള്ളിക്കീഴ് പി.എച്ച്. സബ് സെന്റർ | IX | 1976 | 2 |
| 7. കന്നിമേൽ പി.എച്ച്. സബ് സെന്റർ | XIII | 1976 | 2 |
| 8. കല്ലുംപുറം പി.എച്ച്. സബ് സെന്റർ | VII | 1976 | 2 |
| 9. ഇ.എസ്.ഐ. ഡിസ്പെൻസറി | XII | 1962 | 15 |

### ആയുർവ്വേദ ചികിത്സ

പേരുകേട്ട നാട്ടു വൈദ്യന്മാർ വീട്ടു ചികിത്സ നടത്തിയിരുന്ന ഈ പഞ്ചായത്തിൽ ആകെ ഒരു സർക്കാർ ആയുർവ്വേദ ഡിസ്പെൻസറിയേ ഉള്ളു. സ്വകാര്യവ്യക്തികൾ നടത്തുന്ന ആറ് ഡിസ്പെൻസറികളും, വീട്ടു ചികിത്സ നടത്തുന്ന വൈദ്യന്മാരും ഉണ്ട്. പരമ്പരാഗതമായിട്ടുള്ള നാടൻ രീതിയിൽ ഉപയോഗിച്ച് അസുഖം ഭേദമാക്കുന്ന വൈദ്യന്മാർ തുലോം കുറവാണ്. ആയുർവ്വേദത്തിൽ അലോപ്പതിയുടെ ഒരു കൂടിച്ചേരൽ ദർശിക്കാൻ കഴിയുന്നു.

1971-ൽ സ്ഥാപിതമായ ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക്, ഇതുവരെ സ്ഥലം വാങ്ങാനോ കെട്ടിടം പണിയാനോ സാധിച്ചിട്ടില്ല. വൈദ്യുതി ബന്ധം പോലും ഇല്ലാത്ത വാടകകെട്ടിടത്തിലാണ് ഇപ്പോഴും ഇത് പ്രവർത്തിക്കുന്നത്. ഇതിന് ഒരു ശാശ്വതപരിഹാരം കാണേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിന്റെ സബ്സെന്ററുകൾ പഞ്ചായത്തിന്റെ മറ്റു വാർഡുകളിൽ കൂടി തുടങ്ങി ഈ വിഭാഗം കാര്യക്ഷമമാക്കണം. ലക്ഷക്കണക്കിന് രൂപ ഇവിടുത്തെ ജീവനക്കാർക്ക് ശമ്പളമായി വർഷം തോറും നല്കുമ്പോൾ, ഇവിടെ വരുന്ന രോഗികൾക്കുള്ള മരുന്നു വാങ്ങാനായി വെറും പതിമൂന്നായിരം രൂപയാണ് ഒരു വർഷത്തേക്ക് നല്കുന്നത്. പദ്ധതി ആസൂത്രണത്തിന്റെ വൈകല്യം നമുക്കിവിടെ കാണാൻ കഴിയും. മരുന്നിന്റെ ആവശ്യകതയും ലഭ്യതയും തമ്മിൽ അജഗജാന്തരമുണ്ട്.

ആയുർവ്വേദ ആശുപത്രിയിലെ പ്രതിദിന ശരാശരി രോഗികൾ 60 പേർ ആണ്.

### രോഗസ്വഭാവം

| | |
|---|---|
| പോശകക്കുറവ് | - 10% |
| വാതരോഗങ്ങൾ | - 40% |
| ത്വക് രോഗങ്ങൾ | - 10% |
| പകർച്ചവ്യാധികൾ | - 10% |
| പരിസ്ഥിതിജന്യം | - 15% |
| മറ്റുകാരണങ്ങൾ | - 15% |

മോണിറ്ററിംഗ് രീതി ഇല്ലാത്തതുമൂലം ഭേദമായത്, ഭേദമാകാത്ത് എന്നിവ കണക്കാക്കാൻ കഴിയുന്നില്ല.

### വികസന നിർദ്ദേശങ്ങൾ

1 സാമാന്യമായി എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ പ്രതിവിധി നിർദ്ദേശിക്കുവാനും, ആയതിനുള്ള ഔഷധങ്ങൾ നൽകുവാനുമുള്ള സംവിധാനം ഉണ്ടാകണം. നിലവിലുള്ള രീതിയിൽ ഔഷധങ്ങളുടെ ആവശ്യകതയും, പരമാവധി ലഭ്യതയും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഔഷധങ്ങൾക്കായി പരമാവധി തുക ബഡ്ജറ്റ് പ്രകാരം വകയിരുത്തുക.

2 ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ/ ഉപാധികൾ അടിയന്തിര പ്രാധാന്യം നൽകി സംഭരിക്കണം.

3 ഔഷധങ്ങൾ ഇപ്പോൾ വിറക് ഉപയോഗിച്ചാണ് പാകംചെയ്യുന്നത്. വിറകിന്റെ വില വർഷം തോറും വർദ്ധിക്കുന്ന സാഹചര്യത്തിൽ പാചകവാതകം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

4 സ്ഥാപനത്തിൽ ശുദ്ധജല സൗകര്യം ഇല്ല. അത് ലഭ്യമാക്കണം.

5 വൈദ്യുതി ബന്ധം എത്രയും പെട്ടെന്ന് സ്ഥാപിക്കുക.

6 25 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഡിസ്പൻസറിക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ഉണ്ടാക്കിക്കൊടുക്കണം.

7 ഒറ്റമൂലി ചികിത്സകളെക്കുറിച്ച് പാരമ്പര്യ വൈദ്യ കുടുംബങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കണം.

8 സിദ്ധവൈദ്യം, യോഗചികിത്സ, പ്രകൃതി ചികിത്സ തുടങ്ങിയ തദ്ദേശീയമായ ചികിത്സാ ശാഖകളെ പരിപോഷിപ്പിക്കുകയും അതിനായുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുകയും വേണം.

9 പഞ്ചകർമ്മ ചികിത്സ, മർമ്മ ചികിത്സ, വിഷ ചികിത്സ ഇവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

10 ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുക.

## ഹോമിയോപ്പതി

സർക്കാർ വക ഹോമിയോ ആശുപത്രി ഇല്ലെങ്കിലും പ്രൈവറ്റ് ഹോമിയോ ചികിത്സ ഇവിടെ സാർവ്വത്രികമാണ്. പഞ്ചായത്ത് വക ഹോമിയോ ആശുപത്രി തുടങ്ങാൻ വേണ്ട സ്ഥലവും കെട്ടിടവും ഒരു വനിതാ സമാജം തരാമെന്നേറ്റിട്ടുള്ള സാഹചര്യത്തിൽ അത് എത്രയും പെട്ടെന്ന് തുടങ്ങാനുള്ള സംവിധാനം ഉണ്ടാകണം.

കുട്ടികളുടെ ജനന നിരക്കും, മരണ നിരക്കും കുറയ്ക്കുന്നതിലും, വൃദ്ധജനങ്ങളുടെ ആയുസ്സ് കൂട്ടുന്നതിലും ഒക്കെ പേരുകേട്ടവരാണ് കേരളക്കാർ എങ്കിലും "രോഗാതുരത" ഒരു ശാപമായി നമ്മെ പിൻതുടരുന്നു. ഇതിനുവേണ്ട "കൗൺസലിങ്ങ്" ആണ് ഇപ്പോൾ ഏറെ ആവശ്യം. മാനസിക പിരിമുറുക്കങ്ങൾ കൂടുമ്പോൾ അൽപം ആത്മീയ ചിന്ത ഉണ്ടാകുന്നത് നന്നായിരിക്കും. ഇവിടെയാണ് യോഗചികിത്സയുടെ പ്രസക്തി ഏറുന്നത്. ചെറിയ ഒരു തലവേദനയും ജലദോഷവും ഉണ്ടാകുമ്പോഴേ ആന്റിബയോട്ടിക്കുകളുടെ പുറകേ പോകാതെ പരമ്പരാഗത നാട്ടുചികിത്സകൾ നടത്തി മാറ്റാൻ നോക്കണം. ഇന്ന് ഓർക്കിസുകൾക്കും ആന്തൂറിയത്തിനും ഉള്ള പ്രാധാന്യം പണ്ട് തുളസിയ്ക്കും, ഞവറയ്ക്കും, കരിനൊച്ചിയ്ക്കും നമ്മുടെ പൂർവ്വികർ കൊടുത്തിരുന്നു. ആര്യവേപ്പിന്റെ സാമീപ്യം രോഗപ്രതിരോധശക്തി വർദ്ധിപ്പിച്ചിരുന്നു. ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കുന്നത് ഒരു ശീലമാക്കാൻ ആളുകളെ പ്രേരിപ്പിക്കണം.

## 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ പദ്ധതികൾ.

### 1. ഹെൽത്ത് കാർഡ്

ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്കെല്ലാം ഹെൽത്ത് കാർഡ് കൊടുക്കുകയും, അവരുടെ ചികിത്സ പ്രാഥമികാരോഗ്യകേന്ദ്രം വഴി സൗജന്യമാക്കാനുള്ള ഒരു പദ്ധതിയ്ക്കുള്ള തുക പഞ്ചായത്ത് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കണം.

### 2. ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ.

പഞ്ചായത്തിലെ പരമ്പരാഗത തൊഴിലാളികളായ കശുവണ്ടി മേഖല, കയർ മേഖല, മത്സ്യ മേഖല, തീപ്പെട്ടി വ്യവസായം, കാർഷിക മേഖല തുടങ്ങിയവയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളെ വർഷത്തിലൊരിയ്ക്കലെങ്കിലും പരിശോധിച്ച്, അവരുടെ ആരോഗ്യസ്ഥിതി മനസ്സിലാക്കി, വേണ്ടുന്ന ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും.

### 3. മെഡിക്കൽ സ്റ്റോർ

പഞ്ചായത്ത് വക ഒരു സിവിൽ സപ്ലൈസ് മെഡിക്കൽ സ്റ്റോർ തുടങ്ങുന്നത് നന്നായിരിക്കും. അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിന് ഫിഷിംഗ് ഹാർബറിൽ ഒരു എയ്ഡ് പോസ്റ്റ് തുടങ്ങുക.

### 4. ബോധവൽക്കരണ സെമിനാർ.

പുകവലി, മദ്യപാനം , മയക്കുമരുന്ന് ഇവയ്ക്ക് അടിമപ്പെട്ട് കഴിയുന്നവർക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. അതിന്റെ ദോഷവശങ്ങളെപ്പറ്റി ആളുകളെ

പറഞ്ഞു മനസ്സിലാക്കി കൊടുക്കുകയും, അതിൽനിന്നും പിൻതിരിപ്പിയ്ക്കുകയും വേണം.

## 5. മെഡിക്കൽ ക്യാമ്പ്.

വർഷത്തിലൊരിയ്ക്കൽ എല്ലാ വിഭാഗം വിദഗ്ദ്ധ ഡോക്ടർമാരെയും ഉൾപ്പെടുത്തി ഒരു മെഡിക്കൽ ക്യാമ്പ് നടത്തുന്നത് നല്ലതാണ്.

6. ആയുർവ്വേദ മരുന്ന് നിർമ്മാണ യൂണിറ്റ് തുടങ്ങുക.

## 7. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും രക്തം പരിശോധിച്ച് ഏത് ഗ്രൂപ്പിൽപ്പെടുന്നതാണെന്ന് രേഖപ്പെടുത്തുന്ന ഒരു കാർഡ് നൽകുക. ഇതിന്റെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയും അത്യാവശ്യം രക്തം വേണ്ടുന്ന ഘട്ടങ്ങളിൽ ഇത് പ്രയോജനപ്പെടുത്തുകയും ചെയ്യാം.

## 8. പട്ടിക ജാതിപട്ടിക വർഗ്ഗ ആരോഗ്യം പരിപാലനം.

സാമൂഹ്യമായും, സാമ്പത്തികമായും, പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് ചികിത്സാ സൗകര്യങ്ങളിൽ മുൻതൂക്കം വരത്തക്കവിധം സാധ്യമാവുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. പട്ടിക ജാതി വികസന വകുപ്പിന്റെ ആരോഗ്യസംരക്ഷണ പദ്ധതി രൂപപ്പെടുത്തുമ്പോൾ ഈ ഗ്രാമത്തിനും ജനസംഖ്യാനുപാതികമായിട്ടുള്ള വിഹിതം ലഭ്യമാക്കണം. ഈ തുക ഉപയോഗിച്ച് പഞ്ചായത്തിലെ പട്ടിക ജാതി - പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർക്കുവേണ്ടി പ്രത്യേകം മെഡിക്കൽ ക്യാമ്പോ, ചികിത്സാ സൗകര്യങ്ങളോ ഏർപ്പാട് ചെയ്യാവുന്നതാണ്.

## 9. ഔഷധ സസ്യകൃഷി സംരക്ഷണ പദ്ധതി.

പഞ്ചായത്തിലെ പാതയോരങ്ങളിലും പഞ്ചായത്ത് വക കോമ്പൗണ്ടുകളിലും, സ്ക്കൂളുകളിലും ഔഷധ വർഗ്ഗത്തിൽപ്പെടുന്ന വൃക്ഷങ്ങളായ ആര്യവേപ്പ്, കൂവളം, വേങ്ങ, ഇലഞ്ഞി, കടുക്ക, താന്നി, അശോകം, ആവി, വയന, കുമ്പിൾ, ലന്ത, നെല്ലി തുടങ്ങിയവ വച്ചുപിടിപ്പിയ്ക്കണം. ഇതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ സഹായം തേടാവുന്നതാണ്.

വീടുകൾതോറും ചെറു ഔഷധ സസ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി പ്രേരണ നൽകുക.

വെറ്റ, കരിനൊച്ചി, ചിറ്റാടലോടകം, അശോകം, ചെറുപുന്ന, കയ്യോന്നി, തുളസി, കടലാടി, കീഴാനെല്ലി, കൊടുവേലി, ശതാവരി, അമരി, കുന്നി, കച്ചോലം, പനികൂർക്ക (ഞവര), രാമച്ചം, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, തൃപ്പലി, കുറുന്തോട്ടി, അമൃത്, അമുക്കുരം, നീലോപ്പലം, താമര, ചങ്ങലംപരണ്ട തുടങ്ങിയ ഒട്ടനേകം ഔഷധ പ്രാധാന്യവും വ്യാവസായിക പ്രാധാന്യവും ഉള്ള ചെടികളെ വീട്ടുമുറ്റത്ത് വച്ചുപിടിപ്പിയ്ക്കുന്നതിന് പ്രേരണയും പ്രോൽസാഹനവും കൊടുക്കണം. ഇവയുടെ ലളിതമായ ഉപയോഗം മനസ്സിലാക്കി കൊടുക്കുകയും വേണം.

വർഷത്തിലൊരിക്കൽ ഇത്തരം കർഷകരിൽ നിന്ന് പ്രദർശനം സംഘടിപ്പിക്കുകയും, മാതൃകാപരമായി പ്രവർത്തിക്കുന്നയാളിന് ഉചിതമായ സമ്മാനം നൽകി ആദരിക്കുകയും വേണം. കൃഷിവകുപ്പ്, ട്രോപ്പിയ്ക്കൽ ബൊട്ടാണിയ്ക്കൽ ഗാർഡൻ, വനംവകുപ്പ്, ആയുർവ്വേദ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവരുടെ നിലവിലുള്ള ഇത്തരം പദ്ധതികളുമായി ഏകോപിപ്പിച്ച പ്രവർത്തനം നടത്തണം. സാമൂഹ്യവനവൽക്കരണം വഴി ഒരു പരിധിവരെ പരിസര മലിനീകരണം തടയാനും, മഴയുടെ തോത് വർദ്ധിപ്പിക്കാനും സാധിക്കും.

ആരോഗ്യസ്ഥാപനങ്ങളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും അന്യായമായി നടത്തുന്ന പ്രൈവറ്റ് പ്രാക്ടീസുകൾ നിയന്ത്രിക്കുകയും വേണം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്ക്കൂൾ ആരോഗ്യപരിപാടി കുറെകൂടി ഫലപ്രദമാക്കാൻ എല്ലാ വിഭാഗങ്ങളിലെയും വിദഗ്ദ്ധ ഡോക്ടർമാരെ കൂടി പങ്കെടുപ്പിക്കണം. നേത്രചികിത്സാ ക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ തുടങ്ങിയവ പഞ്ചായത്തുതലത്തിൽ പങ്കെടുപ്പിക്കണം. വ്യാജ മദ്യവിൽപ്പന പൂർണ്ണമായും തടയണം. ഈ നൂറ്റാണ്ടിന് ശാപമായ "എയ്ഡ്സ്" എന്ന മഹാരോഗത്തെപ്പറ്റി എല്ലാ പേർക്കും പ്രത്യകിച്ച് നമ്മുടെ യുവജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുന്നത് അഭികാമ്യമായിരിക്കും. 'രക്തദാനവും' 'നേത്രദാനവും' മഹത്തായ സേവനമാക്കാൻ ആളുകളെ പ്രേരിപ്പിക്കണം. 'ശുദ്ധമായ ജലവും' 'ശുദ്ധമായ പരിസരവും' ലഭ്യമാക്കി 'ശുദ്ധമായ ഒരു മനസ്സിനെ' വാർത്തെടുത്ത് പഞ്ചായത്തിലെ ഒരു സമ്പൂർണ്ണ ആരോഗ്യ ഗ്രാമമാക്കി മാറ്റുക.

# വ്യവസായം

1991 ലെ കാനേഷുമാരി പ്രകാരം 9.17 ച.കി.മീ. വിസ്തീർണ്ണമുള്ള ശക്തികുളങ്ങര ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യ 44,451 ആണ്. ഇതിൽ 22,254 പുരുഷന്മാരും 22,197 പേർ സ്ത്രീകളുമാണ്. ആകെ ജനസംഖ്യയിൽ 14 വയസ്സിനു താഴെ 5,484 പേരാണുള്ളത്. പ്രായപൂർത്തിയായ 31,609 പേരിൽ കൃഷിക്കാർ 171, കർഷകത്തൊഴിലാളികൾ 493 മത്സ്യബന്ധനമൃഗസംരക്ഷണമുൾപ്പെടെ കാർഷികാനുബന്ധ മേഖലയിൽ 3042, കുടിൽ വ്യവസായങ്ങളിൽ 251, മത്സ്യവ്യവസായം, പരമ്പരാഗതമായ കയർ, കശുവണ്ടിമേഖലയിലും പട്ടണപ്രാന്തപ്രദേശങ്ങളിലെ വ്യവസായ സ്ഥാപനങ്ങളിലുമായി 2826 പേർ എന്നിങ്ങയൊ ണേർപ്പെട്ടിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളിൽ 559 പേരും കച്ചവട(വാണിജ്യ) രംഗത്ത് 2400 പേരും, ഗതാഗത വാർത്താവിനിമയ സേവന രംഗത്ത് 3100 ഉം നാമമാത്ര തൊഴിലാളികളായി 709 പേരുമാണ് തൊഴിൽ രഹിതരായി പഞ്ചായത്തിൽ 30,910 പേരുണ്ടെങ്കിലും വസ്തുതാപരമായി പരാമർശി ക്കുമ്പോൾ 26,125 തൊഴിൽ രഹിതരുണ്ടെന്ന് മനസ്സിലാക്കാം. അതിനാൽ ജനസംഖ്യയിൽ പകുതിലധികം വരുന്ന ഈ തൊഴിൽ രഹിത ശക്തിയെ മുന്നിൽ കണ്ടു കൊണ്ടിയിരിക്കണം വ്യവസായങ്ങളും മറ്റുപുതിയ തൊഴിൽ സംരംഭങ്ങളും പൂരപ്പെടുത്തേണ്ടത്.

ശക്തികുളങ്ങര പഞ്ചായത്ത് നിലവിൽ വന്നിട്ട് 4 പതിറ്റാണ്ടുകളായെങ്കിലും കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകാലത്തെ തൊഴിൽ ചരിത്രം പരിശോധിച്ചാൽ നഷ്ടങ്ങളുടെയും പോരായ്മകളുടെയും കഥകളനവധി പറയാനുണ്ട്. 1950 കളിൽ ഇന്തോ നോർവീജിയൻ പ്രോജക്ടിന്റെ ആവിർഭാവവും അതുവരെ പഞ്ചായത്തിലെ മത്സ്യബന്ധനരംഗത്തു നിലനിന്ന പാരമ്പര്യസ്വാഭാവത്തിന് യന്ത്രവൽക്കര ണത്തിലൂടെ പുതിയ രൂപവും ഭാവവും കൈ വന്നതും ആശ്വാസകരമാണെങ്കിലും കൊല്ലം പട്ടണത്തിലും പഞ്ചായത്തിലും പ്രാന്തപ്രദേശ ങ്ങളിലും നിലനിന്നിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നമ്മുടെ നാട്ടുകാർക്കുണ്ടാ യിരുന്ന പ്രാതിനിധ്യവും പങ്കാളിത്തവും ഇന്ന് ശോഷിച്ചു പോയി. ഉദാഹരണം കശുവണ്ടി, കയർ, വിവിധ പ്രസ്സ്സ്ഥാപനങ്ങൾ എ.ഡി. കോട്ടൺമിൽ, ടിൻഫാക്ടറികൾ എന്നിവ്. ആസൂത്രിത കമ്പോളവൽക്കരണത്തിന്റെ ഭാഗമായി പരമ്പരാഗതവ്യവസായങ്ങൾക്ക് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പിടിച്ചു നിൽക്കാനാകാതെ പോയതും അതുവഴി കയർ കശുവണ്ടി മേഖലകൾ പാടെ തളർന്നതും നമ്മുടെ ഗ്രാമത്തിലെ തൊഴിലില്ലായ്മക്കു വഴി തെളിച്ചു. ഒരു കാർഷിക പഞ്ചായത്തായിരുന്ന നമ്മുടെ പ്രതാപം കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലമായി ശോഷിച്ച് മുരടിപ്പിന്റെ ന്യൂനതയിലേക്കാണ്ടു പോയി. അതിന് വഴി തെളിച്ചത് ഒരു പരിധിവരെ മത്സ്യബന്ധന വ്യവസായ മേഖലയുടെ അഭിവൃദ്ധിയാണ്. മെച്ചമാർയ വരുമാനത്തെ ലക്ഷ്യമാക്കി പരമ്പരാ ഗത കാർഷികമേഖലയിലെ തൊഴിലാളികൾ മത്സ്യമേഖലയിലേക്ക് കൂറുമാറ്റം തുടങ്ങി എന്നാൽ മത്സ്യവ്യവസായരംഗത്ത് നമ്മുടെ തൊഴിൽ ശക്തി പൂർണ്ണമായും ഉൾക്കൊള്ളാനാകും വിധം മാറ്റങ്ങളനവധി വന്നെങ്കിലും വികസനം പൂർണ്ണമായും സാദ്ധ്യമായിട്ടില്ല.

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട (SSI) യൂണിറ്റുകൾ 279 ആണ്. അതിൽ 117 പൂർണ്ണ(സ്ഥിരം) രജിസട്രേഷനുള്ളതും ശേഷിച്ചത് 162 താൽക്കാലികവുമാണ്. ഖാദിമേഖലയിൽ പത്തൊമ്പത് യൂണിറ്റുകളും വ്യവസായ സഹകരണസംഘങ്ങളായി ഒമ്പത് യൂണിറ്റുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തര ത്തിലുള്ള യൂണിറ്റുകളുടെ അവസ്ഥ സർക്കാർ രേഖകളിൽ നിന്നു മനസ്സിലാക്കുന്നതും നേരിൽ കണ്ടറിയുന്നതും തമ്മിൽ പൊരുത്തമില്ലായ്മയുണ്ട്.

ഈ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ പൊതുവിൽ രണ്ടായി തരം തിരിക്കാം. പരമ്പരാഗതവ്യവസായങ്ങൾ,

## ആധുനിക (പാരമ്പര്യേതര) വ്യവസായം പരമ്പരാഗത വ്യവസായങ്ങൾ

കയർ, മത്സ്യബന്ധനം. തീപ്പെട്ടി. കശുവണ്ടി ഇവയാണ് ഇവിടെ നിലനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ. ഒരോ മേഖലയും ചുവടെ വിശകലനം ചെയ്തിരിക്കുന്നു. പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും അതതു മേഖലയോടൊപ്പം തന്നെ കൊടുത്തിട്ടുണ്ട്.

## കയർ അനുബന്ധസംരംഭങ്ങൾ

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ കയർ വ്യവസായത്തിനുള്ള സ്ഥാനം നിർണ്ണായകമാണ്. ഇത്തരത്തിൽ കയർ ഉൽപ്പാദന വ്യവസായരംഗത്ത് ഒരു പ്രധാന കേന്ദ്രമായിരുന്നു ശക്തികുളങ്ങര പഞ്ചായത്ത്. പച്ചത്തൊണ്ട് ഉപ്പുജലത്തിൽ അഴുക്കി സംസ്കരിച്ചെടുക്കുന്ന കയറിന്റെ ഈടുനില്പും ഗുണനിലവാരവും ഭൗതിക ചുറ്റുപാടുകളുമാണ് നമുക്കു സഹായമായി നിലകൊണ്ടത്. 15-20 വർഷങ്ങൾക്കു മുമ്പ് അഷ്ടമുടികായൽ തീരത്ത് വടക്ക് കായിക്കര കടവു മുതൽ കിഴക്ക് തെക്ക് കൈതവാരം വരെ തൊണ്ടുമൂടൽ കേന്ദ്രങ്ങളായിരുന്നു. ഫിഷിംഗ് ബോട്ടുകളുടെ താവളമാകും വരെ കയർ ഉൽപ്പാദനത്തിൽ നല്ല സ്ഥാനമായിരുന്നു ഈ മേഖലക്കുണ്ടായിരുന്നത്. ഇവിടെ തൊണ്ടുമൂടൽ ഇന്ന് അസാധ്യമായി ത്തീർന്നു. ഇപ്പോൾ തൊണ്ടുഴുക്കാനുള്ള സാധ്യതയും സൗകര്യവുമുള്ളത് കട്ടക്കൽ തോട് ശക്തികുളങ്ങര നെട്ടായിപ്രദേശങ്ങളിൽ മാത്രമാണ്.

നമ്മുടെ പഞ്ചായത്തിലെ കയർ ഉൽപ്പാദനയൂണിറ്റുകൾക്ക് ചകിരി സംസ്കരിച്ചെടുക്കാൻ ഇന്നു കഴിയുന്നില്ല. പച്ചത്തൊണ്ടിന്റെ സമാഹരണത്തിനുള്ള അസൗകര്യവും മാലിയിടാനുള്ള ബുദ്ധിമുട്ടുകളും കാരണം (തൊണ്ടുസംഭരണത്തിനുള്ള ചെലവേറിയത് ഒരു കാരണമാണ്) മറുനാട്ടിൽ നിന്നെത്തുന്ന കെട്ടു ചകിരി വാഗൺ ചകിരി ഇവയാണ് നമ്മുടെ നമ്മുടെ യൂണിറുകൾക്കാശ്രയമാകുന്നത്.

മെച്ചപ്പെട്ട വരുമാനം പ്രതീക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ മുരടിച്ചു നിൽക്കുന്ന കാർഷിക മേഖലയിൽ നിന്നും മത്സ്യബന്ധന മേഖലയിലേക്കുള്ള തൊഴിലാളികളുടെ കൂറുമാറ്റം കയർ മേഖലയെയും ബാധിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്ന കയർ നിർമ്മാണയൂണിറ്റുകളെ യുദ്ധകാലാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഉൽപ്പാദകർക്ക് മെച്ചപ്പെട്ട ലാഭം ഉറപ്പു വരുത്തിയും കയർ തൊഴിലാളി സഹകരണസംഘങ്ങളെ പരിപോഷിപ്പിച്ചും തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവേതനവ്യവസ്ഥകൾ ഏർപ്പെടുത്തിയും കയർ ഉൽപ്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. തൊണ്ടഴുക്കലിനുള്ള പരിമിതി കണക്കിലെടുത്ത് മറുനാട്ടിൽ നിന്നു വന്നെത്തുന്ന കെട്ടു ചകിരി ഒഴുക്കിന് നിയന്ത്രണം ഏർപ്പെടുത്തണം. അതിനായി പച്ചത്തൊണ്ടു സംസ്കരിച്ച് ചകിരി വേർതിരിക്കുന്ന ഒരു വൻകിട യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം. പ്രസ്തുത യൂണിറ്റിന് പച്ചത്തൊണ്ട് സമാഹരിച്ച് ലഭ്യമാക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് സ്വാതന്ത്ര്യമനുവദിക്കണം. എന്നാൽ നിലവിലുള്ള കയർ സഹകരണ സംഘങ്ങൾക്ക് ഒപ്പം തൊണ്ടുഴുക്കൽ സംരംഭകർക്ക് തൊണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തുകയും വേണം. ഇത്തരത്തിൽ പച്ചത്തൊണ്ടിന്റെ സമാഹരണത്തിനും വിപണനത്തിനുമായി വേദിയൊരുക്കുക വഴി കുറഞ്ഞത് 70 പുരുഷത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനാവും. പച്ചത്തൊണ്ടിൽ നിന്നും ചകിരി വേർതിരിക്കുന്ന ഫാക്ടറിയിൽ കുറഞ്ഞത് 15 സ്ഥിരം തൊഴിലാളികൾക്ക് തൊഴിൽ നൽകാനാവും. കയർ നിർമ്മാണരംഗത്ത് ഇതുവഴി പച്ചചകിരി ലഭ്യമാക്കാനിട വന്നാൽ നിലവിലുള്ള സഹകരണസംഘങ്ങളിലും സ്വകാര്യ ഉല്പാദന കേന്ദ്രങ്ങളിലും ഉൽപ്പാദനം കാര്യക്ഷമമാകും. പുതുതായി കുറത്തത് 200 കുടുംബയൂണിറ്റുകളിൽ കയർ ഉൽപ്പാദനം ആരംഭിക്കാനും പ്രസ്തുത യൂണിറ്റുകളിലും, രൂപീകരിക്കാൻ ലക്ഷ്യമിടുന്ന കയർ ഉൽപ്പാദന സഹകരണസംഘങ്ങളിലുമായി ഏകദേശം 600 സ്ത്രീതൊഴിലാളികൾക്കെങ്കിലും പുതുതായി തൊഴിൽ കണ്ടെത്താനാകും. നല്ല പരിശീലനം വേണ്ട ഒരു രംഗമായതു കൊണ്ട് പുതുതായി ഈ മേഖലയിലേക്ക് കടന്നു വരുന്നവർക്ക് പരിശീലനം ആവശ്യമാണ്. അതുകൊണ്ട് കയർ പിരിപ്പ് പഠിപ്പിക്കുന്ന ഒരു പരിശീലന കേന്ദ്രം തുടങ്ങേണ്ടതാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന കയർ സ്വകാര്യവ്യക്തികൾ കയർ ഉൽപ്പന്നങ്ങൾക്കായി മറുനാട്ടിലേക്ക് കയറ്റുമതി ചെയ്യുകയാണ്. ഇതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ശക്തികുളങ്ങര, നീണ്ടകര, തൃക്കരുവ, കൃക്കടവൂർ, കിളികൊല്ലൂർ മുതലായ പഞ്ചായത്തുകളിലെ കയർ സമാഹരിച്ചാൽ കയർ ഉൽപ്പന്നങ്ങളായ കയർമാറ്റ്, ചവിട്ടി, ആധുനിക കയർ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന ഒരു വൻകിട കയർ ഉൽപ്പന്ന നിർമ്മാണയൂണിറ്റ് (ഫാക്ടറി) നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കാനാവും. കുറഞ്ഞത് 100 മുതൽ 150 വരെ തൊഴിലാളികൾക്ക് പ്രത്യക്ഷമായും കുറഞ്ഞത് 50 തൊഴിലാളികൾക്ക് പരോക്ഷമായും ഇതുവഴി പുതുതായി തൊഴിൽ കണ്ടെത്താനാവും.

യന്ത്രവൽക്കൃത കയർ നിർമ്മാണത്തിന്റെ സാദ്ധ്യതകൾ മങ്ങിയതാണ്. യന്ത്രത്തിൽ പിരക്കുന്ന കയറിന് പിരിമുറുക്കം കിട്ടുന്നില്ല. അതുകൊണ്ട് ലാഭകരമായി വിപണനം നടത്താൻ സാധിക്കുന്നില്ല. ഈ രംഗത്ത് സങ്കേതിക മികവുകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## മത്സ്യബന്ധനം

മത്സ്യബന്ധന വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി കാര്യങ്ങൾ കാര്യകാരണ ബോധത്തോടെ നോക്കി കണ്ടാൽ ഒട്ടേറെ വികസന സാദ്ധ്യതകളുണ്ട്. ആയത് ചിന്തിക്കുമ്പോൾ നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നതും സംസ്ഥാന ഗവൺമെന്റ്, നമ്മുടെ ഗ്രാമപഞ്ചായത്ത് ബ്ലോക്കു പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് ഭരണസമിതികൾ എതിർപ്പു പ്രകടിപ്പിച്ചിട്ടുള്ളതുമായ തീരദേശസംരക്ഷണനിയമം മൂലം നമ്മുടെ നാടിനുണ്ടാകുന്ന ഭവിഷ്യത്തുകൾക്കൾക്ക് വിരാമമിടേണ്ടിയിരിക്കുന്നു. മറ്റൊരു വെല്ലുവിളി വിദേശട്രോളറുകളുടെ കടന്നു കയറ്റം മൂലം മത്സ്യബന്ധനമേഖലക്കും നമ്മുടെ നാടിനുമുണ്ടായിക്കൊണ്ടി രിക്കുന്ന മത്സ്യസമ്പത്തിന്റെ ദൗർലഭ്യമാണ്. ഡ്രഡ്ജിംഗിന്റെ അലംഭാവം മൂലം മത്സ്യബന്ധനം അപകടകരവും ജീവഹാനിക്കും, കാരണമാകുന്നതായിരിക്കുകയും ചെയ്യുന്നു.

മത്സ്യസംസ്കരണത്തിനായി നിലവിൽ ചെറുകിട വനിതാസംരംഭകർക്ക് മത്സ്യഫെഡ് പീലിംഗ് ഷെഡ്ഡിൽ നൽകി വരുന്നു സൗകര്യങ്ങൾ കൂടുതൽ പേരെ ഉൾക്കൊള്ളുന്ന തരത്തിൽ വിപുലീകരിക്കേണ്ടി യിരിക്കുന്നു. എക്കാലവും ഐസിന്റെ ലഭ്യതക്കുറവുമൂലം ചൂഷണത്തിന് വിധേയരാവുന്ന ചെറുകിട സംരംഭകർക്ക് ഐസ് ലഭ്യത ഉറപ്പു വരുത്താനായി സഹകരണ മേഖലയിൽ, വിപുലീകരിച്ചതും ഫുൾഫ്ലെഡ്ജ്ഡ് ആയതുമായ ഐസ് ഫാക്ടറി നിർമ്മിച്ച് പ്രവർത്തനമാരംഭിക്കണം. സ്പെയർപാർട്ടുകൾ (മത്സ്യബന്ധന ബോട്ടുകൾക്കുള്ളത്) ന്യായവിലക്ക് ആവശ്യക്കാരന് ലഭ്യമാക്കാനായി ഒരു സ്പെയർപാർട്ട്സ് കം ഫിഷിംഗ് സാമഗ്രികൾ വിൽപ്പന ശാലയുടെ സാധ്യതയും ഉണ്ട്. ഉപകരണമേഖലയിൽ തന്നെ സാധാരണ മത്സ്യവ്യവസായ സംരംഭകർക്ക് വാടകയ്ക്ക് നൽകാവുന്ന കമ്പാർട്ടുമെന്റൽ കോൾഡ് സ്റ്റോറേജ് സംവിധാനവും അത്യാവശ്യമാണ്. വേഗത്തിൽ നശിച്ചു പോകുന്ന മത്സ്യം, ചെമ്മീൻ ഇവ സംസ്കരിച്ച് കുറഞ്ഞ വിലക്ക് വിൽക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. പ്രസ്തുത ചൂഷണത്തിൽ നിന്ന് ചെറുകിട സംരംഭകരെ രക്ഷിക്കാൻ ഇത്തരത്തിലുള്ള വാടകയ്ക്കു നൽകാവുന്ന Freezing compartment സംവിധാനം വഴി കഴിയുന്നതാണ്. ഈ സ്ഥാപനങ്ങൾ ഒരേ കെട്ടിടത്തിൽ തന്നെ സജ്ജീകരിക്കുന്നതിന് തക്ക സ്ഥലസൗകര്യം ഈ പ്രദേശത്ത് ലഭ്യമാണു താനും. യന്ത്രവൽക്കൃത ബോട്ടുകൾക്കും മറ്റും ഇന്ധനം ലഭ്യമാക്കുന്നതിനായി ഇപ്പോൾ സർക്കാർ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഡീസൽ ബങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന കുറഞ്ഞത് 3 ഡീസൽ ബങ്കുകളെങ്കിലും പ്രവർത്തനമാരംഭിക്കണം. ശക്തികുളങ്ങര വാർഫിന്റെ പണികൾ ലാന്റ് അക്വീസിഷൻ നടപടികൾ പൂർത്തിയാക്കി പൂർണ്ണമാക്കണം.

ഗവൺമെന്റ് ഉടമയിൽ നീണ്ടകരയിൽ പണ്ട് പ്രവർത്തനമാരംഭിച്ച ഐസ് ഫാക്ടറി കോൾഡ് സ്റ്റോറേജ് കം ഫ്രീസിംഗ് പ്ലാന്റ് പ്രവർത്തന രഹിതമായിട്ട് വർഷങ്ങളായി. ലക്ഷങ്ങൾ മുടക്കി പ്രവർത്തിച്ചുവന്ന ഈ ഫാക്ടറി നീണ്ടകരയിലെയും ശക്തികുളങ്ങരയിലെയും ഈ മേഖലയുമായി

ബന്ധപ്പെട്ട ചെറുകിട സംരംഭകർക്ക് ഒരാശ്വാസമായിരുന്നു. ആസ്ഥാപനത്തിന്റെ നാശത്തിന് വഴി തെളിച്ച കാരണങ്ങളെ ക്കുറിച്ച് അന്വേഷിച്ച് പോരായ്മകളും വീഴ്ചകളും കണ്ടെത്തി പുനഃപ്രവർത്തിപ്പിക്കാൻ കഴിയണം.

## നിർദ്ദേശങ്ങൾ

തങ്കശ്ശേരി ബ്രേക്ക്വാട്ടർ പദ്ധതിയോട നുബന്ധിച്ച് നമ്മുടെ മത്സ്യവ്യവസായമേഖലയിൽ ചില ഭീഷണികൾ നിലവിലുണ്ട്. അതിന് പരിഹാരമായുള്ള ചില നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ കാര്യങ്ങളോടൊപ്പം ചിന്തിക്കേണ്ടയിരിക്കുന്നു.

1. ഇവിടെത്തെ ഫിഷ്ലാന്റിംഗ് സ്റ്റേഷന് വികസന ലക്ഷ്യം വച്ചു കൊണ്ടു പണിയാരംഭിച്ച വാർഫിന്റെ പണികൾ സ്ഥലമെടുപ്പ് പൂർണ്ണമാക്കി പൂർത്തികരിക്കണം. ഈ ലാന്റിംഗ് സ്റ്റേഷൻ ഇവിടെത്തന്നെ നിലനിറുത്തണം

2. ലേല ഹാൾ, പീലിംഗ് ഷെഡ്ഡ് എന്നിവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ആവശ്യമായ നിർമ്മാണങ്ങൾ വേണം.

3. ശുദ്ധജലവും ശുചീകരണസംവിധാനങ്ങളും കുറ്റമറ്റതാകണം. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങളും വിപുലീകരിക്കണം.

4. ഹാർബറിനുള്ളിൽ ത്തന്നെ ഡിസൽപമ്പും വിപുലീകരിച്ച ഐസ് ഫാക്ടറിയും സജ്ജമാക്കണം.

5. മുടങ്ങിക്കിടക്കുന്ന ജട്ടിയുടെയും റോഡിന്റെയും പണികൾ ഉടൻ പൂർത്തീകരിക്കണം.

6. ഫിഷിംഗ് ഹാർബറിനുള്ളിൽ വാഹന പാർക്കിംഗ് സംവിധാനങ്ങൾ ശാസ്ത്രീയമായി സംവിധാനം ചെയ്യണം.

7. മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള ജീവൻ രക്ഷാഉപകരണങ്ങളും സുരക്ഷാ സംവിധാനങ്ങളും സഹായങ്ങളും ഏർപ്പെടുത്തണം.

8. മത്സ്യബന്ധന വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ തൊഴിലെടുക്കുന്ന വിഭാഗങ്ങൾക്കും സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കണം.

9. ശക്തികുളങ്ങര മുതൽ കുരീപ്പുഴ വരെ ഇപ്പോൾ നിലനിന്നു പ്രവർത്തിച്ചു വരുന്ന മത്സ്യബന്ധന ബോട്ടുകളുടെയും വാഹനങ്ങളുടെയും കേടുപാടുകൾ തീർക്കുന്നതിനും മറ്റുമായി നിലവിലുള്ള വർക്ക്ഷോപ്പു, മറ്റു സ്ഥാപനങ്ങൾക്കു വേണ്ട സംവിധാനങ്ങളും സൗകര്യങ്ങളും ആമേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കണം.

10. കായൽജല മത്സ്യബന്ധനത്തിനും വ്യവസായത്തിനും മത്സ്യക്കച്ചവടവുമായി ബന്ധപ്പെടുന്ന തൊഴിലാളികൾക്കാവശ്യമായ ക്ഷേമപ്രവർത്തനങ്ങളും ആവശ്യമെങ്കിൽ കായൽജലമത്സ്യലാന്റിംഗ് സ്റ്റേഷനും നിർമ്മിച്ചു പ്രവർത്തിപ്പിക്കണം. കായൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള ആലോചനകളും ആവിഷ്ക്കാരങ്ങളും വേണം.

11. നമ്മുടെ മത്സ്യബന്ധനമേഖലയിൽ നിന്നും മത്സ്യസമ്പത്ത് അരിച്ചെടുത്തു കൊണ്ടു പോകുന്ന വിദേശട്രോളറുകളുടെ ലൈസൻസിങ്ങ് റദ്ദാക്കണം. അനിയന്ത്രിതമായ മത്സ്യബന്ധനം മൂലം മത്സ്യസമ്പത്തിന്റെ വംശവർധനവിനുള്ള അവസരം പോലും നഷ്ടപ്പെട്ടു. കടലിൽ മത്സ്യം കുറയുന്ന സാഹചര്യം ഒഴിവാക്കണം. ഈ രണ്ട് കാര്യത്തിലും ശക്തവും കർക്കശവുമായ സർക്കാർ ഇടപെടൽ ഉണ്ടാകണം.

2. ഈ സ്ഥാപനത്തിന് പതിച്ചു കിട്ടിയ കായൽപുറമ്പോക്ക് നികത്തി സ്ലിപ്പ്വേയും ബോട്ടുജട്ടിയും നിർമ്മിക്കണം. വലിയ ബോട്ടുകളും യാത്രാബോട്ടുകളും നിർമ്മിക്കുന്നതിനും റിപ്പയറിംഗിനും ഡ്രൈഡോക്യാർഡ് സ്ഥാപിക്കണം.

3. തൽക്കാലം ദിവസക്കൂലിക്ക് ആളെ നിയമിച്ച് നല്ല രീതിയിൽ പ്രവർത്തനമാരംഭിച്ചിട്ട്,

സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെയും ആവശ്യമായ മറ്റു സ്റ്റാഫുകളെയും നിയമിച്ച്, സർക്കാർ ഉടമസ്ഥതയിലുള്ള ജലവാഹനങ്ങളും ഒപ്പം പോർട്ടു ഡിപ്പാർട്ടുമെന്റിന്റെ ടഗ്ഗുകളുടെയും ബാർജകളുടെയും റിപ്പയറിംഗ് നടത്താനുള്ള സൗകര്യവുമുണ്ട്.

4. സ്റ്റേറ്റു വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ബോട്ടുകൾ നിർമ്മിക്കുന്നതും അറ്റകുറ്റപ്പണികൾ ചെയ്യുന്നതും ഇപ്പോൾ ആലപ്പുഴയിലാണ്. അതിനാൽ നിലവിലുള്ള പോരായ്മകളും താമസവും ഒഴിവാക്കാൻ പ്രസ്തുത പണികൾ ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തുക. ഒപ്പം KTDC, ITDC, QTPC, ഫിഷറീസ് എൻഫോഴ്സ്മെന്റ് എന്നീ സ്ഥാപനങ്ങളിലെ ജലവാഹനങ്ങളും ഇവിടെത്തന്നെ തയ്യാറാക്കം.

## കശുവണ്ടിരംഗം

ശക്തികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ വ്യവസായ ചരിത്രത്തോളം തന്നെ പഴക്കമുള്ള ഒരു കശുവണ്ടി സംസ്കരണ ഫാക്ടറി നിലവിലുണ്ട്. കുറ്റമറ്റ രീതിയിൽ കൊല്ലം കേന്ദ്രമായ മുസ്ലിയാർ ഇൻഡസ്ട്രീസ് ആരംഭിച്ച ഈ ഫാക്ടറി പിന്നീട് പൊതുമേഖലയിൽ കീഴിലും അനവധി കൈമാറ്റത്തിലൂടെ ഇപ്പോൾ ഏറ്റെടുത്തു നടത്തുന്നത് സായി എക്സ്പോർട്ടേഴ്സ് കൊല്ലം എന്ന വ്യവസായ ഗ്രൂപ്പാണ്. ഇവിടെ ജോലി ചെയ്യുന്ന 450 തൊഴിലാളികളിൽ 250 തൊഴിലാളികൾക്കാണ് നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ടി പഞ്ചായത്തിൽ നിന്നും 200ൽ പരം തൊഴിലാളികൾ ഇവിടെ പണിചെയ്യുന്നു. ആധുനിക വൽക്കരണവും അസംസ്കൃത കശുവണ്ടിയുടെ ദൗർലഭ്യവും സർക്കാർ നയങ്ങളിൽ വരുന്ന മാറ്റങ്ങളും കാരണം നമ്മുടെ രാജ്യത്ത് കൊല്ലം കേന്ദ്രമായി നിലനിന്ന് അഭിവൃദ്ധിപ്രാപിച്ച ഈ വ്യവസായം സമീപഭാവിയിൽ അന്യം നിൽക്കുകയാണ്. കാർഷിക രംഗത്ത് നടപ്പാക്കുനന പരിഷ്ക്കാരങ്ങളിൽ ഉൾപ്പെടുത്തി കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിച്ച് അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പു വരുത്തി ഈ മേഖലയെ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. നാടിന് വിദേശനാണ്യം നേടിത്തരുന്നതിൽ ഈ ഉൽപ്പന്നത്തിനുള്ള സ്ഥാനം ലക്ഷ്യമാക്കിയും കശുവണ്ടി സംസ്കരണത്തിൽ നമ്മുടെ തൊഴിലാളികളുടെ പ്രാഗത്ഭ്യവും കരവിരുതും പശ്ചാത്തലമാക്കിയും വർഷം മുഴുവൻ തൊഴിൽ ലഭ്യമാകത്തക്ക തരത്തിൽ ഒരു കശുവണ്ടി ഫാക്ടറി കൂടി ലൈസൻസ് ഏർപ്പെടുത്തി പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ആരംഭിച്ചാൽ വിജയസാദ്ധ്യതയുണ്ട്

## തീപ്പെട്ടി വ്യവസായം

കൊല്ലം, ഇന്ന് ഇന്ത്യയിൽ അറിയപ്പെടുന്ന തീപ്പെട്ടി വ്യവസായകേന്ദ്രങ്ങളിലൊന്നാണ് അസംസ്കൃത വസ്തുവായ മട്ടിമരങ്ങളുടെ ലഭ്യതയും ചെലവു കുറഞ്ഞ നിർമ്മാണ രീതികളും ചുരുങ്ങിയ ചെലവിലുള്ള വേതനവ്യവസ്ഥകളുമാണ് തീപ്പെട്ടി. കൊല്ലം കേന്ദ്രമാക്കി വളരാൻ പശ്ചാത്തലമൊരുക്കിയത്. പക്ഷെ തീപ്പെട്ടി നിർമ്മാണത്തിലെ പരമ്പരാഗത രീതിക്ക് പരിഷ്ക്കാരങ്ങൾ അനിവാര്യമാണ് തീപ്പെട്ടി നിർമ്മാണശാലകൾ സന്ദർശിക്കുകയും മാർക്കറ്റിന്റെ അവസ്ഥ നിരീക്ഷിക്കുകയും ചെയ്തു. വൻ ആസ്തിമൂലധനനിക്ഷേപങ്ങൾക്ക് ശേഷിയുള്ള കുത്തകകൾ ഈ ഉൽപ്പന്നത്തിന്റെ കമ്പോളം കീഴടക്കുവാനുള്ള തയ്യാറെടുപ്പിൽ അരയും തലയും മുറുക്കി രംഗത്തെത്തിയിട്ടുണ്ട്. അങ്ങനെയുള്ള തീപ്പെട്ടി രാജാക്കന്മാർ കൂടുതലില്ല എന്നതു മാത്രമാണ് നമ്മുടെ തീപ്പെട്ടി വ്യവസായങ്ങൾ പിടിച്ചു നിൽക്കുന്നതിനാധാരം. ഈ നിലതുടർന്നാൽ അധികം താമസിയാതെ നമ്മുടെ ഖാദി ചെറുകിട പരമ്പരാഗത വ്യവസായമായ തീപ്പെട്ടിയെയും തളർവാതം പിടിപ്പെട്ടേക്കാം. കശുവണ്ടി വ്യവസായത്തെപ്പോലെ തന്നെ കുറഞ്ഞ കൂലിക്ക് ആളെ ലഭിക്കുന്ന തമിഴ്നാട് ലക്ഷ്യമാക്കി തീപ്പെട്ടി വ്യവസായവും നീങ്ങിക്കൊണ്ടിരിക്കുകയാണ്. രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ രോഗം പിടിപെടാതെ സൂക്ഷിക്കുകയാണ് നല്ലത് എന്ന ആപ്തവാക്യം തീപ്പെട്ടി വ്യവസായത്തിന്റെ കാര്യത്തിലും ഏറെ പ്രസക്തമാണ്. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിൽ ചെറുകിട ഉൽപാദകർ ശ്രദ്ധ വയ്ക്കാത്തത്കുത്തകകളുടെ ഈ രംഗത്തേക്കുള്ള കടന്നു കയറ്റത്തിന് പശ്ചാത്തല മൊരുക്കി കൊടുക്കുന്ന സ്ഥിതിയാണ്. കമ്പോളത്തിൽ കാണാൻ കഴിഞ്ഞത്. വലിയ

ആസ്തി മൂലധനമില്ലാതെ ഖാദി ചെറുകിട വ്യവസായ ഏജൻസികളെ മാത്രം ആശ്രയിച്ച് വ്യവസായങ്ങളാരംഭിക്കുന്ന സംരംഭകന് ആവശ്യത്തിന് മൂലധനം ലഭ്യമാകാതിരിക്കലും സർക്കാർ ക്വാട്ടയായി ലഭിക്കുന്ന രാസ അസംസ്കൃത സാധനങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന വൈഷമ്യങ്ങളും ഉദ്യോഗസ്ഥവൃന്ദത്തിൽ നിന്ന് അനുഭവിക്കേണ്ടി വരുന്ന പീഢനങ്ങളും കുറഞ്ഞ ലാഭവിഹിതവും ഈ വ്യവസായം കൈവെടിയാൻ അവരെ പ്രേരിപ്പിക്കുന്നു.

ഈ സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് തീപ്പെട്ടി വ്യവസായത്തിൽ കുറഞ്ഞത് 5 യൂണിറ്റുകൾ തുടങ്ങാനുള്ള സാദ്ധ്യത ഈ പഞ്ചായത്ത് പ്രദേശത്തു കാണുന്നു. ഇപ്പോൾ ടി പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിച്ചു വരുന്ന തീപ്പെട്ടി വ്യവസായ യൂണീറ്റുണ്ട്. വ്യാവസായിക സഹകരണ സംരംഭമെന്ന നിലയിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത യൂണിറ്റ് ലാഭകരവും അതോടൊപ്പം തൊഴിൽ ദായകവുമാണെങ്കിലും അതിന്റെ ലാഭം കേന്ദ്രീകൃതമാണ്.

സഹകരണമേഖലയിലോ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ പുതുതായി ആരംഭിക്കാൻ സാദ്ധ്യത കാണുന്ന മേൽപ്പറഞ്ഞ 5 തീപ്പെട്ടി വ്യവസായ യൂണിറ്റുകൾ പൂർണ്ണമായും ആധുനിക കമ്പോളത്തെ കീഴ്പ്പെടുത്താൻ തക്കതരത്തിലുള്ള കാർബസൈഡ് അല്ലെങ്കിൽ വാക്സ്മാച്ച് യൂണിറ്റുകളാക്കണം. ഇതുവഴി പ്രതീക്ഷിക്കുന്ന തൊഴിൽ കുറഞ്ഞത് 100 പേർക്കെങ്കിലും ലക്ഷ്യമിടുന്നു.

മറ്റൊരു നിർദ്ദേശമുള്ളത് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നയാളുകൾക്ക് മെച്ചപ്പെട്ട ജീവിതപശ്ചാത്തലമൊരുക്കാൻ കഴിയുന്ന തരത്തിൽ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. നിലവിൽ ഈ മേഖലക്ക് ഏറിയകൂറും സ്വകാര്യ മേഖലയിലാണെങ്കിൽ കൂടി, മെച്ചപ്പെട്ട സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വിരുദ്ധചിന്തക്ക് സ്ഥാനമില്ല.

## ആധുനിക (പാരമ്പര്യേതര) വ്യവസായങ്ങൾ

കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇത്തരം വ്യവസായങ്ങൾ വളരെ കുറച്ചുമാത്രമെ ഈ പ്രദേശത്തുള്ളു. കാര്യകാരണ പ്രശ്നങ്ങളെ സംബന്ധിച്ച വിശദീകരണം പ്രത്യേകമായി ചേർത്തിട്ടുണ്ട്. ചില സംരംഭങ്ങളെല്ലാം നല്ല രീതിയിൽ പ്രവർത്തിച്ചിട്ട് പിൽക്കാലത്ത് പൂട്ടപ്പെട്ടു പോയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട (SSI) യൂണിറ്റുകൾ 279 ആണ്. അതിൽ 117 പൂർണ്ണ (സ്ഥിരം) രജിസ്ട്രേഷനുള്ളതും ശേഷിച്ചത് 162 താൽക്കാലികവുമാണ്. ഖാദിമേഖലയിൽ പത്തൊമ്പത് യൂണിറ്റുകളും വ്യവസായ സഹകരണ സംഘങ്ങളായി ഒമ്പത് യൂണിറ്റുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ വിഭാഗത്തിൽ പല നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സംരംഭങ്ങളും ഇപ്പോൾ പൂട്ടി കിടക്കുന്നുണ്ട്.

## പൂട്ടികിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ

### 1. ഇംപെക്സ്

സാമ്പത്തിക പരാധീനതയാൽ പ്രവർത്തനം നിലച്ചു പോയ ഫ്രീസിംഗ് പ്ലാന്റുകൾ തുടങ്ങിയ സൗകര്യങ്ങളുള്ള ഒരു വൻ വ്യവസായസ്ഥാപനമാണിത്. സ്ഥാപനം അതോടെ വില്ക്കുന്നതിനുള്ള ധാരണ ആയിട്ടുള്ളതായി അറിയുന്നു. വാങ്ങുന്നയാൾ കമ്പനി പ്രവർത്തനക്ഷമമാക്കും എന്ന് പ്രതീക്ഷിക്കുന്നു.

### 2. പി.വി.സി. പൈപ്പ് നിർമ്മാണഫാക്ടറി, മരുത്തടി

ആഭ്യന്തര പ്രശ്നങ്ങളാൽ പൂട്ടപ്പെട്ടതാണിത്. നല്ല രീതിയിൽ നടന്നു കൊണ്ടിരുന്ന ഒരു കമ്പനിയായിരുന്നു. തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം.

3. പ്ലാസ്റ്റിക് കമ്പനി ഒഴുക്ക്തോട്.

സാമ്പത്തിക പരാധീനതയാലും അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവിനാലും പൂട്ടി കിടക്കുന്നു.

4. ശക്തി ഫ്ലവർ മിൽ, മണിയത്ത്മുക്ക്

ധാന്യങ്ങൾ പൊടിക്കുന്നതിനും, നെല്ല് കുത്തുന്നതിനും ഒക്കെയുള്ള ആധുനിക യന്ത്രസമാഗ്രികളോടു കൂടിയ ഒരു സ്ഥാപനമാണിത്. ഒരു രൂപ പോലും കടം വാങ്ങാതെയാണ് ഈ സ്ഥാപനം കഴിഞ്ഞ കാലത്ത് പ്രവർത്തിച്ചു കൊണ്ടിരുന്നത്. പെട്ടെന്നുണ്ടായ ചില സാമ്പത്തിക ബുദ്ധിമുട്ടുകളാൽ കമ്പനിയുടെ വർക്കിംഗ് ക്യാപിറ്റൽ മറ്റാവശ്യങ്ങൾക്കു വേണ്ടി എടുക്കേണ്ടി വന്നു. സ്വാഭാവികമായും വർക്കിംഗ് ക്യാപിറ്റൽ ഇല്ലാത്തതിനാൽ കമ്പനി നിശ്ചലമായി രണ്ടുലക്ഷം രൂപാ കുറഞ്ഞ പലിശയ്ക്ക് ലോൺ ആയി കൊടുത്താൽ കമ്പനി വീണ്ടും ഭംഗിയായി പ്രവർത്തിപ്പിക്കാം എന്ന് ഉടമ ഉറപ്പു പറയുന്നു. ഇതിനുള്ള സാദ്ധ്യത തള്ളികളയാവുന്നതല്ല.

5. പുളിയരിമിൽ കന്നിമേൽ

സാമ്പത്തിക ഞെരുക്കത്താൽ പ്രവർത്തനമറ്റ് കിടക്കുന്നു.

6. വനിതാ സഹായി ഫ്ലവർ മിൽ, കാവനാട്

ഗോതമ്പ് കോട്ട കിട്ടാത്തതിനാൽ പ്രവർത്തന മറ്റ് കിടക്കുന്നു.

7. പിക്കോസ്

തുകൽ ചെരുപ്പ്, ഇലക്ട്രിക് മീറ്റർ തുടങ്ങിയവ നിർമ്മിച്ചിരുന്ന ഒരു സഹകരണ സ്ഥാപനമായിരുന്നു ഇത്. പൂട്ടപ്പെട്ടു കിടക്കുന്നു.

8. ഗവൺമെന്റ് ബോട്ട് ബിൽഡിംഗ് യാഡ് പ്രവർത്തന മറ്റ് കിടക്കുന്നു. പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

മുകളിൽ പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾ മിക്കതും ആത്മാർത്ഥമായി സഹായവും പരിശ്രമവും ഉണ്ടെങ്കിൽ പുനരുദ്ധരിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ രൂപം കൊള്ളുന്ന വ്യവസായവികസന സമിതി പ്രവർത്തനമറ്റ് കിടക്കുന്നു. ഓരോ സ്ഥാപനത്തെയും പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്ത നളിലേർപ്പെടേണ്ടതാണ്.

## പുത്തൻ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത

വ്യവാസായികമായി വളർച്ച പ്രാപിക്കുന്നതിലേക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മറ്റ് പഞ്ചായത്തുകളുമായി തട്ടിക്കുമ്പോൾ ഈ പഞ്ചായത്ത് വളരെ മുന്നിലാണ്. പഞ്ചായത്തിനെ രണ്ടായി പകുത്തു കൊണ്ട് കടന്നു പോകുന്ന ദേശീയപാത, ദേശീയപാതയെ ബന്ധിപ്പിച്ചു കൊണ്ട് ഗ്രാമത്തിന്റെ എല്ലാ അതിരുകളിലേക്കും പോകുന്ന ഏറിയ പങ്കും ടാറിട്ട റോഡുകൾ, ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തുന്ന അഷ്ടമുടിക്കായൽ ഇവയെല്ലാം ഇവിടത്തെ മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങളാണ്.

വ്യവസായിക വളർച്ചയ്ക്ക് അനുപേക്ഷണീയമായ ഊർജ്ജരംഗത്ത് പര്യാപ്തമായ സൗകര്യങ്ങൾ ഉണ്ട്. ഒരു 110 KV. സബ്സ്റ്റേഷൻ, 11 KV. ലൈനുകൾ, എല്ലാമൂലകളിലേക്കും എത്തി നില്ക്കുന്ന LT ലൈനുകൾ, പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇവയെല്ലാം ഇവിടെ നിലനില്ക്കുന്ന സൗകര്യങ്ങളാണ്,.

ഈ പഞ്ചായത്തിൽ 26125 പേർ തൊഴിൽ രഹിതരായി ഉണ്ട് എന്നാണ് വസ്തുതാപരമായ കണക്ക്. ഇവരിൽ ഗണ്യമായ വിഭാഗം ബിരുദവും ബിരുദാന്തരബിരുദവും നേടിയിട്ടുള്ളവരാണ്. സ്ഥിരോത്സാഹികളും തന്റേടുമുള്ളവരും കഴിവുറ്റവരുമായ ഇവരുടെ ശക്തി പ്രദേശത്തെ വ്യാവസായിക വളർച്ചയ്ക്ക് ഉപയോഗിക്കാവുന്ന ഒരു പ്രധാന ഘടമാണ്. ഭൂമി ജലം ഇവയുടെ ദൗർലഭ്യതയും ഇല്ല.

## പ്രശ്നങ്ങൾ

മുകളിൽ വിവരിച്ച എല്ലാ ഭൗതിക സാഹചര്യങ്ങളും നിലനിന്നിട്ടും വ്യവസായിക വളർച്ച് ഈ പ്രദേശത്ത് ഉണ്ടാകാത്തതിന്റെ കാരണം ഇവിടെ നിലനില്ക്കുന്ന ചില പ്രത്യേതകളാണ്.

1. വെള്ളക്കോളർ ജോലികളോടുള്ള ചെറുപ്പക്കാരുടെ അമിതമായ ആഭിമുഖ്യവും കാത്തിരുപ്പും.

2. കസ്റ്റമറി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അപര്യാപ്തത. ശാസ്ത്രസാങ്കേതിക രംഗത്തെ പുത്തൻ വ്യാവസായിക സാദ്ധ്യതയെ പ്പറ്റിയുള്ള അജ്ഞത സാങ്കേതിക പരിജ്ഞാനമില്ലായ്മ.

3. ഗുണം ചെയ്യാത്ത പൊള്ളയായ തൊഴിൽ സംസ്ക്കാരം.

4. വ്യാവസായിക സംരംഭകരോടുള്ള സർക്കാർ സംവിധാനങ്ങളുടെ സഹായകരമല്ലാത്ത നിലപാട്.

5. ധനകാര്യസ്ഥാപനങ്ങളുടെ കർക്കശമേറിയ അനാവശ്യമായ നിബന്ധനകൾ വായ്പാ സഹായം കിട്ടുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

6. വ്യവസായ സംരംഭകരും തൊഴിലാളി സമൂഹവും തമ്മിലുള്ള ധാരണക്കുറവ്.

7. ഗൾഫ് പണം ആസൂത്രിതമായുപയോഗിച്ച് പ്രത്യുൽപാദനപരമാക്കുന്നില്ല.

8. കുടുംബനാഥൻ പണിയെടുത്താൽ മതി. കുടുംബം പുലർത്താൻ എന്ന ചിന്തയും ധാരണയും.

## പരിഹാരനിർദ്ദേശങ്ങൾ

1. പുത്തൻ തലമുറയിൽ സർക്കാരിതര തൊഴിലുകളോടും വ്യാവസായിക സംരംഭങ്ങളോടും അതിന്റെ വിപുലമായ സാമ്പത്തിക സാദ്ധ്യതകളോടും ആഭിമുഖ്യം ഉണ്ടാക്കത്തക്ക തരത്തിലുള്ള ബോധവത്ക്കരണം നടത്തുക. ഇങ്ങനെ ഉണ്ടാകുന്ന അവബോധം തൊഴിലില്ലാത്ത ചെറുപ്പക്കാരെ വ്യാവസായിക മേഖലകളിലേക്ക് തിരിയാൻ പ്രേരിപ്പിക്കും.

2. ശാസ്ത്രസാങ്കേതിക രംഗത്തെ പുതിയ നേട്ടങ്ങൾ, വ്യാവസായിക രംഗത്തുണ്ടാക്കിയിരിക്കുന്ന സാദ്ധ്യതകളെപ്പറ്റി അതിന്റെ എല്ലാവശങ്ങളെ പറ്റിയും സാങ്കേതിക പരിശീലനം നൽകുക. ഈ പരിശീലനം ഈ പ്രദേശത്തെ വ്യാവസായിക സാദ്ധ്യതകളുടെ അടിസ്ഥാനത്തിലുള്ളതായിരിക്കണം. ചെറുപ്പക്കാരുടെ അഭിരുചിക്കും താല്പര്യങ്ങൾക്കും അനുസരിച്ച് ഇവിടെ സാദ്ധ്യതയുള്ള ഓരോരോ വ്യവസായിക സംരംഭങ്ങളെ സംബന്ധിച്ച് വസ്തുതനിഷ്ഠവു്, സമഗ്രവും, സൂക്ഷ്മവുമായ പരിശീലനവും ബോധവൽക്കരണവും നല്കണം. ഈ പരിശീലനത്തിൽ ഉൽപ്പന്നങ്ങളുടെ 'വിപണനത്തിന്റെ രീതിയും, ശാസ്ത്രവും' ഉൾപ്പെടുത്തണം.

3. തൊഴിലധിഷ്ഠിതമല്ലാത്ത വിദ്യാഭ്യാസ സമ്പ്രാദയത്തിന്റേയും നമ്മുടേതല്ലാത്ത ഒരു ഗതകാലസംസ്കാരത്തിന്റേയും സംഭാവനയാണ് ഇന്ന് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന പൊതുവായ തൊഴിൽ സംസ്ക്കാരം. ആർക്കും ഗുണം ചെയ്യാത്ത ഈ സംസ്കാരത്തോട് അതർഹിക്കുന്ന അവജ്ഞയും അവമതിപ്പും ഉണ്ടാകുന്ന തരത്തിലുള്ള ശക്തമായ പ്രചരണപരിപാടി സംഘടിപ്പിക്കണം. എല്ലാതൊഴിലിനും മഹത്വം കാണുന്ന നമ്മുടെ നാടിന്റെ തനതയായ തൊഴിൽ സംസ്കാരത്തെ ഉത്തേജിപ്പിച്ചെടുക്കണം.

4. സർക്കാർ വകുപ്പുകളിൽ നിലനിൽക്കുന്ന ദ്രോഹകരമായ, ദുഷിച്ച സംവിധാനത്തിലേക്ക് പുത്തൻ തൊഴിൽ സംരഭകനായ ഒരു വ്യക്തിയെ തള്ളിവിട്ടാൽ അയാൾ ആകെ തളർന്ന് പോകും. അതുകൊണ്ട് വ്യാവസായിക സംരംഭങ്ങളുടെ നടത്തിപ്പിനാവശ്യമായ സർക്കാർ സഹായങ്ങൾ എത്തിച്ചു കൊടുക്കുന്ന ബാദ്ധ്യത പഞ്ചായത്ത് തലത്തിൽ ഉണ്ടാകുന്ന വ്യാവസായ വികസനസമിതി ഏറ്റെടുക്കണം. വികസനസമിതി ഒരു ജനകീയ സംവിധാനമായതു കൊണ്ട് ശക്തമായ നീക്കങ്ങൾ നടത്താൻ സാധിക്കും.

5. ധനകാര്യസ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കുന്നതിനും അവരുടെ സഹായം വ്യവസായസംരംഭങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വവും വ്യവസായ വികസനസമിതി ഏറ്റെടുക്കണം.

6. ജനകീയ ഇടപ്പെടലുകളിലൂടെ വ്യവസായ സംരംഭകരും തൊഴിലാളികളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താം.

7. വ്യവസായ വികസന സമിതി പ്രദേശത്തെ ഗൾഫ് ജോലിക്കാരുമായി ബന്ധപ്പെട്ട് അവരുടെ പണത്തെ പ്രത്യുൽപാദനപരമായി ചെലവാക്കുന്നതിനു വേണ്ട പ്രേരണയും, നിർദ്ദേശവും സഹായവും നൽകണം. ആത്മാർത്ഥമായ ജനകീയ സഹായമുണ്ടെന്നു കണ്ടാൽ പലരും പണം മുടക്കാൻ തയ്യാറാകും.

മുകളിൽ പറഞ്ഞ വ്യവസായ വികസനസമിതി അടിയന്തിരമായി ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സമിതിയിൽ ജനപ്രതിനിധികൾ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ ഇവരെല്ലാം അംഗങ്ങളായിരിക്കണം. പുത്തൻ വ്യവാസയ സംരംഭകരെ പരിശീലിപ്പിക്കുന്നതു തുടങ്ങിയുള്ള മേൽനോട്ടവും നിലനില്ക്കുന്ന വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങളും ഈ സമിതി നടത്തണം. വ്യാവസായിക രംഗത്ത് ഇങ്ങനെ സർവ്വ സജ്ജമാകുന്ന നമ്മുടെ പഞ്ചായത്തിൽ നടത്താൻ സാധിക്കുന്ന ചില വ്യവസായസംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

## 1. ഗവൺമെന്റ് ബോട്ട് ബിൽഡിംഗ് വർക്ഷാപ്പ്

1956 - ൽ ഇന്ത്യോ നോർവീജിയിൽ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ബോട്ട് ബിൽഡിംഗ് യാർഡ് വർക്ഷോപ്പ്. ഒരു അസി. എക്സി. എൻജിനിയരുടെ മേൽനോട്ടത്തിൽ 150 ജീവനക്കാർ പണിയെടുത്തിരുന്ന ഈ സ്ഥാപനത്തിൽ ഇന്ത്യോ നോർവീജിയൻ പ്രോജക്ട് സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന ബോട്ടുകളുടെ ബോഡി നിർമ്മാണവും സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന്റ യാത്രാബോട്ടുകളുടെ ബോഡിനിർമ്മാണവും ആണ് നടന്നു കൊണ്ടിരുന്നത്. ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിച്ചു കൊണ്ടിരുന്നതാണ്. 1966-ൽ സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഈ സ്ഥാപനം ഏറ്റെടുത്തതോടെ അതിന്റെ ശനിദശ ആരംഭിച്ചു. സ്റ്റാഫിന്റെ എണ്ണം 12 ആയി ചുരുങ്ങി. ഇവരിൽ മൂന്നു പേർ ഒഴികെ ബാക്കിയുള്ളവരും താമസിയാതെ റിട്ടയർ ചെയ്യും. പുറം പോക്കായി പതിച്ചു കിട്ടിയ 36 സെന്റ് കായൽ കൂടാതെ ഒന്നര ഏക്കറോളം വരുന്ന വസ്തുവിൽ രണ്ട് കോടി രൂപയ്ക്ക് മേൽ വില വരുന്ന യന്ത്രസാമഗ്രികളും കെട്ടിടങ്ങളും യാതൊരു പ്രവർത്തനങ്ങളുമില്ലാത്തതിനാൽ തുരുമ്പ് എടുത്തും അല്ലാതേയും നശിച്ചു കൊണ്ടിരിക്കുന്നു 91-92- ൽ വാങ്ങിയ 28 ലക്ഷം രൂപയുടെ തേക്കിൻ തടികൾ 30 ലക്ഷം രൂപയ്ക്കുള്ള ചെമ്പ് അലുമിനിയം തകിടുകൾ, സ്റ്റോർ മെറ്റീരിയലുകൾ എല്ലാം നെടുനാളത്തെ വിശ്രമത്തിലാണ്. 1990-ൽ SWTD വക ഒരു യാത്രാബോട്ടിന് ബോഡി നിർമ്മിച്ച ശേഷം ഈ സ്ഥാപനത്തിലെ യന്ത്രങ്ങൾ ചലിച്ചിട്ടില്ല. സർക്കാർ സംരംഭങ്ങളുടെ കെടുകാര്യസ്ഥതയുടെ ഉത്തമുദാഹരണമായി ഏതാണ്ട് 10 കോടിയോളം രൂപാ വിലവരുന്ന പൊതുസ്വത്ത് ആർക്കും പ്രയോജനം ഇല്ലാതെ നിശ്ചലമായി നശിച്ചു കൊണ്ടിരിക്കുന്നു. ഇതേ അവസരത്തിൽ തന്നെ ശക്തികുളങ്ങര കല്ലുംപുറം മുതൽ കൈതവാരംവരേയും തുരുത്തുകളിലുമായി ഏതാണ്ട് 20 ലധികം സ്വകാര്യബോട്ട് ബിൽഡിംഗ് യാഡുകൾ ലാഭകരമായി പ്രവർത്തിക്കുന്നു.

ഈ സർക്കാർ സ്ഥാപനം അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം. ഒരു കാരണവശാലും ഇനിയിത് സർക്കാർ ഏജൻസികളുടെ നീരാളി പിടുത്തത്തിലേക്ക് വിട്ടുകൊടുക്കരുത്. ഈ സ്ഥാപനം ഈപ്രദേശത്തിന്റെ സ്വത്താണ്. ഈ രംഗത്ത് സാങ്കേതിക പരിശീലനമുള്ളവർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരേയും മറ്റ് കിട്ടാവുന്ന സാങ്കേതിക വിദഗ്ദ്ധരേയും ഒക്കെ ചേർത്ത് ഒരു സഹകരണസംഘം ഉണ്ടാക്കി ലാഭകരമായി ബോർട്ട് ബിൽഡിംഗ് വർക്ക് ഷോപ്പ് നടത്തണം. ഇതു 150 പേർക്കെങ്കിലും പുതുതായി തൊഴിലവസരമുണ്ടാകും.

## 2. മത്സ്യവസ്റ്റ് സംസ്ക്കരണ യൂണിറ്റ്.

മത്സ്യബന്ധനബോട്ടുകൾ ഇപ്പോൾ ദിനം പ്രതി ടൺ കണക്കിന് മത്സ്യവേസ്റ്റ് കരയ്ക്കെത്തിക്കുന്നുണ്ട്. കൂടാതെ ക്വിന്റൽ കണക്കിന് കക്കയും കായലിൽ നിന്നും വാരി എടുക്കുന്നുണ്ട്. ഇവ തമിഴ്നാട്ടിലെ ചില

കേന്ദ്രങ്ങളിൽ കൊണ്ടു പോയി സംസ്കരിച്ച ഉല്പന്നങ്ങൾ ഉണ്ടാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഫിഷ്മീൽ, കോഴിത്തീറ്റ, കാലിത്തീറ്റ മുതലായ ഉല്പന്നങ്ങളാണ് മത്സ്യവേസ്റ്റിൽ നിന്ന് ഉണ്ടാക്കുന്നത്. ഈ പ്രദേശത്തു തന്നെ ഇവ സംസ്കരിച്ച് ഉല്പന്നങ്ങളാക്കുന്ന ഒരു യൂണിറ്റ് വളരെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും. ശക്തികുളങ്ങര പോർട്ടിന്റെ പടിഞ്ഞാററും പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള സ്ഥലത്ത് ഇത് സ്ഥാപിച്ചാൽ പരിസരമലനീകരണം പരമാവധി ഒഴിവാക്കാനും സാധിക്കും. 30 പേർക്കെങ്കിലും ഇതുമൂലം പുതിയ തൊഴിലവസരമുണ്ടാകും.

### 3. കുമ്മായ അധിഷ്ഠിതവാൾ പെയിന്റ് നിർമ്മാണം.

ഈ പ്രദേശത്തെ തൊഴിലാളികൾ അഷ്ടമുടിക്കായലിൽ നിന്നും ദിനം പ്രതിവാരിയെടുക്കുന്ന കിന്റൽ കണക്കിന് കക്ക ഓട്ടി ഇന്ന് തമിഴ്നാട്ടിലേക്ക് ശേഖരിച്ച് കൊണ്ടു പോകുകയാണ് ചെയ്യുന്നത്. ഇവിടെ വാരിയെടുക്കുന്ന കക്ക ഇവിടെത്തന്നെ സംസ്കരിച്ച് വാൾ പൗഡർ പെയിന്റ് നിർമ്മാണശാല കുരീപ്പുഴ ഭാഗത്ത് കായൽവാരം ചേർന്ന് സ്ഥാപിച്ചാൽ വളരെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും. ഇരുപത്തിഞ്ച് പേർക്കെങ്കിലും പുതിയ തൊഴിലവസരമുണ്ടാകും

### 4. വാസന ചുണ്ണാമ്പ്.

കക്ക സംസ്കരിച്ച് ചുണ്ണാമ്പ് ഉണ്ടാക്കുന്ന പഴയ രീതിയുടെ ഒരു പരിഷ്ക്കരിച്ച സമ്പ്രദായത്തിലൂടെയാണ് വാസന ചുണ്ണാമ്പ് നിർമ്മിക്കുന്നത്. വളരെ ലഘുവായ ഒരു നിർമ്മാണ രീതി ആയതുകൊണ്ട് കുടുംബയൂണിറ്റുകളായി വാസന ചുണ്ണാമ്പ് നിർമ്മാണം നടത്താൻ സാധിക്കും. കക്കായുടെ ലഭ്യത സാമ്പത്തിക ലാഭം ഉറപ്പ് വരുത്തുന്നു.

### 5. പപ്പായിൻ

ഈ പഞ്ചായത്ത് പ്രദേശത്തും സമീപപ്രദേശങ്ങളിലും ധാരാളമായി വളരുന്നതും വളർത്താൻ സാധ്യതയുള്ളതുമാണ് പപ്പായ Mount Layering എന്ന പ്രക്രിയയിലൂടെ വികസിപ്പിച്ച് എടുക്കുന്ന പപ്പായ തൈകൾ കർഷകർക്ക് വിതരണം ചെയ്താൽ ഒന്നര വർഷത്തിനകം വമ്പിച്ച ഒരു പപ്പായ ഉല്പാദനമേഖലയായി ഈ പ്രദേശം മാറും. പപ്പായയിൽ നിന്നും വേർതിരിച്ചെടുക്കുന്ന കറയിൽ നിന്നാണ് പപ്പായിൽ ഉല്പാദിപ്പിക്കുന്നത്. വ്യവസായ ഉല്പന്നഅസംസ്കൃത സാധനമായ തിനാൽ ഇത് അധിഷ്ഠിതമാക്കി ഒരു യൂണിറ്റ് ഈ പ്രദേശത്ത് സ്ഥാപിക്കാൻ ഉള്ള എല്ലാ സാധ്യതകളുമുണ്ട്.

### 6. റെഡിമെയിഡ് വസ്ത്രനിർമ്മാണം.

റെഡിമെയ്ഡ് വസ്ത്രധാരണരീതി സാർവ്വത്രികമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കുത്തകക്കാർ റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്തേക്ക് കടന്നു വന്നു കൊണ്ടിരിക്കുന്നു. ഈ ഗ്രാമപ്രദേശത്ത് തയ്യൽ ജോലി പരിശീലിച്ചിട്ടുള്ള ധാരാളം ആളുകളുണ്ട്. ഈ സാഹചര്യത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ, നിറ്റിംഗ് ഇനങ്ങൾ, കിഡ്സ് വെയർ, അണ്ടർഗാർമെന്റ്സ്, എംബ്രോയിഡറി ഇനങ്ങൾ എന്നിവ തയ്ച്ച് ഉണ്ടാക്കി വിപണനം നടത്തുന്ന നാല് ചെറുകിട യൂണിറ്റുകൾ ഇവിടെ വിജയകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും.

### 7. നോട്ട് ബുക്ക് ഓഫീസ് സ്റ്റേഷനറി നിർമ്മാണം.

നോട്ട് ബുക്കുകൾ ഉണ്ടാക്കുന്നതിന് വേണ്ട യന്ത്രസമാഗ്രികൾ വള്ളിക്കീഴ്, കാവനാട് ഗവൺമെന്റ് സ്കൂളുകളിൽ ദീർഘനാളുകളായി ഉപയോഗമില്ലാതെ കിടക്കുയാണ്. ഈ രംഗത്ത് പരിശീലനം സിദ്ധിച്ചവരും പരിശീലനം ഇല്ലാത്ത താല്പര്യമുള്ളവരും ഉണ്ട്. ഈ സാഹചര്യങ്ങളുപയോഗിച്ചു നോട്ട്ബുക്ക്, കവർ ഫയൽ മുതലായവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ലാഭകരമായി ഇവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കും. പതിമൂന്ന് സ്കൂളുകളും ചറുതും വലുതമായ കുറെ വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന ഈ പഞ്ചായത്ത് ഈ വ്യവസായത്തിന് വേണ്ട വിപണി ഒരുക്കുന്നു.

### 8. മെഴുകുതിരി

ഊർജ്ജദാരിദ്ര്യം മൂലം പവർകട്ട് നേരിടുന്ന സാഹചര്യത്തിൽ മെഴുകുതിരി എല്ലാ വീടുകളിലേയും ഒരു അത്യാവശ്യസാധനമായി മാറിയിരിക്കുന്നു. എന്നാൽ മെഴുകിന്റെ

കോട്ടവിതരണത്തിനുള്ള അപാകതകളും ഇല്ലായ്മയും ഇപ്പോൾ നിലനില്ക്കുന്ന മെഴുകുതിരി നിർമ്മാണയൂണിറ്റുകൾ പോലും നേരെ നടത്തിക്കൊണ്ടു പോകാൻ അനുവദിക്കുന്നില്ല. മെഴുകിന്റെ ലഭ്യത സർക്കാർ ഏജൻസിയിൽ നിന്നാണ്. സർക്കാരിൽ സ്വാധീനം ചെലുത്തി മെഴുകിന്റെ ലഭ്യത ഉറപ്പു വരുത്തിക്കൊണ്ട് രണ്ട് ചെറുകിട മെഴുകുതിരി നിർമ്മാണയൂണിറ്റുകൾ കൂടി ഈ ഗ്രാമത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

## 9. ഇലക്ട്രിക്കൽ ഇലക്ട്രോണിക് ഉപകരണങ്ങൾ

ആധുനിക ശാസ്ത്രയുഗത്തിൽ ഇലക്ട്രിക്കൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ പാർട്ട്സ് നിർമ്മാണവു, അസംബ്ലിംഗും വളരെ സാദ്ധ്യതയുള്ള ഒരു വ്യവസായരംഗമാണ്. ഈ പഞ്ചായത്തിൽ ഈ രംഗത്ത് തല്പരരായ ധാരാളം ചെറുപ്പക്കാർ ഉണ്ട്. ഈ സാഹചര്യങ്ങൾ സമന്വയിപ്പിച്ച് ഇത്തരം നാലു ചെറുകിട യൂണിറ്റുകൾ ഈ പ്രദേശത്ത് ലാഭകരമായി പ്രവർത്തിപ്പിക്കാം.

## 10. കറിപൗഡർ നിർമ്മാണം

റെഡിമെയ്ഡ് കറി പൗഡറുകൾ ആധുനിക സമൂഹത്തിൽ നല്ല വിപണനസാദ്ധ്യതയുണ്ട്. ഈ രംഗത്ത് പ്രത്യേക പരിശീലനം നല്കി മൂന്ന് കറി പൗഡർ നിർമ്മാണയൂണിറ്റുകൾ ഈ പഞ്ചായത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും.

## 11. കളിക്കോപ്പ് നിർമ്മാണം.

ചുരുങ്ങിയ ഉല്പാദന ചെലവും വർദ്ധിച്ച ലാഭവുമാണ് കളിക്കോപ്പ് നിർമ്മാണ രംഗത്തിന്റെ വിജയസാദ്ധ്യത. കൊല്ലം പ്രദേശത്ത് വിറ്റഴിയുന്ന കളിക്കോപ്പുകളിൽ 90%വും മറുനാടുകളിൽ നിന്നും എത്തിച്ചേരുന്നവയാണ്. മെച്ചപ്പെട്ട പരിശീലനം ഈ രംഗത്ത് നല്കിക്കൊണ്ട് ഒരു നിർമ്മാണ യൂണിറ്റ് ഇവിടെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കും.

## 12. ടൂറിസം (വട്ടക്കായൽ സ്കീം)

ശക്തികുളങ്ങര പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഉദ്ദേശം 37 ഏക്കർ വിസ്തീർണ്ണമുള്ള വട്ടക്കായലിനേയും ഇതിനെ അഷ്ടമുടിക്കായലുമായി ബന്ധിപ്പിക്കുന്ന കട്ടയ്ക്കതോടിനെയും, അഴിമുഖത്തേയും. അഷ്ടമുടിക്കായലിലെ മനോഹരങ്ങളായ പതിമൂന്ന് പച്ചതുരുത്തുകളേയും ചേർത്ത് ബൃഹത്തായ ഒരു ടൂറിസം പദ്ധതി ആസൂത്രണം ചെയ്യാം ഗുജറാത്തിലെ കാൻകേറിയ തടാകത്തിന്റെ മാതൃകയിൽ വികസിപ്പിച്ചെടുത്ത് ഇപ്പോൾ തന്നെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള തിരുമുല്ലാവാരത്തെ മൂന്ന് കിലോമീറ്റർ മാത്രം ദൂരത്തിലുള്ള വട്ടക്കായലുമായി തീരദേശ റോഡുവഴി ബന്ധിപ്പിച്ചു കൊണ്ടുള്ളൊരു പദ്ധതിക്ക് വിദേശടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിനുള്ള വമ്പിച്ച സാദ്ധ്യതയുണ്ട്. കുറഞ്ഞത് മൂന്നൂറ് പേർക്കെങ്കിലും നേരിട്ടും അനുബന്ധമായും ഈ സംരംഭത്തിലൂടെ തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയും.

മുകളിൽ വിവരിച്ച നിർദ്ദേശങ്ങൾ ഇവിടെ നിലനില്ക്കുന്ന സാഹചര്യങ്ങളും സൗകര്യങ്ങളും, ആവശ്യങ്ങളും കണക്കിലെടുത്തു കൊണ്ടുള്ളതാണ്. ഇവകളിൽ നിന്ന് വേറിട്ട പുത്തൻ വ്യവസായസംരംഭകരെ ആവശ്യമായ എല്ലാ സഹായങ്ങളും നല്കി പ്രോത്സാഹിപ്പിക്കണം. വേണ്ട സൗകര്യങ്ങൾ ഒരുക്കി പഞ്ചായത്തിൽ രൂപീകരിക്കപ്പെടുന്ന വ്യവസായ വികസനസമിതി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തണം.

## നാടൻ പലഹാരങ്ങൾ

ഐ.ആർ.ഡി.പി. വരുമാന പരിധിയിൽ വരുന്നതും അല്ലാത്തതുമായ കുടുംബങ്ങളെ കണ്ടെത്തി അഭിരുചിക്കനുസരിച്ച് കുറഞ്ഞത് 3 മുതൽ 5 വരെ തൊഴിൽ രഹിതരുള്ള കുടുംബങ്ങളെ തെരെഞ്ഞെടുത്താൽ നാടൻ പലഹാരങ്ങളും, ചിപ്പ്സ്, ഹൽവ, മറ്റു ബേക്കറി ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിന് വിജയ സാദ്ധ്യത വലുതാണ്. ഒരു വാർഡിൽ കുറഞ്ഞത് 2 കുടുംബങ്ങളെ വീതം 15 വാർഡുകളിലായി 30 യൂണിറ്റുകൾ പ്രാവർത്തികമാക്കാം. ഉൽപ്പന്നങ്ങളുടെ ഇനങ്ങൾ ക്രമപ്പെടുത്തിയാൽ മതിയാകും. ഇതുവഴി പഞ്ചായത്തിൽ കുറഞ്ഞത് 90 പേർക്ക് സ്വയം തൊഴിൽ പ്രത്യക്ഷമായും വിപണന മേഖലയിൽ 10 പേർക്കും തൊഴിൽ കണ്ടെത്താനാവും.

## സ്നേഹമതിൽ റെഡിമെയ്ഡ് സിമന്റ് കോൺക്രീറ്റ് സാമഗ്രികളുടെ നിർമ്മാണം

കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റുകൾ, ഹോളോബ്രിക്സ്, റെഡിമെയ്ഡ് സ്നേഹമതിലുകൾ, പൂച്ചട്ടികൾ, കിണർ തൊടികൾ, ആസ്ബെസ്റ്റോസ് പൈപ്പുകൾ, സിമന്റ് ഹാന്റ് റെയിൽസ് ആന്റ് സപ്പോർട്ടുകൾ, സിമന്റ് കോൺക്രീറ്റ് കട്ടള-ജനലുകൾ എന്നിവ സംയുക്തമായി നിർമ്മിച്ച് വിതരണം ചെയ്യുന്ന കുറഞ്ഞത് 2 ഫുൾഫ്ലെഡ്ജ്ഡ് യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ യുവാക്കളെ ഉൾപ്പെടുത്തി പ്രവർത്തനം പുതുതായി ആരംഭിക്കാവുന്നതാണ്.

## അടയ്ക്കാ സംസ്ക്കരണം

കർഷകർ ഉൽപ്പാദിപ്പിക്കുന്ന അടയ്ക്കകൾ ശേഖരിക്കുന്നതിലും മറ്റും ചിട്ടവരുത്തി അടയ്ക്കാ സംസ്ക്കരിച്ച് സുഗന്ധപ്പാക്കും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും വികസിപ്പിച്ചെടുക്കുന്ന കുറഞ്ഞത് ആറ് യൂണിറ്റുകളെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. ആയതിൽ സ്ത്രീകളുൾപ്പെടെ കുറഞ്ഞത് 70 തൊഴിലാളികൾക്ക് പ്രത്യക്ഷമായി തൊഴിൽ നൽകാൻ കഴിയുന്നതാണ്. കുടുംബ യൂണിറ്റുകളായി സംവിധാനം ചെയ്ത് നടപ്പാക്കിയാൽ വിജയസാദ്ധ്യത ഏറുകയും ചെയ്യും. ഇതിനാവശ്യമായ പരിശീലനവും പ്രാഥമിക വിലയിരുത്തലുകളും ആവശ്യമാണെന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

## നാളീകേര സംസ്ക്കരണവും അനുബന്ധമായി കണ്ടെത്താവുന്നതുമായ വ്യവസായങ്ങളും

നാളീകേരത്തിന്റെ ഉൽപ്പാദനം ഇന്ന് വലിയ ന്യൂനതകളും പ്രശ്നങ്ങളും നേരിട്ടുകൊണ്ടിരിക്കുന്ന വസ്തുത പൂർണ്ണമായും ഉൾക്കൊള്ളുന്നു. എന്നുവരികിലും ശാസ്ത്രീയവും സമഗ്രവും പ്രായോഗികവുമായ തെങ്ങുകൃഷി പ്രോൽസാഹനത്തിലൂടെ നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആസൂത്രണ പ്രക്രിയ വഴി കഴിയുന്നതേയുള്ളൂ. അത്തരത്തിൽ ഉൽപ്പാദന വർധന ലക്ഷ്യപ്രാപ്തിയിലെത്തുംവരെ നമ്മുടെ ആഭ്യന്തര ഉപയോഗത്തിനുശേഷം മിച്ചമുള്ള നാളീകേരവും സമീപ പഞ്ചായത്തുകളിൽ നിന്ന് ശേഖരിക്കാവുന്ന നാളീകേരവും സമാഹരിച്ച് മെച്ചമാർന്ന ഒരു നാളീകേര സംസ്ക്കരണ-വെളിച്ചെണ്ണ ഉൽപ്പാദന കമ്പനി സഹകരണ മേഖലയിൽ നമ്മുടെ പ്രദേസത്ത് ആരംഭിക്കാം. ബോംബെ ആസ്ഥാനമായി ബ്രാന്റഡ് വെളിച്ചെണ്ണകൾ ബോട്ടിൽ ചെയ്ത് കേരളത്തിലെ കമ്പോളത്തിൽ വിറ്റഴിക്കപ്പെടുന്ന സമ്പ്രദായം മുന്നിൽ കാണുക.

കൂടാതെ പച്ച നാളീകേര സംസ്ക്കരണത്തിലൂടെ ആധുനിക മാർക്കറ്റിൽ വിപണന സാദ്ധ്യതയുള്ള ഇളനീർ ബോട്ട്ലിംഗ്, തേങ്ങാപ്പാൽ, നാളീകേരപ്പൊടി, ചട്ണി പൗഡർ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്ന ഒരു നല്ല യൂണിറ്റ് നമ്മുടെ പഞ്ചായത്തിലാരംഭിക്കുന്നതിനുള്ള സാദ്ധ്യത കുറവല്ല. വിജയ പ്രതീക്ഷയും ജനസാമാന്യത്തിന്റെ മാറിവരുന്ന റെഡിമെയ്ഡ് പാക്ക്സ് ഫുഡിനോടുള്ള ആഭിമുഖ്യവും ചിന്തിക്കുമ്പോൾ അസ്ഥാനത്തല്ല. പച്ചക്കറി പഴവർഗ്ഗ കൃഷി പ്രോൽസാഹിപ്പിച്ച് ടിൻ ചെയ്യുന്ന പഴവർഗ്ഗ പച്ചക്കറി സംസ്കൃത ഉൽപ്പന്ന നിർമ്മാണവും മേൽപ്പറഞ്ഞ യൂണിറ്റിനോട് യോജിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

## ചിരട്ട സംസ്ക്കരണം

നാളീകേരത്തിന്റെ ഉപോൽപ്പന്നമായ ചിരട്ട ഇന്ന് പല ആധുനിക വ്യാവസായിക ഉൽപ്പന്നങ്ങൾക്കും ഒരസംസ്കൃത സാധനമാണ്. ഉദാ. സൺമൈക്ക, പ്ലാസ്റ്റിക് ബക്കറ്റ്, മഗ്ഗ്, തുടങ്ങിയ ഉൽപ്പന്നങ്ങൾ, കൊതുകുതിരി എന്നിവ. ഇത്തരം ഫാക്ടറികൾക്ക് വൻതോതിൽ ചിരട്ട ശേഖരിച്ചു കൊണ്ടുപോയി പൊടിച്ച് നൽകുന്നത് മറുനാട്ടുകാരാണ്. ഇതിനായി ഒരിടത്തരം ഫാക്ടറി നമ്മുടെ നാട്ടിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതുപോലെ തന്നെ ചിരട്ടക്കരിയും പല ഉൽപ്പന്നങ്ങൾക്കും ഒരസംസ്കൃത പദാർത്ഥമാണ്. ഈ വിഷയവും തെരെഞ്ഞെടുക്കാവുന്ന മറ്റൊരു സംരംഭമാണ് എന്നതിലുപരി ഇവകൊണ്ട് നിർമ്മിക്കാവുന്ന ഉൽപ്പന്ന(Finished Products) ങ്ങളെക്കുറിച്ച് നമുക്കാലോചിക്കാവുന്നതാണ്.

## പച്ച ഈർക്കിൽ വിപണനം

തെങ്ങോലകളിൽ നിന്നെടുക്കുന്ന ഈർക്കിൽ ഇന്ന് കേരളത്തിന്റെ അതിർത്തി ഗ്രാമങ്ങളിൽ നിന്ന് വൻതോതിൽ ഉത്തരേന്ത്യൻ നാടുകളിലേക്ക് കയറ്റി അയയ്ക്കപ്പെടുന്നുണ്ട്. ഈർക്കിൽ ചൂലിന് പട്ടണപ്രദേശങ്ങളിലുള്ള വൻ ഡിമാന്റും നാം മുന്നിൽ കണ്ടുകൊണ്ട് ഇത് ഒരു തൊഴിൽ സമ്പാദനമാർഗ്ഗമാക്കേണ്ടിയിരിക്കുന്നു.

# ഊർജ്ജം, ഗതാഗതം

## ഉർജ്ജം

ആദിയിൽ നാദമുണ്ടായി. നാദം ശക്തിയാണ്. ശക്തി ഊർജ്ജമാണ്. ഊർജ്ജം വരദാനമാണ്. ഇത് പ്രകൃതിയിൽ ലീനമാണ്. സ്രോതസ്സുകൾ കണ്ടെത്തലാണ് മനുഷ്യന്റെ ജോലി. ജലം, ഖനിജങ്ങൾ, വൃക്ഷങ്ങൾ, കാറ്റ്, സൂര്യൻ ഇവയാണ് നാം കണ്ടെത്തിയിട്ടുള്ള ഊർജ്ജ സ്രോതസ്സുകൾ ഇവയിൽ ജലമാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതും, സാധ്യതയേറിയതും. മനുഷ്യന് സ്വയത്തമായിട്ടുള്ള ഊർജ്ജോത്പാദന സാങ്കേതിക വിദ്യകളിൽ ഏറ്റവും ചിലവ് കുറഞ്ഞത് ജലസ്രോതസ് ഉപയോഗിച്ചുള്ള വൈദ്യുതോർജ്ജ ഉൽപ്പാദനമാണ്. നമ്മുടെ സഹ്യാദ്രിസാനുക്കളിൽ നിന്ന് ഒഴുകി വീഴുന്ന നദികൾ വൈദ്യുതിയുടെ വറ്റാത്ത ഉറവിടങ്ങളാണ്. ഈ സാധ്യതയിൽ 30% മാത്രമേ നമ്മൾ ചൂക്ഷണം ചെയ്യുന്നുള്ളു. കാരണങ്ങൾ പലതാണ്. ഫലമോ വിപുലമായ ഈ സാധ്യതകൾ നിലനിൽക്കേ നമ്മൾ രൂക്ഷമായ വൈദ്യുതി ക്ഷാമത്തെ നേരിടുന്നു. ഒൻപതാം പദ്ധതിയിൽ വൈദ്യുതി രംഗത്തിന് വർദ്ധിച്ച പ്രാധാന്യം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

ഖനിജോർജ്ജ സ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുകയാണ്. വറ്റാത്ത അളവില്ലാത്ത ഊർജ്ജ ഉറവിടമായ സൂര്യനിലേക്ക് ശാസ്ത്രശദ്ധ പതിയുന്നുണ്ട്. നാളത്തെ ലോകം സൂര്യനെ ഊർജ്ജ കേന്ദ്രമാക്കിക്കൊണ്ടുള്ള പ്രവർത്തനത്തിന്റേതായിരിക്കും. സൂര്യപ്രകാ ശത്തിൽ നിന്ന് താപവും വൈദ്യുതിയും നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ ഇന്ന് ലഭ്യമാണ്. എന്നാൽ മറ്റ് ഗവേഷണങ്ങളെപ്പോലെ തന്നെ ഈ രംഗത്തും പ്രാരംഭ ചെലവുകളുടെ അതിഭാരം കാരണം ഉപഭോക്താക്കൾക്കുള്ള ചെലവ് വളരെകൂടുതലാകുന്നു.

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഊർജ്ജ ദായകങ്ങൾ, വൈദ്യുതി വിറക്, മണ്ണെണ്ണ, ഗ്യാസ്, പെട്രോൾ, ഡീസൽ എന്നിവയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വൈദ്യുതി തന്നെ.

## വൈദ്യുതി

ഇരുട്ടുമൂടിക്കിടന്ന പാതയോരങ്ങൾ ഇന്ന് പ്രകാശപൂരിതമായിരിക്കുന്നു. വെളിച്ചം ഈ പഞ്ചായത്തിലെ വൈദ്യുതിയില്ലാത്ത ഒരോ ഭവനങ്ങളിലെക്കും ഊടുവഴികളിലേക്കും കയറിചെല്ലുന്ന നാളുകൾ അതിവിദൂരത്തല്ല.

വൈദ്യുതിയുടെ ഉപയോഗത്തിൽ വളരെ മുന്നിൽ നിൽക്കുന്ന ഒരു പ്രദേശമാണ് ഇത്. 1950കളിലാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ബന്ധം സ്ഥാപിച്ചത്. 1996 ആയപ്പോഴേക്കും അത് 9600 ഉപഭോക്താക്കളിൽ എത്തിനിൽക്കുന്നു. ഈ പഞ്ചായത്തിൽ ഇവിടുത്തേക്ക് മാത്രമായി പ്രവർത്തിക്കുന്ന ഒരു മേജർ സെക്ഷൻ ഓഫീസ് ഉണ്ട്. ഒരു 110 കെ. വി. സബ്സ്റ്റേഷനും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 11 കെ. വി. ലൈൻ കടന്നുപോകാത്ത വാർഡുകളില്ല. കുരീപ്പുഴ സി. (വാർഡ് 10) വാർഡിന്റെ കുറേ ഭാഗങ്ങൾ തങ്കശ്ശേരി മേജർ സെക്ഷനുമായി ബന്ധപ്പെടുത്തിയിരുക്കുന്നു.

ശക്തികുളങ്ങര പഞ്ചായത്തിലെ 96% വീടുകളും വൈദ്യുതുകരിച്ചതാണ്. എല്ലാ കോളനിയിലേക്കും വൈദ്യുതി എത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ പഞ്ചായത്ത് റോഡുകളിലൂടെയും വൈദ്യുതി കടന്നു പോകുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർഷം തോറും ഈ പ്രദേശത്ത് വൈദ്യുതിയുടെ ഉപയോഗത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ശക്തികുളങ്ങര പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വൈദ്യുതി ഉപയോഗത്തിന്റെ സ്ഥിതിവിവര കണക്കുകൾ (അടിസ്ഥാനം ദ്വിതീയ വിവരശേഖരണം)

ആകെ വൈദ്യുതി ലൈൻ - 57.99 K.M.

ഒരു മാസത്തിൽ ഉപയോഗിക്കുന്ന ശരാശരി വൈദ്യുതിയുടെ അളവ് - 10,43 400 യൂണിറ്റ്

പ്രതിമാസം വൈദ്യുതിയുടെ വിലായായി പിരിച്ചെടുക്കുന്ന ശരാശരി തുക -1318000 രൂപ

നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം

| | |
|---|---|
| വ്യാവസായിക ഉപഭോക്താക്കൾ | 195 |
| കമേഴ്സ്യൽ ഉപഭോക്താക്കൾ | 9 |
| ചെറുകിട വ്യവസായിക ഉപഭോക്താക്കൾ | 1100 |
| ഗാർഹിക ഉപഭോക്താക്കൾ | 8296 |
| ആകെ | 9600 |

പഞ്ചായത്തുവക വഴിവിളക്കുകളുടെ എണ്ണം

| | |
|---|---|
| സോഡിയം വേപ്പർ ലാമ്പ് | 30 |
| ട്യൂബ് ലൈറ്റുകൾ | 671 |
| ബൾബ് | 591 |
| ആകെ | 1292 |

പഞ്ചായത്ത് അടയ്ക്കുന്ന വൈദ്യുത ചാർജ്ജ് (പ്രതിവർഷത്തേത്) 351308 രൂപ

വൈദ്യുതിയുടെ ലഭ്യതയുടെ കാര്യത്തിൽ കുറെ മെച്ചങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും കുറേയേറെ പോരായ്മകൾ ഈ രംഗത്ത് നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റേതായി 30 സോഡിയം വേപ്പർ ലാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ്. അന്വേഷണത്തിൽ വളരെ കുറച്ച് മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ.

   671 ട്യൂബ് ലൈറ്റുകൾ ഉണ്ടെന്ന് കണക്ക്. അത്രയും പ്രകാശിക്കുന്നില്ല.

   591 ബൾബുകൾ ഉണ്ടെന്ന് കണക്ക് ഒരു ബൾബ് ഇട്ടാൽ രണ്ടാഴ്ചയിൽ കൂടുതൽ കത്താറില്ല.

2. വൈദ്യുതിയുടെ വിതരണത്തിൽ പഞ്ചായത്തിലെ കന്നിമേൽ ബി. സി. ഡി. ഇ. വാർഡുകളിലും ശക്തികുളങ്ങര ബി. സി. വാർഡുകളിലും വമ്പിച്ച തോതിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

3. ചില പഞ്ചായത്ത് വാർഡുകളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളുണ്ട്.

4. വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കുന്ന തരത്തിൽ ആർഭാട ഇലക്ട്രിക് ഉപകരണങ്ങൾ ഗാർഹിക ആവശ്യത്തിനായി അനിയന്ത്രിതമായി ഉപയോഗിക്കുന്നുണ്ട്. കല്യാണ ആവശ്യങ്ങൾക്കും, ഉത്സവങ്ങൾക്കും മറ്റു പല ആഘോഷങ്ങൾക്കും വൈദ്യുതി ഉപയോഗിച്ചുള്ള ദീപാലങ്കാരങ്ങൾ വർദ്ധിച്ചുവരുന്നു.

5. വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ സേവനം പര്യാപ്തമാം വണ്ണം ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല. പരാതികൾ ഏറെയാണ്.

6. പുതിയ കണക്ഷൻ ലഭിക്കുന്നതിന് കാലതാമസവും ബുദ്ധിമുട്ടുകളും നേരിടുന്നു.

7. 110 കെ. വി. സബ്സ്റ്റേഷനുകൾ ഉണ്ടായിട്ടുപോലും വേണ്ടത്ര വോൾട്ടേജ് പഞ്ചായത്തിൽ ലഭ്യമല്ല.

## പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമത്തിന്റെ അപാകത പരിഹരിക്കാൻ നാല് മീറ്ററിൽകൂടുതൽ വീതിയുള്ള പഞ്ചായത്തു റോഡിലൂടെ ത്രീഫേയ്സ് ലൈൻ വലിക്കണം. ഇതോടൊപ്പം ആവശ്യമായ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വൈദ്യുത പ്രസരണ ശക്തി കൂട്ടണം.

2. പഞ്ചായത്തിൽ നിന്നും വൈദ്യുതിക്ക് വേണ്ടി വിനിയോഗിക്കുന്ന തുകയ്ക്ക് അനുസരിച്ചുള്ള പ്രയോജനം ലഭിക്കുന്നില്ല. കണക്കുൾ അനുസരിച്ച് 1292 ലൈറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ പലതും ഇന്ന് കാണാൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ച് പഞ്ചായത്തിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള ലൈറ്റുകൾ കണ്ടെത്തി അത് പുനസ്ഥാപിക്കാൻ വേണ്ടി

ഇലക്ട്രിസിറ്റി അധികൃതരും പ്രാദേശിക ഭരണ സംവിധാനവും ചേർന്ന് സംയുക്ത പരിശോധന നടത്തണം. ബോർഡ് ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും ചേർന്ന ഒരു സ്ഥിരം സമിതി ഈ പഞ്ചായത്തിൽ രൂപീകരിക്കണം. എല്ലാ മാസവും ഒരു പ്രത്യേക ദിവസം ഈ സമിതി ചേർന്ന് ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്.

3. എല്ലാ ഗ്രാമസഭകളിലും ലൈറ്റില്ലാത്ത വഴികളുടെയും കത്താത്ത വഴിവിളക്കുകളുടെയും പ്രശ്നം കൂടുതലായി ചർച്ച ചെയ്യപ്പെട്ടു. ഓരോ വാർഡിലും 15 ട്യൂബുകൾ പുതുതായി സ്ഥാപിച്ച് ഈ രംഗത്തെ അപാകത പരിഹരിക്കാം.

4. സ്ട്രീറ്റ് ലൈറ്റുകൾ സൗജന്യമായി സ്ഥാപിക്കുവാൻ പല വ്യക്തികളും സ്ഥാപനങ്ങളും മുന്നോട്ട് വന്നിട്ടുണ്ട്. ഈ സഹായ വാഗ്ദാനം ഉറപ്പുവരുത്തുവാൻ നിയമത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തണം.

5 വൈദ്യുതി ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി എടുക്കണം. അമിതമായ വൈദ്യുത ഉപയോഗം തടയാൻ വേണ്ട നിയമം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ചുമതല പ്രാദേശിക ഭരണ സംവിധാനങ്ങൾ ഏറ്റെടുക്കണം.

6. ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും അലങ്കാരത്തിനുമായി വൈദ്യുതി ഉപയോഗിക്കുന്നതിന് ഒരു പരിധി ഉണ്ടാക്കേണ്ടിയിരിക്കുന്നു. വൈദ്യുതി ക്ഷാമം രൂക്ഷമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ആർഭാടം ഒഴിവാക്കുന്നതിനുള്ള ബോധവൽക്കരണമാണ് ആവശ്യം .

7. ഗാർഹിക ആവശ്യത്തിനായുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ അമിത ഉപയോഗമാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണാൻ കഴിയുന്നത്. വീടുകളിൽ അനിയന്ത്രിതമായ വൈദ്യുതിയുടെ ഉപയോഗം തടയാൻ നമ്മുടെ വീട്ടമ്മമാരെയും കുട്ടികളെയും ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. കുട്ടികളിൽ ഇപ്പോഴേ വൈദ്യുതിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നത് നല്ലതായിരിക്കും. വരും തലമുറകൾക്കെങ്കിലും പവർകട്ടിൽ നിന്നും മുക്തിനേടണമെങ്കിൽ അവർ ദീർഘവീക്ഷണമുള്ളവരും വരം പോലെ കിട്ടുന്ന വൈദ്യുതി പാഴാക്കാതെ വിനിയോഗം ചെയ്യുന്നവരും ആയിത്തീരണം.

8. സ്ട്രീറ്റ് മെയിൻ പിടിക്കാത്ത വഴികളിലെല്ലാം അത് പിടിച്ച് ലൈറ്റിടാനുള്ള സംവിധാനം ഉണ്ടാക്കണം.

9. ശക്തികുളങ്ങര പഞ്ചായത്തിൽ എൻ. എച്ച്. 47ന്റെ വശങ്ങളിൽ രാമൻകുളങ്ങര മുതൽ നീണ്ടകര പാലം വരെയുള്ള ഭാഗത്ത് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഇത് മൂലം രാത്രിയിലെ അപകടങ്ങൾ ഒരു അളവ് വരെ കുറയുന്നതിന് സാധിക്കും. നാഷണൽ ഹൈവേക്കാരുടെയോ, ടൂറിസം ഡിപ്പാർട്ട്മെന്റിന്റെയോ സഹായം ഇതിനായി തേടുന്നത് നന്നായിരിക്കും.

10. കുടിൽ ജ്യോതി കിട്ടാൻ അർഹതയുള്ളവർക്കെല്ലാം അത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി ഉണ്ടാക്കണം.

11. കാറ്റിൽ നിന്നും, തിരമാലകളിൽ നിന്നും കേരളത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിന് വിശാലമായ ഒരു കടൽത്തീരമുണ്ട്. ഇവിടെ ലഭ്യമാകുന്ന ഈ സൗകര്യ ഭാവി ഊർജ്ജക്ഷാമത്തെ പരിഹരിക്കാൻ ഉതകുന്ന തരത്തിൽ പ്രയോജനപ്പെടുത്താനുള്ള പഠനങ്ങൾ നടത്തുന്നത് അഭികാമ്യമായിരിക്കും.

12. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിയമങ്ങൾ സുതാര്യമാക്കണം. വൈദ്യുതി നിയമങ്ങളെപ്പറ്റി, താരീഫ് രീതികളെ പറ്റി എല്ലാം ആളുകളിൽ വിശദമായ ബോധവൽക്കരണം നടത്തണം. ഇലക്ട്രിസിറ്റി യൂസേഴ്സ് അസോസിയേഷൻ പോലുള്ള സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഇത് നടത്താൻ സാധിക്കും.

13. വൈദ്യുതി ബോർഡിന്റെയും ജീവന

ക്കാരുടെയും സേവനം ജനങ്ങൾക്ക് തൃപ്തികരമാം വണ്ണം ലഭ്യമാക്കാൻ ഈ രംഗത്ത് ജനകീയ ഇടപെടൽ അനിവാര്യമാണ്.

14. ചെറിയ സംഘങ്ങളും, തൊഴിൽ രഹിതരും തുടങ്ങുന്ന സംരംഭങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകണം.

15. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് ഫീസ് ഈടാക്കരുത്.

## പാചകവാതകം

ഈ പഞ്ചായത്ത് കൊല്ലം പട്ടണവുമായി ഏറ്റവും അടുത്ത പ്രദേശം ആയതുകൊണ്ട്.1977-1978 കാലഘട്ടം മുതൽ ഇവിടെ ചില സമ്പന്ന കുടുംബങ്ങളിൽ ഗ്യാസ് ഉപയോഗം തുടങ്ങി. കൂടുതലും ഉദ്യോഗസ്ഥരായിട്ടുള്ള കുടുംബങ്ങളാണ് ഇത് പരീക്ഷിച്ചു തുടങ്ങിയത്. ആദ്യം ഭയത്തോടെയായിരുന്നു എല്ലാവരും ഗ്യാസിനെ വീക്ഷിച്ചത്. ഇപ്പോൾ അതെല്ലാം മാറിയിട്ട് പഞ്ചായത്തിലെ 30% ആളുകൾ പാചകവാതകം ഉപയോഗിച്ച് പാചകം ചെയ്യുന്നു. തീർത്തും ഇതിനെ മാത്രം ആശ്രയിക്കുന്നവർ1% മാത്രമേ ഉള്ളു. എന്നാൽ ഇപ്പോഴും സർക്കാരിന്റെ ചുവപ്പുനാടയിൽ കുരുങ്ങികിടക്കുകയാണ് ഇവിടുത്തെ പാചക വാതക വിതരണം. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്വതന്ത്രമായ ഒരു പാചകവാതക ഏജൻസി ഇല്ല. ഈ ദുരവസ്ഥ മാറ്റാൻ പഞ്ചായത്തിൽ രണ്ടു ഗ്യാസ് ഏജൻസികൾ എത്രയും പെട്ടെന്ന് തുടങ്ങേണ്ടിയിരിക്കുന്നു.

## സൗരോർജ്ജം

യാതൊരു മുതൽ മുടക്കും ഇല്ലാതെ മനുഷ്യന് നേരിട്ട് ലഭിക്കുന്ന ഊർജ്ജമാണിത്. പക്ഷേ എന്നിട്ടുപോലും, നാം അതിനെ വേണ്ട രീതിയിൽ ചൂക്ഷണം ചെയ്യുന്നില്ല. സോളാർ കുക്കറുകളും, ലൈറ്റുകളും എല്ലാം പ്രത്യേക ഏജൻസികൾ വഴി നൽകുന്നുണ്ടെങ്കിലും, നമ്മുടെ പഞ്ചായത്തിൽ അതിന് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ലഭ്യതയെപ്പറ്റിയും, അതിന്റെ പ്രയോജനങ്ങളെപ്പറ്റിയും ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. "അനാർട്ട്" എന്ന സംഘടനയുടെ ഒരു യൂണിറ്റ്, നമ്മുടെ തൊട്ടടുത്ത പഞ്ചായത്തായ നീണ്ടകരയിൽ ഉള്ളതുപോലെ, നമ്മുടെ പഞ്ചായത്തിലും തുടങ്ങണം. അതുവഴി സൗരോർജ്ജ വിളക്കുകളും, സോളാർ കുക്കറുകളും നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാർക്ക് കൂടി സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. അതിന്റെ പ്രവർത്തനങ്ങളെ പറ്റിയുള്ള ക്ലാസുകൾ സംഘടിപ്പിക്കണം. വൈദ്യുതി പ്രതിസന്ധിമൂലം "പവർകട്ട്" നേരിടുന്ന നമുക്ക് വീണ്ടും പ്രകൃതിയിലേക്ക് ഒരു തിരിച്ചുപോക്ക് നടത്തേണ്ടിയിരിക്കുന്നു.

## ബയോഗ്യാസ്

പഞ്ചായത്തിൽ ആകെ രണ്ട് ബയോഗ്യാസ് യൂണിറ്റാണ് തുടങ്ങിയത്. ഇത് പരാജയപ്പെട്ടതുമൂലം ഈ മേഖലയിലേക്ക് വരാൻ ആളുകൾ വിമുഖത കാണിക്കുന്നു. വേണ്ടത്ര സാങ്കേതികജ്ഞാനം ഇല്ലാത്തതാണോ, അതോ പ്ലാന്റ് നടത്തിപ്പിൽ വന്ന അപാകതയാണോ ഇതിനുകാരണമെന്ന് അറിവായിട്ടില്ല. പക്ഷേ ബയോഗ്യാസ് പ്ലാന്റിനുള്ള സാധ്യതകൾ ഈ പഞ്ചായത്തിൽ ഉണ്ട്. വേണ്ടത്ര മേൽനോട്ടം നൽകി ഇത് വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു.

## വിറക്

എത്രയൊക്കെ ആധുനിക വൽക്കരണം ഉണ്ടായിട്ടും, നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് 'വിറക്' ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ഒരു പാചകത്തിനെപ്പറ്റി ആലോചിക്കാനേ കഴിയില്ല. ഒരു സാധാരണ കുടുംബത്തിന് ഒരു മാസത്തെ ആവശ്യത്തിലേക്കായി 150 മുതൽ 200 രൂപ വരെ വിലയ്ക്കുള്ള വിറക് വേണ്ടിവരുന്നു. സാധാരണക്കാരന്റെ പ്രതിമാസ വരുമാനതക്തിന്റെ നല്ലൊരു ഭാഗം ഇതിനായി മാറ്റിവയ്ക്കേണ്ടിവരുന്നു. പാചകവാതകത്തിൻ്മറെ ഒരു സിലിണ്ടറിന് ഇത്രയും വില ആകില്ല എന്നിരിക്കിലും ആളുകൾ വിറകുവാങ്ങാൻ തന്നെയാണ് താത്പര്യം കാട്ടുന്നത്. ഗ്യാസിനെ ആഡംബരവസ്തുവായി കാണുന്നതുകൊണ്ടാണോ, അതോ എളുപ്പത്തിൽ ലഭ്യമാകത്തതുകണ്ടാണോ യഥാർത്ഥ കാരണമെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന കശുമാവിന്റെയും പുളിയുടേയും വിറകുകൾ ഇന്നന്യമായിരിക്കുന്നു. കിഴക്കൻ നാടുകളിൽ നിന്നുള്ള റബ്ബർ ആണ് ഇന്ന് ഇവിടുത്തെ ഭവനങ്ങളിൽ എരിയുന്നത്.

## പ്രശ്നങ്ങൾ

1. അനിയന്ത്രിതമായ ഭവനനിർമ്മാണം മൂലം വേലികളും, കുറ്റിക്കാടുകളും, കാവുകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വിറകിനുവേണ്ടി മാത്രം വളർത്തി കൊണ്ടിരുന്ന മരങ്ങൾ ഇന്ന് വളരെ ദുർലഭമാണ്.

2. ചിലവ്കുറഞ്ഞതും, പുകയില്ലാത്തതും, ദക്ഷത കൂടിയതുമായ അടുപ്പുകളുടെ ഉപയോഗം വളരെ കുറവ്.

3. പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണത്തിന്റെ കാര്യത്തിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും, അനാർട്ട് പോലുള്ള സംഘടനകളുടേയും പ്രവർത്തനം ഈ പഞ്ചായത്തിൽ വേണ്ടത്ര ലഭ്യമാകുന്നില്ല. ഇതിനായി ഒരു ഏജൻസി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

4. ചിലവു കുറഞ്ഞ അടുപ്പുകളെ ഇപ്പോഴും ജനങ്ങൾ സംശയദൃഷ്ടിയോടെയാണ് വീക്ഷികുന്നത്. ഇവയുടെ ഉപയോഗത്തെക്കുറിച്ചുള്ള അറിവ് അപര്യാപ്തവുമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള വേലിപ്പടർപ്പുകളും, കുറ്റിക്കാടുകളും, കാവുകളും, മരങ്ങളും സംരക്ഷിക്കാനും, നിലനിർത്താനും പരിശ്രമിക്കണം. വിറകിന് ഉപയോഗിക്കാൻ പറ്റുന്ന മരങ്ങൾ വച്ചുപിടിപ്പിക്കണം

2. സാമൂഹ്യ വനവൽക്കരണ പരിപാടി സ്കൂൾ തലത്തിലും പഞ്ചായത്തുതലത്തിലും സംഘടിപ്പിച്ച് നമ്മുടെ പഞ്ചായത്തിനെ വിറകിന്റെ ലഭ്യതയിലും, വൃക്ഷങ്ങളുടെ സമൃദ്ധിയിലും സ്വയം പര്യപ്തതയാക്കുക. ഇതുവഴി പരിസര മലിനീകരണം തടയാനും, ശുദ്ധവായു ലഭ്യമാക്കാനും, മഴയുടെ തോത് വർദ്ധിപ്പിക്കാനും സാധിക്കും.

3. ചിലവുകുറഞ്ഞതും ദക്ഷത കൂടിയതുമായ അടുപ്പുകൾ വ്യാപകമായി സ്ഥാപിക്കണം. അവ സ്ഥാപിക്കുന്ന ഏജൻസികളുടെ പ്രവർത്തനം വ്യാപിപ്പിച്ച് സബ്സിഡികളും മറ്റും ഏർപ്പെടുത്തി ഈ അടുപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് ആളുകൾക്ക് അറിവുകൊടുക്കണം. ഇതിനായുള്ള പദ്ധതികൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

4. ചിലവുകുറഞ്ഞ അടുപ്പുകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന സംശയങ്ങളും, പരാധീനതകളും പരിഹരിക്കാൻ വേണ്ട ബോധവൽക്കരണ പരിപാടികൾ, പ്രാദേശിക തലത്തിലും, അംഗനവാടികളിലൂടെയും ബഹുജന സാമൂഹ്യ സന്നദ്ധ സംഘടനകൾ മുൻകൈ എടുത്ത് നടത്തണം.

5 'അനാർട്ട്' എന്ന സംഘടനയുടെ സഹായത്തോടെ സബ്സിഡി നിരക്കിൽ 'പ്രഷർ കുക്കറുകൾ' പഞ്ചായത്തിലെ സാധാരണക്കാർക്ക് കൂടി ലഭ്യമാക്കുക.

6. വിറകിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ കഴിയുന്ന 'കച്ചിപ്പെട്ടി'യുടെ മേന്മ ആളുകളെ പറഞ്ഞ് മനസ്സിലാക്കുകയും, അത് പ്രചരിപ്പിക്കുകയും വേണം.

## മണ്ണെണ്ണ

ഈ പഞ്ചായത്തിൽ 2 മുതൽ 5% ആളുകൾ വീട്ടാവശ്യത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നു. ചിലർ വൈദ്യുതിയ്ക്ക് പകരമായി മണ്ണെണ്ണ ഉപയോഗിക്കുമ്പോൾ മറ്റുചിലർ വറകിനു പകരമായി ഉപയോഗിക്കുന്നു. റേഷൻ കടകൾ വഴി ലഭിക്കുന്ന മണ്ണെണ്ണയാണ് ജനങ്ങൾ മുഖ്യമായും ഉപയോഗിക്കുന്നത്. ഇത് പര്യാപ്തമാം വണ്ണം ലഭ്യമല്ല എന്നുള്ള പരാതി ഉണ്ട്. ഈ പഞ്ചായത്ത് ഒരു മത്സ്യബന്ധന മേഖല കൂടിയാണ്. ഇതിനായും മണ്ണെണ്ണ ധാരളമായി ഉപയോഗിക്കുന്നു.

| പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| 1. മത്സ്യബന്ധനത്തിനായി വാങ്ങുന്ന മണ്ണെണ്ണയ്ക്ക് കൂടുതൽ വില കൊടുക്കേണ്ടിവരുന്നു. | 1. മത്സ്യബന്ധനത്തിനായുള്ള മണ്ണെണ്ണ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യണം |
| 2. പെർമിറ്റും റേഷൻ കാർഡും ഉണ്ടെങ്കിലും അതിൽ, നിശ്ചയിച്ച അളവിൽ മണ്ണെണ്ണ കിട്ടുന്നില്ലം | 2. റേഷൻ കാർഡിലും, പെർമിറ്റിലും അനുവദിച്ചിട്ടുള്ള മണ്ണെണ്ണ ഉപഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ റേഷൻ കടകളും മറ്റ് സ്ഥാപനങ്ങളും പഞ്ചായത്തിന്റെ നേതത്വത്തിൽ പരിശോദന നടത്തണം |
| 3. സംഘങ്ങളുടെ പ്രവർത്തനം അപര്യാപ്തമാണ്. | 3. സംഘങ്ങളുടെ പ്രവർത്തനം ജനപങ്കാളിത്വത്തോടെ നടത്തണം |

### പെട്രോൾ, ഡീസൽ

വാഹനങ്ങൾക്കും, ബോട്ടുകൾക്കും വേണ്ടിയാണ് പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങൾ മുഖ്യമായും നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്നത്. ഇതിനായി പതിമൂന്ന് പമ്പുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആവശ്യത്തിനുള്ള ഇന്ധനം ഇവിടെ നിന്നും ലഭിക്കുന്നുണ്ട്. വാഹനങ്ങളുടെ ഗണ്യമായ പെരുപ്പം മൂലം ഇന്ധനങ്ങളുടെ ഉപയോഗവും ഗണ്യമായ അളവിൽ വർദ്ധിച്ചിട്ടുണ്ട്. ഇതുമൂലം പരിസര മലിനീകരണം കൂടുതലാണ്. ഈ ഇന്ധനങ്ങൾ കത്തുമ്പോഴുണ്ടാകുന്ന കാർബൺ മോണോക്സയിഡും, കാർബൺ ഡയോക്സയിഡും ജനജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇത് തടയാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. വാഹനങ്ങളുടെ എഞ്ചിനുകൾ കാലാകാലങ്ങളിൽ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

യന്ത്രവൽകൃത ബോട്ടുകൾക്കും റോഡുവാഹനങ്ങളെപ്പോലെ തന്നെ മലിനീകരണ നിയന്ത്രണങ്ങൾ, വ്യവസായത്തെ ബാധിക്കത്തക്ക തരത്തിൽ ഏർപ്പെടുത്താവുന്നതേയുള്ളു. ജലഗതാഗത വകുപ്പിന്റെയും പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സഹായം പഞ്ചായത്ത് ഇക്കാര്യത്തിൽ തേടേണ്ടിയിരിക്കുന്നു.

## ഗതാഗതം

സാമൂഹ്യ സമ്പർക്കത്തിനും, സാമ്പത്തികക വികസനത്തിനും ഗതാഗതമാർഗ്ഗങ്ങൾ അനിവാര്യമാണ്. ഒറ്റയടിപ്പാതകളായാലും, നാട്ടുവഴികളായാലും അചിരേണ തുറന്ന് വഴികളായി രൂപാന്തരപ്പെട്ടും. മുൻകാലങ്ങളിൽ രാജവീഥികൾ മാത്രം രാജാവിന്റെ ചുമതലയിലും, ബാക്കി ഉള്ളവ പ്രാദേശിക ഭരണ സംവിധാനത്തിന്റെ നിയന്ത്രണത്തിലും ആയിരുന്നു. ഇടക്കാലത്ത് എല്ലാ റോഡുകളും സർക്കാരിന്റെ നിയന്ത്രണത്തിനോ, ഉപേക്ഷയ്ക്കോ വിട്ടു കൊടുത്തു കൊണ്ട്, പ്രാദേശിക ഭരണകൂടങ്ങൾ നിഷ്ക്രിയരായി നോക്കി നിന്ന അവസ്ഥയുണ്ടായി. ഭരണവ്യവസ്ഥ മാറിക്കൊണ്ടിരിയ്ക്കുന്ന ഇന്ന് അത്തരം നിഷ്ക്രിയത്വത്തിന് സ്ഥാനമില്ല, എന്നു മാത്രമല്ല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സത്ക്രിയമായും, സോദ്ദേശമായും ഗതാഗതവികസനത്തിന് മുൻ കൈ എടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ അഭിമാനകരമായ പുരോഗതി ഇതിനകം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നുവരെയുള്ള പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനം ഗതാഗതത്തിനായിരുന്നു. ഇരുളടഞ്ഞു കിടന്ന ഉൾപ്രദേശങ്ങൾ സാമ്പത്തിക വികസനം നേടാൻ ഈ ഗതാഗതപുരോഗതി സഹായിച്ചിട്ടുണ്ട്.

നമ്മുടെ ഇനിയത്തെ ലക്ഷ്യം ഇപ്പോഴുള്ള വഴികളിൽ കൂടി ബസ്സുകളും, മിനി ബസ്സുകളും പോകാൻ പറ്റുന്ന രീതിയിൽ, അപകടകരങ്ങളായ വളവുകൾ മാറ്റുകയും, സാദ്ധ്യത ഇള്ളിടത്ത് വീതി കൂട്ടുകയും, കീഴ് കുത്തായിട്ടുള്ള കയറ്റവും ഇറക്കവും കഴിയുന്നത്ര ലഘൂകരിക്കുകയും വർഷം മുഴുവൻ ശ്രദ്ധയോടെ അറ്റകുറ്റപ്പണികൾ തീർക്കുകയും ആയിരിക്കണം. ഇക്കാര്യത്തിൽ പ്രധാനതടസ്സം റോഡ് വികസിപ്പിയ്ക്കാനും വളവുകൾ നിവർത്താനും ഭൂമി വിട്ടു തരാൻ ഉടമകൾ തയ്യാറാല്ലാത്തതാണ്. മുഖ്യമായും രണ്ടു കാരണങ്ങളാണ് ഈ വിമുഖതയുടെ പിന്നിൽ. ഒന്ന്, ആദ്യമേ തന്നെ ഇടവഴികൾ റോഡാക്കിയ സമയത്ത് ഇതേ ഭൂവുടമകൾ ഗണ്യമായ തോതിൽ ഭൂമി നഷ്ടപരിഹാരം കൂടാതെ വിട്ടുതന്നു കഴിഞ്ഞു. രണ്ട്, വിട്ടുതരാനുള്ള ഭൂവിഭാഗത്തിനുള്ളിൽ വർഷങ്ങളുടെ അദ്ധ്വാനഫലമായി വളർന്നു നില്ക്കുന്ന വൃക്ഷങ്ങളോ, സാമ്പത്തിക പ്രാധാന്യമുള്ള മറ്റെന്തെങ്കിലുമോ ഉള്ളതാണ്. ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം പലപ്പോഴും ഇതൊരു വൈകാരിക പ്രശ്നം തന്നെയായിത്തീരുന്നു.

### പഞ്ചായത്തിൽ നിലവിലുള്ള റോഡ് ശ്രംഖല

| റോഡിന്റെ തരം | എണ്ണം | നീളം (കിലോമീറ്ററിൽ) |
|---|---|---|
| ടാർ റോഡ് | 25 | 23.505 K.M. |
| കോൺക്രീറ്റ് | 1 | 0.500 K.M. |
| മെറ്റൽ റോഡ് | 12 | 7.650 K.M. |
| ഗ്രാവൽ റോഡ് | 110 | 35.050 K.M. |
| മൺറോഡ് | 2 | 0.795 K.M. |
| ആകെ എണ്ണം | 150 | ആകെ നീളം 67.500 K.M. |

NH-47 ഈ പഞ്ചായത്തിനെ രണ്ടായി വിഭജിച്ചു കൊണ്ട് കിഴക്കു വടക്കു ഭാഗത്തു കൂടി പോകുന്നു. 23.505 K.M.ടാർ റോഡ് ഉള്ളതിൽ 9 കി.മീറ്റർ പി. ഡബ്ല്യു. ഡി. റോഡും, 4.05 കി. മീ. ദേശീയ പാതയും, ബാക്കി 10.455 കി.മീ. പഞ്ചായത്ത് റോഡും ആകുന്നു.

പഞ്ചായത്തിൽ റെയിൽ ഗതാഗതത്തിന്റെ സ്പർശനം ഏറ്റിട്ടില്ല. കൊല്ലം റെയിൽവേ സ്റ്റേഷനാണ് ഏറ്റവും അടുത്തുള്ളത്. അവിടെ എത്തുന്നതിന് ആറുകിലോമീറ്റർ സഞ്ചരിയ്ക്കേണ്ടി വരുന്നു. ദേശീയ പാതയിൽ കൂടി പോകുന്ന സ്റ്റേറ്റ് ട്രാൽസ്പോർട്ട് കോർപ്പറേഷൻ ബസ്സുകളും, രണ്ടുമിനിട്ടിന് ഒരു ബസ്സ് എന്ന കണക്കിൽ പായുന്ന സ്വകാര്യബസ്സുകളും ആട്ടോറിക്ഷ ടെമ്പോ ട്രക്കർ തുടങ്ങിയ വാഹനങ്ങളും ഈ ദൂരത്തെ ലഘൂകരിക്കുന്നു.

അഷ്ടമുടിക്കായലിന്റെ കുഞ്ഞോളങ്ങൾ തഴുകുന്നതും, ജലഗതാഗതമാർഗ്ഗമുള്ളതിന്റെ പേരിൽ പേരു കേട്ടതും ആയ ഒരു പഞ്ചായത്താണിത്. പുരാതന കാലത്ത് കേരളം സന്ദർശിച്ച വിദേശികളുടെ എല്ലാ യാത്രാ വിവരണത്തിൽ ഈ സ്ഥത്തിന്റെ പ്രത്യേകതയെപ്പറ്റി പറഞ്ഞിട്ടുണ്ട്. അറബിക്കടലും അഷ്ടമുടിക്കായലും ചേരുന്ന അഴിമുഖം പ്രകൃതി കനിഞ്ഞു നല്കിയ ഏറ്റവും ശ്രേഷ്ടമായ ഒരു തുറമുഖമായിരുന്നു. കപ്പലുകൾ ഇവിടെയായിരുന്നു നങ്കുരമിട്ടിരുന്നത്. നീണ്ടകര പാലം വരുന്നതിന് മുമ്പ് ചവറ തെക്കുംഭാഗം, തൃക്കരുവ, തേവലക്കര, തുടങ്ങിയ സ്ഥലത്തുള്ളവരും, കൊല്ലത്തിന് വടക്കുള്ള ജില്ലകളിൽ നിന്നും വരുന്നവരും നീണ്ടകര കടത്ത് കടന്ന് അഷ്ടമുടിക്കായലിന്റെ, ഈ പഞ്ചായത്ത തിർത്തിയിലുള്ള മുക്കാട്ട് കടവിലെത്തി കരമാർഗ്ഗമായിരുന്നു. കൊല്ലം പട്ടണത്തിൽ എത്തിയിരുന്നത്. ദൂരസ്ഥലങ്ങളിൽ നിന്നും വാണിജ്യാവശ്യത്തിന് വരുന്നവർക്ക് ഒരിടത്താവളം കൂടിയായിരുന്നു ഒരു കാലത്ത് ഈ പഞ്ചായത്ത്. കയർ വ്യവസായം, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് പേരുകേട്ട കൊല്ലം പട്ടണത്തിൽ അന്ന് എത്തുന്നതിനുള്ള പ്രാധന മാർഗ്ഗം ജലഗതാഗതം ആയിരുന്നു. ദേശീയ ഉൾനാടൻ ജലഗതാഗതം മാർഗ്ഗം ഈ പഞ്ചായത്തതിർത്തയിൽ കൂടി പോകുന്നതു കൊണ്ട് ഇനിയും ഈ മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ നമ്മുടെ പഞ്ചായത്തിന് സാധിക്കും. അഷ്ടമുടിക്കായലിന്റെ വടക്കു കിഴക്കൻ പഞ്ചായത്തുകളുമായി സമ്പർക്കം പുലർത്താനും നല്ലൊരു ഐക്യം ഉണ്ടാക്കാനും ഈ മാർഗ്ഗം നമ്മെ സഹായിച്ചിട്ടുണ്ട്.

## ഈ പഞ്ചായത്തിന്റെ ഇപ്പോൾ പ്രവർത്തിയ്ക്കുന്ന കടത്തുകൾ

1. കല്ലുപുറം കടത്ത്- തുരുത്തിലേക്ക് പോകുന്നതിന്.

2. മുക്കാട് കടത്ത് ഫാത്തിമാ ഐലന്റിലേക്ക്
3. കിണറ്റുമൂട്ടിൽ കടത്ത്-കണക്കൻ തുരുത്തിലേക്ക്

ഇതുകൂടാതെ തൃക്കടവൂർ പഞ്ചായത്തധീനതയിലുള്ള കാണിയാങ്കട കടത്തും, അരവിള കടത്തും മാമൂട്ടിൽകടവു കടത്തും ഈ പഞ്ചായത്തതിർത്തിയിൽ തന്നെയാണ്. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബോട്ട് സർവ്വീസും ഇതുമൂലം ലഭ്യമാണ്. ടൂറിസത്തിന് പ്രാധാന്യം കൂടി വരുന്ന ഈ കാലഘട്ടത്തിൽ പ്രകൃതി കനിഞ്ഞു നല്കിയ ഈ സൗകര്യത്തെ നാം മുതലെടുത്ത്, പഞ്ചായത്തിനെ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റണം. ഇതിനായുള്ള പദ്ധതികൾ ഒമ്പതാം പദ്ധതിയിൽ ഉൾക്കൊള്ളിയ്ക്കണം. പഞ്ചായത്തിന്റെ ഗതാഗതവികസനപദ്ധതികൾ ഈ ലക്ഷ്യവുമായി ബന്ധപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

## ഗതാഗതം

### ഗ്രാമനിർദ്ദേശങ്ങൾ

#### I-ാം വാർഡ്

1. ശക്തികുളങ്ങര പോർട്ട് റോഡിൽ നിന്നും തെക്കോട്ടു പോകുന്ന ടാറിട്ട പഞ്ചായത്ത് റോഡ് പലഭാഗങ്ങളും ടാറും മെറ്റിൽ ഇളകിയും സഞ്ചാരയോഗ്യ മല്ലാതായിരിക്കിയാണ്. ഇതുമുന്തിയ പരിഗണന കൊടുത്തു സഞ്ചാര യോഗ്യമാക്കണം. ഈ റോഡിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി പോർട്ട് റോഡിൽ ചെന്നു ചേരുന്ന ഓട വൃത്തിയാക്കുകയും അറ്റകുറ്റപണികൾ ചെയ്യുകയും 200 മീറ്റർ നീളത്തിൽ തെക്കോട്ടു റോഡിന്റെ പടിഞ്ഞാറു വശം പുതിയ ഓട നിർമ്മിക്കുകയും വേണം.

2. പോർട്ടിന്റെ മുൻവശത്തു നിന്നും ശക്തികുളങ്ങര കുരിശടി ജംഗ്ഷനിൽ വന്നു ചേരുന്ന വഴി കോൺക്രീറ്റ് റോഡാക്കി മാറ്റി സെഡിൽ കൂടി കടന്നു പോകുന്ന ഓട ശുദ്ധീകരിച്ചു അറ്റകുറ്റ പണികൾ തീർക്കുകയും ടി ഓടയിൽ സ്ലാബ് ഇട്ടു മൂടുകയും വേണം.

3. ശക്തികുളങ്ങര കുരിശടി മുക്കിൽ നിന്നും നേരേ കിഴക്കോട്ടു ഗവൺമെന്റ് ബോട്ടു ബിൽഡിംഗ് യാർഡിൽ ചെന്ന് അവസാനിക്കുന്ന റോഡു ടാറു ചെയ്തു സഞ്ചാരയോഗ്യമാക്കണം.

4. വിളയിൽ മുക്ക് ശക്തികുളങ്ങര പള്ളി (വഴി) കട്ടയ്ക്കൽതോട്, റോഡ് നിർമ്മാണം പൂർത്തികരിയ്ക്കണം.

5. ബോട്ട് ബിൽഡിംഗ്യാർഡ് പുല്ലും പുറം റോഡ് നിർമ്മാണം പൂർത്തീകരിയ്ക്കണം.

## ഗതാഗതം

### ഗ്രാമസഭാനിർദ്ദേശങ്ങൾ

#### II-ാം വാർഡ്

1. മലയിൽ ജയന്തികോളനിയിലേക്ക് റോഡും, ഓടയും ഉണ്ടാവണം. കപ്പിത്താൻ മുക്കിൽ നിന്നും വടക്കോട്ടു NH-ന്റെ തെക്കേ സൈഡിൽ ഓട നിർമ്മിച്ചു സെന്റ് ആന്റണീസ് ഐസ് പ്ലാന്റിനു മുന്നിലെ ഓടയിൽ ബന്ധിപ്പിക്കണം.

2. കണ്ണംഞ്ഞാറ പടിഞ്ഞാറുവശം മുതൽ അപ്പാരു പറമ്പു വരെയുള്ള ചെറിയ വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.

3. കവണിയിൽ തെക്കുവശത്തു നിന്നും നേരേ കിഴക്കോട്ട് വരുന്ന റോഡു ശരിയാക്കണം.

4. ഗുരുമന്ദിരത്തിൽ നിന്നും കിഴക്കോട്ടു വരുന്ന B.C വാർഡുകളെ വിഭജിക്കുന്ന വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.

5. മള്ളേഴുത്തു മുക്കിൽ നിന്നും പുളിമൂട്ടിലൂടെ കടന്ന ശക്തികുളങ്ങര ക്ഷേത്രറോഡിൽ വന്നു ചേരുന്ന റോഡും, ഓടയും ശരിയാക്കണം.

6. ചെപ്പള്ളിമുക്കിൽ നിന്നും പടിഞ്ഞാറോട്ടു വന്നു ഇടത്തോട്ടു തിരിയുന്ന കലങ്ങിനു തെക്കോട്ടു പോകുന്ന വഴി മള്ളേഴുതണ്ണു കിഴക്കു വശം വന്നു ചേരുന്ന റോഡിൽ ബന്ധിപ്പിക്കണം.

7. വട്ടക്കായലിനു വടക്കു വശമുള്ള പുളിക്കൽ കിഴക്കു വശമുള്ള ഓട നിർമ്മാണം പൂർത്തിയാക്കണം.

8. ശക്തികുളങ്ങര ക്ഷേത്രത്തിൽ നിന്നും കിഴക്കോട്ടു വന്നു തെക്കോട്ടു തിരിയുന്ന റോഡു ടാറിട്ടു സഞ്ചാരയോഗ്യമാക്കണം.

9. പഴയകലുങ്ങ് ശക്തികുളങ്ങര അമ്പലക്കുളം റോഡ് സൈഡിൽ ഓട കെട്ടി സ്ലാബ് ഇടണം.

ഗതാഗതം

ഗ്രാമസഭാ നിർദ്ദേശങ്ങൾ

III-ാം വാർഡ്

1. ചടയിൻതറ കോളനിയിൽ നിന്നും ചന്തറത്തറ കിഴക്കുവശം തൊട്ടു ചാണ്ടശ്ശേരി വരെയുള്ള റോഡു നിർമ്മിക്കണം.

2. ജവഹർ ജംഗ്ഷൻ മുതൽ നമ്പിശ്ശേരി വരെയുള്ള റോഡു നന്നക്കണം.

3. ഇലഞ്ഞിക്കൽ, ഈരപുറം റോഡു ശരിയാക്കണം.

4. ആമച്ചിറ ഓട നിർമ്മിക്കണം.

ഗതാഗതം

ഗ്രാമസഭാ നിർദ്ദേശങ്ങൾ
IV-ാംവാർഡ്

1. ചടയൻതറ കോളനിയിലേക്കുള്ള വഴി ശരിയാക്കണം.

2. വാസുപിള്ള ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ടു തിരിഞ്ഞു കോതേരിച്ചിറയിൽ എത്തുകയും ചാത്തോലി ക്ഷേത്രത്തിന്റെ പുറകുവശത്തു നിന്നു നേരെ തെക്കോട്ടു തുടങ്ങുന്ന ഓടയും കോതേരിച്ചിറയിൽ എത്തുന്നു. ടി ഓട കടലുമായി ബന്ധിപ്പിക്കണം.

3. പഞ്ചായത്ത് റോഡിൽ നിന്നും ബറുമാ പ്പെട്ടിയിലേക്കു പോകുന്ന റോഡു ശരിയാക്കണം.

4. വേലികെട്ടിൽ വാസുപിള്ള റോഡ് നിർമ്മാണം പൂർത്തികരിയ്ക്കണം.

5. ലോട്ടസ് കറങ്ങിൽ മുക്ക് ചടയൻതറ കോളനി റോഡ് നിർമ്മാണം പൂർത്തിയാക്കണം.

6. കന്നിട്ട പുതുവൽ റോഡ് മെറ്റൽ ചെയ്യണം.

7. മൂലേതോപ്പ് റോഡ് മെറ്റൽ ചെയ്യണം.

8. കോൺവെന്റ മുക്ക് വെറുവാപ്പെട്ടി റോഡിൽ ഓട നിർമ്മിക്കണം.

9. തച്ചേഴുത്ത് തോപ്പ് കാട്ടുവിള പുതുവൽ കട്ടയ്ക്കൽ കായൽ ഓട നിർമ്മിക്കണം.

ഗതാഗതം

ഗ്രാമസഭാ നിർദ്ദേശങ്ങൾ
V-ാം വാർഡ്

1. മള്ളേഴുത്തു മുക്കിൽ നിന്നും ഇടപ്പാടം വയലുവഴി എഴുത്തിൽമുക്കിൽ വരുന്ന റോഡു നന്നാക്കണം.

2. കാവനാട് ജംഗ്ഷനിൽ നിന്നു തെക്കോട്ടു ശ്രീകൃഷ്ണ പപ്പടം. ശശി സൗണ്ടു, ഇവരുടെ ഇടയിൽ കൂടിയുള്ള റോഡു പടിഞ്ഞാറോട്ട് എഴുത്തിൽ മുക്കിൽ കൊണ്ടു മുട്ടിക്കണം.

3. വെങ്കുളങ്ങര സ്കൂളിനു തെക്കുവശം ട്രാൻസ്ഫോർമറിനു പടിഞ്ഞാറോട്ടു തിരിയുന്ന റോഡു കണ്ണന്നൂർ ഭാഗത്ത് വന്നു തെക്കോട്ടു തിരിഞ്ഞു വൈക്കൽ ഭാഗത്തു കൂടി മണിയത്തുമുക്കിൽ നിന്നു പടിഞ്ഞോറോട്ടു തിരിഞ്ഞു തുടങ്ങുന്ന റോഡിൽ ബന്ധിപ്പിക്കണം.

4. കണ്ണന്നൂർ മുക്കിൽ നിന്നാരംഭിച്ചു ഇടപ്പാടം വയലിലേക്കു ഇറങ്ങുന്ന റോഡു പടിഞ്ഞാറോട്ടു വീതി കൂട്ടി മള്ളേഴുത്തു ഇടപ്പാടം റോഡിൽ ബന്ധിപ്പിക്കണം.

5. മുഞ്ഞിനാട്ട് ഇളമ്പളത്ത് റോഡു നിർമ്മിക്കണം.

6. പഞ്ചചായത്ത് മാർക്കറ്റിൽ നിന്നാരംഭിച്ചു. അരവിളയിലേക്കു പോകുന്ന ഓട ഉപയോഗശൂന്യമായി കിടക്കുകയാണ്. ടി ഓട

വൃത്തിയാക്കി ശാസ്ത്രീയമായി നന്നാക്കുക.

7. പഞ്ചായത്ത് മാർക്കറ്റിൽ നിന്നും ആരംഭിക്കുന്ന ഓട വടക്കോട്ടു വന്നു മണിസ്റ്റേഴ്സിന്റെ മുന്നിലുള്ള ഓടയുമായ ബന്ധിപ്പിക്കണം.

8. മണിയത്തുമുക്ക് കണ്ടോലിമുക്ക് റോഡു ടാർ ചെയ്യണം.

ഗതാഗതം

ഗ്രാമസഭാ നിർദ്ദേശങ്ങൾ

VI-ാം വാർഡ്

1. മുക്കാട്ടു വഞ്ചിക്കു തെക്കുവശം തുടങ്ങി മുക്കിടിയേഴുത്ത് വരെയുള്ള റോഡു നന്നാക്കണം.

2. മുക്കാട് മഠത്തിനു തെക്കുവശമുള്ള കായൽവാരം വരെ എത്തുന്ന റോഡു നന്നാക്കണം.

3. കാവനാടു പോലീസ് സ്റ്റേഷനു മുന്നിലൂടെ കിഴക്കോട്ട് കായൽവാരത്തേക്കു പോകുന്ന റോഡു നന്നാക്കണം.

4. കാവനാട് ജംഗ്ഷനു കിഴക്കോട്ടു വന്നു പള്ളിപുരയിടത്തിലേക്കു പോകുന്ന വഴി നന്നാക്കണം.

5. മണികണ്ഠൻ മുക്ക് ചാമവിള റോഡ് ടാർ ചെയ്യണം.

6. കോടിയിൽ റോഡ് ടാർ ചെയ്യണം.

7. ഇടലക്കട ഓട സ്ലാബ് ഇട്ട് സഞ്ചാര യോഗ്യമാക്കണം.

8. നെല്ലുകടവ് അരവിളകടവ് റോഡ് മെറ്റൽ ചെയ്യുക.

9. മുക്കാട് പള്ളി മുക്കിടിയേഴം ഓട നിർമ്മിയ്ക്കുക.

ഗതാഗതം

ഗ്രാമസഭാനിർദ്ദേശങ്ങൾ

VII-ാം വാർഡ്

1. കല്ലുപുറം ക്ഷേത്രത്തിന്റെ മുന്നിൽ നിന്നും സ്കൂളിന്റെ തെക്കുവശം കൂടി കിഴക്കോട്ടു കായിക്കര കടവിൽ വന്ന് ചേരുന്ന വഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

2. മിനികപ്പിത്താൻസിന്റെ വടക്കുവശം NH-ൽ നിന്നു കായിക്കരകടവിലേക്കു പോകുന്ന റോഡു ടാറു ചെയ്യുകയും അതിൽ കൂടിയുള്ള ഓട അറ്റകുറ്റപണികൾ പൂർത്തിയാക്കി സ്ലാബ് ഇടണം.

3. ചെപ്പള്ളിൽമുക്കിൽ നിന്നും വടക്കോട്ടു കല്ലയ്യത്ത് കടവു റോഡിൽ ചെന്നു ചേരുന്ന വഴി ഗ്രാവൽ ഇട്ടു ഉയർത്തി ശരിയാക്കണം.

4. കോയിവയൽ വഴി നന്നാക്കണം. കോയിവയൽ ഓടയിൽ സ്ലാബ് ഇടണം.

5. കമ്മുക്കത്ത് ഓട സ്ലാബിടുക.

6. കല്ലുപുറം സ്കൂളിന് പുറകുവശത്തുള്ള ഓട സ്ലാബിടുക.

7. മുക്കിടിയേഴുത്ത് പ്ലാവിള റോഡ് ടാർ ചെയ്യണം.

8. പുത്തൻ തുരുത്ത് കടവ് ആദിത്യഭവനം ഫുട്പാത്ത് കോൺക്രീറ്റ് ചെയ്യണം.

ഗതാഗതം

VIII-ാം വാർഡ്

1. കാളച്ചേഴുത്ത് ലക്ഷം വീട് റോഡു ശരിയാക്കണം.

2. പൂവൻപുഴ, അരവിള കോൺവന്റ് റോഡു നന്നാക്കണം.

3. അരവിള കടവിൽ നിന്നും പടിഞ്ഞാറോട്ടു വന്നു തെക്കോട്ടു തിരിയുന്ന കൽപ്പടമാറ്റി റോഡാക്കണം.

4. പൂവൻ പുഴ വാട്ടർ ടാങ്കിന്റെ അടുത്തു നിന്നും വടക്കോട്ടുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ തീർക്കണം.

5. പൂവൻ പുഴ വള്ളിക്കീഴ് റോഡ് വീതികൂട്ടി ടാർ ചെയ്യണം.

6. നാലുവിളമുക്കിൽ നിന്നും തുടങ്ങി പന്തപ്ലാക്കിൽ ഭാഗത്തു കൂടി ആഫീസിന്റെ കിഴക്കു വശത്തു കൂടെ പഞ്ചായത്തു

റോഡിൽ വന്നു ചേരുന്ന വഴി വീതികൂട്ടി പഞ്ചായത്ത് റോഡാക്കി മാറ്റണം.

ഗതാഗതം

## IX-ാം വാർഡ്

1. മക്കാട്ട്മുക്ക് അരവിള റോഡ് റീടാർ ചെയ്യുക.
2. വള്ളികീഴ് NH ൽ നിന്നും കിഴക്കോട്ടു പോയി മാമൂട്ടിൽ കടവിൽ ചെന്നു ചേരുന്ന റോഡിനു ഓട നിർമ്മിച്ച് സ്ലാബ് ഇടണം. റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തണം.
3. പെരുവിനഴികം ജംഗ്ഷൻ മുതൽ മുനിസിപ്പൽ ക്വാർട്ടേഴ്സ് വരെയുള്ള റോഡു നന്നാക്കണം. മെറ്റൽ ചെയ്ത് ടാറിടണം.
4. ആര്യേഴ്ത്ത് ചരേക്കൽ റോഡു മെറ്റൽ ചെയ്യണം.
5. വടക്കിനേഴ്ത്ത്കാവ് ഫേമസ് കയർ കമ്പനി മുക്കു വരെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യണം
6. ഇംപെക്സ് കമ്പനിയിലേക്ക് പോകുനന വഴി ഗ്രാവൽ ചെയ്യണം.

## X-ാം വാർഡ്

1. പനമൂട്ടിലേയ്ക്കുള്ള വഴി മുമ്പ് കോൺക്രീറ്റ് ചെയ്ത് സ്ലോപ്പാക്കി കോൺക്രീറ്റ് ചെയ്യണം.
2. നെടുംപറമ്പ് ലക്ഷം വീടുകോളനിയിലുള്ള റോഡ് മെറ്റലിങ്ങ് ചെയ്യണം.
3. വാട്ടർ ടാങ്കിനടുത്തു നിന്നും തെക്കോട്ടു ആര്യേഴ്ത്തോട്ടു പോകുന്ന ഇടവഴി Foot path നിർമ്മിക്കണം.
4. ആര്യേഴത്ത് ജംഗ്ഷനിൽ നിന്നും പോകുന്ന ഫുട്ട്പാത്ത് നിർമ്മിക്കണം.
5. കണിച്ചേരി വഴി ഫുട്ട്പാത്ത് നിർമ്മിക്കണം.
6. കൊച്ചുനട കുളത്തിൽ നിന്നും ആരംഭിച്ച് ഗാന്ധി ജംഗ്ഷൻ വഴി വടക്കോട്ടു വന്ന് മഠത്തിൽ മുക്കുവഴി മാമൂട്ടിൽക്കടവിൽ അവസാനിക്കുന്ന ഓടയുമായി ബന്ധപ്പെടുത്തി ഓട നിർമ്മിച്ച് സ്ലാബ് ഇടണം.

ഗതാഗതം

ഗ്രാമസഭാ നിർദ്ദേശങ്ങൾ

## XI-ാം വാർഡ്

1. കൊയ്പ്പള്ളിമുക്കിൽ നിന്നും കണ്ടോലിമുക്കു വാസുപിള്ള റോഡു അറ്റകുറ്റപണികൾ നടത്തണം.
2. മണിയത്ത് കണ്ടോലിമുക്കു റോടു ടാർ ചെയ്യണം.
3. അയന്തി കോളനിയിൽ നിന്നും ഓട വെട്ടി വടക്കുവശമുള്ള ഓടയിൽ ബന്ധിപ്പിക്കണം.
4. കണ്ണംങ്കുളം, കരുമ്പോലി ഓട നന്നാക്കണം.
5. പൂവൻപുഴ ചിറ്റേഴുത്ത് മുക്ക് റോഡ് ടാർ ചെയ്യുക.
6. തേവിരേഴുത്ത് പൂവൻപുഴ മദ്രസ്സ റോഡ് മെറ്റൽ ചെയ്തു ടാറിടുക.
7. എഴുത്തിൽക്കുളം മുട്ടറകുളം റോഡ് മെറ്റൽ ചെയ്തു ടാറിടുക.
8. ചേരിയിൽ മുക്ക് ആറ്റൂർ പടിഞ്ഞാറ്റിൽ റോഡ് മെറ്റൽ ചെയ്യുക.
9. ചെപ്പള്ളിമുക്ക് പായിത്തലമുക്ക് റോഡ് റീടാർ ചെയ്യുക.
10. മുട്ടറ വടക്കുവശള്ള ഓട വട്ടക്കായൽ വരെ നീട്ടുക.
11. പറയൻതോട്ടിൽ കോക്കാട്ട് തെക്കുവശം റോഡ് സൈഡ് കെട്ടി മെറ്റൽ ചെയ്തു ടാറിടുക.
12. തട്ടാൻ തറ പടിഞ്ഞാറ് വശം വരെയുള്ള ഓട കോക്കാട്ട് തെക്കുവശം വരെ നീട്ടുക.

ഗതാഗതം

ഗ്രാമനിർദ്ദേശങ്ങൾ

## XII-ാം വാർഡ്

1. വരമ്പേൽ കട മുക്കിൽ നിന്നു വടക്കോട്ട് വന്ന് മക്കാട്ട് മുക്കിൽ വരുന്ന റോഡ് സൈഡ് വാൾ കെട്ടി കലുങ്ക് സ്ഥാപിച്ച് ഓട നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

2. കൂട്ടുങ്ങൽ പുതുവീട് ജംഗ്ഷൻ വരുന്ന റോഡ് സഞ്ചായോഗ്യമാക്കണം.

3. മേലൂർകുളങ്ങര വടാഴുത്ത് മുക്ക് റോഡ് സഞ്ചാരയോഗ്യമാക്കണം.

4. ചന്ദ്രത്തിൽമുക്ക് ആലാട്ടുക്കാവ് റോഡ് ടാർ ചെയ്യണം.

5. വടാഴുത്ത് മുക്ക്, പനീനേഴുത്ത് KBC. റോഡ് സഞ്ചാരയോഗ്യമാക്കണം.

6. NH നുസമീപം ദ്വീപം ആശുപത്രിയ്ക്ക് പടിഞ്ഞാറോട്ട് പുത്തൻ പുരമുക്കിലേക്കുള്ള റോഡ് നന്നാക്കണം.

7. ആലാട്ടുകാവ് പ്രഞ്ചീറ്റിൽമുക്ക് റോഡ് സഞ്ചാരയോഗ്യമാക്കുക.

8. കണ്ണങ്കോട്ടു നിന്നും മരുത്തടി റോഡ് വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

9. ചെപ്പള്ളിമുക്ക് പുത്തിരേഴുത്ത്കാവ് റോഡ് ടാർ ചെയ്യണം.

ഗതാഗതം

## XIII-ാം വാർഡ്

1. വരമ്പേൽക്കട ചോഴത്തിൽമുക്ക് തെക്കും പറമ്പത്ത് റോഡു ഗതാഗത യോഗ്യമാക്കണം.

2. പുള്ളികോളനിയിലേക്ക് റോഡു നിർമ്മിക്കണം.

3. കോട്ടൂർ മുക്കിൽ നിന്നും തെക്കോട്ടുള്ള റോഡു ചോഴത്തിൽ വരെ നന്നാക്കണം.

4. ടൈറ്റാനിയം നഗറിലേക്കുള്ള റോഡു നന്നാക്കണം.

5. പാവൂർ മുക്കിൽ നിന്നും കിഴക്കോട്ടു വന്നു കിണറുവിള പടിഞ്ഞാറു കൂടിയുള്ള റോഡു പണിയണം.

6. പാവൂരേഴ്ത്ത് പുള്ളീകോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.

7. വയലിക്കുളം കോട്ടൂർ മുക്ക് റോഡ് സഞ്ചാരയോഗ്യമാക്കുക.

8. വാഴാങ്ങൽക്കുളം മുതൽ വയലികുളം വരെ ഓട കെട്ടി സ്ലാബിടുക.

ഗതാഗതം

## XIV-ാം വാർഡ്

1. പോങ്ങടമുതൽ പഴവൂർ മുക്കുവഴി കോതേരിച്ചിറ വഴി വട്ടക്കായലിലേക്കുള്ള ഓട ഇരുവശവും കെട്ടി നന്നാക്കണം.

2. വാസുപിള്ളമുക്കിൽ നിന്നും പടിഞ്ഞാറോട്ടു വെട്ടിയിട്ടുള്ള റോഡു പണിതു തീരദേശറോഡുമായി ബന്ധപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.

3. പഴവൂർ ജംഗ്ഷനിൽ നിന്നും തിരുമുല്ലാവാരം റോഡിലേയ്ക്കു പോകുന്ന റോഡു ടാറു ചെയ്യണം.

4. കൊല്ലേരിമുക്കിൽ നിന്നും, കഷായ ആശുപത്രി വഴി കുറുമുളത്തു ജംഗ്ഷൻ വരെയുള്ള റോഡു ടാറു ചെയ്യണം.

5. പുത്തിരഴികത്ത് കാവിനു കിഴക്കു വശം കൂടി തെക്കൊട്ടു തുടങ്ങുന്ന റോഡു പഴവൂർ ജംഗ്ഷനിൽ നിന്നാരംഭിച്ചു തിരുമുല്ലാവാര ത്തേക്കു പോകുന്ന റോഡിൽ ബന്ധ പ്പെടുത്തി ടി റോഡിന്റെ കൂടെ ഓടയും പണിതു ഒഴുക്കുതോടിൽ പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കണം.

6. പോങ്ങട ഐക്കര റോഡ് സഞ്ചാര യോഗ്യമാക്കുക.

ഗതാഗതം

## XV-ാം വാർഡ്

1. മൂലംങ്കര മുതൽ തെക്കോട്ടു കുന്നുംപുറ വരെയുള്ള റോഡു പണിയണം.

2. ചെരണശ്ശേരി ലക്ഷം വീട് റോഡു നവീകരിക്കണം.

3. ഇലങ്കത്തു വഞ്ചി ഒഴുക്കുതോടു റോഡു റീ ടാറു ചെയ്യണം.

4. സെന്റ് ജോൺ യു.പി.എസ്. മുതൽ പള്ളികോളനി വരെ ഫൂട്ട്പാത്ത് പണിയണം.

5. ചെരണശ്ശേരി കരിച്ചോലിൽ റോഡ്, സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കണം.

6. കൗസ്തുഭം മുക്ക് മുതൽ തെക്കോട്ട് ടൗൺ അതിർത്തി വരെയുള്ള റോഡ് നന്നാക്കി ഗതാഗത യോഗ്യമാക്കണം.

7. തിരുമുല്ലാവാരം പള്ളി ഒഴുക്കു തോടു റോഡ് റീ ടാർ ചെയ്യുക.

8. ചാരും മൂടിനു കിഴക്കു നിന്നും കുന്നുംപുറം കോളനിയയ്ക്കുള്ളിലൂടെ കിഴക്കേ റോഡിൽ ചെന്നു ചേരുന്ന വഴി ഗതാഗതയോഗ്യമാക്കുക.

9. തിരുമുല്ലാവാരം കോൺവെന്റിനു വടക്കുവശത്തുള്ള വഴി ഗതാഗതയോഗ്യമാക്കുക.

10. കോവണ്ടഴികത്തു പടിഞ്ഞാറു വശത്തു നിന്നും വയലിൽ കൂടി ഒഴുക്കു തോടു വരെയുള്ള റോഡ് ശരിയാക്കണം.

11. കൗതുഭം മുക്കിൽ നിന്നും ചാരുമൂട്ടിലേക്കും ഓടയുടെ ബാക്കി ഭാഗം പൂർത്തികരിക്കുക.

12. കരിമ്പോലിൽ മുക്കിലേക്കുള്ള റോഡിൽ ഓട നിർമ്മിച്ച് ഒഴുക്കു തോടുമായി ബന്ധിപ്പിക്കുക.

13. ചിറ്റേഴുത്ത് മുക്ക് ടൗൺ അതിർത്തി റോഡ് ഗതാഗതയോഗ്യമാക്കുക.

## ഗതതാഗതമേഖല നേരിടുന്ന പ്രധാനപ്രശ്നങ്ങൾ

1. കേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രത്യേക നടപടി ക്രമങ്ങൾ പൊതുജനങ്ങളെ ഗതാഗത വികസന രംഗത്തുനിന്നും അകറ്റി നിർത്തുന്നു.

2. പൊതുജനങ്ങൾ പങ്കാളികൾ ആകാത്തതു കൊണ്ട് റോഡ് പണിയുമ്പോൾ അതിന്റെ ഗുണനിലവാരം ശ്രദ്ധിക്കാനോ, ഉള്ള റോഡുകൾ സംരക്ഷിയ്ക്കാനോ ജനങ്ങൾ തയ്യാറാകുന്നില്ല.

3. പുതുതായി റോഡ് ഉണ്ടാക്കാൻ ഭൂമി വിട്ടു തരാൻ ജനങ്ങൾ വിമുഖരാണ്.

4. ദേശീയ പാത പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടി പോകുന്നതു കാരണം തീരദേശക്കാർക്ക് യാത്രയ്ക്കായി ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിയ്ക്കേണ്ടി വരുന്നു.

5. പഞ്ചായത്തിലെ ദേശീയ പാതയ്ക്കു പടിഞ്ഞാറുവശം വരുന്ന വാർഡുകളെ തമ്മിൽ പൊതുവായി യോജിപ്പിയ്ക്കുന്ന ഒരു റോഡില്ല.

6. പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന പതിനഞ്ചാം വാർഡിലെ ആളുകൾക്ക് പഞ്ചായത്താസ്ഥാനത്ത് എത്താൻ കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്നു. ഇതിനുള്ള യാത്രാസൗകര്യങ്ങൾ ഇല്ല.

7. പ്രധാന കരയിൽ നിന്നും ഒറ്റപ്പെട്ടു കിടക്കുന്ന, പഞ്ചായത്തധീനതയിലുള്ള തുരുത്തുകൾ തമ്മിലും, അവയിൽ നിന്ന് പഞ്ചായത്തിന്റെ കടവുകളിലേക്കും എത്തുന്നതിന് ഇപ്പോൾ ഉള്ള സൗകര്യം അപര്യാപ്തമാണ്.

8. ട്രാഫിക് നിയന്ത്രണ സംവിധാനത്തിന്റെ അപര്യപ്തത.

9. പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടു ആരോഗ്യ കേന്ദ്രങ്ങളായ P.H. സെന്ററിലേക്കും, ആയുർവ്വേദ ഡിസ്പെൻസറിയിലേക്കും മറ്റു ഭാഗങ്ങളിൽ നിന്ന് വേഗത്തിൽ ചെന്നെത്തുന്നതിനുള്ള യാത്രാസൗകര്യങ്ങൾ ഇല്ല.

## പ്രശ്നപരിഹാരനിർദ്ദേശങ്ങൾ

1. ഗ്രാമസഭാ പ്രാതിനിധ്യം ഉറപ്പു വരുത്തി, ജനകീയ കമ്മറ്റികൾ ഉണ്ടാക്കി, പഞ്ചായത്തിന്റേതായി വാർഡുകളിൽ തുടങ്ങുന്ന എല്ലാ ഗതാഗത പദ്ധതികളും വിജയിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ ഉണ്ടാക്കണം.

2. ജനകീയ കമ്മറ്റികളുടെ സാന്നിദ്ധ്യത്തിലും മേൽനോട്ടത്തിലും വേണം. എല്ലാ റോഡുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്. അപ്പോൾ അതു സംരക്ഷി

ക്കാനുള്ള ഉത്തരവാദിത്വബോധവും പൊതുജനങ്ങൾക്ക് ഉണ്ടാവും.

3. പുതുതായി റോഡു ഉണ്ടാക്കാൻ സ്ഥലം വിട്ടു തരുന്നതിനും, ഉള്ളവ വിപുലപ്പെടുത്തുന്നതിലും ആളുകൾ കാണിക്കുന്ന വിമുഖത ഒഴിവാക്കാൻ, അവർക്കു നഷ്ടമാകുന്ന ഭൂമിയുടെയോ മറ്റ് സാമ്പത്തിക പ്രാധാന്യമുള്ള വസ്തുക്കളുടെയോ വിലയ്ക്കു പര്യാപ്തമായ തുക പഞ്ചായത്തിൽ നിന്നും നല്കണം. ഇതിനായുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിയ്ക്കണം.

4. തീരദേശക്കാരുടെ യാത്രക്ലേശം ഒഴിവാക്കാൻ കുറച്ച് സ്വകാര്യ ബസ്സുകളുടെ റൂട്ടിൽ മാറ്റം വരുത്തി മേടയിൽ മുക്കിൽ നിന്ന് പടിഞ്ഞാറോട്ട് ചെന്ന് തീരദേശറോഡിൽ കയറി ശക്തികുളങ്ങര എത്തുന്നതിനുള്ള സൗകര്യം ഉണ്ടാകണം. ഇതിനായി സ്വകാര്യ ബസ്സ് ഉടമകളുടെയും സർക്കാരിന്റെയും സഹായം പഞ്ചായത്ത് തേടണം.

5. ദേശീയ പാതയ്ക്കു സമാന്തരമായി പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു റോഡു ഉണ്ടാകണം. പതിമൂന്നാം വാർഡിന്റെയും പതിന്നാലാം വാർഡിന്റെയും അതിർത്തിയായ കൊല്ലേരിമുക്കിൽ നിന്ന് വടക്കോട്ടു വന്ന് കരിമ്പോലി വയലിൽ കയറി, നേരെ വടക്കോട്ടു കാട്ടയ്യത്ത് മുക്കിൽ വന്ന്, വീണ്ടും നേരെ വടക്കോട്ട് വന്ന് ഇടപ്പട്ടാഴി വഴി ശൂരൻ തോട്ടിൽ വയലിൽ തെക്കേ റോഡിൽ കയറി നേരെ കിഴക്കോട്ടു വന്ന് മണിയത്ത്മുക്കിൽ കയറി N.H.-മായി ബന്ധപ്പെടുത്താം. (ഈ റോഡിന് കരിമ്പോലി വയലിന്റെ ഭാഗത്തു നിന്നും തുടങ്ങി കൊല്ലേരി ഭാഗത്തേക്ക് വന്ന് MLA റോഡ് മുറിച്ച് ഒഴുക്കു തോടുമായുള്ള ഓടയിൽ ബന്ധപ്പെടുത്തണം)

6. പഞ്ചായത്തിന്റെ ഉൾഭാഗത്തു കൂടി മിനി ബസ്സ് സർവ്വീസ് തുടങ്ങിയാൽ യാത്രാക്ലേശം ഒരു പരിധി വരെ കുറയ്ക്കാം. ഇതിനായി സ്വാകര്യവ്യക്തികളുടെ സഹായം പഞ്ചായത്തു തേടണം.

7. തുരുത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും, തുരുത്തും പ്രധാനകരയുമായി ബന്ധിപ്പിക്കുന്നതിനും ഇപ്പോൾ കടത്തു വള്ളം മാത്രമാണുള്ളത്. മത്സ്യബന്ധന ബോട്ടിന്റെ വേഗത കാരണം അപകടവും ഉണ്ടാകുന്നു. ഇത് ഒഴിവാക്കാൻ വള്ളത്തിനു പകരം ചെറിയ സ്പീഡ് ബോട്ടുകളുടെ സർവ്വീസ് തുടങ്ങുന്നത് ഉത്തമമായിരിക്കും. ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി തുരുത്തും പ്രധാനകരയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം ഉണ്ടായാൽ ഏറ്റവും ഉത്തമമായിരിക്കും. ഇതിനായി കേന്ദ്രഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിക്കണം.

8. ശക്തികുളങ്ങര മത്സ്യ ബന്ധനമേഖല ആയതുകൊണ്ട് ധാരാളം ജനങ്ങൾ ഇവിടെ വന്നു പോകുന്നു. വാഹനങ്ങളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചു. ഇതിനനുസരിച്ച് ഉള്ള ഗ്രാഫിക് നിയന്ത്രണസംവിധാനം ഈ പഞ്ചായത്തിൽ ഇല്ല. ശക്തികുളങ്ങര, കാവനാട്, വള്ളിക്കീഴ്, രാമൻകുളങ്ങര എന്നീ സ്ഥലങ്ങളിൽ ബസ് നിർത്തുന്നതിനുള്ള സ്ഥലം പ്രത്യേകം തിരിച്ച് ഇടുക. ചവറ ഭാഗത്തേക്ക് പോകുന്ന ബസ്സ് നിർത്തുന്നതിന് ഒരു സ്ഥലവും കൊല്ലത്തേക്കു പോകുന്നതിന് മറ്റൊരു സ്ഥലവും നിശ്ചയിക്കുക ഇവ തമ്മിൽ 25 മീറ്റർ അകലം വേണം. ബസ്സ് സ്റ്റോപ്പുകളിൽ എല്ലാം വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം. സ്വകാര്യ വ്യക്തികൾ പലരും ഇത് കെട്ടിതരാൻ മുന്നോട്ടു വന്നിട്ടുണ്ട്. അതു നടപ്പിൽ വരുത്താനുള്ള പദ്ധതി പഞ്ചായ ത്തിൽ നിന്ന് ഉണ്ടാകണം. കാവനാട്ടു ജംഗ്ഷനിൽ ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും പ്രത്യേക സ്റ്റാന്റുകൾ ഉണ്ടാകണം. ഓട്ടോ, ടാക്സി നിരക്കുകൾ സ്റ്റാന്റിൽ പ്രദർശിപ്പിക്കണം. ഓട്ടോ റിക്ഷയിൽ മീറ്റർ ഘടിപ്പിക്കുന്നത് നിർബന്ധിതമാക്കണം. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ ആയ വള്ളിക്കീഴ് G.H.S.ൽ പോകുന്ന കുട്ടികളുടെ ഭദ്രത കണക്കിലെടുത്ത് സ്കൂൾ തുടങ്ങുന്നതിനു മുമ്പും സ്കൂൾ വിടുന്ന സമയത്തും ഒരു പോലീസ് കോൺസ്റ്റബിളിനെ ഈ ജംഗ്ഷനിൽ ഡ്യൂട്ടിക്ക് നിയോഗിക്കുക.

സ്വകാര്യ ബസ്സുകളുടെ പരക്കം പാച്ചിൽ പോലീസിന്റെ സഹായത്തോടെ നിയന്ത്രിക്കണം. ദേശീയപാതയുടെ ഭാഗമായുള്ള ബൈപാസ്സ് എത്രയും പെട്ടെന്ന് തുടങ്ങാൻ സർക്കാരിൽ സമ്മർദ്ധം ചെലുത്തണം.

9. നഗരപരിധിയായ മാമൂട്ടിൽകടവു വരെ എത്തി നില്ക്കുന്ന ലോക്കൽ ബസ് സർവ്വീസ്, വള്ളിക്കീഴ് വഴി കാവനാട് വരെ എത്തിച്ചാൽ പഞ്ചായത്തിന്റെ തെക്കു കിഴക്കേ വാർഡുകളിൽ ഉള്ളവർക്ക് പ്രയോജനപ്പെടും. ഇതിനായി റോഡിന്റെ വളവുള്ള ഭാഗങ്ങൾ നേരെയാക്കുകയും, പെരുവിനഴികത്തു മുക്കിൽ സ്ഥാപിച്ചിരിയ്ക്കുന്ന ട്രാൻസ്ഫോമർ മാറ്റുകയും വേണം.

ശക്തികുളങ്ങര പഴയ കലുങ്കിന്റെ ഭാഗം വീതി കൂട്ടുകയും, ഇപ്പോൾ തുറസ്സായി കിടക്കുന്ന, കട്ടയ്ക്കൽകായലിലേക്ക് പോകുന്ന, തോടിന്റെ മുകളിൽ വാഹനഗതാഗതത്തിന് ആവശ്യമായ സ്ളാബ് ഇടുകയും വേണം.

കട്ടയ്ക്കക്കായൽ തോട് റീസർവ്വേ നടത്തി അനധികൃത കയ്യേറ്റക്കാരെ ഒഴുപ്പിച്ച്, തോടിന്റെ വീതി കൂട്ടി വൃത്തിയാക്കണം.

ആയുർവ്വേദ ആശുപത്രിയിലേക്കും, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്കും പഞ്ചായത്തിന്റെ എല്ലാഭാഗത്തു നിന്നും പ്രത്യേകമായി മിനിബസ് സർവ്വീസ് തുടങ്ങണം.

## പഞ്ചായത്തുമാർക്കറ്റുകൾ

ശക്തികുളങ്ങര പഞ്ചായത്തിൽ ഒരു പൊതു മാർക്കറ്റും രണ്ടു സ്വകാര്യമാർക്കറ്റുകളും പ്രവർത്തി ക്കുന്നു. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന രാമൻകുളങ്ങര മാർക്കറ്റ് കൊല്ലം മുനിസിപ്പാലിറ്റിയുടേത് ആണെങ്കിലും ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്നത്. ഈ പഞ്ചായത്തിലെ ആളുകൾക്കാണ്.

കാവനാട് ജംഗ്ഷനിൽ ഗ്രാമീണ ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച പൊതുമാർക്കറ്റും 36 കടകളുള്ള ഷോപ്പിംഗ് കോംപ്ലക്സും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ ഒരു സ്ഥാനം വഹിക്കുന്നു. ഇതുണ്ടാകുന്നതിന് ദശകങ്ങൾ മുമ്പ് മുതൽ തന്നെ ഇവിടെ നാട്ടു ചന്തപ്രവർത്തിച്ചിരുന്നു. നാടിന്റെ നാനാഭാഗത്തു നിന്നുമുള്ള ഉല്പന്നങ്ങൾ ജലഗതാഗതമാർഗ്ഗങ്ങളിലൂടെ ഇവിടെ എത്തിച്ചു വിപണനം ചെയ്തിരുന്നു. ഇന്ന് ഏതൊരു നഗരമാർക്കറ്റിനെയും പോലെ വളർന്നു വികസിച്ചു നില്ക്കുകയാണ് ഈ മാർക്കറ്റ്. എന്നാൽ ഈ സവിശേഷതകൾക്കൊക്കെ കളങ്കം ചാർത്തി കൊണ്ടു നില്ക്കുകയാണ് ഇതിന്റെ ഡ്രെയിനേജ് സംവിധാനം. ലക്ഷക്കണക്കിന് രൂപചെലവാക്കി നിർമ്മിച്ച ഓട ഇവിടുത്തെ മാലിന്യങ്ങളെ അഷ്ടമുടിക്കായലിലേക്ക് തള്ളുമെന്നായിരുന്നു കണക്കു കൂട്ടൽ. എന്നാൽ സാങ്കേതികത്വത്തിൽ വന്ന തകരാറുമൂലം മലിനജലം മാർക്കറ്റനുള്ളിൽ തന്നെ തങ്ങി നില്ക്കുന്നു. ഇത് വൃത്തിയാക്കുന്ന തിലേക്കായി പഞ്ചായത്തു മാസം തോറും ചെലവാക്കുന്ന തുകയുമായി തട്ടിച്ചു നോക്കുമ്പോൾ ഫലം നിരാശജനകമാണ്. ഇതിന് ഒരു ശാശ്വതപരിഹാരം കണ്ടേ തീരൂ.

പഞ്ചായത്തു വകയായി പൊതുവായ ഒരു അറവുശാല ഇല്ല.

പഞ്ചായത്തിന്റെ ജെ.ആർ.വൈ. സാമ്പത്തിക സഹായം കൊണ്ടുണ്ടാക്കിയ ഒരു ഷോപ്പിംഗ് കോംപ്ലക്സും പ്രവർത്തിക്കുന്നുണ്ട്.

ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന മഹാത്മഗാന്ധി മാർക്കറ്റും, വാസുപിള്ളമുക്കിൽ പ്രവർത്തിക്കുന്ന മാർക്കറ്റും സ്വകാര്യവ്യക്തി കളുടേതാണ്. ഇതിൽ നിന്നും വർഷം തോറും ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിന് ലഭിക്കുന്നു.

പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള വാർഡുകളിൽ മാർക്കറ്റ് സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഇതിനു പരിഹാരം കാണുന്നതിനായി പതിനഞ്ചാം വാർഡിൽ കിടക്കുന്ന ചെറുവേലികുളം നികത്തി പഞ്ചായത്തു വക മാർക്കറ്റു തുടങ്ങുന്നതിന് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കണം.

ഈ പഞ്ചായത്തിൽ ആഴ്ച ചന്തകളോ ഉത്സവ ചന്തകളോ നടത്തുന്നില്ല.

# ഗ്രാമവികസനം, പാർപ്പിടം, ക്ഷേമം

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കൊല്ലം പട്ടണത്തിന്റെ വാണിജ്യപരമായ ഉയർച്ച, ഈ പ്രദേശത്തെ മത്സ്യബന്ധനമേഖലയിൽ ഉണ്ടായ വിപ്ലവകരമായ പുരോഗതി, ചവറപ്രദേശത്ത് ഉയർന്നുവന്ന വ്യവസായങ്ങൾ ഇവയെല്ലാം ഈ പഞ്ചായത്ത് പ്രദേശത്തെ ജനസാന്ദ്രത വർദ്ധിപ്പിക്കുകയും പാർപ്പിട, ക്ഷേമ വികസനരംഗത്ത് ആവശ്യങ്ങളും പ്രശ്നങ്ങളും സങ്കീർണ്ണമാക്കുകയും ചെയ്തു. ഒരു കാർഷിക ഗ്രാമപരിവേഷമുണ്ടായിരുന്ന ഈ പ്രദേശം ഒരു സെമി അർബൻ സാമൂഹ്യക്രമത്തിലേക്ക് ഈ കാലഘട്ടങ്ങളിലൂടെ അവസ്ഥാന്തരം പ്രാപിച്ചു.

## പാർപ്പിടം

പാർപ്പിടമില്ലായ്മ ഈ പ്രദേശത്തിന്റെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഇവിടുത്തെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 4847 എന്ന കണക്കിനാണ്. ഇവിടെയൊക്കെ 8608 കുടുംബങ്ങളാണുള്ളത്. എല്ലാ കുടുംബങ്ങളിലും ചേർത്ത് 22,254 പുരുഷന്മാരും 22197 സ്ത്രീകളുമാണുള്ളത്. വീടില്ലാത്തവരും, വാസയോഗ്യമായ വീടില്ലാത്തവരുമായി നാലായിരത്തി എഴുനൂറ്റിയെട്ട് കുടുംബങ്ങളുണ്ട്. ഇതിൽ 1168 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിതനിലവാരം ഉള്ളവരാണ്. താമസഭൂമിയും വീടും ഇല്ലാത്തവരായി 582 കുടുംബങ്ങൾ നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ അടിയിൽ വിവരിക്കും പ്രകാരമാണ്.

| | |
|---|---|
| ആകെ കെട്ടിടങ്ങൾ | 11569 |
| ഒന്നിൽ കൂടുതൽ നിലകളുള്ളവ | 464 |
| കോൺക്രീറ്റ് ഇട്ടവ | 4090 |
| ഓട് മേഞ്ഞവ | 2734 |
| മറ്റുള്ളവ | 2390 |

മുകളിൽ വിവരിക്കുന്നവയിൽ പാർപ്പിടേതിര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഉൾപ്പെടും.

കഴിഞ്ഞ കുറേവർഷങ്ങളായി ഈ പഞ്ചായത്ത് പ്രദേശത്തേക്ക് അഭൂതപൂർവ്വമായി കുടിയേറ്റം നടക്കുകയാണ്. ഈ കുടിയേറ്റക്കാരെ പൊതുവെ രണ്ടായി തരം തിരിക്കാം. ഒന്ന് ചവറയിലെ വ്യവസായ മേഖലകളിലും കൊല്ലം പട്ടണത്തിലെ സർക്കാർ ഓഫീസുകളിലും വ്യവസായസ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ. രണ്ട് പലയിടങ്ങളിലും നിന്നായി മത്സ്യബന്ധനമേഖലയിലും മറ്റും പണിയെടുക്കുന്നതിനു വേണ്ടി വന്നവരും കൊല്ലം പട്ടണത്തിൽ നിന്ന് സ്വന്തമായി പാർപ്പിടമില്ലാത്തവരോ പാർപ്പിടം നഷ്ടപ്പെട്ടവരും ആയി വന്നിട്ടുള്ളവരും. ഒന്നാം വിഭാഗത്തിലുള്ളവർ മോശമല്ലാത്ത തൊഴിൽ വരുമാനം ലഭിക്കുന്നവരാകയാൽ മെച്ചപ്പെട്ട വീടുകൾ പണിതു താമസിക്കുന്നു. രണ്ടാമത്തെ വിഭാഗക്കാർ തുച്ഛവരുമാനക്കാരും കൂലിവേലക്കാരുമാണ്. ഇക്കൂട്ടരെ ഈ പഞ്ചായത്തിലേക്കാകർഷിക്കുന്ന ഒരു പ്രധാന ഘടകം ഇവിടെ ഉണ്ടായിരുന്നതും കുറവെങ്കിലും ഇപ്പോഴും ഉള്ളതുമായ നിലങ്ങളാണ്. നിലങ്ങൾക്ക് നികന്ന ഭൂമിയേക്കാൾ വളരെ കുറവുമാത്രമാണ് പൊതുവെ ഇവിടുത്തെ വില. കുടിയേറ്റക്കാർ കൈയ്യിലുള്ള തുച്ഛമായ തുക കൊടുത്ത് അഞ്ചോ മൂന്നോ സെന്റ് നിലം വാങ്ങുന്നു. കുറച്ചു ഭാഗം നികത്തി ഒരു ചെറ്റ കൂര കുത്തി മറച്ച് ഉണ്ടാക്കി എങ്ങനെയെങ്കിലും താമസം തുടങ്ങുന്നു. പിന്നെ വാസയോഗ്യമായ ഒരു പാർപ്പിടം ഇവരുടെ പ്രധാന ആവശ്യമായി മാറുന്നു. ഇവരിൽ ഇനിയൊരു വിഭാഗം ഈ പ്രദേശത്തെ ഏതെങ്കിലും വീടിനോട് ചേർന്ന ചരിപ്പിലോ കൊച്ചു കൂരകളിലോ വാടകയ്ക്ക് പാർക്കുകയോ, പുറം പോക്കുകളിൽ കൂര കുത്തി കഴിയുകയോ ചെയ്യുന്നു. ഇക്കൂട്ടരുടെ ആവശ്യം വീടും വസ്തുവുമാണ് കൂലി പണിയെടുത്ത് അന്നന്നത്തെ അഷ്ടി കഴിയുന്നവരുടെ കൈയ്യിൽ പണവുമില്ല. വോട്ടേഴ്സ് ലിസ്റ്റിൽ പേരും പഞ്ചായത്തിലെ വിലാസത്തിൽ റേഷൻ കാർഡുമായാൽ ഇവിടുത്തെ സ്ഥിരതാമസക്കാരനായി. ഈ ഇല്ലായ്മക്കാരുടെ പട്ടികയിൽ പാരമ്പര്യമായി ഇവിടെ പാർത്തു വരുന്നവരും പെടും.

ഓരോ വർഷം കഴിയുന്തോറും കുടിയേറ്റക്കാരായ ഇല്ലായമ്ക്കാരുടെ എണ്ണം പെരുകി കൊണ്ടിരിക്കും. അതിനനുസരിച്ച് പാർപ്പിട പ്രശ്നം വർദ്ധിച്ചു കൊണ്ടിരിയ്ക്കുകയുമാണ്. മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ ഉണ്ടാകാൻ സാദ്ധ്യതയില്ലാത്ത പ്രത്യേകമായ ഒരു അവസ്ഥാവിശേഷമാണ് ഈ രംഗത്ത് ഇവിടെ നിലനില്ക്കുന്നത്. അതുകൊണ്ട് തന്നെ പൊതുവായിട്ടുള്ളതല്ലാത്ത പ്രത്യേകമായ ആസൂത്രണം പാർപ്പിട പ്രശ്നത്തിൽ ഇവിടെ ഉണ്ടാകണം.

ഭവനനിർമ്മാണരീതികളിൽ പൊതുവേ നില നില്ക്കുന്ന ധൂർത്തും ദുർവ്യയവും ഈ പ്രദേശത്തുമുണ്ട്. വീടെന്നാൻ മത്സരബുദ്ധിയോടെ പണിയുന്ന ആർഭാടമായൊരു കോൺക്രീറ്റ് സൗധമാണെന്നാണ് സങ്കല്പം. ഈ പ്രദേശത്തെ ഭവന നിർമ്മാണ സഹായസംവിധാനങ്ങൾ രണ്ട് വിഭാഗത്തെ ലക്ഷ്യമിട്ടു കൊണ്ടുള്ളതായിരിക്കണം. ഒന്ന് സ്വന്തമായി പണം മുടക്കി വീടുകൾ വയ്ക്കുവാൻ തക്ക സാമ്പത്തികശേഷിയുള്ളവർക്കു വേണ്ടിയുള്ള സഹായ ഏർപ്പാടുകൾ രണ്ട് വീടില്ലാത്തവരായ, വീടും സ്ഥലവുമില്ലാത്തവരായ ദുർബലവിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക സഹായപദ്ധതികൾ.

ഇപ്പോൾ നിലനില്ക്കുന്ന ക്ഷേമപദ്ധതികൾ പ്രകാരം ദുർബലവിഭാഗത്തിൽപ്പെട്ട ആയിരത്തി ഒരുനൂറ്റിമുപ്പത്തിരണ്ട് കുടുംബങ്ങൾക്ക് പാർപ്പിട നിർമ്മാണസഹായം എത്തിച്ചു കൊടുത്തിട്ടുണ്ട്.

## നിലനില്ക്കുന്ന ഭവനനിർമ്മാണസഹായ പദ്ധതികൾ

ഗ്രാമപഞ്ചായത്ത്, ഗ്രാമവികസന വകുപ്പ്, മത്സ്യ തൊഴിലാളി ക്ഷേമ ഏജൻസി, ഭവന നിർമ്മാണ വകുപ്പ്, ജില്ലാ വികസന അതോറിട്ടി പരമ്പരാഗത വ്യവസായതൊഴിലാളി ക്ഷേമ ഏജൻസികൾ എന്നിവയിൽ നിന്നുള്ള ഭവ നിർമ്മാണ സഹായങ്ങളാണ് ഈ പ്രദേശത്ത് കിട്ടിക്കൊണ്ടിരിക്കുന്നത്. ഗ്രാന്റ് ഇൻ എയിഡ് പ്രകാരം പഞ്ചായത്ത് സ്ഥാപനങ്ങൾ ഗ്രാമവികസന വകുപ്പ്, മത്സ്യതൊഴിലാളി ഭവനപദ്ധതി ഏജൻസികൾ ഇവ നല്കുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതാണ്. ഇഷ്ടിക, മണൽ കരിങ്കല്ല് എന്നിവ സുലഭമായും, കുറഞ്ഞ വിലയ്ക്കും ലഭിക്കുന്ന ചാത്തന്നൂർ, കല്ലുവാതുക്കൽ പ്രദേശങ്ങൾക്കും ഇപ്പറഞ്ഞ സാധനങ്ങളെല്ലാം അകലങ്ങളിൽ നിന്നും കൊണ്ടു വരേണ്ട ശക്തികുളങ്ങര പഞ്ചായത്തിനും ഒരേ ഭവനനിർമ്മാണസഹായ തുക നല്കുന്നത് ആശാസ്ത്രീയമാണ്. ദുർബലവരുമാന വിഭാഗത്തിന് ഇവിടെ നല്കുന്ന ഭവനനിർമ്മാണ ഗ്രാന്റ് തുക കുറഞ്ഞത് 50,000 രൂപയെങ്കിലും ആയി ഉയർത്തേണ്ടിയിരിക്കുന്നു.

പട്ടികജാതി വിഭാഗങ്ങൾക്ക് കോളനി സങ്കല്പത്തിൽ നല്കുന്ന വീടുകൾക്ക് വകയിരുത്തിയിട്ടുള്ള കോമൺ അമിനിറ്റിസ് ഫണ്ടിന് കോളനികളിലല്ലാതെ താമസിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് ലഭിക്കാതെ പോകുന്നു. കോളനി പരിഗണന കൂടാതെ ഈ സഹായം എല്ലാ ഗുണഭോക്താക്കൾക്കും നല്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് പ്രദേശത്ത് ഭൂമിക്ക് താങ്ങാനാവാത്ത വലിയ വിലയാണ്. ഭൂമിയുടെ ലഭ്യതയും കുറവാണ്. ഭൂമിയും വീടുമില്ലാത്ത 582 കുടുംബങ്ങൾക്ക് അത് നല്കുന്നതിനുള്ള ബാദ്ധ്യത ഇപ്പോൾ തന്നെ പഞ്ചായത്തിനുണ്ട്. വർഷാവർഷം ആവശ്യക്കാരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുനില ഫ്ലാറ്റുകൾ നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് ഇവിടെ നടപ്പാക്കേണ്ടത്. ഓരോ ഫ്ലാറ്റും ഓരോ കുടുംബത്തിന് നല്കാവുന്നതാണ്. ഇങ്ങനെയാകുമ്പോൾ ഭൂമിയുടെ വിസ്തൃതി നിലനില്ക്കുന്ന പദ്ധതകളനുസരിച്ച് വേണ്ടതിനേക്കാൾ വളരെ കുറച്ചു മതിയാകും. ഇതിന് വേണ്ടി ചിലവാകുന്ന തുക പതിനഞ്ചു വർഷം കൊണ്ട് തുല്യമാസ ഗഡുക്കളായി പലിശയില്ലാതെ ഈടാക്കേണ്ടതാണ്. ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശം തുക അടഞ്ഞു തീർന്നതിന് ശേഷം കൊടുത്താൽ മതി. യാതൊരു കാരണവശാലും ഫ്ലാറ്റ് അനുവദിച്ചു വാങ്ങുന്ന ഗുണഭോക്താവ് അല്ലാതെ മറ്റൊരു കുടുംബം സ്ഥിരമായി ഈ ഫ്ലാറ്റിൽ താമസിക്കാൻ പാടുള്ളതല്ല. ഫ്ലാറ്റുകളുടെ വാക്കാൽ കൈമാറ്റം ഒഴിവാക്കുന്നതിന് വേണ്ടിയാണിത്.

2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വില അഭൂതപൂർവ്വമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തൽ ഭവനനിർമ്മാണ ഗ്രാന്റായി ബ്ലോക്കിൽ നിന്നും കൊടുക്കുന്ന 15500 രൂപാ വളരെ അപര്യാപ്തമാണ്. ഈ തുക 30,000 രൂപയായി ഉയർത്താനുള്ള നടപടിയുണ്ടകണം.

3. ഭൂരഹിത ഭവനരഹിതർക്കായി ശക്തികുളങ്ങര പഞ്ചായത്ത് എടുത്തിട്ടിരിക്കുന്ന രണ്ട് തുരുത്തുകൾ അപേക്ഷകർക്ക് അലോട്ട് ചെയ്യേണ്ടതാണ്. ഇങ്ങനെ അലോട്ട് ചെയ്യുന്ന ഭൂമി തുരുത്തിലായതു കൊണ്ട് വേണ്ട എന്ന് പറയുന്ന അപേക്ഷകന് പിന്നീട് ഈ ആനുകൂല്യത്തിന്റെ അർഹതയുണ്ടോ എന്ന് ആലോചിക്കേണ്ടതാണ്.

4. ഇപ്പോൾ ദേശീയ പാത ബൈപാസിനു വേണ്ടി ഏറ്റെടുത്തിട്ടിരിക്കുന്ന സ്ഥലത്തെ താമസക്കാരെ പുനരധിവസിപ്പിക്കാനുള്ള നടപടി ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം.

5. പട്ടയം കിട്ടാൻ അർഹതയുള്ള വർഷങ്ങളായി പുറം പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് അത് എത്രയും പെട്ടന്ന് കൊടുക്കുവാനുള്ള നടപടി പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പിലാക്കണം.

6. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളെ മറി കടന്നു കൊണ്ട് ചില നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. അത് നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ ഉണ്ടാകണം.

7. ഇന്ന് ഈ പഞ്ചായത്ത് പ്രദേശത്തു നിന്ന് സ്വകാര്യ ഭൂമി അക്വയർ ചെയ്യെടുക്കുന്നതിനു വേണ്ടി നിശ്ചയിച്ചിരിക്കുന്ന വില വളരെ വളരെ കുറവാണ്. ഈ ഭൂവില ഈ പ്രദേശത്ത് ഇപ്പോൾ നിലനില്ക്കുന്ന വിലയുടെ പത്തിലൊന്ന് പോലും ആകുന്നില്ല പലപ്പോഴും ഇതിന്റെ ഫലമായി ഭൂമി അക്വയർ ചെയ്യുന്നതിന് വളരെയേറെ ബുദ്ധിമുട്ടും പലപ്പോഴും അസാദ്ധ്യവും ആകുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രാദേശിക വിലനിലവാരം അനുസരിച്ച് ഭൂവില നിശ്ചയിച്ച്കാലവിളംബം കൂടാതെ നല്കുവാനുള്ള നടപടി ഉണ്ടാകണം.

8. ആർഭാട പൂർവ്വമായ വീട് നിർമ്മാണത്തിന് എതിരേ പ്രചരണവും ബോധവത്ക്കരണവും ജനകീയ സമിതികളുടെ സഹായത്തോടെ നടത്തണം. ചെലവു കുറഞ്ഞ വീട് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രദേശവാസികളിലെത്തിക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന നിർമ്മിതി തുടങ്ങിയ ഏജൻസികളുടെ സഹായം തേടണം. ഭവനനിർമ്മാണത്തിലെ ആർഭാടം കുറയ്ക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്ത് അനാവശ്യമായി ആർഭാടത്തിന് വേണ്ടി ചെലവാക്കുന്ന തുക പ്രത്യുല്പാദനപരമായ രംഗങ്ങളിലേക്ക് തിരിച്ചു വിടുവാനുള്ള പ്രേരണ ചെലുത്തണം.

9. കെട്ടിനിർമ്മാണപ്രവർത്തനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് പരക്കെ വിപുലമായി നടന്നു കൊണ്ടിരിക്കുകയാണ്. എല്ലാ ആവശ്യസാധനങ്ങളും പുറത്തു നിന്ന് കൊണ്ടു വരുന്നതു കൊണ്ട് ഇടനിലക്കാരും മുതലാളിമാരും ചേർന്ന് ഗുണഭോക്താക്കളെ അമിതമായി ചൂഷണം ചെയ്യുന്നുണ്ട്.

10. ഈ അവസ്ഥമാറ്റി ന്യായ വിലയ്ക്ക് ഗുണഭോക്താക്കൾക്ക് സാധനങ്ങൾ എത്തിച്ചു കൊടുക്കുന്ന സഹകരണസംഘം ഉണ്ടാക്കേണ്ടതാണ്. ഇതുകൂടാതെ ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളിൽ നല്ലൊരു ഭാഗത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഇല്ല തന്നെ. ഇത് നിർമ്മാണ രംഗത്ത് അനാവശ്യമായ ചെലവുകൾ ഉണ്ടാക്കുകയും സാങ്കേതിക പിഴവുകൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇത് മാറ്റി എടുക്കുന്നതിലേക്ക് നിർമ്മാണ തൊഴിലാളികൾക്ക് ഈ രംഗത്തെ സാങ്കേതിക കാര്യങ്ങളെപ്പറ്റി ഹ്രസ്വകാല പരിശീലനം നല്കേണ്ടതാണ്.

11. ഈ പ്രദേശത്ത് ഇപ്പോൾ ഭവനനിർമ്മാണ വായ്പ നല്കുന്ന സഹകരണസംഘങ്ങൾ ഇല്ല. ആവശ്യക്കാർക്ക് വായ്പ ലഭിക്കുന്നതിന് വേണ്ടി ഈ പ്രദേശത്ത് ഒരു സഹകരണസംഘം രൂപപ്പെടുത്തുകയോ നിലവിൽ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വെസ്റ്റ് ക്വയിലോൺ കോപ്പറേറ്റീവ് ബാങ്കിൽ ഇതിലേക്കായി ഒരു വിഭാഗം തുടങ്ങുകയോ ചെയ്യേണ്ടതാണ്.

12. മൂന്ന് വശവും കടലും കായലും ചേർന്ന് കിടക്കുന്ന ഈ പ്രദേശത്ത് പുതിയ തീരദേശസംരക്ഷണനിയമം പ്രാബല്യത്തിൽ വന്നാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ വളരെ വലുതായിരിക്കും. കടലിൽ നിന്ന് അരകിലോമീറ്ററും കായലിൽ നിന്ന് 200 മീറ്ററും അകലത്തിലുള്ള കരഭാഗം സംരക്ഷണനിയമത്തിന്റെ പരിധിയിൽപ്പെടും. അങ്ങനെയായാൽ പിന്നെ ശക്തികുളങ്ങര പഞ്ചായത്തിൽ അവശേഷിക്കുന്നത് വളരെകുറച്ചു ഭൂഭാഗം മാത്രമായിരിക്കും. ഇത് പാർപ്പിടപ്രശ്നത്തിലെന്നല്ല പഞ്ചായത്തിലെ എല്ലാരംഗത്തുമുള്ള വികസനത്തിനും നിലനില്പിനും തന്നെ കടുത്ത പ്രതിസന്ധി സൃഷ്ടിക്കും. അതുകൊണ്ട് തീരദേശ സംരക്ഷണനിയമം ഈ പ്രദേശത്ത് പ്രാബല്യത്തിൽ ആക്കുന്നതിനെ സർവ്വശക്തിയും സംഭരിച്ച് ചെറുത്ത് തോല്പിക്കേണ്ടതാണ്.

## ഗ്രാമവികസനം

സംസ്ഥാനഗ്രാമവികസന വകുപ്പിൽ നിന്നും പഞ്ചായത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ IRDP, CRSP, MWS, DWCRA, RAP, TRYSEM, C.S.S. ഗ്രൂപ്പ് ഹൗസിംഗ്, സോഷ്യൽ ഫോറസ്ട്രി എന്നിവയാണ് ഈ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ പദ്ധതികൾക്ക് നിലവിലുള്ള പോരായ്മയും പരിഹാരനിർദ്ദേശങ്ങളും പദ്ധതി തിരിച്ച് ചുവടെ ചേർക്കുന്നു.

### 1. IRDP (സംയോജിക ഗ്രാമവികസന പരിപാടി

11,000 രൂപ വരെ വാർഷിക കുടുംബവരുമാനമുള്ളവരെയാണ് സഹായത്തിന് തെരഞ്ഞെടുക്കുന്നത്. ഇതിനായി സ്ഥിരവരുമാനമില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ സർവ്വേ ചെയ്ത ലിസ്റ്റ് നിലവിവുണ്ട്. 1992-ലെ ലിസ്റ്റ് പ്രകാരം 4057 പേരും 1995 ലെ അഡീഷണൽ ലിസ്റ്റ് പ്രകാരം 264 പേരേയും ഉൾപ്പെടുത്തി ആകെ 4321 പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ട്. ഇവരിൽ 319 പേർക്കു മാത്രമാണ് കഴിഞ്ഞ പദ്ധതിക്കാലത്ത് സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞത്. ഇപ്പോൾ ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ 90 കുടുംബങ്ങൾക്കാണ് IRDP സഹായം ലഭിക്കുന്നത്. ശരാശരി ഒരു വാർഡിൽ 6 കുടുംബങ്ങൾക്കു മാത്രം. IRDP സർവ്വേലിസ്റ്റിൽ നിന്ന് അനുക്രമമായി മാത്രമേ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ പാടുള്ളു. എന്നതിനാൽ ഈ സഹായം വായ്പാക്ഷമതയില്ലാത്തവർക്ക് ലഭിക്കുന്നു എന്നതാണ് ഏറ്റവും വലിയ പോരായ്മ. ജീവിതവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വായ്പ നൽകാൻ ബാങ്കധികൃതർ വിമുഖത കാട്ടുന്നതിനാൽ യഥാർത്ഥത്തിൽ അർഹതയുള്ളവർക്കു മുഴുവൻ ഈ സഹായം ലഭിക്കുന്നില്ല. മുൻഗണനാക്രമം എന്ന അന്ത്യോദായക്രമസമീപനം എല്ലാ സംസ്ഥാന ഗവൺമെന്റും ഒഴിവാക്കിയിട്ടുതള്ളതാണ്. കേരളത്തിൽ മാത്രമാണ് ഈ നിബന്ധനയുടെ കാർക്കശ്യമുള്ളത്. അതിനാൽ നിലവിലുള്ള സർവ്വേലിസ്റ്റിൽ നിന്നും ഗ്രാമപഞ്ചായത്തിന് അർഹതയുള്ള വരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം നൽകേണ്ടതാണ്.

വർഷത്തിൽ കുറഞ്ഞത് 500 പേർക്കെങ്കിലും പഞ്ചായത്ത് പ്രദേശത്ത് IRDPസഹായം നല്കാനുള്ള അലോട്ട്മെന്റ് ആവശ്യമാണ്.

നിലവിലുള്ള സബ്സിഡി പരിധി പട്ടികജാതിക്കാർക്ക് 6000/- ൽ നിന്ന് കുറഞ്ഞത് 10000/- രൂപയായും മറ്റു വിഭാഗക്കാർക്ക് 4000/- ൽ നിന്ന് 7500/- രൂപയായും ഉയർത്തേണ്ടതാണ്.

### C.R.S.P കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീത്വ പരിപാടി)

ദാരിദ്ര്യരേഖയ്ക്കു തഴെയുള്ള 1316 കുടുംബങ്ങൾക്കാണ് ഉപയോഗശൂന്യമായ കക്കൂസുള്ളത് കഴിഞ്ഞ പദ്ധതിക്കാലത്ത് 38 കുടുംബങ്ങൾക്കു മാത്രമാണ് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമായിട്ടുള്ളത്. SEU-ന്റെ നേതൃത്വത്തിൽ 450 പേർക്ക് കക്കൂസ് നൽകുവാൻ പഞ്ചായത്ത് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ഇനി 1291 കുടുംബങ്ങൾ ഈ പദ്ധതി ആനുകൂല്യത്തിന് അർഹരായുണ്ട്. അതിനാൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി വർഷം തോറും 260 കുടുംബങ്ങൾക്ക് ഈ സഹായം നൽകണം. ഈ പദ്ധതി വഴി ഗ്രാമവികസ വകുപ്പ് ഗുണഭോക്താക്കൾക്ക് 2000/-രൂപയാണ് കക്കൂസ് നിർമ്മിക്കുന്നതിനായി നൽകുന്നത്. ആയതു തുക ഇന്നത്തെ സ്ഥിതി വിശേഷത്തിൽ മാറ്റം വരുത്തി 4500/-രൂപയായി ഉയർത്തേണ്ടതാണ് അത്യാവശ്യമാണ്.

## MWS(ദശലക്ഷം കിണർ പദ്ധതി)

കാർഷികാവശ്യത്തിന് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് കിണർ കുഴിക്കുവാൻ നൽകുന്ന സാമ്പത്തിക സഹായപദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ MWS നടപ്പാക്കുന്നതിന് ഭൂപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതി.യുടെ നടത്തിപ്പിൽ കാര്യമായ പുരോഗതിയില്ല. നമ്മുടെ ബ്ലോക്കതിർത്തിയിൽ പട്ടികജാതി വിഭാഗത്തിന് 10 സെന്റും മറ്റ് വിഭാഗങ്ങൾക്ക് 25 സെന്റെന്നും ഭൂപരിധി നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുമാനപരിധിയിൽപ്പെട്ടവർക്ക് ഇത്തരത്തിൽ ഭൂമി ലഭ്യമാകാൻ സാധ്യമല്ലാത്തതിനാലാണ് ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്കു ലഭിക്കാതെ പോകുന്നത്. അതിനാൽ ഈ പദ്ധതിയുടെ കാര്യത്തിൽ ഗുണഭോക്താവിന് ഭൂപരിധി നിബന്ധനകൾ ബാധകമാക്കാതിരിക്കണം. കിണർ കുഴിക്കാനുള്ള സഹായം പൂർണ്ണഗ്രാന്റാണ്. പഞ്ചായത്തിൽ പദ്ധതിയർഹരായി 1000ൽ കൂടുതൽ കുടുംബങ്ങളുണ്ട്.

## DWCRA(ഗ്രാമീണ വനിതാ ശിശു വികസന പരിപാടി)

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിവിധ കുടുംബങ്ങളിലെ വനിതകൾക്ക് കൂട്ടായി സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരത്തിൽ 10 മുതൽ 15 വരെ വനിതകളെ ഉൾപ്പെടുത്തി ആരംഭിച്ച 5 യൂണിറ്റുകൾ ഇപ്പോഴുണ്ട്. ഇതിൽ രണ്ടു യൂണിറ്റുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ബാക്കി യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഒരു വാർഡിൽ ഒരെണ്ണം വീതം 15 വാർഡിലും ഇതിന്റെ യൂണിറ്റുകൾ ആരംഭിക്കണം.

## RAP ഗ്രാമീണ കൈതൊഴിലാളകിൾക്ക് മെച്ചപ്പെട്ട ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി)

4500/- രൂപ വരെ വിലയുള്ള ആധുനിക കൈത്തൊഴിലുകപരണങ്ങൾ നൽകുന്ന ഈ പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷമാണ് നമ്മുടെ ജില്ലയിൽ നടപ്പാക്കി തുടങ്ങിയത്. രണ്ടു തൊഴിലാളികൾക്ക് ഇത്തരത്തിൽ സഹായം നൽകിയിട്ടുണ്ട്. ഇനിയും ഇത്തരത്തിൽ സഹായത്തിനർഹതപ്പെട്ട 15-20 ഗ്രാമീണ കൈതൊഴിലുകാർ നമ്മുടെ പഞ്ചായത്തിലുണ്ട്. ആയതിനുള്ള നിർദ്ദേശം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായവർക്ക് സഹായം ലഭ്യമാക്കണം.

## TRYSEM (ഗ്രാമീണ യുവതീ യുവാക്കൾക്കായുള്ള സ്വയം തൊഴിൽ പരിശീലന പരിപാടി)

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ നിന്നും 30 യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകപ്പെട്ടു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള യാതൊരു വിധ തൊഴിൽ പരിശീലനവും ലഭിക്കാത്ത പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നേടിയ 18-35 പ്രായപരിധിയിൽപ്പെട്ട യുവതീയുക്കാൾക്ക് സൈറ്റഫന്റോടു കൂടിയ തൊഴിൽ പരിശീലനമാണ് നൽകുന്നത്. ഈ പദ്ധതിപ്രകാരം വർഷംതോറും നമ്മുടെ പഞ്ചായത്തിൽ നിന്ന് കുറഞ്ഞത് 60 പേർക്കെങ്കിലും പരിശീലനം നൽകി സ്വയം തൊഴിൽ യൂണിറ്റുകളാരം ഭിക്കാനുള്ള സഹായം നൽകാൻ കഴിയണം.

## C.S.S.(ചെറുകിട നാമമാത്ര കർഷകർക്കു വേണ്ടിയുള്ള ജലസേചന സഹായം)

കുറഞ്ഞത് 50 സെന്റു കൃഷി ഭൂമിയുള്ള കർഷകർക്ക് ജലസേചനാവശ്യത്തിനുള്ള കിണർ, പമ്പുസെറ്റ് എന്നിവ ലഭ്യമാക്കുന്ന ഈ പദ്ധതി ഇന്ന് നിർത്തിവച്ചിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ നിരവധി കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള പല പദ്ധതികളെയും അപേക്ഷിച്ച് 1/3 സബ്സിഡി ലഭ്യമായതിനാൽ ഈ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ വർഷം തോറും കുറഞ്ഞത് 10 കർഷകർക്കു വീതം സഹായം ലഭിക്കാനുള്ള തുക വകയിരുത്തേണ്ടതാണ്. പദ്ധതി പുനരാവിഷ്ക്കരിക്കാനുള്ള നിർദ്ദേശം മുന്നോട്ടു വയ്ക്കണം.

## സോഷ്യൻ ഫോറസ്ട്രി) (ഫലവൃക്ഷതൈകളുടെ വിതരണം)

തെങ്ങ്, കശുമാവ്, മാവ്, സർവ്വസുഗന്ധി ജാതി ഇനങ്ങളിൽപ്പെട്ട ശരാശരി 300 തൈകൾ

ഈ പദ്ധതി അനുസരിച്ച് വിതരണം ചെയ്തു വരുന്നു. തൈകളുടെ വിതരണം കർഷകനെ സംബന്ധിച്ചിടത്തോളം Un-Sea-Sanal-ആണ്. അതിനാൽ മുമ്പ് വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ഗ്രാമതലത്തിൽ സംഘടിപ്പിച്ച് നടപ്പാക്കി വന്നിരുന്ന ഡി സെൻട്രലൈസ്ഡ് നേഴ്സറി പദ്ധതികൾ ഈ പണമുപയോഗിച്ച് നടപ്പാക്കണം. ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിൽ മൂന്നു മേഖലകളിലായി 3 നേഴ്സറികൾ പ്രവർത്തിപ്പിക്കാൻ കഴിയണം.

## ഗ്രാമവികസനം

മുകളിൽ വിവരിക്കുന്ന ക്ഷേമ സഹായപദ്ധതിക്കനുസരിച്ച് ആനുകൂല്യം കൈപ്പറ്റിയവരെപ്പറ്റിയുള്ള ഒരു പഠനത്തിൽ നിന്നും മനസ്സിലാകുന്നത് പദ്ധതി ലക്ഷ്യം വളരെ കുറച്ചു മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളു എന്നാണ്. സ്വയം തൊഴിൽ വായ്പ വാങ്ങിയവരിൽ ഭൂരിഭാഗവും അത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല പ്രത്യേകം ഈടില്ലാതെ കൊടുക്കുന്ന വായ്പ ആയതിനാൽ തുക തിരിച്ചടയ്ക്കാൻ തയ്യാറാകുന്നതുമില്ല. IRDP വായ്പകൾ എടുത്തിട്ടുള്ളവരുടേയും സ്ഥിതി ഇതു തന്നെയാണ്. വളരെ വലിയ ഉദ്ദേലക്ഷ്യങ്ങളോടെ സംവിധാനം ചെയ്തിട്ടുള്ള ഈ പദ്ധതികളുടെ എല്ലാം ലക്ഷ്യം പാളിപോകുന്നു. സർക്കാർ സഹായങ്ങൾ എങ്ങനേയും വസൂലാക്കുക എന്നിട്ട് തിരിച്ചടയ്ക്കാതിരിക്കുക ഇതൊരു സംസ്കാരമായി ഗുണഭോക്താക്കളിൽ വളർന്നിട്ടുണ്ട്. ഇതിന്റെ ഫലമായി വായ്പകൾ തിരിച്ചടയ്ക്കുന്നില്ല. ബാങ്കുകൾ ഇത്തരം പുതിയ വായ്പകൾ കൊടുക്കാൻ തയ്യാറാകുന്നുമില്ല. ഫലമോ പദ്ധതികൾ പേപ്പറുകളിലൊതുങ്ങുന്നു. ഈ അവസ്ഥമാറ്റിയേ മതിയാകൂ. ഇവിടെ ജനകീയ ഇടപെടലിന് മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. ഇതിനേക്കായി വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ജനകീയ കമ്മിറ്റികൾ ഉണ്ടാകണം.

വാർഡ് മെമ്പർ കൺവിനറായും സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ പ്രതിനിധികളായും ഈ സമിതിയിൽ ഉണ്ടാകണം. ഈ സമിതി അർഹരായവർക്ക് സഹായം ലഭ്യമാക്കുക, യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നു എന്ന് ഉറപ്പുവരുത്തുക എന്നീ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണം. സാമൂഹ്യ സമ്മർദ്ദങ്ങൾ കൊണ്ട് ഇത് സാദ്ധ്യമാക്കാവുന്നതാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ നിലവിലുള്ള പദ്ധതികൾ പലതും ഗുണഭോക്താവിന്റെ ആവശ്യങ്ങൾക്ക് ചേർന്നതല്ല എന്ന് കാണാം. ഇതുവരെ നിലനില്ക്കുന്ന രീതി സഹായ പദ്ധതിക്കനുസരിച്ച് ആവശ്യം ഉണ്ടാക്കുക എന്നതാണ് അല്ലെങ്കിൽ ആവശ്യക്കാരനാണ് എന്ന് നടിക്കുക എന്നതാണ്. പുതിയ സാഹചര്യത്തിൽ ആവശ്യാധിഷ്ഠിതമായ സഹായം എത്തിക്കുന്നതിനുള്ള ബാദ്ധ്യത സമിതി ഏറ്റെടുക്കണം.

## ആവശ്യാധിഷ്ഠിത സഹായ പദ്ധതി

ആവശ്യാധിഷ്ഠിതമായ സഹായം കേന്ദ്രീകൃത പദ്ധതികൾ കൊണ്ട് സാദ്ധ്യമല്ല. ഉദാഹരണത്തിന് ഏത്തവാഴ കൃഷി ചെയ്യാനുള്ള സൗകര്യവും അറിവും ഇദ്ദേശവുമുള്ള ഒരാളുടെ മുന്നിൽ റെഡിമെയ്ഡ് ഗാർമെൻസ് യൂണിറ്റ് ഉണ്ടാക്കുന്നതിനുള്ള സഹായവുമായി ചെന്നിട്ട് കാര്യമില്ല. പശു വളർത്തൽ സൗകര്യവും മനസ്സുമുള്ളരുടെ മുന്നിൽ കിണർ കുഴിക്കാനുള്ള സഹായത്തിന് പ്രസക്തിയില്ല. ഇവിടെ വേണ്ടത് ആവശ്യാധിസ്ഥിത സഹായ പദ്ധതിയാണ്. വാർഡുകൾ തോറും രൂപീകരിക്കപ്പെടുന്ന ജദനകീയ സമിതികൾ അതത് ഭാഗത്തെ ദുർബലവിഭാഗക്കാരായുള്ള ഓരോ കുടുംബത്തെ സംബന്ധിച്ചും വിശദമായി പഠിച്ചതിന് ശേഷം അവരുമായി ബന്ധപ്പെടുക. അവരുടെ നിലനില്ക്കുന്ന സാഹചര്യങ്ങളും സൗകര്യങ്ങളും അഭിരുചിയും അനുസരിച്ച് ആവശ്യം നിർണ്ണയിക്കുക. എന്നിട്ട് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രാദേശിക ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം തരപ്പെടുത്തി കൊടുക്കുക. ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതിയെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ഗുണഭോക്താവിന് എത്തിച്ചു കൊടുക്കുക. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട സബ്സിഡി തുകയും തരപ്പെടുത്തി കൊടുക്കണം. ഈ സബ്സിഡി തുക പഞ്ചായത്ത് അതത് ബാങ്കുകളിൽ അടയ്ക്കണം. ഇതിലേക്കായി സബ്സിഡികൾ അർഹത

പ്പെട്ടവർക്ക് കൊടുക്കുന്നതിനായി ഒരു തുക പ്രത്യേക ഫണ്ടായി സൂക്ഷിക്കണം. ഇതിനു വേണ്ടി ഒമ്പതാം പദ്ധതി വിഹിതത്തിൽ ചേർത്ത് പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുത്തു ഒരു നല്ല തുക പഞ്ചായത്തിന് നല്കണം. സഹായം തരപ്പെടുത്തി കൊടുക്കുന്നതിനോടൊപ്പം വായ്പാഭാഗം കൃത്യമായി തിരിച്ചടയ്ക്കുന്നതിനുള്ള സ്വാധീനവും വേണ്ടി വന്നാൽ സാമൂഹ്യ സമ്മർദ്ദങ്ങളിലൂടെ ജനകീയ സമിതികൾ ചെയ്യണം. ഈ ആവശ്യാധിഷ്ഠതസഹായ സംവിധാനം മറ്റ് നിലനില്ക്കുന്ന പദ്ധതികളെ പ്പോലെ നാമമാത്രമായിരിക്കരുത്. സഹായം ആവശ്യത്തിന് പര്യാപ്തമാ കുന്നതായിരിക്കണം. ഈ പഞ്ചായത്തിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1168 കുടുംബങ്ങളിൽ 500 നെങ്കിലും ഒമ്പതാം പദ്ധതിയുടെ ഒന്നാം വർഷം തന്നെ സഹായം എത്തിക്കണം. ബാക്കിയുള്ളവരേയും മറ്റ് ദുർബലവിഭാഗക്കാരേയും ഓരോ വർഷവും ദരിദ്രരുടെ ഗണത്തിലേക്ക് തള്ളപ്പെടുന്നവരേയും ചേർത്ത് 500 പേരെ വർഷം പ്രതിസഹായിക്കണം. ഈ സംവിധാനം പ്രാവർത്തികമാക്കിയാൽ ഒമ്പതാം പദ്ധതിക്കാലം കൊണ്ട് ഈ പഞ്ചായത്ത് പ്രദേശത്തു നിന്ന് ദരിദ്ര്യ നാരായണന്മാരുടെ നിര അപ്രത്യക്ഷമാകും.

## ക്ഷേമപ്രവർത്തനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ വിവിധ ക്ഷേമ ആനുകൂല്യം ലഭിക്കുന്നവർ താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| തൊഴിലില്ലായ്മ വേതനം | - | 556 |
| കർഷകതൊഴിലാളി പെൻഷൻ | - | 90 |
| വിധവാ പെൻഷൻ | - | 218 |
| വാർദ്ധക്യകാല പെൻഷൻ | - | 46 |
| വികലാംഗസഹായധനം | - | 12 |

മേൽപ്പറഞ്ഞ ക്ഷേമ ആനുകൂല്യങ്ങളും കശുവണ്ടിത്തൊഴിലാളി, കയർതൊഴിലാളി മരം കയറ്റത്തൊഴിലാളി, മത്സ്യതൊഴിലാളി അപകട ആനുകൂല്യങ്ങളും സമയത്ത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസമുണ്ട്. ഇവയുടെ കാര്യക്ഷമത കുറ്റമറ്റതാക്കേണ്ടിയിരിക്കുന്നു, ഈ പെൻഷന് അർഹതയുള്ള ധാരാളം പേർ ഈ പ്രദേശത്ത് അധിവസിക്കുന്നുണ്ട്. അവർക്കും ഈ പദ്ധതിയുടെ സഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

## നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്ത് ജീവനക്കാരായ VEO മാർക്ക് ആവശ്യമായ സൗകര്യങ്ങളോടു കൂടിയ ഓഫീസ് സംവിധാനം പഞ്ചായത്ത് മുൻകൈയെടുത്ത് സ്ഥാപിച്ചു നൽകണം. ഇത്തരത്തിൽ നാല് VEO ഓഫീസുകൾ ഈ പഞ്ചായത്തിന് നിർമ്മിച്ചു നൽകേണ്ടതായിട്ടുണ്ട്.

2. മാറി വന്നിട്ടുള്ള സാമൂഹ്യക്രമത്തിൽ വൃദ്ധന്മാരുടെ പരിചരണം ഒരു പ്രശ്നമാവുന്നു. ആവശ്യമുള്ള പരിചരണം പലർക്കും വാർദ്ധക്യത്തിൽ പലകാരണങ്ങളിൽ കിട്ടുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിച്ച് അതിന്റെ മേൽനോട്ടം പഞ്ചായത്ത് ഏറ്റെടുക്കണം.

3. ശക്തികുളങ്ങര പഞ്ചായത്തിൽ അംഗനവാടികൾ ഉണ്ട്. ഇതിൽ സ്വന്തമായി കെട്ടിടമുള്ള അംഗനവാടികൾ തുച്ഛമാണ്. അതുകൊണ്ട് പാവപ്പെട്ട കുട്ടികൾക്ക് അവരുടെ അടിസ്ഥാനവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള സൗകര്യങ്ങളോടു കൂടിയ കെട്ടിടം പഞ്ചായത്ത് മുൻകൈ യെടുത്ത് നിർമ്മിച്ചു നൽകാനുള്ള സംവിധാനം ഉണ്ടാവണം.

   അംഗനവാടി കുട്ടികളുടെ ബുദ്ധി വികസിപ്പിക്കുന്ന തരത്തിലുള്ള പഠന സഹായിയായ കളിക്കോപ്പുകൾ നൽകണം.

   ഈ കുട്ടികൾക്കു മെച്ചപ്പെട്ട ആഹാരം നൽകുന്നതിനുള്ള ആഹാരസാധനങ്ങൾ ICDS വഴി ഇപ്പോൾ നൽകുന്നതിനേക്കാൾ ഗുണനിലവാരം മെച്ചപ്പെടുത്തണം.

4. 15 വയസ്സിനുമെൻ പ്രായമുള്ള പഞ്ചായത്തിലെ കാലകായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം

നൽകുന്ന തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് ആറാം മാസത്തിലൊരിക്കൽ സന്നദ്ധസംഘടനകളെ പഞ്ചായത്ത് തലത്തിൽ വിളിച്ച് ചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനുള്ള നടപടികൾ ഉണ്ടാവണം.

കായിക അഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യം വേണ്ട ഒരു മിനിസ്റ്റേഡിയം പഞ്ചായത്ത് അധീനതയിൽ ഉണ്ടാവണം.

5. അസംഘടിതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളായ തീപ്പെട്ടി കമ്പനി തൊഴിലാളികൾ, ഗ്രാമീണ കൈതൊഴിൽകാർ, കയർ വ്യവസായവുമായി ബന്ധപ്പെട്ട മറ്റു തൊഴിലാളികൾ, വർക്ക്ഷോപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാർ, കൂലി വേലക്കാർ, കടകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി നോക്കുന്നവർ, സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, സ്ഥാപനവത്ക്കരിക്കപ്പെടാത്ത മറ്റുമേഘലയിലെ ജീവനക്കാർ എന്നിവർക്ക് ക്ഷേമപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇതിനായി നിയമനിർമ്മാണനടപടി സർക്കാർ സ്വീകരിക്കണം

6. ലക്ഷം വീടു കോളനികളിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതു കിണറുകൾ ഒമ്പതാം പദ്ധതിയിലുൾപ്പെടുത്തി അടിയന്തിരമായി ഉപയോഗയോഗ്യമാക്കണം.

7. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക് ശ്മശാനം ഉണ്ടാവണം, വർദ്ധിച്ച ജനസാന്ദ്രതയും സ്ഥലപരിമിതിയും കണക്കിലെടുത്താണ് ഈ നിർദ്ദേശം വയ്ക്കുന്നത്.

8. പഞ്ചായത്തിൽ ഒരറവുശാല സ്ഥാപിച്ച് വിറ്റഴിക്കുന്ന മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണം.

9. വികലാംഗക്ഷേമത്തോടനുബന്ധിച്ച് ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ഒരോരുത്തരിലും ലഭ്യമാക്കാനുള്ള നടപടി ത്വരിതഗതിയിൽ നടപ്പിലാക്കണം.

ബധിരമൂകരായിട്ടുള്ള കുട്ടികൾക്ക് വിദ്യാഭ്യാസവും, പെൻഷനും മാതാപിതാക്കളുടെ ആസ്തി കണക്കിലെടുക്കാതെ പ്രത്യേകിച്ചും ഇങ്ങനെയുള്ള 18 വയസ്സു കഴിഞ്ഞ പെൺകുട്ടികൾക്ക്.

10. ശക്തികുളങ്ങര പഞ്ചായത്തിന്റെ ഓരോ വാർഡിലും വാർത്താബോർഡ് സ്ഥാപിക്കണം. വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും അംഗനവാടി കേന്ദ്രീകരിച്ച് ജനങ്ങളെ ബോധവത്ക്കരണം നടത്തുന്നതിനുള്ള ഈ ക്ലാസ്സുകൾ പഞ്ചായത്ത് മുൻകൈയെടുത്തു നടപ്പാക്കണം.

11. പഞ്ചായത്തിന്റെ ഓരോ വാർഡിലും വിവിധ പദ്ധതികളെക്കുറിച്ചു ജനങ്ങൾക്ക് അറിയുന്നതിന് പഞ്ചായത്തിന്റെ ഒരു വാർത്താബോഡുവീതം സ്ഥാപിക്കണം.

12. വൈദ്യുതി കണക്ഷൻ കിട്ടാത്ത എല്ലാ കുടിലുകൾക്കും കുടിൽ ജ്യോതി കൊടുക്കാനുള്ള നടപടി ഉണ്ടാവണം.

# സാംസ്കാരിക ചരിത്രം

വടക്ക് ചരിത്രപ്രസിദ്ധമായ നീണ്ടകര പാലത്തിൽ പാദം തൊട്ടും തെക്ക് കൊല്ലം പട്ടണത്തിന്റെ മടിത്തട്ടിൽ തലചായ്ച്ചും പടിഞ്ഞാറ് അറേബ്യൻ സമുദ്രത്തിന്റെ തലോടലേറ്റും കിഴക്ക് അഷ്ടമുടിക്കായലിന്റെ തഴുകലും കൊണ്ട് സമൃദ്ധമായ 9.17 കിലോമീറ്റർ വിസ്തീർണ്ണമുള്ളതും 'ശക്തിയെ' കുളത്തിൻകരയിൽ കണ്ടെത്തിയെന്ന ഐതിഹ്യമുറങ്ങുന്ന ഒരു കൊച്ചു ഗ്രാമമാണ് ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്. കേരള സംസ്കാരത്തിൽ നിന്നും വേർപെട്ട ഒരു സംസ്കാരം ഈ ഗ്രാമത്തിനില്ലെങ്കിലും ഈ പ്രദേശത്തിന്റേതായ ചില സവിശേഷതകളും പ്രത്യേകതകളും നമുക്ക് ദർശിക്കുവാൻ കഴിയും. കൊല്ലം പട്ടണവുമായി സ്പർശിച്ചുകിടക്കുന്ന ഈ ഗ്രാമത്തിന്റെ സംസ്കാരം തീർത്തും ഗ്രാമത്തിന്റേതുമാത്രമല്ല പട്ടണസംസ്കാരത്തിന്റെ ആടയാഭരണങ്ങളണിഞ്ഞ പ്രൗഢഗംഭീരയായ ഒരു നാടൻ കന്യകയാണ് ഈ ഗ്രാമം.

നൂറ്റാണ്ടുകളായി ഈ ഗ്രാമത്തിൽ മതപരമായ വ്യത്യസ്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടെങ്കിലും ജീവിത സംസ്കാരം ഒരുമയുടേതാണ്. ഹിന്ദുക്കളും കൃസ്ത്യാനികളും മുസ്ലീങ്ങളും ഇടകലർന്നു ജീവിക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് തന്നെ ചില സ്ഥലങ്ങളിൽ കാണുന്നതുപോലെ ഒരു മതാധിഷ്ഠിത സംസ്കാരമല്ല ഇവിടെ നിലനിൽക്കുന്നത്. ഭാഷ, വേഷം, ഭക്ഷണം ഇവകൊണ്ട് ഈ ഗ്രാമത്തിന്റെ സംസ്കാരത്തിന് വേർതിരിവില്ല. ഓണം, ക്രിസ്മസ്, റംസാൻ എന്നിവ അതാത് മതാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമനുസരിച്ച് മൂല്യച്യുതി സംഭവിക്കാതെ ആഘോഷിക്കുമ്പോഴും അതിൽ വേർതിരിവിന്റെ ഒരു ലാഞ്ചനപോലും ദർശിക്കുവാൻ കഴിയുകയില്ല. ഓണക്കാലങ്ങളിൽ നാട്ടിൻ പുറങ്ങളിൽ കണ്ടിരുന്ന കേരള സംസ്കാരത്തിന്റെ നാടൻ കലകളായിരുന്ന അത്തപ്പൂവിടൽ കൈകൊട്ടിക്കളി, പുലികളി, കരടികളി, തുമ്പിതുള്ളൽ, തിരുവാതിര തുടങ്ങിയവ ഇന്ന് ഗ്രാമത്തിന് അന്യമായികൊണ്ടിരിക്കുന്നു. ആ സ്ഥാനം ടി.വി., സിനിമ തുടങ്ങിയവ കയ്യടക്കിയിരിക്കുന്നു. എന്നാൽ മേൽ പറഞ്ഞ നാടൻ കലകൾ അവയുടെ തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കുവാൻ ചില സാംസ്കാരിക സംഘടനകൾ പരിശ്രമിക്കുന്നു എന്നതുമാത്രമാണ് ഒരാശ്വാസം.

വൃശ്ചിക മാസത്തിൽ കേരളത്തിൽ മുഴങ്ങി കേൾക്കാറുള്ള ശരണം വിളിയും വൃതാനുഷ്ഠാനങ്ങളും ഈ പഞ്ചായത്തിലും നമുക്ക് കാണാൻ കഴിയുന്നു. എന്നാൽ പത്തുവർഷങ്ങൾക്ക് മുമ്പുവരെ വീട്ടുമുറ്റത്ത് ദിവസവും ഒരുക്കിയിരുന്ന പൂവിടൽ സമ്പ്രദായം ഇന്ന് കാണുന്നില്ല.

മേട മാസത്തിൽ കണിക്കൊന്ന പൂത്തുലയുമ്പോൾ സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ചിഹ്നമായി ആഘോഷിക്കുന്ന 'വിഷുക്കണി' ഇന്നും ആവേശപൂർവ്വം ആഘോഷിക്കുന്നു.

കർക്കിടക മാസത്തിലെ കറുത്തവാവുദിവസം ഹിന്ദുക്കൾ പിതൃതർപ്പണം നടത്തിക്കൊണ്ട് വാവുബലി ആചരിക്കുന്നു.

ക്രിസ്തുമസ് വേളയിൽ പണ്ട് കണ്ടിരുന്ന ക്രിസ്തുമസ് കരോൾ ക്രിസ്തുമസ് ട്രീ എന്നിവയുടെ രൂപവും ഭാവവും മാറി ആധുനികതയുടെ പരിവേഷമണിഞ്ഞ് കരോൾകാരെയും ധനലാഭമോഹികളായ ക്രിസ്തുമസ് ട്രീ സംഘാടകരെയുമാണ് ഇന്ന് കാണുവാൻ കഴിയുന്നത്. ഹൈന്ദവ ക്ഷേത്രങ്ങളിലെ ഉത്സവാഘോഷങ്ങൾ വർഷം കഴിയുന്തോറും വളരെ കൂടികൊണ്ടിരിക്കുന്നു. ഒരു ദിവസത്തെ ഉത്സവാഘോഷം നടന്നുക്കൊണ്ടിരുന്നിടത്ത് പന്ത്രണ്ടും പതിമൂന്നും ദിവസം വരെ ഉത്സവം നീളുന്നു. ആഘോഷങ്ങളിൽ പ്രാധാന്യം കലാപരിപാടികൾക്ക് തന്നെ- നാടകം തന്നെ എവിടെയും. ക്ഷേത്രകലകളിൽ കഥകളി പേരിന് മാത്രം ഒന്നുരണ്ടിടത്തുണ്ട്. ഉത്സവാഘോഷങ്ങൾക്ക് ഈ പ്രദേശം വർഷംതോറും ചെലവിടുന്ന സംഖ്യ വളരെ വലുതാണ്. ഉത്സവാഘോഷങ്ങൾ ആവശ്യമാണ് എന്നാൽ വളരെ കൂടുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഏതാണ്ട് നാലിലൊരുഭാഗം കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിതനിലവാരം ഉള്ളവരാണ് ഈ പ്രദേശത്തുള്ളതെന്ന് ഓർക്കണം.

റംസാൻ പണ്ടത്തെപോലെ തന്നെ വ്ര താനുഷ്ഠാനങ്ങളും സക്കാത്ത് സമ്പ്രദായങ്ങ ളോടും കൂടി ആഘോഷിച്ചുവരുന്നു.

ഹിന്ദുവിവാഹങ്ങൾ ഇന്നും നിറപറയും നിലവിളക്കും സാക്ഷിയായി നടന്നുവരുന്നു. വ ധുഗൃഹങ്ങളിൽ നടന്നിരുന്ന വിവാഹ ചടങ്ങ് ആഡിറ്റോറിയങ്ങളിലേക്ക് മാറിയിട്ടുണ്ട്.

സാംസ്കാരിക സ്ഥാപനങ്ങൾ

| | |
|---|---|
| ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് | 35 |
| അംഗീകൃത ഗ്രന്ഥശാല | 2 |
| ചാരിറ്റബിൾ സൊസൈറ്റികൾ | 5 |
| വായനശാലകൾ | 11 |

മേൽപ്പറഞ്ഞവ കാലാകാലങ്ങളിൽ സാംസ്കാ രിക സാമൂഹ്യ പരിപാടികൾ സംഘടിപ്പിക്കുന്നു ണ്ട്.

വില്ലടിച്ചാൻ പാട്ട്, തോറ്റാം പാട്ട്, കമ്പിടി കളി എന്നിവ അന്യം നിന്നുപോയ ഈ ദേശ ത്തുണ്ടായിരുന്ന പ്രാചീന കലകളാണ്. എന്നാൽ ശാസ്താം പാട്ട്, ഭാഗവത, രാമായണ പാരായണം എന്നിവ കോട്ടം കൂടാതെ നിലനിൽക്കുന്നു.

നാടകരംഗത്തെ ഇതിഹാസപുരുഷനായി രുന്ന ശ്രീ. കൊല്ലം ശങ്കറും കഥാപ്രസംഗരംഗത്ത് ഇതിഹാസം രചിച്ച ശ്രീ. കൊല്ലം ബാബുവും, സംഗീത സദസ്സുകളിൽ നിറഞ്ഞുനിൽക്കുന്ന ശ്രീ. ഗോപിനാഥനും കഥകളി ആചാര്യൻ മടവൂർ വാസുദേവൻ നായരും സാഹിത്യരംഗത്ത് വൈ ലോപ്പള്ളി അവാർഡ് ജേതാവായ കുരീപ്പുഴ ശ്രീ കുമാറും എല്ലാം ഈ നാടിന്റെ സാംസ്കാരിക പശ്ചാത്തലം കേരളത്തിനൊരുക്കികൊടുത്ത നന്മു ത്തുകളാണ്. നാടകരംഗത്തെ പ്രശസ്തരായ നടീ നടന്മാർ ചലച്ചിത്ര രംഗത്തെ ചിലർ ഓക്കെ നമ്മുടെ നാടിന്റെ അഭിമാന ഭാജനങ്ങളത്രെ. 5 ഓളം പ്രൊഫഷണൽ നാടകസമിതികൾ നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. കായികരംഗത്ത് സംസ്ഥാനതലത്തിൽ പ്രശസ്തരായ പലരേയും നമുക്ക് ദേശീയതലത്തിൽ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന പോരായ്മ നിലനിൽക്കുക യാണ്.

പഞ്ചായത്ത് ഗ്രന്ഥശാലയും ശ്രീനാരായണ ഗ്രന്ഥശാലയുമാണ് ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇത് സൂചിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ വായനാ ശീലം കുറയുന്നു എന്നാണ്.

ക്രിസ്തീയ വിവാഹങ്ങൾ പണ്ടത്തെ പോലെ തന്നെ പള്ളികളിൽ നടക്കുമ്പോൾ മുസ്ലീങ്ങൾ നിക്കാഹ് മാപ്പിളപ്പാട്ടോടുകൂടി നടത്തിവരുന്നു.

മുസ്ലീം സ്ത്രീകൾ കൈകളിൽ മൈലാഞ്ചി യിടുന്ന ആചാരം ഇന്ന് എല്ലാ വിഭാഗം വനിത കളിലേക്കും വ്യാപിച്ചിട്ടുണ്ട്. കുട്ടികളുടെ ചരുട് കെട്ട് സമ്പ്രദായം പണ്ടത്തെപോലെ തന്നെ ആഘോഷിക്കുന്നു. ക്രിസ്തുമതത്തിലെ ജ്ഞാന സ്നാനം, പുത്തൻ കുർബാന എന്നിവയ്ക്ക് മാറ്റം സംഭവിച്ചിട്ടില്ല. മുസ്ലീം മതത്തിലെ സുന്നത്ത കല്യാണം ഇന്നും പഴയതുപോലെ തന്നെ ആഘോഷിക്കുന്നു. വ്യാവസായിക പുരോഗതി യും വിദ്യാഭ്യാസ പുരോഗതിയും ഇത്തരം ആചാ രങ്ങളിലെ അപരിഷ്കൃത സമ്പ്രദായങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

പ്രാദേശിക ഉത്സവങ്ങൾ

ശക്തികുളങ്ങര ശ്രീ ധർമ്മശാസ്താക്ഷേത്ര ത്തിലേയും വള്ളിക്കീഴ് ദേവീക്ഷേത്രത്തിലേയും മരുത്തടി ദേവീ ക്ഷേത്രത്തിലേയും ഉത്സവങ്ങ ളാണ് ഹൈന്ദവ ഉത്സവങ്ങളിൽ പ്രധാനം. കര ക്കാർ എഴുന്നെള്ളിക്കുന്ന എടുപ്പുകുതിരയും മറ്റ് നിശ്ചലദൃശ്യങ്ങളും നമ്മുടേതായ ഒരു സംസ്കാ രത്തിന്റെ മകുടോദാഹരണമാണ്. ദേശീയപാത യിൽ ഗജവീരന്മാരുടെ അകമ്പടിയോട് നടക്കുന്ന ആറാട്ടെഴുന്നെള്ളിപ്പ് നമ്മുടെ ഗ്രാമത്തിന്റേതുമാ ത്രമായ ഒരു സംസ്കാരമാണ്.

കൃസ്തീയ ദേവാലയങ്ങളായ് (മുക്കാട്, ശക്തി കുളങ്ങര, അരവിള, തിരുമുല്ലാവാരം പള്ളി തിരു നാൾ തുടങ്ങിയ മഹോത്സവങ്ങളുടെ ഭാഗമായി നടക്കുന്ന 'പിരശം' എന്നറിയപ്പെടുന്ന ഘോഷ യാത്രയും എടുത്തുപറയത്തക്കതാണ്. ഇത് രണ്ടും ജാതിഭേദമില്ലാതെ എല്ലാവരും സഹകരിക്കുന്ന ആഘോഷങ്ങളാണ്. ഇവയ്ക്ക് മാറ്റുക്കൂട്ടാൻ, ഉറ യടി, കോൽകളി, ചെണ്ടമേളം, പഞ്ചവാദ്യം എന്നിവ നാം സ്വീകരിക്കുന്നു.

## വായനശാല & ഗ്രന്ഥശാല

| സ്ഥാപനത്തിന്റെ പേര് | പുസ്തകങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | വായനശാല ഉപഭോക്താക്കൾ | അനുകാലികങ്ങൾ | പുസ്തകങ്ങളുടെ പോക്കുവരവ് | ഗ്രേഡ് |
|---|---|---|---|---|---|---|
| 1. ശക്തികുളങ്ങര പഞ്ചായത്ത് ഗ്രന്ഥശാല ആന്റ് വായനശാല | 3000 | 500 | ദിവസം 100 | മിക്കവാറും ഇല്ല എല്ലാമുണ്ട് | നോവൽ | ഇല്ല |
| 2. ശ്രീനാരായണ ഗ്രന്ഥശാല ആന്റ് വായനശാല, മരുത്തടി. | 450 | 2000 | | ഉണ്ട് | - | - |
| 3. വള്ളിക്കീഴ് ബ്രദേഴ്സ് | 500 | പ്രവർത്തനമില്ല | പ്രവർത്തനമില്ല | ഉണ്ട് | | F " |
| 4. ഐഡിയൽ ഗ്രന്ഥശാല ആന്റ് വായനശാല, ഇടവനകാവ്. | 300 | 200 | 25 പേർ | ഉണ്ട് | നോവൽ | |
| 5. ലോട്ടസ്, ശക്തികുളങ്ങര. ഡി. | | | 100 പേർ | ഉണ്ട് | | |
| 6. അമ്പിളി ബ്രദേഴ്സ്. | | | 75 പേർ | ഉണ്ട് | | |
| 7. ഗ്രാമശ്രീ (മീനം) | 300 | | 75 പേർ | ഉണ്ട് | | |
| 8. കന്നിമേൽ ബ്രദേഴ്സ് | | | 75 പേർ | ഉണ്ട് | | |
| 9. എ.കെ.ജി. ആർട്ട്സ് (ഒഴുക്കുതോട്) | | | 75 പേർ | ഉണ്ട് | | |
| 10. ദേശസേവിനി (മരുത്തടി) | | | 50 പേർ | ഉണ്ട് | | |
| 11. സോഷ്യോ കൾച്ചറൽ | | | | | | |
| ഓർഗനൈസേഷൻ (ശക്തികുളങ്ങര) | 200 | 200 | 50 പേർ | ഉണ്ട് | | |

## നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു യൂത്ത് ക്ലബ് സ്ഥാപിക്കണം.

2 വെക്കേഷൻ കാലയളവിൽ ഒരുമാസക്കാലം വിദ്യാർത്ഥികൾക്ക് കലാകായിക രംഗത്ത് പരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൗജന്യമായി നൽകണം.

3 തനിമയാർന്ന നാടൻ കലകളെ പ്രോൽസാഹിപ്പിക്കുവാൻ നാടൻ കലകളുടെ കളരികൾ സ്ഥാപിക്കണം.

4 രജിസ്ട്രേഷനുള്ള സംസ്കാരിക സംഘടനകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടം കെട്ടുവാനുള്ള ധനസഹായവും നൽകണം.

5 പഞ്ചായത്ത് ഗ്രന്ഥശാല വികസിപ്പിക്കുന്നതോടൊപ്പം ഒരു മൊബൈൽ ഗ്രന്ഥശാല ആരംഭിച്ച് വായനശീലം വളർത്തണം.

6 ചരിത്രപുരുഷന്മാരുടെയും ചരിത്രസംഭവങ്ങളുടെയും കൈ എഴുത്ത് മാസിക തയ്യാറാക്കി പഞ്ചായത്ത് ഗ്രന്ഥശാലയിൽ സൂക്ഷിക്കണം.

7 പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കണം.

8 പഞ്ചായത്ത് ഗ്രന്ഥശാലയെ ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്യണം.

9 പഞ്ചായത്ത് ഗ്രന്ഥശാലയിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം.

10 പ്രദേശത്തെ ഉത്സവാഘോഷങ്ങൾ കുറച്ച് അങ്ങനെ ചെലവാക്കുന്ന പണം ആലംബഹീനരും, ദുർബലരുമായ പാവങ്ങൾക്ക് സഹായമെത്തിക്കുന്ന ദൈവകാരുണ്യപരമായ കാര്യങ്ങൾക്ക് ചെലവാക്കുന്നതിനുവേണ്ട പ്രേരണകൾ നൽകണം.

# വനിത

ലോകമാകെ തന്നെ സ്ത്രീകൾ അപമാനത്തിനും, അവഗണനക്കും, ചൂഷണത്തിനും വിധേയമായിക്കൊണ്ടിരിക്കുകയാണല്ലോ. ശക്തികുളങ്ങര പഞ്ചായത്തിലെ സ്ത്രീകളും ഇതിൽ നിന്നും മുക്തരല്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പടിവാതുക്കൽ എത്തി നിൽക്കുന്ന ഈ ഘട്ടത്തിൽ പോലും ഫ്യൂഡൽ കാലത്തെ പോലും ലജ്ജിപ്പിക്കത്തക്കവിധത്തിൽ സ്ത്രീകൾക്ക് മേൽ പരിധികൾ കൽപിക്കുന്നു. അലിഖിത നിയമങ്ങളാൽ സ്ത്രീ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നു. മാനവരാശിയിൽ പകുതിയിലേറെ വരുന്ന സ്ത്രീയെ മാറ്റി നിർത്തി അവരെ വീടുകളിൽ തളച്ചിട്ട്, ഒരു സമൂഹത്തിനും മുന്നേറുവാൻ സാധ്യമല്ല. ഒരു സാമൂഹ്യവിപ്ലവം നടത്തുവാനും സാധ്യമല്ല. സ്ത്രീയുടെ മാനുഷികശേഷി മാനവസമൂഹത്തിന്റെ മാറ്റത്തിന് മാറ്റുരയ്ക്കുവാനുള്ള അവസരങ്ങളായി മാറ്റുക. ഉദ്ദേശലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തുവാനും അത് വേഗത്തിലാക്കുവാനും ഇത് ഉപകരിക്കും.

ശക്തികുളങ്ങര പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 44451 പേരിൽ 22197 പേർ സ്ത്രീകളാണ്, ിത് പുരുഷാന്തരത്തിൽ കേവലം 57 പേരുടെ കുറവുമാത്രം. ഇതിൽ 2144 പേർ ഹരിജൻ സ്ത്രീകളാണ്. 17073 സ്ത്രീകൾ സാക്ഷരരുമാണ്. ഇത് ആകെയുള്ള സ്ത്രീകളുടെ 77% ആകുന്നു.

പഞ്ചായത്തിലെ സ്കൂളിൽ പഠിക്കുന്ന 7773 കുട്ടികളിൽ 4003 ഉം പെൺകുട്ടികളാണന്നുള്ളത് സന്തോഷത്തിന് വക നൽകുന്നു. ആൺകുട്ടികളിൽ നിന്നും 233 അധികം. പെൺകുട്ടികളുടെ ഈ പഠന പ്രോത്സാഹനത്തിന് പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. പെൺകുട്ടികളുടെ കായിക വികസനത്തിനും ഈ സ്കൂൾ പ്രോത്സാഹനം നൽകുന്നു.

ഒരു IAS കാരിയെ സംഭാവന ചെയ്യാൻ കഴിഞ്ഞതും പഞ്ചായത്തിലെ പെൺകുട്ടികളുടെ ഉന്നതപഠനനിലവാരത്തിനുള്ള ഉദാഹരണമാണ്.

പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങളായ കയർ, കശുവണ്ടി, മത്സ്യം, തിപ്പെട്ടി, എന്നീ മേഖലകളിലെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കശുവണ്ടി മേഖലയിലുള്ള 400 തൊഴിലാളികൾ 250 സ്ത്രീ തൊഴിലാളികളാണ്. മത്സ്യമേഖലയിലും, അതിന്റെ അനുബന്ധവ്യവസായങ്ങളിലും ആയിരക്കണക്കിന് സ്ത്രീകൾ ഉപജീവനം നടത്തി വരുന്നു. മത്സ്യകയറ്റുമതിയുമായി ബന്ധപ്പെട്ട് ഉറക്കമുളച്ച് രാവുകളെ പകലാക്കി പണിയെടുത്ത് വിദേശനാണ്യം നേടിത്തരുന്ന ഇത്രയധികം സ്ത്രീകളുള്ള ഗ്രാമം ഒരു പക്ഷേ ഇന്ത്യയിൽ ശക്തികുളങ്ങര ഗ്രാമം മാത്രമായിരിക്കും. വൈകുന്നേരം ആറുമണിക്ക് ജോലി തുടങ്ങി നേരം പുലരുവോളം പണിചെയ്തിട്ട് വീട്ടിൽ ചെന്നു കഴിഞ്ഞാലും വിശ്രമില്ല. ഭക്ഷണമുണ്ടാക്കി എല്ലാവർക്കും കൊടുക്കണം മറ്റ് വീട് പണികൾ നടത്തണം. പിന്നെ വിശ്രമത്തിനായും ഉറക്കത്തിനായും ഈ മേഖലയിലെ തൊഴിലാളി സ്ത്രീകൾക്ക് ലഭിക്കുന്നത് മൂന്നോ നാലോ മണിക്കൂറുകൾ മാത്രം. അങ്ങനെ ഒരു ദിവസത്തിൽ ഇരുപത് മണിക്കൂറോളം ജോലി ചെയ്യുന്ന നിരവധി സ്ത്രീകളാണ് നമ്മുടെ ഗ്രാമത്തിലുള്ളത്. മത്സ്യ കച്ചവടത്തിനായി മഞ്ഞ് പെയ്യുന്ന തണുപ്പത്ത്, വെളുപ്പിന് മൂന്ന് മണിക്ക് തലയിൽ മത്സ്യചുമടുമായി ജോലിയാരംഭിക്കുന്ന സ്ത്രീകളുടെ പട്ടിക വേറെ.

ഈ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഇടയിൽ 18 വയസ്സ് ആകുന്നതിനു മുമ്പും ആകുന്ന ഉടനെയും പെൺകുട്ടികളെ കല്യാണം കഴിപ്പിച്ച് വിടുന്ന സമ്പ്രദായം നിലനിൽക്കുന്നുണ്ട്. കുടുംബപ്രാരാബ്ധം ഏറ്റെടുക്കുവാനുള്ള ശക്തി ഉണ്ടാകുന്നതിന് മുമ്പ് ഈ പെൺകുട്ടികൾ രണ്ടും മൂന്നും കുട്ടികളുടെ

അമ്മയാവുന്ന അവസ്ഥയാണ് ഇപ്പോൾ. പഠിപ്പിക്കാൻ വിടാതെ പെൺകുട്ടികളെ കൊണ്ട് ഐസ്സും മീനും ചുമപ്പിക്കുന്നത് മത്സ്യമേഖലകളിൽ കാണുവാൻ കഴിയും. ജീവിതപ്രാരാപ്തങ്ങളായും കൂടുതൽ പണം ഉണ്ടാക്കുവാനുള്ള മോഹത്താലും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ്സത്തിന് അല്പം പോലും വില കൽപിക്കുന്നില്ല.

സ്ത്രീകളുടെ മറ്റൊരു തൊഴിൽ മേഖലയാണ് ഗ്രാമീണ വനിതാ ശിശുവികസന യൂണിറ്റുകൾ അഥവാ DWCRA യൂണിറ്റുകൾ പഞ്ചായത്തിലെ ആകെ അഞ്ചെണ്ണം ഉണ്ട്. 2,3, വാർഡുകൾ കേന്ദ്രമാക്കി 10 വനിതകളുടെ റെഡിമെയ്ഡ് യൂണിറ്റ് 5,6, വാർഡുകളിലെ 10 വനിതകളുടെ ഫുഡ് പ്രോടക്ട് യൂണിറ്റ് 8,9,10 വാർഡുകളിലായി 10 വനിതകളുടെ കൂൺകൃഷി യൂണിറ്റ് ഏഴാം വാർഡിൽ 15 അംഗങ്ങൾ ഉള്ളത് 11 മുതൽ 15 വാർഡുകളിലെ 11 വനിതകളുള്ളതുമാ., ഫിഷ് പ്രോസ്സസ്സിംഗ് യൂണിറ്റുകൾ എന്നിവയാണ് അവ. ഇതിൽ മഞ്ചേഴത്ത് മുക്ക് കേന്ദ്രമാക്കിയുള്ള റെഡിമെയ്ഡ് യൂണിറ്റും 5,6, വാർഡിലെ ആര്യ DWCRA യൂണിറ്റും മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ.

എട്ടാം പദ്ധതിക്കാലത്തെ IRDP ലിസ്റ്റിൽ നിന്നുമുള്ള ഗുണഭോക്താക്കളിൽ 319 പേരിൽ 127 സ്ത്രീകൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. അതായത് 40% മാത്രം. ഈ 127 വനിതകളിൽ 50 പേർ ഹരിജൻ വനിതകളാണ്.

വ്യവസായ കേന്ദ്രത്തിൽ 8 വനിതാ യൂണിറ്റുകളും ഖാദിബോർഡിൽ രണ്ട് വനിതാ യൂണിറ്റുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4ൽ താഴെ യൂണിറ്റുകൾ മാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നുള്ളൂ.

പൊതു പ്രവർത്തനത്തിൽ സ്ത്രീ പങ്കാളിത്തം വളരെക്കുറവാണ്. ആര്യവിമൻസ് വെൽഫയർ സൊസൈറ്റി എന്ന മഹിള സംഘടനമാത്രമേ പ്രവർത്തനരംഗത്തുള്ളൂ. ബാക്കിയുള്ള മഹിളാ സംഘടനകൾ ഇപ്പോൾ നിർജ്ജീവമാണ്. വനിതാ പഞ്ചായത്ത് മെമ്പർമാരായി 15ൽ 5ഉം ബ്ലോക്ക് പഞ്ചായത്ത് വനിതാ മെമ്പർമാരായി നാലിൽ മൂന്നു പേരും ഉണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെ സ്ത്രീകളുടെ അംഗസംഖ്യ കൂടുതലുള്ള 1168 കുടുംബങ്ങൾ ഉണ്ട്. വിധവാ പെൻഷൻ ലഭിക്കുന്ന 218 പേരുണ്ട്.

കുടുംബഭദ്രത നഷ്ടപ്പെട്ട പെൺകുട്ടികൾക്കും, അവിഹിതമായി ജനിച്ച പെൺകുട്ടികൾക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കും ആശ്രയമായി തണൽ എന്ന പേരിൽ കേന്ദ്രമാനവ വിഭവശേഷി വകുപ്പിന്റെ ഒരു ജില്ലാ കേന്ദ്രം വള്ളിക്കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 30 വനിതകൾക്ക് സെന്ററിൽ പ്രവേശനം നൽകി താമസിപ്പിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ രണ്ട് പേർ മാത്രമേ നമ്മുടെ പഞ്ചായത്തിൽ നിന്നുമുള്ളൂ. അവർക്ക് തൊഴിൽ പരിശീലനവും നൽകി വരുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അക്രമസംഭവങ്ങൾ പൊതുവെ കുറവാണ്. എങ്കിലും മദ്യപിച്ച് വരുന്ന ഭർത്താക്കന്മാരുടെ ക്രൂരമായ സ്വഭാവങ്ങൾ ചില സ്ത്രീകൾക്ക് നേരിടേണ്ടി വരുന്നു.

## കണ്ടെത്തിയ പ്രശ്നങ്ങളും, പരിഗണിക്കേണ്ടുന്ന പരിഹാര നിർദ്ദേശങ്ങളും, പരിപാടികളും.

സ്ത്രീകൾ ജോലി ചെയ്യുന്ന പീലിംഗ്ഷെഡ്ഡിന്റെ അസൗകര്യം. മത്സ്യഫെഡിന്റെ ഒരു പീലിംഗ് ഷെഡ് മാത്രമെയുള്ളൂ. പീലിംഗ് ഷെഡ്ഡിന്റെ എണ്ണം വർദ്ധിപ്പിക്കുക. ഉള്ള പീലിംഗ് ഷെഡ് വിപുലപ്പെടുത്തുക. മത്സ്യകച്ചവടത്തിനായി പോകുന്ന സ്ത്രീകളുടെ മീൻ പാത്രങ്ങൾ ബസ്സുകളിൽ കയറ്റുവാൻ അനുവദിക്കുന്നില്ല. ആയതിനാൽ മത്സ്യങ്ങൾ മറ്റ് മാർക്കറുകളിലേക്ക് കൊണ്ടുപോകാൻ മത്സ്യഫെഡിന്റെ ബസ്സുകളുടെ എണ്ണം കൂട്ടുക. പ്രൈവറ്റ് പീലിംഗ് ഷെഡ്ഡുകളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കയ്യുറ നൽകാത്തതിനാൽ അവരുടെ കൈകൾ അഴുകി പുറംതൊലി പോകുന്നു. കയ്യുറ നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണം. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന 250 വനിതകളിൽ 156 പേർക്ക് മാത്രമാണ് ക്ഷേമആനുകൂല്യങ്ങൾ ഉള്ളത്. ബാക്കിയുള്ള 94 വനിതകൾക്ക് കൂടി ഈ ആനുകൂല്യങ്ങൾ അനുവദിക്കണം. പഞ്ചായത്തിൽ എണ്ണത്തിൽ കൂടുതലായ വനിതാ തൊഴിലാളികളുടെ തൊഴിൽ ക്ഷേമത്തിന് ഒരു ഊന്നലും നൽകുന്നില്ല. തൊഴിലിന്റെ കാര്യത്തിൽ സ്ത്രീ പുരുഷവിവേചനം അവസാനിപ്പിച്ചു കൊണ്ട് സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പു വരുത്തുന്ന 1976ലെ 'തുല്യവേതനനിയമം' കാറ്റിൽ പറത്തിയിരിക്കു കയാണ്. ഇതിനെതിരായി ജനകീയ ഇടപെടുലുകൾ ഉണ്ടാവണം. ലേബർ ഓഫീസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

പണ്ട് നിലവിലുണ്ടായിരുന്ന ബ്ലോക്ക് വനിതാ സമാജങ്ങൾ നടത്തി വന്നിരുന്ന പ്രയുത്ക പോഷക ആഹാരപരിപാടിയും, ഗർഭിണികളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനവും ICDS വഴിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. പക്ഷെ വിജയപ്രദമായി നടത്തുവാൻ ICDSന് കഴിയുന്നില്ല ബ്ലോക്ക് വനിതാ സമാജങ്ങൾ പുനരജ്ജീവിപ്പിച്ച് ഈ ജോലികൾ സമാജങ്ങളെ ഏൽപ്പിക്കണം.

വനിതാ വ്യവസായസഹകരസംഘങ്ങൾ ചില വ്യക്തികളിൽ കേന്ദ്രീകൃതമാണ്. സ്വകാര്യവ്യക്തികൾ കൃത്രിമമായി സൊസൈറ്റികൾ രൂപീകരിച്ചും സ്ത്രീകൾക്കായുള്ള ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയാണ്. വനിതാ വ്യവസായ സംഘങ്ങൾ വിശദമായ അന്വേഷണങ്ങൾക്ക് ശേഷം അനുവദിക്കുക. വിധവകൾക്ക് മുൻഗണന നൽകണം. വിധവകൾ നേരിടുന്ന വിഷമതകൾക്ക് വിരാമമിടാൻ ഇതുവഴി കഴിയും. സ്ത്രീകളെ നേതൃത്വരംഗത്തേക്ക് കൊണ്ടു വരുന്നതിന് രാഷ്ട്രീയ പാർട്ടികളും സംഘടനകളും വിമുഖത കാണിക്കുന്നു. ഇവരെ പൊതുരംഗത്തേക്ക് കൊണ്ടു വരേണ്ടത് അത്യന്താപേക്ഷിതമാണ്. രാഷ്ട്രീയപാർട്ടികൾ തങ്ങളുടെ മഹിളാ വിഭാഗത്തെ ശക്തിപ്പെടുത്തണം. മറ്റ് സംഘടനകൾ, സംഘടനയുടെ നേതൃത്വത്തിൽ മഹിളാ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ ചെയണം. വനിതാ ഗ്രൂപ്പുകൾക്കായി നിരവധി പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷെ ആ ആനുകൂല്യങ്ങൾ നേടുവാൻ മഹിളാ സംഘടനകൾ ഇല്ലാത്തതിനാൽ വർഷം ഈ ക്ഷേമപ്രവർത്തനത്തിനായി മാറ്റി വയ്ക്കുന്ന കോടിക്കണക്കിന് രൂപ ലാപ്സായി കൊണ്ടിരിക്കുയാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനോന്മുഖമായ മഹിളാസംഘടനകൾ ഉടൻ തന്നെ ഉണ്ടായേ തീരൂ. IRDP ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് 60% സ്ത്രീകൾക്കായി സംവരണം ചെയ്യുക. പഞ്ചായത്തിലെ 9,10,11,12,13,14 വാർഡുകളിലെ വനിതകളിൽ 90% മേൽ തൊഴിൽ രഹിതരാണ്. വെറുതെ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന അവരുടെ സമയവും ശേഷിയും ഉപയോഗപ്പെടുത്തുന്നതിനായി ഫലവൃക്ഷത്തൈകളുടെ നഴ്സറി, ഹോൾട്ടികൾച്ചറൽ, ഉദ്യാനകൃഷി എന്നീ പുരയിട കൃഷികൾ ഫലപ്രദമായി ചെയ്യാവുന്നതാണ്. നമ്മുടെ നാട് തന്നെ ഇതിന് നല്ലൊരു മാർക്കറ്റാണ്. സംഘങ്ങളായി രജിസ്റ്റർ ചെയ്താൽ വനിതാ വികസന കോർപ്പറേഷൻ പോലുള്ള ഗവ. ഏജൻസികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ കൃഷിഭവന്റെ സഹായത്തോടെ എല്ലാ വാർഡിലും ഒരു ജനകീയ പരിപാടിയായി നടത്താവുന്നതാണ്. അടുക്കളത്തോട്ടം ഓരോവാർഡിലും ജനകീയ സമിതി ഉണ്ടാക്കി ആ സമിതികളുടെ കീഴിൽ 50 വീടുകൾ അടങ്ങുന്ന ഗ്രൂപ്പ് ഉണ്ടാക്കി ആ ഗ്രൂപ്പുകളെകൊണ്ട് അടുക്കളത്തോട്ടം, ഫലപ്രദമായി നടത്താവുന്നതാണ് സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വില വർദ്ധനവ് കുറച്ച് കൊണ്ടു വരുവാനും സാധിക്കും.

പഞ്ചായത്തിൽ നിലനിൽക്കുന്ന ഭൂമിയുടെ വില വർദ്ധനവ് മൂലം തൊഴിൽ യൂണിറ്റുകൾ തുടങ്ങുവാനോ വാടകയ്ക്ക് യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിച്ചും കൊണ്ടു പോകാനോ സാധിക്കുന്നില്ല. ഇതിന് പരിഹാരമായി ഒരു വനിതാ ഇൻഡ്സ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നത് എന്തുകൊണ്ടും നല്ലതായിരിക്കും. കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഒരു വാർഡിൽ കുറഞ്ഞത് 2 DWCRA യൂണിറ്റുകൾ വീതം അനുവദിക്കണം. മത്സ്യമേഖലയുമായി ബന്ധപ്പെട്ട ലാഭകരമായ DWCRA യൂണിറ്റുകൾ തുടങ്ങുവാൻ കഴിയും.

വള്ളിക്കീഴ് 'തണൽ' കേന്ദ്രത്തിന് വനിതാ ക്ഷേമത്തനായി അനുവദിക്കുന്ന തുക വേണ്ട വിധത്തിൽ വിനിയോഗിക്കുന്നില്ല. പാവപ്പെട്ട പെൺകുട്ടികൾക്ക് വിവിധ തൊഴിൽ പരിശീലനങ്ങൾ ഈ കേനദ്രത്തിൽ തുടങ്ങുക.

ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റലും, സ്ത്രീകൾക്കായി പബ്ലിക്ക് കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കണം.

സാമ്പത്തിക ഭദ്രതയ്ക്കായി സ്ത്രീകളുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കാൻ എല്ലാവരും മുൻകൈ എടുക്കണം. ഇരുപതും അതിൽ കൂടുതൽ വനിതകൾ ചേർന്നുള്ള ഗ്രൂപ്പാണ് സ്വാശ്രയ സംഘങ്ങൾ. ഒരേ മേഖലയിലുള്ള സ്ത്രീകളായാൽ വളരെ നന്ന്. ഒരു നിശ്ചിത തുക വീതം ഗ്രൂപ്പിലെ അംഗങ്ങൾ നിക്ഷേപിച്ചാൽ ആ

നിക്ഷേപത്തുകയുടെ നാലിരിട്ടി ബാങ്ക് തന്ന് സഹായിക്കും. ഇങ്ങനെ കിട്ടുന്ന തുക, ഗ്രൂപ്പിലെ അംഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്ക് ചെറിയ പലിശ നിരക്കിൽ ലോണായി നൽകുവാൻ ഉപയോഗിക്കാം. തൊഴിൽ യൂണിറ്റുകൾ തുടങ്ങുവാനും ഉപയോഗിക്കാം. സ്ത്രീകളുടെ ജീവിതത്തിന് ഒരു നല്ല പരിവർത്തനം തന്നെ നടത്താൻ സ്വാശ്രയസംഘങ്ങൾക്ക് കഴിയും. ദുർബ്ബല വിഭാഗത്തിൽപ്പെട്ട തൊഴിലാളി കുടുംബങ്ങളുടെ ബോധവൽക്കരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും ഫാമിലി കൗൺസിലിംഗ് സെന്റർ രൂപീകരണം ഈ വിഭാഗം വനിതകളുടെ ബോധവൽക്കരണം പഞ്ചായത്തും സംഘടനകളും ചെയ്യേണ്ടുന്ന സുപ്രാധാന പ്രവർത്തനമാണ്. പെൺകുട്ടികൾക്ക് സാങ്കേതിക രംഗത്ത് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് വേണ്ട സംവിധാനങ്ങൾ അടിയന്തിരമായുണ്ടാകണം. വനിതാസെല്ലിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം. സ്ത്രീകൾക്ക് അവരുടെ പരാതികൾ ധൈര്യപൂർവ്വം പറയുവാൻ പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

ഭർത്താവിന്റെ നല്ല സ്വഭാവത്തെ നഷ്ടപ്പെടുത്തുന്ന, കുടുംബപ്രശ്നങ്ങൾ ഉണ്ടാക്കുന്ന കള്ളുഷാപ്പുകളിൽ കള്ളപ്പേരുകളിൽ വിൽക്കുന്ന കവർ ചാരായങ്ങൾ കർശനമായി നിരോധിക്കണം. ഇതിനായി ആവശ്യമെങ്കിൽ ജനകീയ ഇടപെടുലുകൾ ഉണ്ടാകണം.

സാമ്പത്തികത്തിനൊത്ത് വീട്ടിലെ കാര്യങ്ങൾ ചിട്ടയോടും എല്ലാവരേയും ഒരുമയോടും കൊണ്ടു പോകുന്ന വീട്ടമ്മയായ സ്ത്രീയ്ക്ക് ഒരു വ്യവസായം നടത്തുവാനു് പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുവാനും ഭരണകാര്യങ്ങൾ നടത്തുവാനും സമർത്ഥമായി കഴിയും. മാത്രമല്ല, സ്ത്രീക്ക് കിട്ടുന്ന വരുമാനത്തിൽ നിന്ന് അല്പം പോലും ചോർച്ചയുണ്ടാവാതെ അത് മുഴുവൻ കുടുംബത്തിന് വേണ്ടി വിനിയോഗി ക്കുകയും ചെയ്യും. ഇത് കുടുംബത്തിന്റെ അഭിവൃദ്ധിക്കു വഴി തെളിക്കും നല്ല കുടുംബങ്ങൾ ചേരുമ്പോൾ ഒരു നല്ല സമൂഹവും നല്ല സമൂഹങ്ങൾ ചേരുമ്പോൾ നല്ല നാടും ഉണ്ടാവുന്നു. ഇതിനായി വനിതാക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി ഏറ്റെടുക്കണം.

പഞ്ചായിലെ മഹിളാസംഘടനകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച് വനിതാ ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്ത് വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങീ സർവ്വേ പ്രവർത്തനങ്ങൾ ഈ മഹിളാ സംഘങ്ങളെ ഏൽപിക്കുകയും ചെയ്യുക.

നിരാലംബരായ സ്ത്രീകൾക്ക്, തൊഴിൽ പരിശീലനം നൽകി, അവർക്ക് തൊഴിൽ നൽകുന്ന ഒരു സംരംഭം 'തണൽ' കേനദ്രത്തിനും അനുവദിച്ചിട്ടുണ്ട്. പക്ഷെ അങ്ങനെയൊരു പ്രവർത്തനം നടക്കുന്നില്ല. ഇവിടെ സർക്കാർ ഇടപെടുലുകളുണ്ടവാണം.

പ്രസവം നിർത്തുന്ന സ്ത്രീകൾകൾക്ക് പഞ്ചായത്തിൽ നിന്നും നൽകുന്ന P.P. S. 50 രൂപ എന്നത് വർദ്ധിപ്പിച്ച് കുറഞ്ഞത് 100 രൂപായാക്കി ഉയർത്തുക. പ്രായപരിധി നോക്കാതെ തന്നെ, വിധവകളായ സ്ത്രീകൾക്ക് വിധവാ പെൻഷൻ അനുവദിക്കണം.

ഡെകെയർ പഞ്ചായത്തിൽ തുടങ്ങണം. മത്സ്യമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളും മറ്റ് തൊഴിലാളികളുടെ കുട്ടികൾക്കും ഇത് വളരെയേറെ പ്രയോജനം ചെയ്യും.

വള്ളിക്കീഴ് ഗേൾസ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന വള്ളിക്കീഴ് ജംഗ്ഷനിൽ പെൺകുട്ടികളെ റോഡ് കടത്തി വിടുന്നതിനും അവരുടെ സുരക്ഷയ്ക്കും വനിതാ പോലീസിനെ രാവിലെയും വൈകുന്നേരവും ഡ്യൂട്ടിയ്ക്ക് നിയമിക്കണം.

ചില തിയേറ്ററുകളിൽ അസ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത് ശക്തമായി നിരോധിക്കണം.

സ്ത്രീകളുടെ നേതൃത്വത്തിലുള്ള മത്സ്യവില്പന ഭവനങ്ങൾ മത്സ്യഫെഡിന്റെ കീഴിൽ പഞ്ചായത്തിലുടനീളം തുടങ്ങണം.

ഏറ്റവും കുറഞ്ഞ ചെലവിൽ നല്ല വരുമാനം ഉണ്ടാക്കിൻ കഴിയുന്നതിന് പ്രോത്സാഹിപ്പിക്കണം.

വനിതാവികസന കോർപ്പറേഷൻ വഴിയുള്ള 'സ്ത്രീജ്യോതി' പരിപാടികൾ പഞ്ചായത്തിൽ നടപ്പാക്കണം.

വനിതാ മത്സ്യതൊഴിലാളികളുടെ സേവനവേതന മേഖലകൾ നിജപ്പെടുത്തുകയും ചെയ്യപ്പെടുത്തുകയും ചെയ്യണം.

അംഗനവാടിയിലെ കുട്ടികൾക്ക് നൽകുന്ന പോഷക ആഹാര പരിപാടി കൂടുതൽ മെച്ചപ്പെടു ത്തണം.

# സഹകരണ പ്രസ്ഥാനം



## ആമുഖം

ശക്തികുളങ്ങര പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തെ വിലയിരുത്തു മ്പോൾ അഭിമാനർഹമായ പല നേട്ടങ്ങളും മിക്ക മേഖലകളിലും ഉണ്ടായിട്ടുള്ളതായി കാണുവാൻ സാധിക്കും. ശക്തികുളങ്ങര പഞ്ചായത്തിൽ 1926. കാലഘട്ടത്തിൽ തന്നെ സഹകരണപ്രസ്ഥാനം രൂപം കൊണ്ടതായി പൂർവ്വീകരിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. ശക്തികുളങ്ങര പ്രദേശത്ത് സെന്റ് ജോസഫ് കോഓപ്പറേറ്റീവ് സൊസൈറ്റി 1675 നമ്പരായി രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. അഞ്ചു രൂപ കൊടുത്തു ഷെയർ എടുക്കുന്ന വ്യക്തിക്ക് 25 രൂപ ലോൺ കൊടുത്തു സഹായിച്ച പ്രസ്ഥാനമായിരുന്നു അത്. കാലാന്തരത്തിൽ മൾട്ടിപർപ്പസ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അതു പോലെ തന്നെ ശക്തികുളങ്ങര പഞ്ചായത്തിൽ മീനത്ത് ചേരിയിലും മൾട്ടി പർപ്പസ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിച്ചിരുന്നു.

ശക്തികുളങ്ങര പഞ്ചായത്തിൽ 1959 മുതലാണ് സഹകരണപ്രസ്ഥാനം വ്യാപകമായി ഉടലെടുത്തിട്ടുള്ളത്. ഈ കാലയളവിൽ ഇതിന്റെ ഫലമായി ശക്തികുളങ്ങര പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക തൊഴിൽ മേഖലകളിൽ വലിയ കുതിച്ചു ചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്.

## വെസ്റ്റ് ക്വായിലോൺ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ ക്യൂ. 73

1959 മാർച്ച് മാസം 10-ാം തീയതി രജിസ്റ്റർ ചെയ്യുകയും അതെ വർഷം ഏപ്രിൽ മാസം 12-ാം തീയതി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പ്രസ്ഥാനമാണ് ശക്തികുളങ്ങര വില്ലേജ് സർവ്വീസ് സഹകരണ സംഘം. 3-ാം പഞ്ചവത്സര പദ്ധതി പ്രകാരം ഒരു വില്ലേജിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് എന്ന നിയമം നടപ്പിലായതോടു കൂടി 1962 മുതൽ ഈ സംഘം സർവീസ് സഹകരണ ബാങ്ക് എന്നറിയപ്പെടുന്നു. ഇതിന്റെ പ്രവർത്തനമേഖല ശക്തികുളങ്ങര പഞ്ചായത്ത് അതിർത്തിയാണ്.

## ഈ ബാങ്കിന്റെ ആദ്യകാല സാരഥികൾ

സർവശ്രീ

I കെ. കൃഷ്ണപിള്ള, പ്രസിഡന്റ്
II. സി.കെ. ഭാസ്കരൻ, കമ്മറ്റി അംഗം
III. നെപ്പോളിയൻ ,,
IV. കെ. കാർത്തികേയൻ ,,
V. പി. ബ്രഹ്മാനന്ദൻ ,,
VI. റ്റി.കെ. കരുണാകരക്കുറുപ്പ് ,,
VII വി. സദാശിവൻ ,,

തുടർന്നു വന്ന ഡയറക്ടർ ബോർഡുകളിൽ "7" പേർ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും "2"പേർ നോമിനികളും ഉൾപ്പെടെ "9" പേർ പ്രസ്തുത സ്ഥാപനത്തെ നയിച്ചിരുന്നു. അംഗങ്ങളുടെ വർദ്ധനവിലൂടെ "11" പേർ

തെരഞ്ഞെടുക്കപ്പെട്ടവരും "2" പേർ നോമിനികളും ചേർന്ന് 13 പേർ ഈ പ്രസ്ഥാനത്തെ നയിച്ചിരുന്നു. ഈ കാലഘട്ടത്തിനു ശേഷം സഹകരണപ്രസ്ഥാനത്തിൽ ഗവൺമെന്റ് നയപരമായ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ നോമിനേറ്റേഡ് മെസേഴ്സിനെ ഒഴിവാക്കി. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി ഭരണം നടത്തുന്നതിന് നിയമം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ വെസ്റ്റ് കായിലോൺ സർവ്വീസ് സഹകരണ ബാങ്ക് ശക്തികുളങ്ങര പ്രദേശം 11 വാർഡുകളായി വിഭജിച്ച് ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു വന്ന 11 അംഗങ്ങൾ ചേർന്ന് ഭരണം നടത്തി വരുന്നു. ഇതിൽ വനിതയ്ക്കും പട്ടിക ജാതിക്കും ഓരോ സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. പല രാഷ്ട്രീയ പാർട്ടിയിലെയും മഹാരഥന്മാർ ഈ പ്രസ്ഥാനത്തെ നയിച്ചിട്ടുണ്ട്. ഇപ്പോൾ ബാങ്കിനെ നയിക്കുന്ന സാരഥികൾ.

സർവ്വശ്രീ.

| | | |
|---|---|---|
| I. | ഒ. ശങ്കര നാരയണപിള്ള | പ്രസിഡന്റ് |
| II. | ജോസഫ് ജോസഫ് | കമ്മറ്റിഅംഗം |
| III. | മോഹനൻപിള്ള | ,, |
| IV. | ഡി. ശാരദാമ്മ | ,, |
| V. | പി.ജി. ആന്റണി | ,, |
| VI. | എസ്. ശശിധരൻപിള്ള | |
| VII. | ഉണ്ണികൃഷ്ണപ്പിള്ള | ,, |
| VIII | പി. നാരായണപിള്ള | ,, |
| IX | കെ. സോമൻ | ,, |
| X | ബി. മോഹൻദാസ് | ,, |
| XI | വി. ഗോപിദാസ് | ,, |

1959ൽ പ്രവർത്തനം ആരംഭിച്ച വെസ്റ്റ് കായിലോൺ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യം പഞ്ചായത്തിലെ സാധാരണക്കാരന്റെ സാമ്പത്തിക നില ഭദ്രമാക്കുക എന്നതായിരുന്നു. അന്ന് നിലവിലിരുന്ന ഒറ്റിസമ്പ്രദായം മൂലം സാമ്പത്തികമായി തകർന്ന അനേകം കുടുംബങ്ങളെ ഈ ബാങ്കിന്റെ സാമ്പത്തിക സഹായ പദ്ധതി കൊണ്ട് രക്ഷപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട് എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്.

ഇത്തരം സഹകരണ സംഘങ്ങൾ ഈ കാലഘട്ടത്തിൽ ജില്ലാ സഹകരണ ബാങ്കുകളെ ആശ്രയിച്ചാണ് പ്രവർത്തിച്ചിരുന്നത്. ആകയാൽ സർവ്വീസ് സഹകരണബാങ്കിലെ സഹകാരികൾക്ക് വായ്പ പദ്ധതി പ്രകാരം സാമ്പത്തിക സഹയാം ലഭിക്കുവാൻ പല വിധത്തിലും കാലവിളംബം നേരിട്ടിരുന്നു. സർവ്വീസ് സഹകരണബാങ്കുകളുടെ യഥാർത്ഥ വളർച്ച സുവർണ്ണകാലം ആരംഭിച്ചത് 1976 മുതലാണ്.

1976 ഏപ്രിൽ മാസം സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനപ്രകാരം നടപ്പിലാക്കിയ നിക്ഷേപ സമാഹരണ പദ്ധതി സഹകരണ ബാങ്കുകളുടെ വളർച്ചയ്ക്ക് വളരെ സഹായകമായിരുന്നു. സാധാരണക്കാരന്റെ മിച്ചം വരുന്ന ചെറിയ, ചെറിയ, തുകകൾ നിക്ഷേപമായി സ്വീകരിച്ച് ബാങ്കിന്റെ സാമ്പത്തിക അടിത്തറ അഭിവൃദ്ധിപ്പെടുത്തുവാൻ ഒരു പരിധി വരെ സാധിച്ചു. ആകയാൽ ബാങ്കിലെ അംഗങ്ങൾക്ക് വളരെ വേഗത്തിൽ വായ്പകൾ നൽകി സമഹായിക്കുവാൻ സാധിക്കുന്നു. ശക്തികുളങ്ങര പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനായി വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണ ബാങ്കാണ് വെസ്റ്റ് കായിലോൺ സർവീസ് സഹകരണബാങ്ക്.

1959 ൽ 518 അംഗങ്ങളോട് കൂടി പ്രവർത്തനം ആരംഭിച്ച ഈ ബാങ്ക് 37 വർഷം പിന്നിട്ടപ്പോൾ 11500 അംഗങ്ങളും 16.48,000 രൂപ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തോടു കൂടി വളർച്ചയെത്തി നില്ക്കുന്നു. ഇതിൽ ഗവൺമെന്റിന്റെ 1,00,000 രൂപയും കേരഫെഡിന്റെ 2,00,000 രൂപയും ഷെയർ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഈ ബാങ്കിന്റെ അംഗീകൃത ഓഹരി മൂലധനം 20,00,000 രൂപയാണ്.

1959ൽ ഒരു അക്കൗണ്ടിൽ "2" രൂപ നിക്ഷേപമായി സ്വീകരിച്ച് തുടങ്ങിയ ഈ സഹകരണ സ്ഥാപനം 1996 ആയപ്പോൾ 2.53.0000 രൂപായുടെ ദീർഘകാലഹ്രസ്വകാല നിക്ഷേപങ്ങളോടു കൂടി വളർച്ചയെത്തി നില്ക്കുന്നു. അതുപോലെ തന്നെ ഈ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സാമ്പത്തിക ഉയർച്ചയ്ക്കു വേണ്ടി വിവിധയിനം വായ്പ പദ്ധികൾ നടപ്പാക്കിയിട്ടുണ്ട്. കാർഷികേതരവുമായ വായ്പകൾ നൽകി സഹായിച്ചതിന്റെ ഫലമായി

മാറ്റം ഉണ്ടായിട്ടുള്ളത് താഴെ സൂചിപ്പിക്കുന്ന കണക്കുകൾ ശ്രദ്ധിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്.

### കാർഷിക വായ്പകൾ രൂപാ

| | |
|---|---|
| S.T | 4314 |
| M.T | 296833 |
| L.T. | 4040 |
| M.T.D.F | 14834 |
| M.T.SC | 5832 |
| ആകെ | 235853 |

### മറ്റ് വായ്പകൾ

| | |
|---|---|
| OF | രൂപ |
| OF | 10704015 |
| OFSC | 1346268 |
| HPS | 1389873 |
| I.R.D.P | 35860 |
| HL | 9200 |
| ആകെ | 13485216 |

### പ്രത്യേക വായ്പകൾ രൂപാ

| | |
|---|---|
| G.L. | 5891884 |
| OLEN | 817 |
| OLENSC | 332 |
| OD | 186210 |
| F.D. LOAN | 1489085 |
| S.V. LOAN | 1594264 |
| P.F. LOAN | 139200 |
| C.C.B | 4916 |
| ആകെ 9306708 | |

കാർഷികവും, കാർഷികേതരവും, മറ്റു വായ്പകളുടെയും ഇനത്തിൽ 2,30,27,77 രൂപാ ശക്തികുളങ്ങര പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും വായ്പ, പദ്ധതി പ്രകാരം സാമ്പത്തിക സഹായം നല്കി ജനങ്ങളുടെ ആവശ്യം ഒരു പരിധി വരെ പരിഹരിച്ചിരിക്കുന്നു.

എന്നാൽ വിവിധയിനം വായ്പകളിലായി 40,14,745 രൂപാ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട് ഈ സ്ഥാപനത്തിലെ മറ്റു പ്രവർത്തന മേഖലകൾ താഴെ പറയുന്നവയാണ്.

I. ടെക്സ്റ്റോറിയം വ്യാപാരം

II. വളം വിതരണം

III. ചിട്ടി നടത്തിപ്പ്

IV. കൊപ്രാ സംഭരണം മുതലായവയാണ്

ഈ സ്ഥാപനത്തിൽ 15. ജീവനക്കാർ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നു.

### നിർദ്ദേശങ്ങൾ

1. ബാങ്കിന് നഷ്ടമുണ്ടാകാത്ത വിധത്തിൽ കുറഞ്ഞ പലിശ നിരക്കിൽ എല്ലാ വിഭാഗം കർഷകർക്കും കാർഷിക വായ്പ കൊടുക്കുക.
2. വ്യാപകമായ പ്രചരണ പ്രവർത്തനങ്ങളിൽ കൂടി ദീർഘകാല ഹ്രസ്വകാല നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുക.
3. ലോൺ എടുക്കുന്നവർ കുടിശ്ശിഖ വരുത്താത്ത വിധത്തിൽ പണം തിരിച്ചടയ്ക്കുന്നതിന് ബോധവല്ക്കരണം നടത്തുക.
4. വായ്പ എടുക്കുന്ന വ്യക്തികൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത വരാത്ത വിധത്തിൽ ബാദ്ധ്യത സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ഫീസ്, ഒഴിവുമുറി ഫീസ്, ഇവ കുറവു ചെയ്യുവാൻ വേണ്ടി ഇപ്പോഴുള്ള നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഗവൺമെന്റിനോട് നിർദ്ദേശിക്കുക.
5. വായ്പ കുടിശ്ശിഖ വരുത്തിയവർക്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചിലവ് കുറവ് ചെയ്യുക.
6. വസ്തു ഈടു വച്ചു വായ്പ എടുക്കുന്നവർക്ക് വസ്തുവിന്റെ വിലയ്ക്ക് ആനുപാതികമായി ലോൺ തുക വർദ്ധിപ്പിക്കുക.
7. ബാങ്കിൽ നിന്നും ഇപ്പോൾ വ്യക്തികൾക്ക് കൊടുത്തു കൊണ്ടിരിക്കുനന 25000 രൂപയുടെ ലോൺ പരിധി 50,000 രൂപയായി ഉയർത്തുക.
8. കാർഷിക വായ്പകൾ ഇപ്പോൾ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് വായ്പ തുക വർദ്ധിപ്പിക്കുക.

9. കൃഷിക്ക് ആവശ്യമുള്ള സമയങ്ങളിൽ എല്ലാവിധ വളങ്ങളും ലഭ്യമാക്കണം.

10. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ 10,000 രൂപ വരെ ലളിതമായ വ്യവസ്ഥയിൽ ലോൺ നല്കണം.

11. ആട്, കൃഷിക്ക് വായ്പ അനുവദിക്കണം

12. ബാങ്കുകൾ നടത്തി വരുന്ന ചിട്ടികൾ, രജിസ്ട്രേഷൻ ഓഫീസിൽ നിന്നും വേർപ്പെടുത്തി സഹകരണ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിലാക്കാനുള്ള സാധ്യതതകൾ ആരാഞ്ഞ്, വേണ്ടതു ചെയ്യണം.

## മത്സ്യതൊഴിലാളി സഹകരണ മേഖല

1959 കാലയളവിൽ തന്നെ മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി മത്സ്യ ഉല്പാദക സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ഒരു കാലയളവ് വരെ ഇവയെല്ലാം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുകയും ചെയ്യതിന്റെ ഫലമായി ശക്തികുളങ്ങര പഞ്ചായത്തിനും പ്രത്യേകിച്ച് ആ മേഖലയിൽ പണിയെടുത്തിരുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും സാമ്പത്തികമായ മാറ്റം ഉണ്ടായതായി കാണാൻ കഴിയുന്നു. സ്വതന്ത്ര ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ബഹുമാന്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ നയരൂപവല്ക്കരണത്തിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റും നോർവെ ഗവൺമെന്റും തമ്മിലുണ്ടാക്കിയ സാമ്പത്തിക സഹകരണ കരാറിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട പദ്ധതിയാണ് ഇൻഡ്യോ നോർവീജിയൻ പ്രോജക്ട്.

ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചത് മത്സ്യ മേഖലയിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും, തൊഴിൽ പരവും സാമ്പത്തികവും, സാംസ്കാരികവും സാമൂഹ്യവും ആരോഗ്യപരവുമായ ഉയർച്ചയായിരുന്നു. ഇതിന്റെ ഫലമായി പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ കഠിനാദ്ധ്വാന ഭാരം കുറയ്ക്കുവാനും ആധുനിക മേഖലയിലെ യന്ത്രവത്ക്കരണ മത്സ്യ ബന്ധനവികസന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കനും സാധിച്ചതു.

അന്ന് മത്സ്യബന്ധനമേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വന്നിരുന്ന മത്സ്യ ഉല്പാദക സഹകരണസംഘങ്ങളിൽ 5 രൂപ 80 പൈസാ അടച്ച് അംഗമാകുന്ന ഏതൊരാൾക്കും മറ്റു കുടുംബങ്ങളിലെ മൂന്നു അംഗങ്ങളെ കൂടി ചേർത്ത് - ആകെ നാലു പേർക്ക് - കൂട്ടായ്മയിൽ 500 രൂപാ സംഘത്തിൽ അടച്ച് എഗ്രിമെന്റ് ചെയ്താൽ ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള ചെറുതരം യന്ത്രവത്കൃത ബോട്ടും മറ്റു മത്സ്യബന്ധന ഉപകരണങ്ങളും നല്കി സഹായിച്ചിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കഠിനാദ്ധ്വാനഭാരം കുറയ്ക്കുവാനും, ഇന്ന് നാം ദർശിക്കുന്ന സാമ്പത്തിക വിപ്ലവം ഉണ്ടാക്കുവാനും സാധിച്ചു.

ഈ വികസനം ദർശിച്ച മറ്റു വിഭാഗം ജനങ്ങളും ഈ മേഖലയിലേക്ക് കടന്നു വരുകയാൽ ഇപ്പോഴത്തെ അത്യുധുനിക യന്ത്രവത്കൃത മത്സ്യബന്ധനഘട്ടം വരെ കൊണ്ടെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്, ഇത്തരം ചെറുകിട യനത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾ പിടിച്ചു കൊണ്ടു വരുന്ന ചെമ്മീനും, മത്സ്യത്തിനും ന്യായമായ വില മത്സ്യ തൊഴിലാളികൾക്ക് ലഭിക്കുവാൻ വേണ്ടി രൂപം കൊണ്ട ഇൻഡ്യോ നോർവീജിയൻ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ച മറ്റൊരു സഹകരണ സ്ഥാപനമാണ് സെയിൽസ് ഓർഗനൈസേഷൻ. സംഘത്തിലെ അംഗങ്ങളായ മത്സ്യതൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന ചെമ്മീനും, മത്സ്യവും ശേഖരിച്ച് ശീതവൽക്കരിച്ച് സംസ്കരിച്ച് വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് വമ്പിച്ച ലാഭം കൊയ്തു. ഇതുമൂലം മത്സ്യതൊഴിലാളികൾക്കു വലിയ സാമ്പത്തിക നേട്ടം കൈ വരിക്കാൻ സാധിച്ചു. ഇതിൽ ആകൃഷ്ടരായി മറ്റു പല പ്രൈവറ്റ് ഏജൻസികളും ഈ രംഗത്തേക്ക് കടന്നു വന്നതിന്റെ ഫലമായി മത്സ്യബന്ധന മേഖലയിൽ ഇന്നു നാം കാണുന്ന അപൂർവ്വമായ സാമ്പത്തികവും, തൊഴിൽ പരവുമായി നേട്ടം കൈവരിക്കാൻ സാധിച്ചു. ഇൻഡ്യോ നോർവീജിയൻ പ്രോജക്ടിന്റെ സാമ്പത്തിക സഹായത്തോടു കൂടി മത്സ്യ തൊഴിലാളികൾക്ക് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾ മിതമായ വിലയ്ക്ക് നിർമ്മിച്ചു നൽകാൻ വേണ്ടി രൂപം കൊണ്ട മറ്റൊരു

സ്ഥാപനമാണ്. ശക്തികുളങ്ങര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബോട്ടു നിർമ്മാണശാല.

ഈ മേഖലകളിലെ പ്രവർത്തനങ്ങൾ എല്ലാം തന്നെ മന്ദീഭവിച്ചിട്ടുണ്ടെങ്കിലും പുതുതായി ഈ വ്യവസായ മേഖലകളിലേക്ക് പല സഹകരണപ്രസ്ഥാനങ്ങളും പ്രൈവറ്റ് ഏജൻസികളും കടന്നു വരികയും ഈ വ്യവസായങ്ങളെ നിലനിർത്തി കൊണ്ടു പോകുകയും ചെയ്യുന്നു.

ഇപ്പോൾ ശക്തികുളങ്ങര പഞ്ചായത്തിലെ മത്സ്യതൊഴിലാളികളുടെ നാനാമുഖമായ വികസനത്തിനു വേണ്ടി പല മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. എന്നാൽ ഇവയുടെയെല്ലാം പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ മത്സ്യതൊഴിലാളികൾക്ക് കാലകാലങ്ങളിൽ ലഭിക്കുവാനുള്ള പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടു പോകുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1. മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഇത്തരം സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്.
2. ബഹു. ഗവൺമെന്റിൽ നിന്നും ഈ സഹകരണസംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## ശക്തികുളങ്ങര പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം

ശക്തികുളങ്ങര പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി രജിസ്റ്റർ ചെയ്ത് 1980ൽ പ്രവർത്തനം ആരംഭിച്ച ഒരു സഹകരണ സ്ഥാപനമാണ് ശക്തികുളങ്ങര പട്ടികജാതി സഹകരണ സംഘം നമ്പർ ക്യൂ. 818. ഇതിന്റെ പ്രവർത്തനമേഖല ശക്തികുളങ്ങര പഞ്ചായത്ത് അതിർത്തിയാണെങ്കിലും പ്രവർത്തന ആസ്ഥാനം ശക്തികുളങ്ങര പഞ്ചായത്തിലെ കിഴക്കേത്തറ കോളനിയിലാണ്. ഇതിൽ 674 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഒരു ഓഹരിക്ക് 10 രൂപയാണെങ്കിലും ഒരംഗം. ഒരു ഓഹരിക്ക് ഒരു രൂപ അടച്ചാൽ മതിയാകും. ബാക്കി 9 രൂപ ഗവൺമെന്റിൽ നിന്നും ഗ്രാന്റായി നല്കുന്നു. ഈ സംഘത്തിന്റെ അംഗീകൃത പ്രവർത്തന മൂലധനം. 3 ലക്ഷം രൂപയാണെങ്കിലും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 6444 രൂപയാണ്. ബഹു. ഗവൺമെന്റിൽ നിന്നും 20,000 രൂപ ഓഹരിയായി ലഭിച്ചിട്ടുണ്ട്. ഒരംഗത്തിന് പരമാവധി 5,000 രൂപയാണ് ലോൺ അനുവദിക്കുന്നത്. ഇതിന്റെ പ്രവർത്തന മേഖലകൾ മത്സ്യകച്ചവടം നടത്തുന്നതും. പെട്ടികട നടത്തുന്നതുമാണ് ഈ സ്ഥാപനത്തൽ ഒരു പെയ്ഡ് സെക്രട്ടറി പ്രവർത്തിക്കുന്നു.

ശക്തികുളങ്ങര പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗമേഖലകളിൽ വളരെയേറെ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ടെങ്ങിലും ഇവയൊന്നും കാര്യക്ഷമതയോടു കൂടി പ്രവർത്തിക്കുന്നതായി അറിയാൻ കഴിയുന്നില്ല. ആയതിനാൽ ആമേഖലയിൽപ്പെട്ട ആളുകളെ സഹായിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. സഹകരണപ്രസ്ഥാനങ്ങൾ കൊണ്ടുള്ള പ്രയോജനം ആമേഖലയിൽ ഉള്ളവർക്ക് ലഭ്യമാകുന്നതിന് ബോധവൽക്കരണം നടത്തെണ്ടതാണ്.
2. വായ്പ എടുക്കുന്ന വ്യക്തികൾ യഥാസമയം ലോൺ തിരച്ചടയ്ക്കാൻ വൈമനസ്യം കാണിക്കുന്ന പ്രവണത കണ്ടു വരുന്നു. ഈ പ്രക്രിയ മാറ്റിയെടുക്കുവാൻ ജനകീയ ഇടപെലോടെ ശ്രമിക്കേണ്ടതാണ്.
3. ഈ അടിസ്ഥാനവർഗ്ഗത്തിന്റെ സാമ്പത്തിക, സാമൂഹ്യം സാംസ്കാരിക ആരോഗ്യ തൊഴിൽ മേഖലകളിൽ സമൂലമാറ്റം വരുത്തുവാൻ വർദ്ധിതമായ സാമ്പത്തിക സഹായവും മറ്റും നൽകി സഹായിക്കേണ്ടതാണ്.

## സ്കൂൾ സഹകരണ സംഘങ്ങൾ

ശക്തികുളങ്ങര പഞ്ചായത്തിൽ 14 സ്കൂളുകൾ പ്രവർത്തിക്കുന്നു. എന്നാൽ 3 സ്കൂളുകളിൽ മാത്രമേ സഹകരണസംഘം രജിസ്റ്റർ ചെയ്ത് കുട്ടികളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുള്ളു. ഇതിൽ വള്ളിക്കീഴ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ 1968ൽ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. 10 രൂപ ഓഹരി വിലയുള്ള 152. A ക്ലാസ്സ് അംഗങ്ങളും ഒരു രൂപ ഓഹരി വിലയുള്ള 8356 B ക്ലാസ്സ് അംഗങ്ങളും നിലവിലുണ്ട്. ഇതിൽ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 9876 രൂപയാണ്. ഈ സംഘം വിദ്യാഭ്യാസവും സാമ്പത്തികവുമായ മേഖലകളിൽ പ്രവർത്തിക്കുന്നു.

1976 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച മറ്റൊരു സ്കൂൾ സഹകരണ സംഘമാണ് കാവനാട് യു.പി.എസ്സ് സഹകരണസംഘം. ഇതിൽ 10 രൂപ ഓഹരി വിലയുള്ള 16 A ക്ലാസ്സ് അംഗങ്ങളും 50 പൈസാ ഓഹരി വിലയുള്ള B ക്ലാസ്സ് അംഗങ്ങളും ചേർന്നാണ് പ്രവർത്തിക്കുന്നത്. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 168 രൂപയാണ് സ്കൂളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ കാര്യങ്ങളിൽ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

1980ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്കൂൾ സഹകരണ സംഘമാണ്. ശക്തികുളങ്ങര സെന്റ് ജോസഫ് ഹൈസ്കൂൾ സഹകരണസംഘം തിൽ 10 രാപ ഓഹരി വിലയുള്ള 60 A ക്ലാസ്സ് അംഗങ്ങളും ഒരു രൂപാ ഓഹരി വിലയുള്ള 1200 B ക്ലാസ്സ് അംഗങ്ങളും ചേർന്ന് പ്രവർത്തിക്കുന്നു. സർക്കാരിൽ നിന്നും 10,000 രൂപ ഓഹരി വിലയായി ഈ സംഘത്തിനു ലഭിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകങ്ങളും പഠനോപകരണങ്ങൾക്കും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാൻ വേണ്ടി രജിസ്റ്റർ ചെയ്ത സംഘം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ശക്തികുളങ്ങര പഞ്ചായത്തിൽ പ്രവത്തിക്കുന്ന ഇതരസ്കൂളുകളിലും ഇത്തരം സ്കൂൾ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു കുട്ടികളുടടെ നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടുന്നതാണ്.
2. ഇപ്പോൾ പ്രവർത്തിച്ചു വരുന്ന സ്കൂൾ സഹകരണസംഘങ്ങളിൽ കൂടുതൽ A. ക്ലാസ്സ് B ക്ലാസ്സ് അംഗങ്ങളെ ചേർത്ത് വിപുലമായ രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.
3. സ്കൂൾ കുട്ടികൾക്ക് ഇത്തരം സഹകരണസംഘങ്ങൾ കൂടി യൂണിഫാം കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുവാൻ ശ്രദ്ധിക്കണം.

## വ്യവസായ സഹകരണസംഘം

ശക്തികുളങ്ങര പഞ്ചായത്തിൽ വളരെയെറെ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുണ്ടെങ്കിലും അതിന്റെ എല്ലാം പ്രവർത്തനം നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മിക്കസഹകരണസംഘങ്ങളും അറിയപ്പെടാൻ കഴിയാത്ത പോക്കറ്റ് സഹകരണസംഘങ്ങളായി മാറികഴിഞ്ഞിരിക്കുന്നു.

### നിർദ്ദേശങ്ങൾ

സമാനസ്വാഭാവമുള്ള ഇത്തരം വ്യവസായ സഹകരണസംഘങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ ശ്രമിക്കേണ്ടുന്നതാണ്. ഇത്തരം സഹകരണസംഘങ്ങളുടെ മേൽ ഗ്രാമപഞ്ചായത്തിന് നിയന്ത്രണമുണ്ടാക്കി യെടുക്കുന്നത് നന്നായിരിക്കും. എല്ലാ വിഭാഗം ജനങ്ങൾക്കും ഇത്തരം വ്യവസായസഹകരണസംഘങ്ങൾ ഉപകാരപ്രദമാവുന്ന രീതിയിൽ പ്രവർത്തിക്കേണ്ടതാണ്.

## കയർ സഹകരണസംഘങ്ങൾ

ശക്തികുളങ്ങര പഞ്ചായത്തിൽ രണ്ട് കയർ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് നെയ്യാടി കയർ വ്യവസായ സഹകരണസംഘം.

1963ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘത്തിൽ 362 അംഗങ്ങൾ ഉണ്ട്. ഒരു ഓഹരിയുടെ വില 10 രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 10,00000 രൂപായാണങ്കിലും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 28.904 രൂപായാണ് സർക്കാരിൽ നിന്നും ഈ സംഘത്തിന് 1.51.440 രൂപ. ഓഹരി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഈ സംഘത്തിന് പരമാവധി കടം എടുക്കുവാൻ കഴിയുന്ന തുക. 6,00,000 രൂപയാണ്. ഹ്രസ്വ കാലയടിസ്ഥാത്തിൽ ഈ സംഘത്തിൽ പൊതു ജനങ്ങളിൽ നിന്നും ഏകദേശം 3600 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്രവർത്തന ലക്ഷ്യം. കയർ പിരി തൊഴിലാളികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ലോൺ കൊടുക്കുകയാണ് ഈ സംഘത്തിലെ പ്രവർത്തനം മന്ദീഭവിച്ച രീതിയിലാണ്. ഈ സംഘത്തിൽ ഒരു സെയിൽസ്മാനും പെയ്ഡ് സെക്രട്ടറിയും ജീവനക്കാരായി ഉണ്ട്.

## മീനം കയർ സഹകരണസംഘം

ശക്തികുളങ്ങര പഞ്ചായത്തിൽ കയർ മേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു കൊണ്ടിരിരുന്ന മറ്റൊരു സഹകരണ പ്രസ്ഥാനമാണ്. മീനം കയർ സഹകരണസംഘം. 9-11-1995 രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ പ്രവർത്തനമൂലധനം 10,00,000 ആണ്. എന്നാൽ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 11630 രൂപയാണ്. ഈ സംഘം പൊതു ജനങ്ങളിൽ നിന്നും ഏകദേശം 1568 രൂപാ വരെ ചെറുനിക്ഷേപകങ്ങളായി സ്വീകരിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെയും ഈ സ്ഥാപനത്തിൽ ഒരു ജീവിനക്കാരി ജോലി നോക്കുന്നു.

## നിർദ്ദേശങ്ങൾ

1. മേൽ പറഞ്ഞ കയർ വ്യവസായ സഹകരണസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും നെയ്യാടി കയർ സഹകരണസംഘത്തിനു മാത്രമേ കെട്ടിടം സ്വന്തമായിട്ടുള്ളു. മീനം കയർ സംഘത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സാമ്പത്തികസഹായം നൽകേണ്ടകതാണ്.
2. ഈ കയർ സഹരണസംഘങ്ങൾക്ക് സാമ്പത്തിക സഹായം നല്കി അസംസ്കൃത വസ്തുവായ തൊണ്ട് മിതമായ വിലയ്ക്ക് സംഭരിച്ച് നൽകേണ്ടതാണ്. അത്യാധുനിക യന്ത്രവല്ക്കരണം ഭാഗികമായി നടപ്പിലാക്കണം. ഈ മേഖലയിൽ പുതുതായി കടന്നു വരുന്നവർക്ക് പരിശീലനം നൽകേണ്ടതാണ്.
3. കയർ പിരി തൊഴിലാളികളുടെ കുട്ടികൾക്ക് പോഷക ആഹാരവിതരണ പരിപാടി നടപ്പിലാക്കണം.
4. ഇത്തരം സഹകരണ സംഘങ്ങളെ സാമ്പത്തികമായി സഹായിച്ചാൽ പഞ്ചായത്തിൽ ഏകദേശം 500 തൊഴിലാളികൾക്ക് പ്രത്യേകിച്ച് സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ ലഭിക്കും.

## ഹൗസിംഗ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി

ശക്തികുളങ്ങര പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാത്ത ഏക സ്ഥാപനമാണ്. ഹൗസിംഗ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. എന്നാൽ ശക്തികുളങ്ങര പഞ്ചായത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും പഞ്ചായത്തിനു വെളിയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും വായ്പ എടുത്തു വീടു നിർമ്മിച്ച് താമസിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ശക്തികുളങ്ങര പഞ്ചായത്തിൽ പുതുതായി ഹൗസിംഗ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയോ അതല്ലെങ്കിൽ ശക്തികുളങ്ങര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വഴി ഇതിനു പരിഹാരം കാണുകയോ ചെയ്യേണ്ടതാണ്.

## പാൽ ഉൽപാദക സഹകരണസംഘം

ഈ മേഖലയിൽ ഇപ്പോൾ സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനത്തിലില്ല. പ്രവർത്തിച്ചു കൊണ്ടിരുന്ന

ഒരു സംഘം വർഷങ്ങൾക്ക് മുമ്പ് തന്നെ പൂട്ടപ്പെട്ടു. പാലിന്റെ ദൗർലഭ്യതയായിരുന്നു കാരണമെന്നാണറിയാൻ കഴിയുന്നത്. ജനകീയ ആസൂത്രണ വികസനത്തിന്റെ ഫലമായി കാലി വളർത്തലിലും പാൽ ഉൽപാദനത്തിലും വിപ്ലവകരമായ വളർച്ച പ്രതീക്ഷിക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് പാലുൽപാദക സഹകരണസംഘങ്ങൾ താമസിയാതെ രൂപം കൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. കൺസ്യൂമേഴ്സ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി ശക്തികുളങ്ങര പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കേണ്ടതാണ്. നിത്യോപയോഗ സാധനങ്ങളുടെ സംഭരണ വിതരണമേഖല. ഇതുവഴി ചൂഷണ വിമുക്തമാവുകയും നിത്യോപയോഗ സാധനങ്ങൾ സാധരണക്കാരയ ന്യായവിലയ്ക്ക് ലഭിക്കുവാൻ സാധിക്കുരയും ചെയ്യും.
2. ഈ പ്രദേശത്ത് സഹകരണ പ്രവർത്തനമില്ലതെ കിടക്കുന്ന സഹകരണസംഘങ്ങൾ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. ഒരു രീതിയിലും രക്ഷപ്പെടാൻ സാദ്ധ്യതയില്ലാത്തവ ലിക്വിഡേറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ രൂപം കൊള്ളുന്ന വ്യവസായ സമിതിയെ മുകളിൽ പറഞ്ഞ ചുമതല ഏൽപിക്കാവുന്നതാണ്.
3. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനപ്രമാണമായ നമ്മളിൽ ഓരോരുത്തരും എല്ലാവർക്കു വേണ്ടിയും നമ്മളിൽ എല്ലാവരും ഓരോരുത്തർക്കു വേണ്ടിയും എന്ന ആപ്തവാക്യത്തിന്റെ പ്രസക്തി പ്രചരിപ്പിച്ചു ആളുകളെ സഹകരണ സംരംഭങ്ങളിലൂടെ വ്യക്തിയുടെയും, സമൂഹത്തിന്റെയും വളർച്ച സാദ്ധ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കം.

## നിർദ്ദേശങ്ങൾ

1. സാധാരണക്കാരന് നല്ലയിനം നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് മൊബയിൽ സംവിധാനത്തിൽ പഞ്ചായത്തിലെ എല്ലാ ഭാഗത്തും എത്തിച്ചുകൊടുക്കുന്നതിനുവേണ്ടിയുള്ള സഹകരണ സംരംഭങ്ങൾ തുടങ്ങണം.

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യ മൊത്തത്തിൽ 44451 ആണെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 9.83% മാത്രമാണ്. ഗിരിജൻ വിഭാഗത്തിൽപ്പെട്ട ആറ് പേരുണ്ട്. അംഗീകൃതകോളനികൾ 4 (നാല്) എണ്ണവും അംഗീകാരത്തിനു വേണ്ടി സമർപ്പിച്ചിട്ടുള്ളത് ഒരെണ്ണവും ആകുന്നു.

ഈ വിഭാഗത്തിന് വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായി കഷ്ടത അനുഭവിക്കുന്നു. ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും മൂലം ഒരു പരിധി വരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണമായും മോചനം നേടാനും കഴിഞ്ഞിട്ടുണ്ട്. എല്ല ജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുക്കുകയും എല്ലാ വിധ പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നു.

കോളനി പ്രദേശങ്ങളിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നുണ്ടെങ്കിലും, സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായി നേട്ടം കൈവരിക്കാൻ ഇടനൽകിയിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

## വിദ്യാഭ്യാസം

കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നരവധി കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഉപരിവിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ മാറ്റിയെടുക്കണം.

## തൊഴിൽ

ഈ വിഭാഗത്തിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ ഉണ്ടായ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തതിനാൽ പുതിയ തലമുറ തൊഴിലിനു വേണ്ടി മറ്റ് മേഖലകളിലേക്ക് പോകുനനതിന് നിർബന്ധിതരായി. കാർഷിക മേഖലയിലെ കൂലി കുറവ് ഈ മേഖലയിലേക്ക് തൊഴിലാളികളെ കിട്ടുന്നതിന് പ്രയാസം ഉളവാക്കി. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉത്പാദനവർദ്ധവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. അസംസ്കൃത വസ്തുക്കളുടെ കിട്ടായ്മ കർഷക തൊഴിലാളികളുടെ പ്രധാന തൊഴിലായിരുന്ന പായ് നെയ്ത്ത് മുതലായ തൊഴിലുകളും ഇന്നില്ലാതായിരിക്കുന്നു.

## പാർപ്പിടം

പാർപ്പിടസൗകര്യം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പല സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികളിൽ കൂടി ഒരു പരിധി വരെ പരിഹരിക്കപ്പെടുന്നു. ഇങ്ങനെയുള്ള പദ്ധതികൾ കൊളനികളിൽ മാത്രം നടപ്പിലാക്കി വരുനനതു കൊണ്ട് ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര

ലഭിക്കുന്നില്ല.വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തികരിക്കാതെ കിടക്കുന്നുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. കോളനി പ്രദേശങ്ങളിൽ നിർബന്ധമായും ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചു കൊടുത്ത് പരിസര ശുചീത്വം ഉറപ്പ് വരുത്തേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി പൊതുവിലുണ്ടെങ്കിലും കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നുണ്ട്.
2. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല. വീട് നിർമ്മിക്കാൻ നല്കുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻകഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങളില്ല.
4. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ആവശ്യത്തിനില്ല.
5. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
7. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
8. IRDP പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായും ഉപയോഗപ്പെടുത്തുന്നില്ല.
9. പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
10. പട്ടികജാതി വർഗ്ഗത്തിന് ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.

## സാദ്ധ്യതകൾ

കോളനികളിൽ നിലവിലുള്ള വൈദ്യുതി പ്രശ്നവും കുടിവെള്ളപ്രശ്നവും പരഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് ബ്ലോക്ക് എന്നീ ഏജൻസികൾ വേണ്ടത് ചെയ്യണം. പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനു വേണ്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാകണം.

പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന ഹരിജനക്ഷേമ വകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രമായി നടപ്പിലാക്കാൻ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായി മാറ്റം വരുത്തുകയും ക്ഷേമപദ്ധതികളെക്കുറിച്ച് അറിവ് ഉണ്ടാകുന്നതിന് ആവശ്യമായ ബോധവത്ക്കരണപരിപാടികൾ നടപ്പാക്കുന്നതോടൊപ്പം ക്ഷേമപദ്ധതികതൾ അർഹതപ്പെട്ടവർക്കു കൃത്യസമയത്ത് ലഭ്യമാക്കാൻ സഹായകരമായ രീതിയിൽ ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കണം. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. പായ്നെയ്ത്ത്, കുട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ കരൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധസഹായവും നൽകും.

4. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

5. വ്യവസായപരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധനയ്ക്കും വായ്പകൾ ദുരുപയോഗം ചെയ്യുന്നതു തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

6. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ് നെയ്ത്ത്, റെഡിമെയ്ഡ്, കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

7. പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.

8. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ പച്ചക്കറി ഉത്പാദനത്തിനായി വിനിയോഗിച്ചു കൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക കൃഷിഭവൻ നൽകി വരുന്ന ഉപകരണങ്ങൾ ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

9. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

10. വീട് പുതുക്കി പണിയുന്നതിനും, അറ്റകുറ്റപണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

11. കോളനികളിലെ പുരയിടത്തിലെ വെള്ളപ്പൊക്കം തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

12. നാലു സെന്റ് കോളനികളിലും ലക്ഷം വീട് കോളനിയിലും, ഭൂമിക്കും, പട്ടയം നൽകുക.

13. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മൂന്ന് മുതൽ അഞ്ച് വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും പദ്ധതി രണ്ടോ മൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

14. കോളനികളിൽ വികസന, ക്ഷേമ സഹായ കാര്യങ്ങളെപ്പറ്റി ബോധനൽക്കരണ ക്ലാസ്സുകൾ ഏർപ്പെടുത്തുക.

15. കുടുംബസാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

16. അഭ്യസ്ഥ വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

17. എസ്.എസ്.എൽ.സി.വരെയും തുടർന്ന് പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ് നടപ്പാക്കുക.)

18. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

19. ഈ റിപ്പോർട്ടിന്റെ ഗ്രാമവികസനം ഗ്രൂപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന ആവശ്യാധിഷ്ഠിത സഹായപദ്ധതി ഇവിടെയും നിർദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ പട്ടികജാതി/ വർഗ്ഗവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.

# വിഭവ സമാഹരണം

പട്ടണ സമാനത പുലർത്തുന്ന വിഭവങ്ങളും പട്ടണത്തോട് തൊട്ടുരുമി കിടക്കുന്നതും ജനസാന്ദ്രതയുള്ളതുമായ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് നമ്മുടേത്. 9.15 Sq. Km. വിസ്തീർണ്ണമേയുള്ളുവെങ്കിലും 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 44,451 ആണ്. ഇതുപ്രകാരം 22,254 പുരുഷന്മാരും 22,197 സ്ത്രീകളുമുണ്ട്. കനേഷുമാരി പ്രകാരം ആകെ കുടുംബങ്ങൾ 8831 ആണ്. എന്നാൽ ശക്തികുളങ്ങര പഞ്ചായത്തിലെ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടത്. വീടുകളും സ്ഥാപനങ്ങളും എന്ന നിലയിൽ ചെറുതും, വലുതും, ബഹുനിലകൾ ഉള്ളതും, അല്ലാത്തതും, കോൺക്രീറ്റ്, ഓടുമേച്ചിൽ, ഓലമേച്ചിൽ, ആർ.ഐ. ഷീറ്റ് (ടാർ ഷീറ്റ്) റൂഫ് എല്ലാം ചേർന്ന 11,569 കെട്ടിടങ്ങൾ ഉണ്ടെന്നാണ്. ഇതിൽ 1500 ൽപ്പരം വരുന്ന കടകൾ, തൊഴിൽ സ്ഥാപനങ്ങൾ, സർക്കാർ ആഫീസുകൾ, പള്ളിക്കൂടങ്ങൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയുള്ള കെട്ടിടങ്ങളാണ്. ഏകദേശം പതിനായിരത്തോളം വരുന്ന കുടുംബങ്ങളാണ് ഇവിടെയുള്ളത്. ജനസാന്ദ്രതയുടെ തോത് വച്ച് പരിശോധിച്ചാൽ 48,000 ത്തിനും, 51,000 ത്തിനും ഇടയിൽ ജനസംഖ്യ ഉണ്ട്. കനേഷ്മാരി അനുസരിച്ച് ആകെയുള്ള 8831 കുടുംബങ്ങളിൽ 4166 കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയുള്ളതാണ്. ഇത് ആകെ ജനസംഖ്യയുടെ 47% വരും. ഒരു കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം 5.03 ആണ്.

ഏറ്റവും ഉയർന്ന വരുമാനമുള്ള 50 തോളം കുടുംബങ്ങൾ ഉണ്ട്. മിഡിൽ ക്ലാസ്സ് വിഭാഗത്തിൽ വരുന്ന കുടുംബങ്ങളുടെ എണ്ണം ഏകദേശം 5000 ത്തോളമാണ്.

## പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി

ആകെ 11,569 കെട്ടിടങ്ങൾ ആണ് ഉള്ളത്. എന്നാൽ പഞ്ചായത്ത് കെട്ടിട നികുതി ഈടാക്കുന്നത് 6861 എണ്ണത്തിൽ നിന്നും മാത്രമാണ്. മറ്റ് കെട്ടിടങ്ങൾ സ്ഥിരം ചുമർ ഇല്ലാത്തതും, ഓലമേച്ചിൽ ആർ.ഐ. ഷീറ്റ് റൂഫ് തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതുമാണ്. അതേപ്പോലെ ജെ.ആർ.വൈ വീടുകൾ, ലക്ഷം വീടുകൾ, സെറ്റിൽമെന്റ് കോളനികളിലെ വീടുകൾ എന്നിവ എല്ലാം ചേർന്ന് 4708 വീടുകൾക്ക് നികുതി ചുമത്തിയിട്ടില്ല.

വിനോദ നികുതിയാണ് നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം. ഒരു പെർമനന്റ് തിയേറ്ററും, രണ്ട് സെമി പെർമനന്റ് തിയേറ്ററുകളും, ഒരു താൽക്കാലിക തിയേറ്ററും ഉൾപ്പെടെയുള്ള 4 തിയേറ്ററുകളിൽ നിന്നും മെച്ചപ്പെട്ട വരുമാനം പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

തൊഴിൽ നികുതി പഞ്ചായത്തിലെ വിവിധ തൊഴിൽ സ്ഥാപനങ്ങൾ, സർക്കാർ ആഫീസുകൾ, സ്ക്കൂളുകൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി ചെയ്യുന്ന 2000 ത്തിൽപ്പരം ആളുകളിൽ നിന്നുമാണ് ലഭിക്കുന്നത്. വസ്തു കൈമാറ്റ നികുതി ഇനത്തിൽ സാമാന്യ വരുമാനം നമുക്കുണ്ട്.

പഞ്ചായത്തിലെ മാർക്കറ്റിംഗ് കോംപ്ലക്സ്, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് പിരിവ്, പഞ്ചായത്തുവക സ്ഥലങ്ങളിലെ വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന ആദായം എന്നിവയും വരുമാന മാർഗ്ഗങ്ങളാണ്. 1980 ൽ സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച പഞ്ചായത്ത് വികസനത്തിനുള്ള ഏഴിന പരിപാടിയിൽ ഉൾപ്പെടുത്തി വിഭാവന ചെയ്ത കമ്മ്യൂണിറ്റി ഹാളിന്റെ പണി 89 നവംബർ മാസത്തിൽ ആരംഭിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടം ഇതുവരെ പൂർത്തികരിക്കാത്തത് നിലവിലുള്ള ആസൂത്രണത്തിന്റെയും നടപടിക്രമങ്ങളുടെയും പോരായ്മ മൂലമാണ്. അടിയന്തരമായി പൂർത്തികരിച്ച് കല്യാണാവശ്യത്തിനും, മറ്റ് സാമൂഹികാവശ്യത്തിനും ഉപയോഗിക്കപ്പെട്ടാൽ ഒരു വർഷം ശരാശരി രണ്ട് ലക്ഷം രൂപ ഇതുവഴി സമാഹരിക്കാം.

പഞ്ചായത്തിന് ലഭിക്കുന്ന പ്രധാനപ്പെട്ട ഗ്രാന്റുകൾ ജെ.ആർ.വൈ., ഉപാധിരഹിത ഫണ്ട്,

വി.റ്റി.സി., വി.ആർ.എം., എം.ഐ. എന്നീ ഇനങ്ങളിൽ പെട്ടതാണ് BTC, ഗ്രാന്റുകൾ യഥാകാലം കിട്ടുന്നതിന് ഭരണാധികാരികളെ സ്വാധീനിക്കേണ്ടുന്ന നില ഇന്നും മാറിയിട്ടില്ല. സർക്കാർ ഗ്രാന്റുകൾ സംബന്ധിച്ച് ഇന്നുള്ള വിവേചനങ്ങൾ അവസാനിപ്പിച്ച് അവ പിരിക്കുന്ന തലത്തിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് ലഭിക്കത്തക്ക സംവിധാനം ഏർപ്പെടുത്തണം.

## ചെലവിനങ്ങൾ

പഞ്ചായത്ത് ഭരണം സംബന്ധിച്ച തൻചെലവിനത്തിൽ ഒൻപത് ലക്ഷത്തോളം രൂപ ഒരു വർഷം ചെലവ് വരുന്നുണ്ട്. പൊതുമരാമത്ത്, വിദ്യാഭ്യാസം, ജല വിതരണം, ഓടകൾ, പൊതുജനാരോഗ്യം, തെരുവ് വിളക്കുകൾ കത്തിക്കൽ എന്നീ മേഖലയിലാണ് ധന വിനിയോഗം നടക്കുന്നത്.

## പൊതുമരാമത്ത്

9.17. Sq.km വിസ്തീർണ്ണമുള്ള നമ്മുടെ ഗ്രാമത്തിൽ 67.5 കിലോമീറ്റർ റോഡ് പഞ്ചായത്തിന്റെ അധീനതയിലുണ്ട്. ഇവയുടെ സംരക്ഷണത്തിനുവേണ്ടിയാണ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും ചിലവഴിക്കുന്നത്. കോൺക്രീറ്റ് റോഡ് 0.5 കിലോമീറ്റർ, മെറ്റൽ റോഡ് 7.65 കിലോമീറ്റർ, ഗ്രാവൽ റോഡ് 35.05 കിലോമീറ്റർ, ടാർ റോഡ് 23.5 കിലോമീറ്റർ, മണൽ റോഡ് 0.795 കിലോമീറ്റർ എന്നീ ഇനങ്ങളിലുള്ള റോഡിന്റെ ഇന്നത്തെ സ്ഥിതിയുമായി ബന്ധപ്പെട്ട് താരതമ്യേന തൃപ്തികരമായ സംരക്ഷണമാണ് നൽകിവരുന്നത്. ഈ രംഗത്ത് വിനിയോഗിച്ചുവരുന്ന ചെലവ് നിയന്ത്രിക്കപ്പെടുകയും ഇതിൽ ഇന്നത്തെ ചെലവിന്റെ നാലിലൊരു ഭാഗമെങ്കിലും ഉൽപാദനമേഖലകളുടെ വളർച്ചയ്ക്കുവേണ്ടി പഞ്ചായത്ത് ആവിഷ്ക്കരിക്കുന്ന പദ്ധതികളിൽ വിനിയോഗിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ 4.05 കിലോമീറ്റർ എൻ.എച്ച്, 9 കിലോമീറ്റർ ജില്ലാ പഞ്ചായത്ത് റോഡുകളുമുണ്ട്.പഞ്ചായത്തിന്റെ ധനസ്ഥിതി വെളിവാക്കുന്ന കഴിഞ്ഞ മൂന്നുവർഷത്തെ വരവുചെലവ് കണക്കുകൾ ചാർട്ടായി ചുവടെ ചേർക്കുന്നു.

### പഞ്ചായത്തിന്റെ വരവ് ചെലവ് ഇനങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

വരവ്

| ക്രമ നമ്പർ | ഇനവിവരം | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1 | കെട്ടിട നികുതി | 486885.95 | 436370.50 | 458209.60 |
| 2 | സർവ്വീസ് നികുതി | 180292.25 | 161557.90 | 169592.00 |
| 3 | തൊഴിൽ നികുതി | 197575.00 | 211765.00 | 257690.00 |
| 4 | വിനോദ നികുതി | 747094.65 | 876250.00 | 911226.65 |
| 5 | അധിക വിനോദ നികുതി | 454141.25 | 534726.00 | 553436.40 |
| 6 | കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം | 183822.00 | 185476.00 | |
| 7 | മറ്റിനങ്ങൾ | | | |
| 8 | ഗവൺമെന്റ് ഗ്രാന്റ് | 229894.00 | 362574.00 | 528421.00 |
| | | **418291.09** | **3928879.75** | **4456724.55** |

ചെലവ്

| ക്രമ നമ്പർ | ഇനവിവരം | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 1 | ഭരണ നിർവഹണം | 610684.95 | 668439.50 | 884537.70 |
| 2 | പൊതുമരാമത്ത് | 886187.70<br>221554.00 | 255229.00 | 644648.90 |
| 3 | വിദ്യാഭ്യാസം | 14881.00 | 31237.00 | 30851.90 |
| 4 | ഓട വൃത്തിയാക്കാൻ | 11305.50 | 36619.00 | 30979.00 |
| 5 | ശുചീകരണം | 76652.95 | 76795.60 | 116743.20 |
| 6 | വിളക്കുവയ്ക്കൽ | 286835.00 | 785664.00 | 352385.00 |
| 7 | കൃഷി | 20497.00 | 14046.00 | |
| 8 | കടത്ത് | 34170.80 | 20171.00 | 25578.00 |
| 9 | കടം തിരികെ നൽകൽ | 300000.00 | 609860.00 | 106137.80 |
| 10 | മറ്റിനങ്ങൾ | | | |
| | | **4182891.09** | **6933545.82** | **3509748.35** |

## മറ്റു സാമ്പത്തിക മേഖല

വെസ്റ്റ് കായിലോൺ സർവീസ് സഹകരണ ബാങ്ക് Q.73 സാമ്പത്തിക സ്ഥാപനത്തിന്റെ സേവനവും ദേശസാൽകൃത കോമേഴ്സ്യൽ ബാങ്കുകളുടെ നാല് ശാഖകളും ഒരു കെ.എഫ്.സി. ശാഖയും, കൊല്ലം പട്ടണത്തിൽ രാമൻകുളങ്ങരയിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്ക് ശാഖയുടെ കുറച്ച് സേവനവും നമ്മുടെ ബാങ്കിംഗ് സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട് ലഭിക്കുന്നു. പത്ത് അംഗീകൃത സ്വകാര്യ പണമിടപാട് ലൈസൻസികളുമുണ്ട്. സഹകരണ ബാങ്കുവഴിയുള്ള സാമ്പത്തിക വിതരണം പ്രത്യുൽപാദനപരമായ പദ്ധതികളിലില്ല. നിക്ഷേപ സമാഹരണത്തിന്റെ സാധ്യതകൾ സമയബന്ധിതമായി വിപുലപ്പെടുത്തി മൊത്തം സേവിംഗ് ബാങ്ക് നിക്ഷേപത്തിന്റെ 60% കുറഞ്ഞ പലിശ നിരക്കിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന വികസന പ്രവർത്തനത്തിന് ചെലവഴിക്കണം. നിലവിലുള്ള സർക്കാർ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന കുടുംബാധിഷ്ഠിത വരുമാനവർദ്ധക പരിപാടികൾക്ക് NABARD നൽകുന്ന പുനർവായ്പാ സമ്പ്രദായം ജനകീയാസൂത്രണ പരിപാടി പ്രകാരം പഞ്ചായത്ത് നിർദ്ദേശിക്കുന്ന പരിപാടികൾക്ക് ലഭ്യമാക്കാനുള്ള ആർ.ബി.ഐ. നിയമങ്ങൾ ഉണ്ടാകണം. അതിന് പഞ്ചായത്ത് തല അലോട്ട്മെന്റ് സിസ്റ്റം ആവിഷ്ക്കരിക്കണം. പ്രസ്തുത സഹകരണ ബാങ്കിൽ നിന്നും ഇന്നുലഭിച്ചുകൊണ്ടിരിക്കുന്ന സേവനം കൂടുതൽ ജനവിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന് ഇതിന്റെ രണ്ട് ശാഖകൾ ആരംഭിക്കുകയോ, പുതിയ രണ്ട് സഹകരണ ബാങ്ക് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയുംവേണം.

നിലവിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ ബാങ്കുകളുടെ സേവനം പ്രത്യുൽപാദനപരമായ മേഖലയിൽ വേണ്ടത്ര ലഭിക്കുന്നില്ല. ധനകാര്യ സ്ഥാപനങ്ങളുടെ ആകെ നിക്ഷേപത്തിന്റെ 70% മെങ്കിലും പഞ്ചായത്തിലെ സംരംഭകർക്ക് വായ്പ നൽകുകയും, പഞ്ചായത്ത് നിർദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് വിനയോഗിക്കാനുള്ള നടപടികളും നിർദ്ദേശങ്ങളും ആവശ്യമാണ്.

ദാരിദ്ര്യ നിർമ്മാർജന പരിപാടികളുടെ പദ്ധതികളുമായി ബാങ്കുകളെ സമീപിക്കുമ്പോൾ അവിടെ നിന്നും ആശ്വാസ്യകരമായ പ്രതികരണം ലഭിക്കുന്നില്ല. എന്നുമാത്രമല്ല വളരെ നിഷേധാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ നിലപാട് മാറുകയും പദ്ധതികളോട് കൂടുതൽ

ക്രിയാത്മകമായ സമീപനം ഈ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാവുകയും വേണം. കടം വാങ്ങുന്നവരുടെ തിരിച്ചടക്കുന്നതിനുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിന് വിപുലമായ ബോധവൽക്കരണം ജനപങ്കാളിത്തത്തോടെ നടപ്പാക്കണം. ഗ്രാമ വികസനവുമായി ബന്ധപ്പെട്ട ഈ റിപ്പോർട്ട് ഭാഗത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

## ഗൾഫ് പണത്തിന്റെ സ്വാധീനം

നമ്മുടെ പഞ്ചായത്തിലെ 15 വാർഡുകളിലായി നാം നടത്തിയ പഠന വിവര ശേഖരണത്തിലൂടെ മനസ്സിലാക്കുന്നത് ഏകദേശം 500 ന് മേൽ ആളുകൾ ഗൾഫ് നാടുകളിൽ ജോലി ചെയ്ത് ഉപജീവനം നടത്തുന്ന കുടുംബങ്ങളാണ് എന്നാണ്. ഇവരിൽ ഉയർന്ന സാമ്പത്തിക നില കൈവരിച്ചവരുടെ എണ്ണം വളരെ കുറവാണ്. ഗൾഫ് പണത്തിന്റെ ഉപയോഗം ഇന്ന് നിർവഹിക്കപ്പെടുന്ന മേഖല ചെറു-തുണ്ട് ഭൂമി വാങ്ങി വലിയ മാളികകൾ നിർമ്മിക്കുന്ന സംരംഭങ്ങളിലാണ്. പ്രത്യുൽപാദനപരമായ മേഖലകളിൽ ഇതിന്റെ സ്വാധീനം വേണ്ടത്ര കടന്നുവന്നിട്ടില്ല. പഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികളിൽ ഈ തുകകൾ വിനയോഗിക്കപ്പെടുന്നതിന് നടപടികൾ സ്വീകരിക്കണം, പഞ്ചായത്തിലുണ്ടാകുന്ന വ്യവസായ വികസന സമിതി ഗൾഫ് പണം പ്രത്യുൽപാദനപരമായി മുടക്കുന്നതിനുള്ള സാഹചര്യം ഒരുക്കണം, ഗൾഫ് പുനരധിവാസ പദ്ധതികൾ നടപ്പാക്കുകയും വേണം.

## മനുഷ്യവിഭവം

നമ്മുടെ ഗ്രാമീണ ജനസംഖ്യയിൽ ഏകദേശം 40% പേർ സ്ഥിരമായോ ഭാഗികമായോ തൊഴിലില്ലാത്തവരാണ്. ഇതിൽ 70% സ്ത്രീകളാണ്. മുഴുവൻ ഗ്രാമസഭകളിലും വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചില പ്രത്യേക പദ്ധതികൾക്ക് ഈ പദ്ധതികളിലുള്ള താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ, സന്നദ്ധ സേവനം നൽകുന്നതിന് ഇവരിൽ ഗണ്യമായ ഒരു വിഭാഗം മുന്നോട്ട് വന്നിട്ടുണ്ട്. നാം ആവിഷ്ക്കരിക്കുന്ന പൊതു പദ്ധതികൾക്കും സന്നദ്ധ പ്രവർത്തകരായി സഹായിക്കാൻ നിരവധി പേർ ഉണ്ട്. ഇന്നത്തെ സേവന വേതന വ്യവസ്ഥകൾക്കനുസരിച്ച് സന്നദ്ധ പ്രവർത്തനമായി ഏറ്റവും കുറഞ്ഞത് മൂന്നുലക്ഷം രൂപായുടെ അദ്ധ്വാനവിഭവം നമുക്ക് സമാഹരിക്കാവുന്നതാണ്.

## വട്ടക്കായൽ പദ്ധതി

നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 37 ഏക്കർ വരുന്ന മനോഹരമായ വട്ടക്കായൽ. തിരുമുല്ലാവാരത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമായി കേന്ദ്രസർക്കാർ അംഗീകരിക്കുകയും, കൊല്ലം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസത്തിന്റെ ഉറവിടം അഷ്ടമുടി കായലായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിലും, നീണ്ടകര തുറമുഖത്തിന്റെയും, അഴിമുഖത്തിന്റെയും ആകർഷണീയതയും എല്ലാം നമ്മുടെ ഗ്രാമത്തോട് തൊട്ടുരുമി നിൽക്കുന്നതിനാൽ ടൂറിസം വികസനത്തിനുള്ള അനന്തമായ സാധ്യതകൾ ഈ ജില്ലയിലെ മറ്റേതൊരു പഞ്ചായത്തിനേക്കാൾ നമുക്കവകാശപ്പെട്ടതാണ്. വട്ടക്കായലിൽ നിന്നും അഷ്ടമുടി കായലിലേക്ക് എത്തിചേരുന്ന ജലപാതയിലൂടെ തുറമുഖത്തും, അഴിമുഖത്തും എത്തപ്പെടാൻ കഴിയുന്ന സ്രോതസ് സ്വന്തമായി നമുക്കുണ്ട്. തിരുമുല്ലാവാരത്തുനിന്നും വട്ടക്കായലിലേക്ക് എത്തിചേരുന്ന അപ്രോച്ച് റോഡുകൾ തുറമുഖത്തുനിന്നും ഇവിടേയ്ക്ക് എത്തിചേരുന്ന റോഡുകൾ, കൊല്ലം പട്ടണത്തിൽ നിന്നും ഇവിടേയ്ക്ക് എത്തിചേരാവുന്ന ഗതാഗത സൗകര്യങ്ങൾ, അഷ്ടമുടി കായലിൽ നിന്നും എൻ.എച്ച്. കടന്ന് എത്തുന്ന നിരവധി ലിങ്ക് റോഡുകൾ നമുക്കുള്ളതോടൊപ്പം ടൂറിസം വികസനത്തിന് അഷ്ടമുടി കായലിൽ ഇന്നുള്ള 7 കടത്ത് കേന്ദ്രങ്ങളും നമുക്കുണ്ട്. ഇതിൽ രണ്ട് കടത്തുകേന്ദ്രങ്ങൾ പഞ്ചായത്ത് സ്വന്തമായി നടത്തുന്നു. വട്ടക്കായൽ പ്രദേശത്തും പരിസരത്തും സമഗ്രമായ മത്സ്യകൃഷി നടപ്പാക്കാനും, ടൂറിസം കോംപ്ലക്സ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ബോട്ടിംഗ് ആന്റ് സിമ്മിംഗ് പൂൾ സംവിധാനം, പാർക്കുകൾ, മിനി സ്റ്റേഡിയം എല്ലാം അടങ്ങുന്ന വൻ സമുച്ചയം നിർമ്മിക്കപ്പെട്ട് വരേണ്ടത് അത്യാവശ്യമാണ്. അങ്ങനെ വരുന്നതിലൂടെ വൻപിച്ച വരുമാനം പഞ്ചായത്തിനും, അതുപോലെ കുടുംബങ്ങൾക്കും ലഭ്യമാകും. വട്ടക്കായലിൽ നിന്നും അഷ്ടമുടി കായലിലേക്കുള്ള തോട് വികസിപ്പിച്ചാൽ ജലമാർഗ്ഗമായി തന്നെ അഷ്ടമുടി കായലിലേക്കും അവിടെ നിന്നും ആകർഷകമായ പതിനഞ്ച് തുരുത്തുകളിലേക്ക് യാത്രചെയ്യാവുന്നതും ആണ്. അഷ്ടമുടി കായൽ, വട്ടക്കായൽ, തിരു

മുല്ലാവാരം എന്നീ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഒരു വൻ ടൂറിസ്റ്റ് വ്യവസായ ശൃംഖല ആരംഭിക്കാവുന്നതാണ്. ഈ വികസന സംരംഭത്തിനാവശ്യമായ മനുഷ്യാധ്വാന വിഭവം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നും സമാഹരിക്കാവുന്നതാണ്.

## വിഭവ സമാഹരണം സംബന്ധിച്ച മറ്റു നിർദ്ദേശങ്ങൾ.

1 നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തി കെട്ടിടങ്ങൾക്ക് നികുതി ഏർപ്പെടുത്തണം.

2 നിലവിൽ നമ്മുടെ പഞ്ചായത്തിലുള്ള 4708 കുടിൽ ഇനത്തിൽപ്പെട്ട വീടുകൾക്ക് കെട്ടിട നികുതി ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു നിശ്ചിത വിഭാഗം വീടുകളും വാടകയ്ക്ക് നൽകപ്പെട്ടതാണ്. ഈ വീടുകൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തണം.

3 സമാന്തര ടി.വി. ശൃംഖല (കേബിൾ ടി.വി.) യുടെ പ്രചാരം മുൻനിർത്തി ഈ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വീട്ടു കണക്ഷനുകളുടെ മാസവരി സംഖ്യയിൽ നിന്നും വിനോദ നികുതി ഈടാക്കണം ഉപഗ്രഹചാനൽ റിസിവർ സ്ഥാപിക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തണം.

4 യന്ത്രവൽകൃത മത്സ്യബന്ധന വാഹനങ്ങൾക്ക് ബോട്ട്, യന്ത്രവൽകൃത വള്ളങ്ങൾ തുടങ്ങിയവ മറൈൻ റഗുലേഷൻ ആക്റ്റ് പ്രകാരം വസൂലാക്കുന്ന തുകയുടെ നിശ്ചിത ശതമാനം അതാത് പഞ്ചായത്തുകൾക്ക് നൽകണം. ബോട്ട് രജിസ്ട്രേഷൻ ഇനത്തിലും ലൈസൻസ് പുതുക്കൽ ഇനത്തിലും ഗവൺമെന്റ് ഈടാക്കുന്ന തുകയുടെ 50% തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

5 നീണ്ടകര ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട് അനുബന്ധ റോഡുകളുടെ നിർമ്മാണവും സംരക്ഷണവും വാട്ടർസപ്ലേ, ഡ്രൈനേജ് സംവിധാനങ്ങളും, ആരോഗ്യപരിപാലനവും, ശുചിത്വവും നിർവ്വഹിക്കുന്നതിന് പഞ്ചായത്ത് ഓരോ വർഷവും ഭീമമായ തുക ചെലവിടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഹാർബറിന്റെ ആകെ ടോൾ വരുമാനത്തിന്റെ 50% പഞ്ചായത്തിന് നൽകണം.

6 മറൈൻ പ്രോഡക്ട് എക്സ്പോർട്ട് വ്യവസായവുമായി ബന്ധപ്പെട്ട കയറ്റുമതി ചരക്കിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ആ പ്രദേശത്തിന്റെ ശുചിത്വം, ഗതാഗത സംവിധാനം, അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ അപാകതകൾ പരിഹരിക്കുന്നതിന് ഈ മേഖലകളിലെ വ്യവസായികളുടേയും, ബോട്ട് ഉടമകളുടേയും സ്പോൺസർ ഷിപ്പ് ഏർപ്പെടുത്തണം. ഇതോടൊപ്പം ശക്തികുളങ്ങരയിലും പരിസരത്തുമുള്ള മത്സ്യസംസ്ക്കരണ ഷെഡുകൾക്ക് നിലവിൽ ലൈസൻസ് നൽകി കാണുന്നില്ല. തന്മൂലം ഇവയുടെ മേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല. ലൈസൻസിംഗ് നിർബന്ധമാക്കിയാൽ പഞ്ചായത്തിന് വരുമാനവും, ശുചീകരണ പ്രവർത്തനങ്ങളിൽ നിയന്ത്രണവും ഏർപ്പെടുത്താവുന്നതാണ്.

7 ഉപയോഗശൂന്യമായ വസ്തുകൾ പൊതുസ്ഥലങ്ങളിലും ഓടകളിലും ഡംബ് ചെയ്യുന്നവരുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കുകയും പിഴകൾ ഈടാക്കുകയും വേണം.

8 നമ്മുടെ പഞ്ചായത്തിൽ ഇറച്ചിയുടെ ഉപയോഗം വളരെ കൂടുതലാണ്. സ്ലാട്ടർ ഹൗസ് പഞ്ചായത്ത് അധീനതയിൽ ഇല്ലാത്തതുകൊണ്ട് ആരോഗ്യപരിപാലന രംഗത്ത് ഒട്ടേറെ ബുദ്ധിമുട്ടുകൾ നാം അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ വളരെ അടിയന്തിരമായി പഞ്ചായത്ത് സ്ലാട്ടർ ഹൗസ് നിർമ്മിക്കണം. ഇതിൽ നിന്നും പ്രതിവർഷം ഏറ്റവും കുറഞ്ഞത് 2 ലക്ഷം രൂപ പഞ്ചായത്തിന് ലഭിക്കും.

9 തൊഴിലുള്ള മുഴുവൻ പേരെയും തൊഴിൽ കരത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഇതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിലാളികളെ മുഴുവൻ ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും

വേണം. സംഘടിതവും അസംഘടിതവുമായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഗണ്യമായ വിഭാഗം ഇന്ന് വിവിധ ക്ഷേമനിധികളുടെ പരിധിയിൽ വന്നിട്ടുണ്ട്. ഇവരുടെ പേരുവിവരം പഞ്ചായത്തടിസ്ഥാനത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ബന്ധപ്പെട്ട് ശേഖരിക്കുകയും തൊഴിൽ നികുതി ഏർപ്പെടുത്തുകയും വേണം. ഇതോടൊപ്പം തന്നെ നമ്മുടെ പഞ്ചായത്തിലെ ചെറുതും വലുതുമായ വ്യവസായ വാണിജ്യമേഖലകളിലെ തൊഴിലാളികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ ഇന്നേവരെ ലഭ്യമല്ല. ഇത് ലഭ്യമാക്കുന്നതിന് ടി സ്ഥാപനങ്ങളിൽ ആവശ്യമെന്നുകണ്ടാൽ പഞ്ചായത്ത് അപ്രതീക്ഷിതമായ പരിശോധനകൾ നടത്തി തിട്ടപ്പെടുത്തി അസസ് ചെയ്യണം.

ഈ ഗ്രാമത്തിന്റെ തെക്കേ അതിർത്തിയിൽ ഏകദേശം 50 സെന്റിനുമുകളിൽ പഞ്ചായത്ത് വകയായി ഉപയോഗശൂന്യമായ നാലു വശവും കരപുരയിടങ്ങളാൽ ചുറ്റപ്പെട്ടതും അടുത്തെങ്ങും നിലങ്ങളില്ലാത്തതുമായ. ഏകദേശം നികന്ന ഒരു ചതുപ്പുകുളും നിലവിലുകു ഇതിന്റെ സൈഡിലുള്ള റോഡിൽക്കൂടി രണ്ട് ബസ് സർവ്വീസുകൾ നിലവിലുണ്ട്. ഈ സ്ഥലം നികത്തി ഒരു മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുകയാണെങ്കിൽ പ്രത്യക്ഷ നികുതിഭാരം ഏൽപ്പിക്കാതെ പഞ്ചായത്തിന് പ്രതിവർഷം ഒരു ലക്ഷം രൂപ എങ്കിലും വിഭവസമാഹരണം നടത്താൻ സാധിക്കും. തിരുമുല്ലവാരം ടൂറിസ്റ്റ് കേന്ദ്രത്തിന് സമീപമായതിനാൽ വികസന സാദ്ധ്യത വളരെ ഏറെയാണ്. മൂന്ന് പഞ്ചായത്ത് വാർഡുകളിലെയും രണ്ട് മുനിസിപ്പൽ വാർഡുകളിലെയും ജനങ്ങൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനമുണ്ടാകും.

# കൃതജ്ഞത

പല പരിമിതികളിൽ കൂടിയാണ് ഈ റിപ്പോർട്ട് രൂപപ്പെട്ടു വന്നിട്ടുള്ളത്. സമയപരിമിതി, മുൻധാരണയുടെ കുറവ് ഇതെല്ലാം പ്രശ്നങ്ങളായിരുന്നു. നാടിന്റെ അടിസ്ഥാനസൗകര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് പ്രശ്നങ്ങൾ പഠിച്ച് പ്രതിപാദിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കാൻ റിപ്പോർട്ടിലൂടെ ശ്രമിച്ചിട്ടുണ്ട്. തൊഴിലില്ലാത്ത വിദ്യാസമ്പന്നവിഭാഗത്തിന്റെ, സമൂഹത്തിലെ ദുർബലവിഭാഗത്തിൽപെട്ട, ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിത നിലവാരമുള്ള അടിസ്ഥാനവർഗ്ഗത്തിന്റെ ഉന്നമനത്തിന്, മോചനത്തിന്, ഊന്നൽ നല്കികൊണ്ടുള്ള ഒരു വികസന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് സമയപരിധിക്കുള്ളിൽ തന്നെ റിപ്പോർട്ട് തയ്യാറാക്കാൻ സാധിച്ചത് ബന്ധപ്പെട്ടവരുടെ കലവറയില്ലാത്ത സഹകരണവും, ആത്മാർത്ഥതയും കൂട്ടായ്മയും കൊണ്ടാണ്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ടവരോടൊപ്പം ഏറെ പേരുടെ അകമഴിഞ്ഞ സന്നദ്ധസഹായങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാവരുടേയും പേര് എടുത്തു പറയുന്നതിന് സ്ഥലപരിമിതി അനുവദിക്കുന്നില്ല. അതുകൊണ്ട് അത്തരം പരാമർശത്തിന് മുതിരുന്നില്ല. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച, സഹായിച്ച, ഉത്തവാദിത്വമേറ്റെടുത്ത എല്ലാ ബഹുമാന്യവ്യക്തികളോടും ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തികൊള്ളട്ടെ.

എന്ന് **ഇളയിടത്ത് രവി**
പ്രസിഡന്റ്
ശക്തികുളങ്ങര ഗ്രാമപഞ്ചായത്ത്